LA:44:6
32F8

LA:44:6 32F
OTSNIKA.
nchi Setu
ries.
MUL
048386

**Madras University Library.**

**Date Label.**

DOCTRINA VIM PROMOVET INSITAM

Ac. No. 48386. Cl. No. LA:44:6
32F8

This book should be returned on or before the date last marked below.

PROFESSIONAL.

T

THE SRÎ VANCHI SÊTU LAKSHMÍ SERIES.

No. 9.

UNIVERSITY LIBRARY 22 1928 MADRAS

# JYOTSNIKA

## (Visha Vaidya)

ph A 83

EDITED

WITH INTRODUCTION, EXPLANATIONS, COMMENTARIES, NOTES, APPENDIX AND GLOSSARY

BY

KOLATTERI SANKARA MENON, M. A., L. T.,

*Director of Ayurveda, Travancore*

*and*

*Curator for the Publication of Ayurveda, Jyotisha (Astronomy and Astrology) and Malayalam Manuscripts.*

---

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.

---

TRIVANDRUM:

PRINTED BY THE SUPERINTENDENT, GOVERNMENT PRESS,

1928.

*All Rights Reserved.*] [Price Chs. 14.

48386
3909
LA:44:6
32 F8

UNIVERSITY LIBRARY
22 APR 1929
MADRAS

ശ്രീവഞ്ചിക്ഷ്മാലവാലാ കനകമയലതാ
കാപി കല്പദ്രുസക്താ
കാലേ നീതിപ്രവാളാ സുരഭിലസുകൃതോ-
പാത്തബോധപ്രസൂനാ
ഭൂരിശ്രേയഃഫലാഢ്യാ ദ്വിജകലകലിതാ
ഛായയാച്ഛാസ്തതാപാ
സേയം ഭക്ത്യേകസാരാ വിലസതി സകലാ-
ഭീഷ്ടദാ സജ്ജനാനാം.

തയാജ്ഞപ്തോ ലക്ഷ്മ്യാ ധരണിഗതയാ ജ്യോതിഷമുഖ-
പ്രബന്ധാൻ പ്രാചീനാൻ പ്രകടയിതുമന്തർവ്വിനിഹിതാൻ
സദാസോയം ചിന്വൻ വിദധദപി ശുദ്ധാൻ നയതി താൻ
പ്രകൃഷ്ടാൻ പ്രാകാശ്യം; തമിമമനുഗൃഹ്ണന്തു സുധിയഃ.

കൊളത്തേരി ശങ്കരമേനോൻ.

UNIVERSITY LIBRARY
22 ... 1923

## അവതാരിക.

അഷ്ടാംഗചികിത്സാത്മകമായ ആയുവ്വേദത്തിൻെറ ഒരു പ്രധാനമായ അംഗം വിഷചികിത്സയാണ്. ആ വിഷയത്തിൽ ഭാരതീയർ, വളരെ പ്രയത്നംചെയ്തു പരീക്ഷിച്ചനുഭവപ്പെട്ടിട്ടുള്ള തത്വങ്ങളേയും, ചികിത്സകളേയും ക്രോഡീകരിച്ചു വിശിഷ്ടഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്. അനേകം ശതാബ്ദങ്ങൾക്കു മുൻപുതന്നെ ഭാരതീയക്ക് വിഷവൈദ്യത്തിൽ അസാമാന്യനൈപുണ്യമുണ്ടായിരുന്നു. മഹാനായ അലക്സാണ്ഡർമഹാരാജാവു ഭാരതഖണ്ഡത്തിൽ പാളയമടിച്ചു പുരുഷോത്തമനോടു യുദ്ധംചെയ്യുവാൻ വേണ്ട സംഭാരങ്ങൾ ശേഖരിച്ചുവരുന്നതിനിടക്ക് ആ മഹാൻെറ സൈന്യത്തിലുൾപ്പെട്ട അനവധി യോദ്ധാക്കൾ സപ്പദംശനം നിമിത്തം കാലഗതിയെ പ്രാപിച്ചു. യവനന്മാക്ക് വിഷചികിത്സാസമ്പ്രദായം യാതൊന്നും അറിവാൻ പാടില്ലാതിരുന്നതുനിമിത്തം ദഷ്ടന്മാക്കു യാതൊരുസഹായവും ചെയ്വാൻ അവർ ശക്തന്മാരായില്ല. സപ്പദംശനംനിമിത്തം മരിക്കുന്നവരുടെ സംഖ്യ ദിനംപ്രതി വദ്ധിച്ചുവരുന്നതുകണ്ടു മഹാരാജാവു ഭയന്നു തിരിയെ സ്വരാജ്യത്തേക്കുതന്നേ പോകുവാൻ ഉറച്ചു. എന്നാൽ പുറപ്പെടുന്നതിന്നു മുൻപായി ഭാരതീയരുടെ കൈയിൽ ഈ വ്യാപത്തിൽനിന്നു രക്ഷപ്രാപിക്കുവാൻ വല്ല മാൎഗ്ഗവുമുണ്ടോ എന്നു മഹാരാജാവ് അന്വേഷണം നടത്തി. അവക്കിതു നിഷ്പ്രയാസമായി സുഖപ്പെടുത്തുവാൻ കഴിയുമെന്നു മനസ്സിലാക്കിയപ്പോൾ ചില ഭാരതീയനരേന്ദ്രന്മാരെ മഹാരാജാവു ശരണം പ്രാപിച്ചു. അവക്കു വലിയ വേതനം കൊടുത്തു ദഷ്ടന്മാരായ യോദ്ധാക്കളെ രക്ഷിപ്പിച്ചു. സൈന്യങ്ങൾക്കു സപ്പദംശനത്തിൽനിന്നു രക്ഷപ്രാപിക്കുവാൻ മാൎഗ്ഗമുണ്ടായപ്പോൾ മഹാരാജാവു തിരിച്ചുപോകാതെ പുരുഷോത്തമനോടു യുദ്ധംചെയ്തു. അതിൻെറ ഫലം ചരിത്രപ്രസിദ്ധവുമാണല്ലോ. ഭാരതീയരുടെ സഹായത്തോടുകൂടി അലക്സാണ്ഡർ മഹാരാജാവു ഭാരതീയരെ തോല്പിച്ചു. അദ്ദേഹം മൂന്നു വിഷവൈദ്യന്മാരെക്കൂടെ സ്വദേശത്തേക്കു കൂട്ടികൊണ്ടുപോയി. അന്ന് അലക്സാണ്ഡർമഹാരാജാവു വിഷവൈദ്യന്മാക്കു കൊടുത്ത വേതനം ഇന്നു ഭാരതഖണ്ഡത്തിലെ ഒരു ഉദ്യോഗസ്ഥനും ലഭിക്കുന്നില്ലെന്നു ധരിച്ചിരിക്കേണ്ടതാണ്.

ഈ ചരിത്രപ്രസിദ്ധമായ സംഗതിയിൽനിന്ന ഭാരതീയക്ക വിഷവൈദ്യത്തിൽ അസാമാന്യമായ നൈപുണ്യം അലക്സാണ്ഡർ മഹാരാജാവിൻെറകാലത്തുതന്നെ ഉണ്ടായിരുന്ന എന്ന വ്യക്തമാകുന്നു. എന്നാൽ ഭാരതീയരിൽ കേരളീയക്കുണ്ടായിട്ടുള്ളതുപോലെ വിഷവൈദ്യത്തിൽ നൈപുണ്യം ഇതരദേശീയന്മാക്കുണ്ടായിട്ടില്ല. അതിന്നു ചില പ്രത്യേകകാരണങ്ങളും ഉണ്ട്.

പരശുരാമൻ സമുദ്രത്തിൽനിന്നു വീണ്ടെടുത്തതുനിമിത്തം പരശുരാമക്ഷേത്രമെന്നു പ്രസിദ്ധമായ കേരളത്തെ സമുദ്രത്തിൻെറ ആക്രമണത്തിൽനിന്ന രക്ഷിക്കുവാനായി അനവധി നിധികൾ അവിടവിടെ സ്ഥാപിച്ചിട്ടുണ്ടെന്നാണ് പ്രസിദ്ധി. പരശുരാമൻ പ്രതിഷ്ഠിച്ചു രക്ഷിച്ചുപോരുന്ന കേരളത്തിൻെറ രക്ഷ മുഴുവനും ഈ നിധികളിൽ അന്തർഭവിച്ചിരിക്കുന്നതായും വിശ്വസിച്ചുപോരുന്നു. ആ നിധികളിൽ നിക്ഷേപിച്ചിട്ടുള്ളതു രാശികൾ എന്നു പറയുന്ന ചെറിയ സ്വർണ്ണനാണയങ്ങളാണ്. രാശികൾ ഒററവാലൻ, ഇരട്ടവാലൻ എന്നു രണ്ടുവിധത്തിലുണ്ട്. ഈ രാശികളെ കേരളീയർ ഐശ്വര്യദേവതയുടെ ആവാസഭൂമിയായി ഇന്നും കരുതിപ്പോരുന്നു. ഒററവാലനേക്കാൾ ശ്രേഷ്ഠ്യം ഇരട്ടവാലനു കൂട്ടമെന്നാണ് അവരുടെ വിശ്വാസം. ഇരട്ടവാലൻ രാശികൾ പരശുരാമൻെറ കൈകൊണ്ടുവാരി നിക്ഷേപിച്ചവയും, ഒററവാലൻ അദ്ദേഹത്തിൻെറ ഹസ്തസ്പർശം ലഭിക്കാത്തവയുമാണത്രേ. ഏതായാലും രാശികളെ കേരളീയർ വലിയ വില കൊടുത്തുവാങ്ങി മോതിരങ്ങളിലും കണ്ഠാഭരണങ്ങളിലും പതിച്ചു ഭക്തിവിശ്വാസപൂർവ്വം ധരിച്ചുപോരുന്നുണ്ട്. വിഷുദിവസം കണി കാണുന്നതിന്നും, കൈനീട്ടം മാറുന്നതിന്നും രാശിവേണമെന്നു നിബന്ധവുമുണ്ടായിരുന്നു.

പശ്ചിമസമുദ്രത്തിൻെറ ആക്രമണത്തിൽനിന്നും കേരളത്തെ രക്ഷിക്കുവാൻ രാശികളെ സ്ഥാപിച്ചിട്ടുള്ളതുപോലെ കിഴക്കുനിന്നുള്ള പരദേശികളുടെ ആക്രമണത്തിൽനിന്ന രക്ഷിക്കുവാൻ മലമുകളിൽ അവിടവിടെ ശാസ്താവിനേയും പ്രതിഷ്ഠിച്ചു. ശാസ്താവിൻെറ ആനുകൂല്യമില്ലാതെ കേരളത്തിൽ കടക്കുന്ന പരദേശികൾ ജ്വരബാധനിമിത്തം മരിച്ചുപോവുകയൊ, അല്ലെങ്കിൽ കേരളത്തിൽ വിജയത്തോടും, ഐശ്വര്യത്തോടുംകൂടി ജീവിതം നയിക്കുവാൻ സാധിക്കാതെ വരികയൊ ചെയ്യുമെന്നുള്ള ഭയം നിമിത്തം

പരദേശികൾ കേരളത്തിൽ കാലെടുത്തു കുത്തുന്നതിന്നുമുൻപു തന്നെ ശാസ്താവിനേ സേവിച്ചു പ്രത്യക്ഷപ്പെടുത്തി കൂടെ സഹായത്തിന്നു കൊണ്ടുപോന്നു. അവർ താമസം ഉറപ്പിച്ചു സ്ഥലങ്ങളിൽ സമൂഹമഠം സ്ഥാപിച്ച് ആണ്ടുതോറും ശാസ്താവിനെ പ്രീതിപ്പെടുത്തുന്നതിലേക്കു വേണ്ട ശാശ്വതനിധിയും സമ്പാദിച്ചു വഴിയാകുംവണ്ണം അടിയന്തിരം ഇന്നും നടത്തിപ്പോരുന്നു. അങ്ങനെ ശാസ്തൃപ്രീതി വിധിപോലെ നടത്തിപ്പോരുന്ന സ്ഥലങ്ങളിലെ പരദേശികൾക്കു സമ്പത്തു ക്ഷയിച്ചുകാണുന്നില്ല.

കേരളഭൂമിയുടെ രക്ഷയ്ക്കു സ്ഥാപിച്ചിരിക്കുന്ന രാശികളുടെ പരിരക്ഷയ്ക്കു സർപ്പങ്ങളേയും പരശുരാമൻതന്നേ ഏർപ്പാടുചെയ്തു ഗൃഹംതോറും സർപ്പക്കാവുകളും അതിന്നു പൂജ നിവേദ്യം മുതലായതും നിശ്ചയമനുസരിച്ചു ചെയ്തുകൊടുക്കേണ്ടതാണെന്നുശാസിച്ചു. അതുനിമിത്തം കേരളത്തിൽ സർപ്പക്കാവുകളും, സർപ്പാരാധനയും പ്രതിഷ്ഠയേ പ്രാപിച്ചു.

കേരളത്തിലെ കുടുംബങ്ങളിൽ രാശികൾ വച്ചു സൂക്ഷിക്കുകയും, കുടുംബാംഗങ്ങൾ അവയെ ധരിക്കുകയും, സർപ്പക്കാവുകൾ സ്ഥാപിച്ചു നീരും പാലും കൊടുത്തുപോരികയും ചെയ്തിരുന്നതുപോലെ പരദേശബ്രാഹ്മണരുടെ സങ്കേതസ്ഥാനങ്ങളിൽ „ശാസ്താപ്രീതി''യും വഴിപോലെ നടത്തിപ്പോന്നിരുന്നു. കാലക്രമത്തിൽ ഇതിന്നെല്ലാം ലോപാദികൾ വന്നുപോയിട്ടുണ്ടെങ്കിലും ഈ ആചാരങ്ങൾ തീരുമാനം ഇല്ലാതായിട്ടില്ല.

കേരളത്തിൽ സർപ്പങ്ങൾക്കുള്ള പ്രാധാന്യം അറിയേണമെങ്കിൽ പാമ്പുംമേയ്ക്കാട്ടൊ, മണ്ണാർശാലയിലൊ പോയാൽ മതിയാകുന്നതാണ്. സർപ്പപ്രീതിയെ ഉദ്ദേശിച്ചു പല ക്ഷേത്രങ്ങളിലും കേരളീയർ വഴിവാടുകൾ ഇന്നും ചെയ്തുപോരുന്നുണ്ട്. അതിനെക്കുറിച്ചു പ്രതിപാദിക്കുന്നതു പ്രകൃതത്തിന്നു യോജിച്ചതല്ലായ്കയാൽ മററൊരവസരത്തിലേക്കു മാററിവയ്ക്കുന്നു.

കേരളത്തിൽ „ചാൺ ഭൂമിക്കു മുഴം പാമ്പ്'' എന്നാണ് പറഞ്ഞുവരുന്നത്. ഇത്ര അസംഖ്യം സർപ്പങ്ങളുള്ള ഭൂമിയിൽ ജനങ്ങൾക്കു സർപ്പോപദ്രവം കൂടക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുമെന്നതിന്നു സംശയമില്ല. അവയുടെ ഉപദ്രവങ്ങളിൽനിന്നു വിധേന്മാരെ മോചിപ്പിക്കുന്നതിന്നു വേണ്ട ജ്ഞാനം സിദ്ധിച്ചവർ അപ്പോൾ ആവശ്യമായിത്തീൎന്നു. അതിനാൽ മലയാളികൾ

വിഷചികിത്സയിൽ വ്യാപൃതന്മാരായി ആയുൎവ്വേദഗ്രന്ഥങ്ങളെ കൂലംകഷമായി അഭ്യസിച്ചശേഷം പരീക്ഷണനിരീക്ഷണങ്ങൾ കൊണ്ടുതന്നെ അവർ അനേകം ഔഷധങ്ങളേയും, പ്രയോഗങ്ങളേയും കണ്ടുപിടിച്ചു ലോകോപകാരമാക്കിത്തീൎത്തു. കേരളീയർ മററുള്ള ശാസ്ത്രങ്ങളിലെന്നപോലെ വിഷവൈദ്യത്തിലും അനേകം ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ട്. കേരളത്തിൽ പുരാതനകാലംമുതൽ പഠിച്ചുവരാറുള്ള വിഷവൈദ്യഗ്രന്ഥങ്ങൾ ഏഴെണ്ണമാണ്.

“നാരായണീയമുഡ്ഡീശ-
മുല്ലലം ഹരമേഖലാ
ലക്ഷണാമൃതമഷ്ടാംഗ-
ഹൃദയം കാലവഞ്ചനം.

വിഷസംഹരണത്തിന്നു-
വിശേഷിച്ചിവയേഴിലും
ഉപായമുണ്ടു ചൊല്ലുന്നു
വിസ്തരേണ വിപശ്ചിതഃ.”

മേൽപറഞ്ഞ ഏഴുഗ്രന്ഥങ്ങളും സംസ്കൃതഭാഷയിൽ എഴുതീട്ടുള്ളവയാണ്. ഇവയ്ക്കുപുറമേ കേരളഭാഷയിൽ അനേകം ഗ്രന്ഥങ്ങൾ ഓരോരുത്തർ എഴുതീട്ടുണ്ട്. അവയെല്ലാം പ്രായേണ മേൽപറഞ്ഞ ഗ്രന്ഥങ്ങളെ അവലംബിച്ചുതന്നെ എഴുതിയിരിക്കുന്നു. ഭാഷാവിഷവൈദ്യഗ്രന്ഥങ്ങൾ പലെ ദ്രാവിഡവൃത്തങ്ങളിലും, സംസ്കൃതവൃത്തങ്ങളിലും എഴുതീട്ടുള്ളവ കണ്ടിട്ടുണ്ട്. സ്ത്രീകൾക്കും, കുട്ടികൾക്കും എളുപ്പത്തിൽ വായിച്ചു പഠിക്കുവാൻതക്കവണ്ണം ലക്ഷണങ്ങളും, ചികിത്സയും കിളിപ്പാട്ടുരീതിയിലും, കുറത്തിപ്പാട്ടുരീതിയിലുംമററും ചിലർ എഴുതീട്ടുണ്ട്. ഈ വിഷയത്തേക്കുറിച്ച് എഴുതീട്ടുള്ള ഗ്രന്ഥങ്ങൾ ഒട്ടധികം കാണുന്നു. എന്നാൽ അവയെല്ലാം പ്രായേണ അപൂൎണ്ണവും, അബദ്ധപ്രചുരവും ആയിട്ടാണ് കാണ്മാൻ ഇടയായിട്ടുള്ളത്. ഓരോ ഗ്രന്ഥവും പ്രത്യേകം വായിക്കുന്നതായാൽ അനേകം പുതിയ കാൎയ്യങ്ങളെ ഗ്രഹിക്കുവാൻ സാധിക്കും. അനവധി വൈദ്യന്മാരുടെ അനുഭവങ്ങളെ രേഖപ്പെടുത്തീട്ടുള്ള മേൽപറഞ്ഞ ഗ്രന്ഥങ്ങളെ നിസ്സാരമായി കരുതുവാൻ പാടില്ല. കവിതയിൽ പല അററകുററങ്ങളുണ്ടെങ്കിലും കാൎയ്യഭാഗം അവയിൽ വിലയുള്ളതായി കാണാം. കേരള

ത്തിൽ സുലഭമായിക്കിട്ടുന്ന അനേകം പച്ചമരുന്നുകളുടെ ഉപയോഗം അതിൽനിന്നു കാണ്മാൻ കഴിയും. വിഷവൈദ്യം മന്ത്രംകൊണ്ടും, ഔഷധംകൊണ്ടും സാധിക്കാം. ഈ രണ്ടുവിധചികിത്സയിലും അവർ അദ്വിതീയന്മാരായിരുന്നു എന്നു കാണിക്കുവാൻ അവരുടെ കൃതികൾ മതിയായ ലക്ഷ്യങ്ങളാണ്. എല്ലാവിഷങ്ങൾക്കും സിദ്ധൌഷധങ്ങൾ ഉണ്ട്. അവയിൽ ചിലതെല്ലാം ഇന്നുള്ളവരിൽ ചിലൎക്കറിയാം. അവർ പ്രയോഗിച്ചു ഫലിപ്പിക്കുന്നുമുണ്ട്.

പേപ്പട്ടിവിഷത്തിനു സിദ്ധമായ ഏകമൂലികാപ്രയോഗംകൊണ്ടു പേരെടുത്തിട്ടുള്ള മഹാന്മാർ തിരുവിതാംകൂറിൽ അനേകംപേർ ഇന്നുമുള്ളതായറിയാം. ഒരുനേരത്തെ ചികിത്സയും അന്നത്തേപ്പത്ഥ്യവും കഴിഞ്ഞാൽ പിറേറദിവസം ഭക്ഷണത്തിനു നാരങ്ങ നിരപായമായി ഉപയോഗിക്കാം. ആ ചികിത്സാക്രമം കേരളത്തിൽ മററൊരിടത്തും നടത്തിവരുന്നതായി അറിഞ്ഞിട്ടില്ല. പേപ്പട്ടിവിഷത്തിനു ചികിത്സിക്കുന്നവരെല്ലാം നാരങ്ങ തൊണ്ണൂറു ദിവസത്തേക്കുപയോഗിക്കരുതെന്നു രോഗികളെ നിബന്ധിക്കും. ആ ചികിത്സാസമ്പ്രദായപ്രകാരം തൊണ്ണൂറുദിവസത്തിനകം നാരങ്ങ ഉപയോഗിച്ചാൽ വ്യാപത്തുണ്ടാവുകയും ചെയ്യും. തിരുവിതാംകൂറിൽ നടത്തിവരുന്ന മുൻപറഞ്ഞ ചികിത്സാസമ്പ്രദായം ഏററവും നിരപായമായിട്ടുള്ളതാണെന്ന് എനിക്കു പലപ്പോഴും അനുഭവമുണ്ടായിട്ടുണ്ട്.

ഇതുപോലെ സൎപ്പവിഷചികിത്സയിലും അനേകം സിദ്ധമായ പ്രയോഗങ്ങൾ ഇന്നും നടപ്പിലുണ്ട്. ദഷ്ടൻെറ ശിരസ്സു കത്തികൊണ്ടു കീറി ഒരു പച്ചമരുന്നിൻെറ നീരു മൂന്നുതുള്ളി ഒഴിക്കുകയൊ, മററൊരു പച്ചമരുന്നു കടിവായിൽ അരച്ചു തേയ്ക്കുകയൊ ചെയ്താൽ കടിവായിൽക്കൂടി രക്തവും വിഷവും യാമാൎദ്ധംകൊണ്ടു പുറത്തുചാടുകയും അതോടുകൂടി വിദ്ധൻ ജീവിക്കുകയും ചെയ്യുന്നു. ഇപ്രകാരം ചികിത്സിക്കുന്നവർ ഇന്നും ജീവിച്ചിരിപ്പുണ്ട്. സിദ്ധമായ ഈ ചികിത്സാസമ്പ്രദായം എനിക്കനുഭവപ്പെടാതിരുന്നിട്ടുള്ളതല്ല. പാരമ്പൎയ്യക്രമമനുസരിച്ചുള്ള ഈ ചികിത്സാസമ്പ്രദായങ്ങൾ ധരിച്ചിട്ടുള്ള വൃദ്ധന്മാർ തങ്ങളുടെ പാടവത്തേ പരസ്യംചെയ്തു പേരുസമ്പാദിക്കുവാൻ ആഗ്രഹമില്ലാത്തവരായതുനിമിത്തം അവരുടെ യോഗ്യതകളെക്കുറിച്ചു വളരെപ്പേൎക്കറിവാൻ സാധിച്ചിട്ടില്ല. വിഷ

ചികിത്സചെയ്ത പ്രതിഫലം മേടിക്കുവാൻ പാടില്ലെന്നുള്ള നിഷേധവും അവരുടെ വൈമുഖ്യത്തിന്റെ മറെറാരുകാരണമാണ്.

വിഷശാന്തിവരുത്തുന്നതിനു മന്ത്രവും ഔഷധവും ഒരുപോലെ ഉപയോഗപ്രദമാണ്. ഈ രണ്ടുമാർഗ്ഗവും കേരളീയവിഷവൈദ്യന്മാക്കു സുപരിചിതമായിട്ടുള്ളതാകുന്നു. സപ്പത്തേവരുത്തിക്കൊത്തിച്ചു വിഷമിറക്കുന്ന സമ്പ്രദായം കേരളത്തിൽ ഒരുകാലത്തു ധാരാളം പ്രചാരമുണ്ടായിരുന്നതായി തോന്നുന്നുണ്ട്. അതിന്റെ മന്ത്രങ്ങളും, പ്രയോഗങ്ങളും വിവരിക്കുന്ന താളിയോലഗ്രന്ഥങ്ങൾ ഇപ്പോഴും അപൂവ്വമല്ല. ഇപ്രകാരമുള്ള ചികിത്സാമാഗ്ഗങ്ങളെ പ്രയോഗിക്കാവുന്നവർ ഇന്നു തിരുവിതാംകൂറിൽ ഇല്ലാതായിട്ടുണ്ടോ എന്നു സംശയമാണ്. വിഷശാന്തിക്കുപയുക്തമായ "കരുത്തുകൾ" പതിനെട്ടെന്നാണ് പ്രസിദ്ധി അന്നക്കരുത്തു, വെററിലക്കരുത്തു, കഞ്ഞിക്കരുത്തു മുതലായവയിൽ വിദഗ്ദ്ധന്മാരായവർ ഇന്നും കാണ്മാനുണ്ട്. അവയെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ അപൂവമല്ല.

കേവലം മന്ത്രംകൊണ്ടു വിഷമിറക്കുവാൻ സാധിക്കുന്ന പലരേയും എനിക്കു നേരിട്ടറിയാം. തിരുവിതാംകൂർ ആയുവേദവകുപ്പിലുൾപ്പെട്ടവരായ എഴമററൂർ വിഷവൈദ്യൻ കൃഷ്ണപിള്ള അവർകളും തിരുവനന്തപുരം പെരുന്താന്നി വിഷവൈദ്യൻ നയനാടത്തു ഗോപാലക്കൈമളവർകളും മന്ത്രംകൊണ്ടും ഔഷധംകൊണ്ടും വിഷമിറക്കുവാൻ വൈദഗ്ദ്ധ്യവും ചിരകാലപരിചയവുമുള്ളവരാണ്. അവരുടെ ഗുരുത്വവും, കൈപ്പുണ്യവും, ഈശ്വരവിശ്വാസവുംകൊണ്ട് അവർ ഏപ്പെടുന്ന ചികിത്സകളിലെല്ലാം അവക്കു വിജയം സിദ്ധിക്കുന്നുണ്ട്. ഇതു് എനിക്കും മററനേകം പേക്കും പലപ്പോഴും അനുഭവപ്പെട്ടിട്ടുള്ള സംഗതിയാണ്. പലരും ചികിത്സിച്ചുപേക്ഷിച്ചിട്ടുള്ള സപ്പവിദ്ധന്മാരെ എഴമററൂർ വിഷവൈദ്യൻ ശ്രീമാൻ കൃഷ്ണപിള്ള അത്ഭുതമാകുംവണ്ണം ചികിത്സിച്ചു രക്ഷിച്ചിട്ടുള്ളതിന്നു സന്തോഷപുരസ്സരം രോഗികൾ ഗവമ്മെന്റനുവാദത്തോടുകൂടി കൊടുത്തിട്ടുള്ള സ്വണ്ണകീത്തിമുദ്രകളുടെ എണ്ണം തത്കാലം നിണ്ണയിച്ചിവിടെ ചേക്കുവാൻ എനിക്കു സാദ്ധ്യമല്ല. ശ്രീമാൻ കൃഷ്ണപിള്ളയെ അറിയാത്തവരോ, അദ്ദേഹത്തിന്റെ പേരുകേൾക്കാത്തവരോ മദ്ധ്യതിരുവിതാംകൂറിൽ ആരുമുണ്ടാകുമെന്നു തോന്നുന്നില്ല.

ഇതുപോലെ കൎമ്മകുശലന്മാരായ അനേകം വിഷവൈദ്യന്മാർ ഇന്നു തിരുവിതാംകൂറിലുണ്ടു്. അവരുടെ പേരുവിവരവും മററും ഇവിടെ ചേൎക്കുന്നതു സുസാദ്ധ്യമല്ലായ്കയാൽ അതിന്നായി യത്നിക്കുന്നില്ല. ഈ ശാസ്ത്രവും കലയും നശിച്ചുപോകാതിരിക്കുന്നതിന്നും, ജനങ്ങൾക്കു് ഉപകാരപ്രദമായിത്തീരുന്നതിന്നും ഗവണ്മെൻറിൽനിന്നും ഉചിതമായപ്രോത്സാഹനം ചെയ്തുപോരുന്നുണ്ടു്.

ഈ രാജ്യത്തിൽ നിഷ്കൃഷ്ടയായി അന്വേഷണം നടത്തുവാൻ സാധിക്കുന്ന ഒരുവന്നു പലേ പഴയ വിലയേറിയ കാൎയ്യങ്ങളും മനസ്സിലാക്കുവാൻ സാധിക്കും. അനേകം കുടുംബക്കാർ അവൎക്കു പാരമ്പൎയ്യക്രമത്തിന്നു സിദ്ധിച്ചിട്ടുള്ള ചില യോഗങ്ങളെക്കൊണ്ടോ, ചികിത്സകളേക്കൊണ്ടോ മാത്രം ഇന്നും മാനമായി ഉപജീവനം കഴിച്ചുപോരുന്നു. ആവക യോഗങ്ങളും ചികിത്സാക്രമങ്ങളും പരിശോധിച്ചുനോക്കിയതിൽ അവ അപ്രതിഷേദ്ധ്യങ്ങളും, അമൂല്യങ്ങളുമെന്നുതന്നെ കണ്ടിരിക്കുന്നു

കേരളീയർ എഴുതീട്ടുള്ള വിഷവൈദ്യഗ്രന്ഥങ്ങളേതെല്ലാമെന്നു പറയുന്നതുതന്നെ ക്ഷിപ്രസാദ്ധ്യമല്ല. അവർ ഈ വിഷയത്തിൽ പരീക്ഷണനിരീക്ഷണങ്ങളെക്കൊണ്ടു കണ്ടുപിടിച്ചു സമ്പാദിച്ചിട്ടുള്ള സമ്പത്തുകൾ ഏതെല്ലാമെന്നു പറയുവാൻ ഒട്ടും സാദ്ധ്യമല്ല. അനേകംപേർ വളരെക്കാലം ഏകോപിച്ചു പരിശ്രമിച്ചാൽ പക്ഷേ സാധിച്ചേക്കാം.

പ്രകൃതപുസ്തകമായ ജ്യോത്സ്നിക പ്രായേണ സംസ്കൃതഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി ഭാഷയിൽ എഴുതീട്ടുള്ളതാണു്. ലക്ഷണാമൃതത്തിലെ അഭിപ്രായങ്ങൾ ഏകദേശം മുഴുവനും ജ്യോത്സ്നികയിൽ കാണുന്നുണ്ടു്. നാരായണീയം മുതലായ ഗ്രന്ഥങ്ങളിലേയും പല അഭിപ്രായങ്ങളും കാണ്മാൻകഴിയും. ജ്യോത്സ്നിക അനുഭവസിദ്ധമായ കാൎയ്യങ്ങളെ പ്രതിപാദിക്കുന്നതുനിമിത്തമാണു് വിശിഷ്ടവിഷവൈദ്യഗ്രന്ഥങ്ങളുടെക്കൂട്ടത്തിൽ മഹാന്മാർ അതിനേയും ഗണിച്ചുപോരുന്നതു്. സുപ്രസിദ്ധമായ ഈ ഗ്രന്ഥത്തെ നല്ലവണ്ണം മനസ്സിലാക്കി പഠിച്ചു വിഷചികിത്സയിൽ ജാഗ്രൂകന്മാരായിരിക്കുന്നവരുടെ പ്രയത്നം സഫലമായിത്തീരാതിരിക്കയില്ല. അനുഭവസിദ്ധമായ കാൎയ്യങ്ങളെ അതിൽ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടു്. അതാണു് അതിൻെറ മറെറാരു വലിയ

മെച്ചം. അടുത്തകാലംവരെ ജ്യോത്സ്നികയ്ക്കു തിരുവിതാംകൂറിൽ വലിയ പ്രചാരം സിദ്ധിച്ചിട്ടുണ്ടായിരുന്നതായിത്തോന്നുന്നില്ല. ഈ ദിക്കിൽ പ്രചാരം സിദ്ധിച്ചിട്ടുള്ള അനേകം വിഷവൈദ്യ സംബന്ധമായ പാട്ടുകളും ശ്ലോകങ്ങളും ജ്യോത്സ്നികയുടെ പ്രചാരത്തിന്നു പ്രതിബന്ധമായിരുന്നിരിക്കാം. ഈ ദിക്കിൽ നിന്നു ജ്യോത്സ്നികയുടെ ഒരു കയ്യെഴുത്തുപ്രതിപോലും കിട്ടുവാൻ സാധിച്ചിട്ടില്ലെന്നുള്ളതുതന്നെ മുൻപറഞ്ഞ അഭിപ്രായത്തേ ബലപ്പെടുത്തുന്നു.

ജ്യോത്സ്നികയെ ഇദംപ്രഥമമായിട്ടല്ല അച്ചടിക്കുന്നതു്. കോഴിക്കോട്ടുനിന്നു നടത്തിപ്പോന്നിരുന്ന 'കവനോദയ' ഗ്രന്ഥാവലിയിൽ ഇതിനെ മുൻപുതന്നെ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിട്ടുള്ളതിന്നുംപുറമെ മററുചിലരും ഈ ഗ്രന്ഥത്തേ അച്ചടിപ്പിച്ചിട്ടുള്ളതായിക്കണ്ടിട്ടുണ്ടു്. എന്നാൽ വിഷവൈദ്യവിശാരദപരീക്ഷയ്ക്കു ജ്യോത്സ്നികകൂടി പാഠ്യപുസ്തകങ്ങളുടെ കൂട്ടത്തിൽ ഗണിച്ചിട്ടുള്ളതുനിമിത്തം വിദ്യാൎത്ഥികളുടെ ആവശ്യത്തേ പ്രമാണിച്ചാണു് ഈ പ്രസിദ്ധീകരണത്തിനുത്സാഹിച്ചതു്. അഷ്ടാംഗഹൃദയം, സംഗ്രഹം, ചരകം, സുശ്രുതം, ലക്ഷണാമൃതം മുതലായ ഗ്രന്ഥങ്ങളിൽനിന്നു് ആവശ്യമുള്ള പദ്യങ്ങളെ ഉദ്ധരിച്ചുവിടവിടെ ചേൎത്തു വിദ്യാൎത്ഥികളുടെ ശ്രമത്തേ ലഘൂകരിച്ചിട്ടുണ്ടു്. അവക്കു് ആവക നോട്ടുകളെല്ലാം ഉപയോഗപ്രദമായിത്തീരുമെന്നു വിശ്വസിക്കുന്നു. ചില വൈഷമപദങ്ങളുടേയും ഓഷധികളുടേയും വിവരണം അകാരാദിക്രമത്തിൽ അവസാനം ചേൎത്തിട്ടുണ്ടു്. മന്ത്രാദ്ധ്യായത്തേ വിട്ടുകളയാതെ കഴിയുന്നതും ശരിപ്പെടുത്തി യഥാസ്ഥാനംതന്നെ ചേൎത്തിരിക്കുന്നു. അതിൽനിന്നു മന്ത്രശാസ്ത്രത്തിൻെറ സ്വരൂപം മുതലായതു ഗ്രഹിപ്പാൻ സാധിക്കും. മന്ത്രങ്ങളൊന്നുംതന്നെ ഈ ഗ്രന്ഥത്തിൽ ചേൎത്തിട്ടില്ല. അവയെല്ലാം ഗുരുമുഖത്തിൽ നിന്നുതന്നെ ധരിച്ചുകൊള്ളേണ്ടതാണു്. ധ്യാനം മുതലായവയെല്ലാം ഈ ഗ്രന്ഥത്തിൽ വിട്ടുകളയാതെ ചേൎത്തിട്ടുണ്ടു്.

ജ്യോതിഷം വിഷവൈദ്യത്തിന്നു് അത്യന്തം ഉപയോഗമുള്ളതാണു്. ഭൂതലക്ഷണാദിവിഷയങ്ങളെല്ലാം ജ്യോതിഷപരിജ്ഞാനമില്ലാത്തവൎക്കു മനസ്സിലാക്കുവാൻ പ്രയാസമായതുകൊണ്ടു് അവയിലുള്ള സാങ്കേതികപദങ്ങളെ സ്പഷ്ടമാക്കുന്നതിന്നു് ഒരു വിവ

ർന്നംകൂടി എഴുതിച്ചേത്തിരിക്കുന്നു. അതിൽ മററു ശാസ്ത്രങ്ങളിൽ നിന്നും ഉപയുക്തഭാഗങ്ങളെ ഉദ്ധരിച്ചുചേത്തു വിഷയത്തെ സ്പഷ്ടമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. അതും വിദ്യാത്ഥികൾക്ക് ഉപയോഗപ്രദമായിത്തീരുമെന്നു വിശ്വസിക്കുന്നു. ഇതിനുംപുറമേ വിഷാത്തന്മാക്കുണ്ടാകാവുന്ന ഉപദ്രവഭേദങ്ങളുടെ ചികിത്സകളെ വ്യാഖ്യാനസഹിതം ഒടുവിൽ അനുബന്ധമായിച്ചേത്തിട്ടുണ്ട്. ഈ ഉപദ്രവങ്ങളെ ചികിത്സിക്കുന്ന കായ്യത്തിൽ വിഷവൈദ്യന്മാക്കു യാതൊരുപ്രയാസവും മേലാൽ ഉണ്ടാവരുതെന്നുള്ള വിചാരത്തോടുകൂടി മൂലശ്ലോകങ്ങളെ കഴിയുന്നതും സ്പഷ്ടമായി വ്യാഖ്യാനിച്ചിരിക്കുന്നു. ഇതു വൈദ്യന്മാക്കും വൈദ്യവിദ്യാത്ഥികൾക്കും ഉപയോഗപ്രദമായിരിക്കും.

ജ്യോത്സ്നികയുടെ കത്താവു 'നാരായണ'നാണെന്നു് ഒടുവിലെ പാരമ്പയ്യാധികാരത്തിൽ നിന്നറിയാവുന്നതാണ്.

„നാരായണേന ഭാഷേയം
ചികിത്സാ ജ്യോത്സ്നികാഭിധാ."

എന്ന പദ്യഖണ്ഡം കാണുക.

ഈ ഗ്രന്ഥത്തിലെ താഴെ ചേത്തിരിക്കുന്ന പദ്യങ്ങളിൽ നിന്നു്,

„താവുഭൌ വാസുദേവാഖ്യൌ
വാസുദേവശിവപ്രിയൌ
സ്വകമ്മണാ ച തപസാ
ദ്യോതമാനൌ ദ്വിജോത്തമൌ

കാശ്യപാന്വയവീയ്യാച്ച
സംപ്രദായബലേന ച
വിഷസംരക്ഷണേ ദക്ഷാ-
വേതൌ ഭൂസുരസത്തമൌ

താഭ്യാം ഗുരുഭ്യാമാജ്ഞപ്തഃ
കൃപയാ വൈദ്യകമ്മണി
വിശേഷാന്മാതുലേനാപി
നിയുക്തോ ഹംസയോഗിനാ

തേഷാം കൃപാബലാവാപ്ത-
വൈദ്യലേശേന നിർമ്മിതാ
നാരായണേന ഭാഷേയം
ചികിത്സാ ജ്യോത്സ്നികാഭിധാ.''

വാസുദേവൻ നമ്പൂരിപ്പാട്ടും, അദ്ദേഹത്തിന്റെ പുത്രനായ വാസുദേവൻ നമ്പൂരിപ്പാട്ടും ഗ്രന്ഥകർത്താവിന്റെ ഗുരുഭൂതന്മാരായിരുന്നു എന്നു സിദ്ധിക്കുന്നു. കാശ്യപഗോത്രത്തിൽ ജനിച്ച വലിയ വാസുദേവൻ നമ്പൂരിപ്പാട്ട ,,ശ്രീഗിരീശപുരീശസ്യ പൂജായാം തല്പരഃ'' എന്നു പറഞ്ഞിട്ടുള്ളതിൽ നിന്നു തൃശ്ശിവപേരൂർ വടക്കുംനാഥനെ പതിവായി പൂജിച്ചു പോന്നിരുന്നു എന്നോ, ആ ക്ഷേത്രത്തിൽ ശാന്തികഴിച്ചിരുന്നു എന്നോ അനുമാനിക്കേണ്ടിയിരിക്കുന്നു. വടക്കരു നമ്പൂരിമാരു പൂർവ്വകാലങ്ങളിൽ വടക്കുംനാഥക്ഷേത്രത്തിൽ ശാന്തിക്കാരായിരുന്നിട്ടുണ്ടായിരുന്നു എന്നു കേൾവിയുണ്ട്. വലിയവാസുദേവൻ നമ്പൂരിപ്പാട്ട് അവരിൽ ഒരുവനായിരുന്നുവോ എന്നു തീർത്തുപറവാൻ മതിയായ ലക്ഷ്യമില്ല. എങ്ങനെയായാലും അദ്ദേഹത്തിനു തൃശ്ശിവപേരൂരും വടക്കുംനാഥനുമായി ബന്ധമുണ്ടായിരുന്നു എന്നതിന്നു വാദമില്ല.

ഗ്രന്ഥകാരനായ നാരായണനേക്കുറിച്ചധികമൊന്നും അറിവാൻ ഇടയായിട്ടില്ല. അദ്ദേഹം കേരളബ്രാഹ്മണനായിരുന്നുവോ എന്നുതന്നെ നിശ്ചയമില്ല. നാരായണന്റെ ഗുരുക്കന്മാർ കേരളബ്രാഹ്മണരായിരുന്നു എന്നതിനു ,,ദ്വിജോത്തമൌ'' എന്നും ,,ഭൂസുരസത്തമൌ'' എന്നും പറഞ്ഞിട്ടുള്ളതുതന്നെ മതിയായ തെളിവുകളാണ്. എന്നാൽ ഗ്രന്ഥകാരൻ ആ ഭൂസുരസത്തമന്മാരിൽ നിന്നു വളരെ അകന്നവനാണെന്നു ഗ്രന്ഥത്തിന്റെ ആ ഭാഗം വായിക്കുമ്പോൾ തോന്നുവാനിടയാകുന്നതു പക്ഷേ ഗുരുനാഥന്മാരെക്കുറിച്ചദ്ദേഹത്തിനുണ്ടായിരുന്ന ബഹുമാനാതിശയം നിമിത്തം വന്നുപോയതായും വിചാരിക്കാം. ,,മാതുലേനാപി നിയുക്തോ ഹംസയോഗിനാ'' എന്നു പറഞ്ഞിട്ടുള്ളതിൽനിന്നും പലതും അനുമാനിക്കാൻ സാധിച്ചേക്കാം. എന്നാൽ അതെല്ലാം ആന്തരമായ തെളിവുകളൊന്നും ഇല്ലാതിരിക്കുമ്പോൾ അബദ്ധമായിത്തീരാനും ഇടയുണ്ട്. അതുകൊണ്ടു ജ്യോത്സ്നികയുടെ കർത്താവ് ഒരു നാരായണനാണെന്നു മാത്രമേ ഉറപ്പായിപ്പറ

വാൻ സാധിക്കയുള്ളൂ. ഇവർ ജീവിച്ചിരുന്ന കാലമേതായിരുന്നു എന്നും ഖണ്ഡിച്ചുപറവാൻ സാധിക്കയില്ല.

ജ്യോത്സ്നികയിൽ വടക്കൻവാക്കുകൾ ധാരാളമായിക്കാണുന്നതുകൊണ്ടു ഗ്രന്ഥകർത്താവു മലബാർകാരനായിരുന്നു എന്നുമാത്രം അനുമാനിക്കാം. അല്ലെങ്കിൽ മലബാർകാരായ ബ്രാഹ്മണ ഗുരുക്കന്മാരിൽനിന്നു കിട്ടിയ ഉപദേശമനുസരിച്ചെഴുതിയ ഗ്രന്ഥത്തിൽ അവരുടെ ഭാഷ വന്നുപോയതായി വിചാരിച്ചാലും അബദ്ധമൊന്നും വരുവാനില്ല. ഈ വിഷയത്തേക്കുറിച്ചു ഖണ്ഡിതമായൊരഭിപ്രായം പറയുവാൻ വേണ്ട തെളിവുകൾ ഗ്രന്ഥത്തിൽനിന്നു കിട്ടാതിരിക്കുന്ന സ്ഥിതിക്കു ചിലതെല്ലാം ഊഹിച്ചു പറഞ്ഞാൽതന്നെ അവ വാദഗ്രസ്തമായിരിക്കാനെ തരമുള്ളൂ. അതിനാൽ ഗ്രന്ഥകാരനെക്കുറിച്ചിത്രമാത്രമുള്ള അറിവുകൊണ്ടു തൃപ്തിപ്പെടേണ്ടതായിട്ടാണ് ഇരിക്കുന്നതു്.

ഈ പ്രസിദ്ധീകരണത്തിന്നു് ആദർശമായി സ്വീകരിച്ചിട്ടുള്ളതു് എന്റെ കൈവശം ഉണ്ടായിരുന്ന ഒരു പഴയതാളിയോല ഗ്രന്ഥമാണു്. ഗ്രന്ഥം വൃത്തിയായി എഴുതിട്ടുള്ളതായിരുന്നു എങ്കിലും ലേഖകന്മാൎക്കു സാധാരണമായിക്കാണുന്ന പ്രമാദങ്ങൾ അതിലും ഇല്ലാതിരുന്നില്ല. ആ ആദർശഗ്രന്ഥം സമഗ്രമായിരുന്നതു നിമിത്തമാണു് മന്ത്രാധികാരം കൂടി ഈ പ്രസിദ്ധീകരണത്തിൽ ചേർത്തു് അച്ചടിക്കുവാൻ സാധിച്ചതു്. അച്ചടിച്ച ഒന്നു രണ്ടു പഴക്കമുള്ള പുസ്തകങ്ങളും ഗ്രന്ഥവുമായി ഒത്തുനോക്കുവാൻ ഉപയോഗപ്പെടുത്തിട്ടുണ്ടു്. ഇവയെല്ലാം കഴിയുന്നവിധം പരിശോധിച്ചു ജ്യോത്സ്നിക ഈവിധം അച്ചടിപ്പിച്ചു സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
൧൧—൯—൧൦൮൯. } കെ. ശങ്കരമേനോൻ.

# വിഷയാനുക്രമം.

---

വിഷയം. ഭാഗം.

## വിവരണം.

വിവരണം ൧-൩൪

## അധികാരം ൧.

ഗുരുഗണേശാദിവന്ദനം ൧
വിഷചികിത്സകലക്ഷണം ൨
അചികിത്സ്യവിഷാതുരന്മാർ ,,
ചികിത്സാർഹന്മാർ ,,
വിഷാൎത്തരക്ഷണമാഹാത്മ്യം ,,
വിഷസാമാന്യവിഭാഗം ൩
വിഷയസംഗ്രഹം ,,

## അധികാരം ൨.

വിഷപ്രതിക്രിയാപ്രകാരം ൫
കൊള്ളരുതാത്ത നാളുകൾ ,,
വൎജ്യതിഥികൾ ,,
വൎജ്യങ്ങളായ വാരങ്ങൾ ,,
ദുഷ്ടയോഗങ്ങൾ ൬
ശുഭയോഗങ്ങൾ ,,
മൃത്യുയോഗം ,,
ദഗ്ദ്ധയോഗം ,,
കഷ്ടയോഗങ്ങൾ ൭
അശുഭദൂതന്മാർ ,,
ശുഭദൂതന്മാർ ,,
അശുഭസൂചകദൂതവചനങ്ങൾ ൮
ദൂതോക്തിഭേദംകൊണ്ടുള്ള സൎപ്പാദിഭേദജ്ഞാനം ,,
ശ്വാസപരീക്ഷണം ൯
ദൂതസ്പൃഷ്ടന ദംശജ്ഞാനം ,,
കാലഭേദേന ദംശഭേദം ൧൦
ശരഭേദങ്ങളും ദൂതചേഷ്ടാവചനങ്ങളും ,,
ദൂതോക്തവൎണ്ണവിചാരം ൧൧
അസാദ്ധ്യദംശദേശങ്ങൾ ൧൨
അസാദ്ധ്യദംശദേഹദേശങ്ങൾ ൧൩
ശുഭാശുഭനിമിത്തങ്ങൾ ൧൪

## അധികാരം ൩.

സവിഷാവിഷദംശലക്ഷണം ൧൫
സൎവ്വാംഗവ്യാപ്തവിഷലക്ഷണം ,,

| വിഷയം. | ഭാഗം. |
|---|---|
| ദർവ്വീകരകൃതദംശലക്ഷണം | ൧൫ |
| മണ്ഡലികൃതദംശലക്ഷണം | ൧൬ |
| രാജിലകൃതദംശലക്ഷണം | ,, |
| സങ്കരസൎപ്പദംശലക്ഷണം | ,, |
| വിഷപ്പല്ലുകൾ, പേതകൾ, വിഷവൃദ്ധിക്രമങ്ങൾ | ,, |
| കരാളൃാദികൃതദംശലക്ഷണഭേദങ്ങൾ | ൧൭ |
| കാലാവസ്ഥകളെ അനുസരിച്ചു മൂർഖാദികളുടെ വിഷഭേദങ്ങൾ | ,, |
| വിഷത്തിന്റെ ദോഷപ്രധാനലക്ഷണഭേദങ്ങൾ | ൧൮ |
| വിഷത്തിന്റെ ഗതിഭേദപ്രകാരങ്ങൾ | ,, |
| വിഷവേഗം | ൧൯ |
| രസാദിധാതുക്കളും, സ്ഥിതിഭേദവും | ,, |
| രസാദിധാതുക്കളിൽ വിഷംനിന്നാലുള്ള പ്രത്യേകലക്ഷണങ്ങൾ | ൨൦ |
| ലീനജീവൻ | ,, |
| നാശോന്മുഖലക്ഷണങ്ങൾ | ,, |
| നഷ്ടജീവലക്ഷണം | ൨൧ |


## അധികാരം ൪.


| | |
|---|---|
| സാമാന്യചികിത്സാപ്രാരംഭം | ൨൨ |
| സദ്യഃകരണീയങ്ങൾ | ൨൩ |
| ധാതുഗവിഷചികിത്സ | ൨൪ |
| ശ്രോത്രാദികളിൽ ഊതുവാനുള്ള ക്രമവും മരുന്നും | ,, |


## അധികാരം ൫.


| | |
|---|---|
| ലേപയോഗങ്ങൾ | ൨൫ |
| അരച്ചുകലക്കിക്കുടിക്കുവാൻമരുന്നുകൾ | ,, |
| നസ്യാഞ്ജനാദികൾക്കു മരുന്നുകൾ | ൨൬ |


## അധികാരം ൬.


| | |
|---|---|
| മണ്ഡലിഭേദങ്ങൾ | ൨൭ |
| പാനലേപനാദിയോഗങ്ങൾ | ,, |
| വിഷസുപ്തന്നുണരുവാൻ നസ്യയോഗങ്ങൾ | ൨൮ |
| വിഷമോഹിതനുണരുവാൻ അഞ്ജനയോഗങ്ങൾ | ൨൯ |
| വിഷോപദ്രവചികിത്സ | ,, |
| കിഴിപ്രയോഗം | ൩൨ |
| വീക്കത്തിനുപുരട്ടുവാൻ (സിദ്ധൌഷധം) | ,, |
| ധാരാപ്രയോഗങ്ങൾ | ൩൩ |
| തക്രധാര | ,, |
| നാല്പാമരാദിലേപനങ്ങൾ | ,, |
| വ്രണത്തിൽ ധാരചെയ്യാൻ തൈല(വെളിച്ചെണ്ണ)യോഗങ്ങൾ | ൩൫ |
| ഉല്പാരസാദി | ,, |
| ബ്രഹ്മീരസാദി | ,, |
| ഞെട്ടാഞ്ഞെട്ടങ്ങാദി | ,, |

| വിഷയം. | ഭാഗം. |
|---|---|
| ഏകനായകമൂലാദി | ൩൫ |
| പംക്തിപ്രസൂനാദി | ൩൬ |
| പാരന്ത്യാദി | ,, |
| ദശപുഷ്പങ്ങൾ | ൩൭ |
| **അധികാരം ൭.** | |
| കല്ക്കയോഗങ്ങൾ | ,, |
| ലേപനൌഷധങ്ങൾ | ൩൮ |
| കഫാധിക്യത്തിൽ ചെയ്യുവാൻ | ൩൯ |
| നസ്യാഞ്ജനാദി | ,, |
| **അധികാരം ൮.** | |
| തലക്ക തളംവയ്ക്കുവാൻ | ,, |
| സിരാവേധവിധാനം | ൪൦ |
| ആഹാരദ്രവ്യങ്ങളും തൽക്രമങ്ങളും | ൪൧ |
| കറിക്കുള്ള ശാകങ്ങൾ | ൪൨ |
| ഫലങ്ങൾ, മാംസങ്ങൾ | ,, |
| വിഷാതുരന്നുകൊള്ളാവുന്ന വ്യഞ്ജനപദാൎത്ഥങ്ങൾ | ൪൩ |
| വിഷാതുരൻ നിത്യവും വൎജ്ജിക്കേണ്ടവ | ,, |
| കല്ക്കലേഹാദികളുടെ മാത്രാഭേദങ്ങളും ഉപയോഗക്രമവും | ൪൪ |
| സ്വേദനക്രമങ്ങൾ | ൪൫ |
| അഭ്യംഗസ്നപനാദികൾ | ൪൬ |
| ഉപക്രമംകൊണ്ടുള്ള ഉപദ്രവവും പരിഹാരവും | ൪൭ |
| ജലധാര | ,, |
| **അധികാരം ൯.** | |
| നീലീപത്രാദിലേഹം | ൪൮ |
| നീലികാമൂലാദിലേഹം | ,, |
| ദൂർവ്വാമൃതാദിതൈലം | ൪൯ |
| കയ്യുണ്ണ്യാദിതൈലം | ,, |
| ശതക്രതുലതാദി | ,, |
| ദൂർവ്വാനാല്പാമരാദി | ,, |
| അമൃതാദി (൧) | ,, |
| അമൃതാദി (൨) | ൫൦ |
| ചന്ദനാദി | ,, |
| നീലികാദിഘൃതം | ,, |
| അവിൽപ്പൊരിഘൃതം | ൫൧ |
| നീലീഘൃതം | ,, |
| ബ്രഹ്മീഘൃതം | ,, |
| പാഠാദിഘൃതം | ,, |
| അമരീമൂലാദിഘൃതം | ൫൨ |
| പാവകപരീക്ഷണം | ,, |

| വിഷയം. | ഭാഗം. |
|---|---|
| **അധികാരം ൧൦.** | |
| അമൃതകല | ൫൩ |
| അമൃതകലാസ്ഥാനങ്ങൾ | ,, |
| വിഷസ്ഥാനം | ൫൪ |
| വിഷാമൃതശുഭാശുഭഫലങ്ങൾ | ,, |
| ഔഷധദേവതാപ്രാദുർഭാവം | ൫൫ |
| ഔഷധഗ്രഹണക്രമം | ,, |
| മന്ത്രം | ൫൬ |
| വിധിപ്രകാരമെടുക്കുന്ന ഔഷധങ്ങളുടെ മാഹാത്മ്യം | ,, |
| മരുന്നുകൊടുക്കേണ്ടക്രമം | ,, |
| ഔഷധസേവാസങ്കല്പം | ൫൭ |
| ഈശ്വരസേവാദികൾ | ,, |
| **അധികാരം ൧൧.** | |
| മൂഷികഭേദങ്ങൾ | ൫൮ |
| മൂഷികവിഷലക്ഷണം (സാമാന്യം) | ൫൯ |
| എലിവിഷത്തിനുള്ള തല്ക്കാലചികിത്സ | ൬൦ |
| അനന്തരകരണീയങ്ങൾ | ,, |
| അരുചിക്കു തിലചൂൎണ്ണം | ൬൧ |
| നവനീതപ്രയോഗം | ,, |
| ശിവമല്ല്യാദിചൂൎണ്ണം | ൬൨ |
| അൎക്കപത്രാദി | ,, |
| വിക്കത്തിന് | ,, |
| പനിക്ക് | ,, |
| എല്ലാ എലിവിഷങ്ങൾക്കും പററിയ കഷായയോഗങ്ങൾ | ,, |
| തൈലയോഗങ്ങൾ | ൬൩ |
| എലിവിഷം ഛൎദ്ദിക്കുവാൻ | ൬൪ |
| ഛൎദ്ദിനില്ക്കുവാൻ | ,, |
| സരിപ്പിക്കുവാൻ | ,, |
| സരണംനിറുത്തുവാൻ | ൬൫ |
| ഘൃതയോഗങ്ങൾ | ,, |
| **അധികാരം ൧൨.** | |
| വൃശ്ചികവിഷലക്ഷണം | ,, |
| വൃശ്ചികവിഷചികിത്സ (സാമാന്യം) | ൬൭ |
| ലൂതാവിഷവിജ്ഞാനപ്രതിഷേധങ്ങൾ | ,, |
| നകുലവിഷവിജ്ഞാനപ്രതിഷേധം | ൭൧ |
| മാൎജ്ജാരവിഷലക്ഷണചികിത്സകൾ | ,, |
| ശ്വാനവിഷലക്ഷണചികിത്സകൾ | ൭൨ |
| പേപ്പട്ടിവിഷചികിത്സ | ൭൩ |
| ക്രോഷ്ടുകവിഷചികിത്സ | ൭൫ |
| കുതിരയുടെ വിഷത്തിന് | ,, |
| വാനരവിഷത്തിന് | ,, |

| വിഷയം. | ഭാഗം. |
|---|---|
| മത്സ്യവിഷത്തിന്ന് | ൧൩ |
| മണ്ഡൂകവിഷത്തിന്ന് | ,, |
| അരണവിഷത്തിന്ന് | ൧൫ |
| ഓന്തിൻവിഷത്തിന്ന് | ,, |
| പല്ലിവിഷത്തിന്ന് | ,, |
| കടന്നൽവിഷത്തിന്ന് | ൧൮ |
| കടന്നൽക്കൂടെടുക്കുവാൻ | ,, |
| ചേരട്ടവിഷത്തിന്ന് | ,, |
| തൊട്ടാരട്ടിവിഷത്തിന്ന് | ൧൯ |
| ജളൂകവിഷത്തിന്ന് | ,, |
| മത്സ്യവിഷത്തിന്ന് | ,, |
| വണ്ടുകുത്തിയാൽ | ൨൦ |


## അധികാരം ൰൩.


| | |
|---|---|
| സ്ഥാവരവിഷഭേദങ്ങൾ | ,, |
| സ്ഥാവരവിഷലക്ഷണചികിത്സ (സാമാന്യം) | ,, |
| ചേർമരത്തിൻവിഷത്തിന്ന് | ൨൧ |
| പ്രത്യൌഷധങ്ങൾ | ,, |


## അധികാരം ൰൪.


| | |
|---|---|
| വിഷജന്തുപശുലക്ഷണം | ൨൨ |
| പശുചികിത്സ (പാനലേപനാദികൾ) | ൨൩ |


## അധികാരം ൰൫.


| | |
|---|---|
| വിവിധയോഗങ്ങൾ | ൨൪ |
| വ്യോഷാദിരസായനം | ൨൫ |
| ദേവദാർവ്വാദി | ,, |
| ശിരീഷാദി | ,, |
| ഗുല്മപ്രയോഗങ്ങൾ | ,, |
| വില്വാദിഗുളിക | ൨൮ |
| ഹിംഗ്വാദിഗുളിക | ,, |
| രസാദിവടകം | ൨൯ |
| തരുണഭാസ്കരം | ,, |
| രസാദിഗുളിക | ,, |
| നാഭിനിർവ്വിഷാദി | ,, |
| മൃത്യുഞ്ജയഗുളിക | ൩൦ |
| മൃത്യുഞ്ജയാഞ്ജനം | ,, |
| ഗരുഡാഞ്ജനം | ൩൧ |
| സിന്ധൂത്ഥാദിഗുളിക | ൩൨ |
| ദശബീജാഞ്ജനം | ,, |
| മരിചാദ്യഞ്ജനം | ,, |
| ധൂപയോഗങ്ങൾ | ,, |

| വിഷയം. | ഭാഗം. |
| --- | --- |
| **അധികാരം ൧൫.** | |
| സൎവ്വമഹാവിഷചികിത്സ | ൮൪ |
| ചൂൎണ്ണരാജൻ | ,, |
| ഭുജഗചൂൎണ്ണം | ൮൫ |
| വേളാപ്രയോഗം | ,, |
| സൎപ്പഗ്രഹണാദിപ്രയോഗങ്ങൾ | ൮൭ |
| **അധികാരം ൧൬.** | |
| നാഗോല്പത്തിക്രമം | ൧൦൦ |
| അഷ്ടനാഗങ്ങളും, വിഭാഗാദികളും | ൧൦൧ |
| ഭൂനിവാസിനാഗങ്ങളും, വൎണ്ണഭേദങ്ങളും | ൧൦൨ |
| ഗൎഭകാലാദിവൎണ്ണനം | ,, |
| ദന്തോല്പത്തിയും, ദംഷ്ട്രാഭേദാദികളും | ൧൦൩ |
| വേന്തിരമൂൎഖാദികളുടെ പ്രത്യേകലക്ഷണം | ൧൦൪ |
| സാമാന്യലക്ഷണങ്ങൾ | ,, |
| ആയുഷ്കാലനിൎണ്ണയം | ,, |
| **അധികാരം ൧൭.** | |
| സൎപ്പലക്ഷണം. | ൧൦൫ |
| വിപ്രാദിസൎപ്പങ്ങളുടെ സഞ്ചാരവാസഭക്ഷണാദിഭേദങ്ങൾ | ,, |
| പാമ്പുകടിക്കുവാനുള്ള കാരണങ്ങൾ | ൧൦൬ |
| വിഷബലാബലഹേതുവിചാരം | ൧൦൭ |
| **അധികാരം ൧൮.** | |
| മന്ത്രസമ്പ്രദായാദിക്രമം | ൧൦൮ |
| മന്ത്രഭേദങ്ങളും, അവയുടെ ലക്ഷണപ്രയോജനാദികളും | ,, |
| നാശഹേതുകമന്ത്രങ്ങൾ | ,, |
| ആചാൎയ്യലക്ഷണം | ൧൧൦ |
| ശിഷ്യഗുണങ്ങൾ | ,, |
| മന്ത്രവിചാരവും, മന്ത്രഗ്രഹണസമ്പ്രദായവും | ,, |
| മന്ത്രസേവാവിധാനം | ,, |
| **അധികാരം ൨൦.** | |
| മന്ത്രപ്രയോഗം | ൧൧൨. |
| പൃഥിവ്യാദികളുടെ ബീജാക്ഷരങ്ങൾ | ,, |
| ധ്യാനക്രമം | ൧൧൩ |
| ഗരുഡമന്ത്രപ്രകരണം | ,, |
| ഗരുഡപഞ്ചാക്ഷരമഹാമന്ത്രവും, അംഗന്യാസാദിക്രമവും | ,, |
| ഗരുഡധ്യാനം | ൧൧൪ |
| ജീവരക്ഷാവിധി | ൧൧൫ |
| പഞ്ചകൎമ്മങ്ങൾ | ൧൧൬ |

| വിഷയം. | | ഭാഗം. |
|---|---|---|
| സങ്കല്പബന്ധനവും, സൎപ്പമുഖബന്ധനാദിയും | | ൧൧൮ |
| പാമ്പിനെ കെട്ടുവാൻ മന്ത്രം | | ,, |
| സുധാഹൃദയപ്രയോഗം | | ൧൧൯ |
| ഗരുഡമന്ത്രപ്രയോഗാന്തരം | | ൧൨൧ |
| നീലകണ്ഠത്ര്യക്ഷരി | | ൧൨൩ |
| ധ്യാനം | | ,, |

അധികാരം ൨൧.

| | | |
|---|---|---|
| വൈദ്യപാരമ്പൎയ്യം | | ൧൨൫ |

അനുബന്ധം.

| | | |
|---|---|---|
| വിഷാൎത്തന്മാൎക്കുണ്ടാവുന്ന ഉപദ്രവഭേദങ്ങൾ | | ൧൨൭ |
| വിഷജ്വര | ചികിത്സ | ,, |
| വിഷകാസ | ,, | ൧൨൯ |
| വിഷഛൎദ്ദി | ,, | ൧൩൦ |
| വിഷശ്വാസ | ,, | ൧൩൧ |
| വിഷഹിധ്മാ | ,, | ,, |
| വിഷതൃഷ്ണാ | ,, | ൧൩൨ |
| വിഷമൂൎച്ഛാ | ,, | ,, |
| വിഷജാതിസാര | ,, | ൧൩൩ |
| വിഷോദാവൎത്ത | ,, | ൧൩൪ |
| വിഷാനാഹ | ,, | ,, |
| വിഷജവസ്തിശൂല | ,, | ൧൩൫ |
| വിഷശിരോരോഗ | ,, | ൧൩൬ |
| വിഷശ്വയഥു | ,, | ,, |
| പൂതിദംശ | ,, | ൧൩൭ |
| രക്തസ്രാവ | ,, | ൧൩൮ |
| വിഷാനില | ,, | ൧൩൯ |
| ക്ഷാരാഗദം | | ൧൪൨ |
| സുഗന്ധാഖ്യാഗദം | | ൧൪൪ |
| മഹാസുഗന്ധാഗദം | | ൧൪൫ |

അകാരാദി.

| | | |
|---|---|---|
| അകാരാദി | | ൧—൨൧ |

## വിവരണം.

ഹിന്തുക്കളുടെ സവ്കമ്മങ്ങളും ശ്രുത്യാദികളെ അനുസരിച്ചു വിധിച്ചിട്ടുള്ളവയാണ്. ദൈവപ്രാമാണ്യത്തെ പുരസ്കരിച്ചും, വേദോക്തധമ്മമാൎഗ്ഗത്തെ അനുസരിച്ചും ചെയ്തുപോരുന്ന കമ്മങ്ങളെല്ലാംതന്നെ അനുരൂപഫലപ്രദങ്ങളായിട്ടാണ് കണ്ടുവരുന്നത്. നിരന്തരമായ ഈശ്വരവിചാരംകൊണ്ടും, സദാചാരതല്പരതകൊണ്ടും ധൌതമായ മാനസികകന്മഷങ്ങളോടുകൂടിയവനെ ജനങ്ങൾ ഗുരുത്വമുള്ളവനെന്നോ, പീയുഷപാണിയെന്നോ പറഞ്ഞുവരുന്നു. ആന്തരശ്ശുചിത്വത്തിന്റെയും, ബാഹ്യശ്ശുദ്ധിയുടേയും പ്രത്യക്ഷഫലമാണ് കൈപ്പുണ്യം. ആന്തരശ്ശുദ്ധി ബാഹ്യശ്ശുദ്ധിയെ ഏറെക്കുറെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടു ധമ്മശാസ്ത്രകത്താക്കന്മാർ അതിന്റെ പ്രാധാന്യത്തെ വിധിപൂവ്കം ശാസിച്ചിരിക്കുന്നു.

ഉഷസ്യുത്ഥായ സ്വസ്ഥാത്മാ.

പ്രബോധനത്തിനു പററിയതു് ഉഷഃകാലമെന്നാണ് സിദ്ധിച്ചിരിക്കുന്നതു്. ഉഷഃകാലത്തേയാണ് ബ്രാഹ്മമുഹൂത്തം എന്നു ശാസ്ത്രാന്തരങ്ങളിൽ പറഞ്ഞിട്ടുള്ളതു്.

„ബ്രാഹ്മേ മുഹൂത്തെ ഉത്ഥായ
ചിന്തയേദാത്മനോ ഹിതം."

എന്നുള്ള ശാസ്ത്രവചനം കാണ്ക.

„രജനീപ്രാന്ത്യയാമാൎദ്ധം
ബ്രാഹ്മഃ സമയ ഉച്യതേ."

എന്നുള്ള സ്കാന്ദവചനപ്രകാരം ഉദയാൽപൂവ്വം മൂന്നേമുക്കാൽ നാഴിക ബ്രാഹ്മമുഹൂത്തമാകുന്നു.

„രാത്രേഃ പശ്ചിമയാമസ്യ
മുഹൂത്തോ യസ്തൃതീയകഃ
സ ബ്രാഹ്മ ഇതി വിജ്ഞേയോ
വിഹിതഃ സഃ പ്രബോധനേ."

എന്നു വിഷ്ണുപുരാണത്തിലും,

„രാത്രേസ്തു പശ്ചിമോ യാമോ
മുഹൂത്തോ ബ്രാഹ്മ ഉച്യതേ.''

എന്നു ചന്ദ്രികയിലും ബ്രാഹ്മമുഹൂത്തകാലത്തേക്കുറിച്ചു് അഭിപ്രായവ്യത്യാസം കാണുന്നു.

„ഉത്ഥായ പശ്ചിമേ യാമേ
രാത്രിവാസഃ പരിത്യജേത്
പ്രക്ഷാല്യ ഹസ്തപാദാസ്യാ-
ന്യുപസ്പൃശ്യ ഹരിം സ്മരേൽ.''

എന്നു് അംഗിരസ്സു പറഞ്ഞിരിക്കുന്നു.

മേൽപറഞ്ഞ ഋഷിശ്വരവാക്യങ്ങൾക്കെല്ലാം തുല്യപ്രാമാണ്യമുള്ളതുകൊണ്ടു് അവയിൽ കാണുന്ന അഭിപ്രായഭേദങ്ങളെ കാലദേശാദ്യവസ്ഥാനുസാരം അധികാരിഭേദേന സമരസപ്പെടുത്തിക്കൊള്ളേണ്ടതാകുന്നു.

## പ്രാണായാമപരായണഃ.

സകലജീവികളും ഇഹലോകവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നതു ശ്വാസോച്ഛ്വാസംവഴിക്കാണ്. ശ്വാസോച്ഛ്വാസം സ്വാധീനമാക്കുവാൻ സാധിക്കുന്നവനു ലോകം ജയിക്കുവാൻ സാധിക്കും. ശ്വാസോച്ഛ്വാസം സ്വാധീനമാക്കുവാനുള്ള മാഗ്ഗമാണ് പ്രാണായാമം. പൂരകകുംഭകരേചകങ്ങൾ പ്രാണായാമത്തിൻെറ അംഗങ്ങളാണ്. അതിനെ നിയമിക്കുന്നതിനും പരിശീലിക്കുന്നതിനുമുള്ള മാഗ്ഗങ്ങളെ ഗുരുമുഖത്തിൽ നിന്നറിഞ്ഞുകൊള്ളേണ്ടതാകുന്നു.

## വിചിന്തയേൽ സ്വമാത്മാനം.

ഇവിടെ „ആത്മാ'' ക്ഷേത്രജ്ഞനേയും, ശരീരത്തേയും കുറിക്കുന്നു.

„ആത്മാ പുംസി സ്വഭാവേ ച
പ്രയത്നമനസോരപി
ധൃതാവപി മനീഷായാം
ശരീരബ്രഹ്മണോരപി.''

എന്നു മേദിനീകോശത്തിൽ കാണുന്നു. „ക്ഷേത്രജ്ഞ ആത്മാ പുരുഷഃ'' എന്നു് അമരം.

„ആത്മാനമാത്മന്യവലോകയന്തം" എന്നു പറഞ്ഞിട്ടുള്ള പ്രകാരം അവ്യഗ്രചിത്തനായിരുന്ന് ആത്മാവിനെ പരമേശ്വരതേ്വന ധ്യാനിക്കണമെന്നും,

„ബ്രാഹ്മേ മുഹൂൎത്തെ ഉത്തിഷ്ഠേത്
സ്വസ്ഥോ രക്ഷാൎത്ഥമായുഷഃ
ശരീരചിന്താം നിൎവ്വൎത്ത്യ
കൃതശൌചവിധിസ്തതഃ."

എന്ന പ്രമാണപ്രകാരം

„സമദോഷഃ സമാഗ്നിശ്ച
സമധാതുമലക്രിയഃ
പ്രസന്നാത്മേന്ദ്രിയമനാഃ
സ്വസ്ഥ ഇത്യഭിധീയതേ."

മേൽപറഞ്ഞ സ്വസ്ഥലക്ഷണമുള്ളവൻ ബ്രാഹ്മമുഹൂൎത്തത്തിൽ എഴുന്നേററു ജീൎണ്ണാജീൎണ്ണാദി ശാരീരകാൎയ്യങ്ങളെ വിചിന്തനം ചെയ്യണമെന്നും സിദ്ധിക്കുന്നതായി ധരിച്ചുകൊള്ളണം.

ബാഹ്യാദികം ച കൎത്തവ്യം
തതൽ സൎവ്വം പുനഃ ക്രമാൽ.

എന്നു പറഞ്ഞിട്ടുള്ളതിനെ വാഗ്ഭടാചാൎയ്യൻ

„കൃതശൌചവിധിസ്തതഃ."

എന്നപ്രകാരം സംഗ്രഹിച്ചു പറഞ്ഞിരിക്കുന്നു.

„ജാതവേഗഃ സമുത്സരേത്.
ഉദങ്മുഖോ മൂത്രശകൃദ്
ദക്ഷിണാഭിമുഖോ നിശി
വാചം നിയമ്യ പ്രയതഃ
സംവീതാംഗോ/വഗുണ്ഠിതഃ.
പ്രവൎത്തയേത് പ്രചലിതം
ന തു യത്നാദുദീരയേത്."

എന്ന സംഗ്രഹോക്തവചനാനുരോധേന പ്രവൎത്തിച്ചുകൊള്ളേണ്ടതാകുന്നു.

വിധിപ്രകാരം ശൌചാദികളെല്ലാം നിൎവ്വഹിച്ചശേഷം ശാസ്ത്രോക്തരീത്യാ സ്നാനവും, ഇഷ്ടദേവതാധ്യാനപൂൎവ്വം ഉപദേശക്രമമനുസരിച്ചു മന്ത്രജപാദിയും ചെയ്തു നരേന്ദ്രൻ ക്ഷ്വേള പ്രതിക്രിയയിൽ വ്യാപൃതനായിരിക്കേണ്ടതാണ്. അതിന്റെ സാദ്ധ്യാസാദ്ധ്യങ്ങളെ എളുപ്പത്തിൽ അറിയുന്നതിന്നുതകുന്നതായ ചില സംഗതികളെക്കുറിച്ചു പൂൎണ്ണബോധമുണ്ടായിരിക്കേണ്ടതത്യാവശ്യമാകയാൽ അവയെക്കുറിച്ചുള്ള വിവരണം താഴെ ചേൎത്തുകൊള്ളുന്നു.

### ൧. നക്ഷത്രം.

ആയില്യം ചിത്രയും കേട്ടതൊട്ടു മുമ്മൂന്നുനാളിഹ
നാലു നാളാദിയിൽപിന്നെ തിരുവാതിരയോണവും.
പൂരുരുട്ടാതിയും പററാ ഫണിദംശേ വിശേഷതഃ.

എന്നു പറഞ്ഞതിൽനിന്ന് ആയില്യം, മകം, പൂരം, ചിത്തിര, ചോതി, വിശാഖം, കേട്ട, മൂലം, പൂരാടം, അശ്വതി, ഭരണി, കാൎത്തിക, രോഹിണി, തിരുവാതിര, ഓണം, പൂരുരുട്ടാതി എന്നീ പതിനാറു നാളുകളും സൎപ്പദംശനവിഷയത്തിൽ നിന്ദ്യങ്ങളായി ഗണിച്ചിരിക്കുന്നു.

"ചിത്രാസ്വാതിമഘാശ്ലേഷാ
ജ്യേഷ്ഠാശ്രവണകൃത്തികാഃ
ഭരണ്യാൎദ്രാ വിശാഖശ്ച
മൂലാ പൂൎവ്വാത്രയം തഥാ.

അശ്വിനീ രോഹിണീ ചേതി
യോഗാ മരണസംജ്ഞിതാഃ."

എന്ന പ്രമാണവും മേൽപറഞ്ഞ അഭിപ്രായത്തോടു യോജിച്ചു തന്നെ കാണുന്നു. ഈ നക്ഷത്രത്തിലുണ്ടാകുന്ന സൎപ്പദംശനം മൃതിപ്രദമാകുന്നു എന്നു സാരം.

### ൨. തിഥി.

ചതുൎത്ഥ്യഷ്ടമിയും വാവും നവമീ പതിന്നാങ്കപി
പഞ്ചമീ ച തഥാ കഷ്ടം കൃഷ്ണപക്ഷേ വിശേഷതഃ,

ചതുൎത്ഥി, പഞ്ചമി, അഷ്ടമി നവമി, പതിന്നാങ്ക്, വാവു് എന്നിവ സപ്പ്തദംശത്തിൽ നിന്ദ്യം. കൃഷ്ണപക്ഷത്തിൽ ഇവ വിശേഷിച്ചും വൎജ്ജനീയം.

„ചതുൎത്ഥ്യാം ച ചതുൎദ്ദശ്യാം
പഞ്ചദശ്യാമഥാപി വാ
അഷ്ടമ്യാം ച നവമ്യാം ച
കൃഷ്ണപക്ഷേ വിശേഷതഃ."

എന്നവിധം ലക്ഷണാമൃതത്തിൽ കാണുന്നു. ഇവിടെ പഞ്ചമി ത്യാജ്യകോടിയിൽ ഉൾപ്പെടുത്തിപ്പറഞ്ഞിട്ടില്ല.

വൎജ്ജിക്കേണ്ട നക്ഷത്രതിഥികളെക്കുറിച്ചു് ഒരു പഴയ വിഷവൈദ്യഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം താഴെ ചേൎക്കുന്നു.

„ഓണം ചിത്തിര ചോതിയോടു മകവും
തൃക്കേട്ട മൂലം തഥാ
മപ്പൂരം തിരുവാതിരാശപതിഭര-
ണ്യാശ്ലേഷവും രോഹിണി
ശ്ചൂൎപ്പം തീയിവ നാള,തഷ്ടമി പതി-
ന്നാങ്കും ചതുൎത്ഥീ നവ-
മ്യേവം പഞ്ചദശീ കരുത്തവ വിശേ-
ഷിച്ചും വിവൎജ്ജിക്കണം."

ഇതിലും പഞ്ചമി വൎജ്ജ്യമായി ഗണിച്ചിട്ടില്ല.

൩. വാരം.

മന്ദാരവാരം കഷ്ടം ച സൂൎയ്യവാരം ച മദ്ധ്യമം.

ശനിയാഴ്ചയും, ചൊവ്വാഴ്ചയും കഷ്ടം. ഞായറാഴ്ച മദ്ധ്യമം.

„വാരേ ച കുജമന്ദയോഃ."

എന്നു ലക്ഷണാമൃതത്തിൽ പറഞ്ഞിരിക്കുന്നു. സുന്ദരഭട്ടാചാൎയ്യൻ ഞായറാഴ്ച മദ്ധ്യമമായി ഗണിച്ചിട്ടില്ല ആദിത്യൻ പാപഗ്രഹമാകയാലായിരിക്കാം ഞായറാഴ്ച മദ്ധ്യമമെന്നു ജ്യോത്സ്നികയിൽ പറഞ്ഞതു്.

ആഴ്ച്ചകളുടെ നാഴികകൾ നീക്കമെല്ലപ്രകാരം ചിലദിക്കുകളിൽ പറഞ്ഞുകാണുന്നതുകൊണ്ടു് അവയെല്ലാം ഒന്നുപോലെയാണെന്നു വിചാരിച്ചുകൂടാ.

„തല്ലാമോ വേദം സാംഗം."

എന്ന സൂത്രത്തിലെ വർണ്ണങ്ങൾ ഓരോന്നിനേയും പത്തിൽപെരുക്കിയാൽ ഓരോ ആഴ്ച്ചയുടേയും മാനം നാഴികയായി കിട്ടും.
അപ്പോൾ

| | | | | | |
|---|---|---|---|---|---|
| രവിവാരം | ത | ൬൦ | ബുധവാരം | വേ | ർ൦ |
| ച ,, | ല്ല | ൻ൦ | ഗുരു ,, | ദ | ൮൦ |
| കു ,, | മോ | ൫൦ | ശുക്ര ,, | സ | ൧൦ |

മന്ദവാരം ഗ ൩൦

ഇവിടെ ശനിയാഴ്ച്ച അസ്തമിച്ചാൽ മന്ദവാരംകഴിഞ്ഞു എന്നും, ശനിയാഴ്ച്ച അസ്തമയാൽപരം സൂൎയ്യവാരം തുടങ്ങി അറുപതുനാഴിക കഴിയുമ്പോൾ അതായതു ഞായറാഴ്ച്ച അസ്തമിക്കുന്ന സമയം ഞായറാഴ്ച്ച അവസാനിച്ചു എന്നും ധരിച്ചുകൊള്ളണം. തിങ്കളാഴ്ച്ചക്കു തൊണ്ണൂറുനാഴികയുള്ളതുകൊണ്ടു ഞായറാഴ്ച്ച രാത്രിയും തിങ്കളാഴ്ച്ച രാവും പകലും തിങ്കളാഴ്ച്ച തന്നേയാണു്. ചൊവ്വാഴ്ച്ച ഉദയത്തിനു ചൊവ്വാഴ്ച്ച തുടങ്ങുമെങ്കിലും അന്നസ്തമിച്ചു പത്തുവെളുപ്പിനു ചൊവ്വാഴ്ച്ച അവസാനിച്ചു ബുധനാഴ്ച്ച തുടങ്ങും. ശേഷം മേൽ പറഞ്ഞവിധം കണക്കാക്കി ധരിച്ചുകൊൾക. പൂൎവ്വകാലങ്ങളിൽ വിഷവൈദ്യന്മാർ ആഴ്ച്ചയെ ഇപ്രകാരമാണു് കണക്കാക്കിയിരുന്നതു്.

ആഴ്ച്ചകളുടെ മാനത്തെക്കുറിക്കുന്ന മേൽപറഞ്ഞ സൂത്രത്തെ മററു ചില ഗ്രന്ഥങ്ങളിൽ

„ചോളേശവാജിസ്ഥലം."

എന്ന വിധത്തിൽ എഴുതികാണുന്നു. രണ്ടും കുറിക്കുന്ന സംഖ്യ ഒന്നുതന്നെയാണെന്നു സ്പഷ്ടമാണ.

൪. പരിവേഷാദി.

പരിവേഷോപരാഗൌ ച
വൎജ്ജ്യൌ സോമാൎക്കയോരപി.

സൂൎയ്യാചന്ദ്രമസ്സുകളുടെ മണ്ഡലത്തിനുചുററും വൎത്തുളാകാരമായിക്കാണുന്നതു പരിവേഷം.

സൂൎയ്യനൊ ചന്ദ്രനൊ പരിവേഷമൊ, ഗ്രഹണമൊ ഉള്ള സമയം സൎപ്പദംശനമുണ്ടായാൽ അതു് അസാദ്ധ്യമായിത്തീരുമെന്നു സാരം. സൂൎയ്യഗ്രഹണം കഴിഞ്ഞാൽ അന്നോട്ടുകൂടി അഞ്ചു ദിവസവും, ചന്ദ്രഗ്രഹണം കഴിഞ്ഞാൽ മൂന്നു ദിവസവും ശുഭമുഹൂൎത്തങ്ങൾക്കു വൎജ്ജിച്ചുവരുന്നു.

„സൂൎയ്യേന്ദുഗ്രഹണാഭ്യാം തു
വൎജ്ജയേദ്ദിനപഞ്ചകം
ദിനത്രയം ക്രമാദേപിദ്യാ-
ദിത്യേകേ ബ്രുവതേ ബുധാഃ.”

ഗ്രഹണദോഷം തട്ടീട്ടുള്ള മേൽപറഞ്ഞ ദിവസങ്ങളിൽ ഉണ്ടാകുന്ന സൎപ്പദംശനം അസാദ്ധ്യമല്ലെങ്കിലും കൃച്ഛ്രസാദ്ധ്യമെന്നാണ് വൃദ്ധവൈദ്യന്മാരുടെ അഭിപ്രായം. അനുഭവവും ഏതാണ്ടതിനോട്ടുതന്നേ യോജിച്ചുകാണുന്നു.

## ൫. വിഷ്ടി.

വിഷ്ടിയുടെ സ്വരൂപം മനസ്സിലാക്കുന്നതിന്നു കരണങ്ങളെക്കുറിച്ചു സാമാന്യജ്ഞാനം ഉണ്ടായിരിക്കേണ്ടതത്യാവശ്യമാണ്.

എല്ലാപ്പക്കങ്ങളെക്കൊണ്ടും ഒപ്പിച്ച് ഈരണ്ടു കൂറിട്ട് അവററാലോരോക്കൂറുകൾക്കു കരണമെന്നുപേർ. 'തിഥ്യൎദ്ധം കരണം' എന്നു പ്രമാണം.

സിംഹം, പുലി, പന്നി, കഴുത, ആന, പശു, വിഷ്ടി എന്നീ ഏഴു ചരകരണങ്ങളും, പുള്ള്, നാല്കാലി, പാമ്പ്, പുഴ് എന്നീ നാലു സ്ഥിരകരണങ്ങളും ഉൾപ്പടെ ആകെ കരണങ്ങൾ പതിനൊന്നാകുന്നു. അവയെ കണക്കാക്കേണ്ട ക്രമത്തെ താഴേ ചേൎക്കുന്നു.

„ശുക്ലപ്രതിപദാന്ത്യാൎദ്ധാത്
കരണാനി പുനഃ പുനഃ.
സിംഹോ വ്യാഘ്രോ വരാഹശ്ച
ഖരേഭപശുവിഷ്ടയഃ.”

വെളുത്തപ്രതിപദത്തിൻെറ ഉത്തരാൎദ്ധം മുതൽ കറുത്തചതുൎദ്ദശിയുടെ പൂൎവ്വാൎദ്ധം കൂടി പക്കങ്ങൾ ഇരുപത്തെട്ടാകുന്നു. തിത്ഥ്യൎദ്ധം കരണമായതുകൊണ്ട് ഇരുപത്തെട്ട തിഥികൾക്കുകൂടി അൻപത്തിയാറുകരണങ്ങളുണ്ട്. ഇവയ്ക്കു വെളുത്തപ്രതിപദത്തിൻെറ ഉത്തരാൎദ്ധം മുതൽ ക്രമത്താലെ സിംഹം, പുലി, പന്നി, കഴുത, ആന, പശു, വിഷ്ടി എന്നു ഏഴു ചരകരണങ്ങളെ കണക്കാക്കിക്കൊള്ളേണ്ടതാകുന്നു. ഈ ഏഴു ചരകരണങ്ങളും അൻപത്താറു തിത്ഥ്യൎദ്ധങ്ങളിൽ എട്ടുതവണ ആവൎത്തിച്ചു വരുന്നതാണ്. പിന്നെ ശേഷമുള്ള കറുത്തചതുൎദ്ദശിയുടെ ഉത്തരാൎദ്ധം, കറുത്തവാവിൻെറ രണ്ടൎദ്ധങ്ങൾ, വെളുത്തപ്രതിപദത്തിൻെറ പൂൎവ്വാൎദ്ധം എന്നീ നാലു തിത്ഥ്യൎദ്ധങ്ങൾക്കും പുള്ള്, നാല്ക്കാലി, പാമ്പ്, പുഴു എന്നീ നാലു സ്ഥിരകരണങ്ങളും ഒരിക്കൽമാത്രം വരും.

„സ്ഥിരകരണാന്യസിതചതു-
ൎദ്ദശ്യപരാൎദ്ധാദീനി ചത്വാരി
പ്രാഹുശ്ശകുനിചതുഷ്പാ-
ദ്വിരസനകിംസ്തുഘ്നനാമാനി."

എന്നു പ്രമാണം.

മേൽ പറഞ്ഞിട്ടുള്ള ക്രമത്തിൽ ചരകരണങ്ങളെ കണക്കാക്കുന്നസമയം പൂൎവ്വപക്ഷത്തിൽ പ്രതിപദത്തിൻെറ ഉത്തരാൎദ്ധത്തിന്നു സിംഹം കരണം എന്നു സിദ്ധിക്കുന്നു. ദ്വിതീയക്കു പുലി, പന്നി. തൃതീയക്കു കഴുത, ആന. ചതുൎത്ഥിക്കു പശു, വിഷ്ടി. ഇത്യാദി കണ്ടുകൊൾക. അപ്പോൾ പൂൎവ്വപക്ഷത്തിൽ അഷ്ടമി, വാവ് എന്നിവയുടെ പൂൎവ്വാൎദ്ധത്തിലും, ചതുൎത്ഥി, ഏകാദശി എന്നിവയുടെ ഉത്തരാൎദ്ധത്തിലും കരണം വിഷ്ടിയാണ്. കൃഷ്ണപക്ഷത്തിൽ സപ്തമി, ചതുൎദ്ദശി എന്നിവയുടെ പൂൎവ്വാൎദ്ധത്തിലും തൃതീയ, ദശമി എന്നിവയുടെ ഉത്താരൎദ്ധത്തിലും വിഷ്ടിക്കരണം വരുന്നു.

„ശുക്ലേഽഷ്ടമീ പഞ്ചദശ്യോഃ
പൂൎവ്വാൎദ്ധേ വിഷ്ടി,രുത്തരേ
ഏകാദശീ ചതുൎത്ഥ്യോശ്ച;
കൃഷ്ണേ തത് പ്രാക് തിഥിഷ്വപി."

എന്നു പ്രമാണം കാണ്ക.

## ൩. ജന്മനക്ഷത്രം.

. . . . . . ജന്മനക്ഷത്രം മൂന്നാളും കഷ്ടമെത്രയും
അഞ്ചാംനാളുമിതേഴാംനാളിവയും ശുഭമല്ലിഹ

ജന്മനക്ഷത്രത്തിൽ സൎപ്പദംശനമുണ്ടായാൽ ജീവിപ്പാൻ പ്രയാസം. അതുപോലെ ജന്മനക്ഷത്രംമുതൽ മൂന്നാംനാളും, അഞ്ചാംനാളും, ഏഴാംനാളും കഷ്ടപ്രദമാണ്. അശ്വതി ജന്മനക്ഷത്രമായാൽ കാൎത്തിക മൂന്നാംനാളും, മകീരം അഞ്ചാംനാളും, പുണർതം ഏഴാം നാളുമാകുന്നു. അപ്രകാരം മററു നക്ഷത്രങ്ങൾക്കും കണക്കാക്കിക്കൊൾക.

„ജന്മനി പ്രത്യരേ ചൈവ
വിപത്തൌ വധകേഽപി ച.”

എന്നപ്രകാരം ലക്ഷണാമൃതത്തിൽ കാണുന്നു. ജ്യോത്സ്നികയിലെ ‚ജന്മനക്ഷത്രം’ പിറന്നാളിനെ മാത്രമെ കുറിക്കുന്നതായി തോന്നുന്നുള്ളു. എന്നാൽ മേൽ ഉദ്ധരിച്ച ലക്ഷണാമൃതത്തിലെ ‚ജന്മ’ശബ്ദം പിറന്നാളിനേയും പക്കപ്പിറന്നാളുകളേയും കുറിക്കുന്നു. അതെങ്ങനെ എന്നാൽ,

„ജന്മസമ്പദ്വിപത്ക്ഷേമം
പ്രത്യരഃ സാധകോ വധഃ
മൈത്രം പരമമൈത്രം ച
ജന്മാദീനി പുനഃ പുനഃ.”

പിറന്നാളും, പക്കപ്പിറന്നാൾ രണ്ടും ഇവ മൂന്നിന്നും ജന്മം എന്നു പേർ. ഇവ മൂന്നിൻേറയും അടുത്ത മേലേ നാളുകൾക്കു സമ്പത് എന്നു പേർ. മൂന്നാംനാളുകൾക്കു വിപത്ത്. നാലാമതു ക്ഷേമം. അഞ്ചാമതു പ്രത്യരം. ആറാമതു സാധകം. ഏഴാമതു വധം. എട്ടാമതു മൈത്രം. ജന്മനക്ഷത്രങ്ങളുടെ ഒൻപതാം നാളുകൾക്കു പരമമൈത്രം എന്നു പേർ.

അശ്വതി, മകം, മൂലം; ഭരണി, പൂരം, പൂരാടം; കാൎത്തിക, ഉത്രം, ഉത്രാടം എന്ന ക്രമത്തിൽ മേൽപറഞ്ഞ പക്കപ്പിറന്നാൾ കണ്ടുകൊൾക. അനുജന്മനക്ഷത്രങ്ങൾക്കു പൂൎവ്വകാലങ്ങളിൽ പക്കപ്പിറന്നാൾ എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടാണു ആ സംജ്ഞയെ ഇവിടെ ഉപയോഗിച്ചിരിക്കുന്നതു്.

ജ്യോത്സ്നികയുടെ മൂലഗ്രന്ഥം ലക്ഷണാമൃതം മുതലായ പൂർവ്വതന്ത്രങ്ങളാകയാൽ അവയിലെ ആശയങ്ങളെ അനുസരിച്ച ജ്യോത്സ്നിക ചിലേടത്തെല്ലാം വ്യാഖ്യാനിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

## ൭. പ്രദോഷം.

അസ്തമിച്ചാൽ മൂന്നേമുക്കാൽനാഴിക നിത്യവും പ്രദോഷമാകുന്നു.

„ദിനേ ദിനേ ച യാമാർദ്ധം
പ്രദോഷോ രജനീമുഖേ.”

എന്ന് ആതത്രേയത്തിൽ കാണുന്നു. അസ്തമിച്ചാലാറുനാഴിക പ്രദോഷമെന്നൊരു പക്ഷം.

„പൂർവ്വം ഷഡ്ഘടികാം പ്രഭാതമുദയാദ്
ഭാനോഃ പ്രദോഷസ്തഥാ
പശ്ചാദസ്തമയാദ് ... ... ... ... ... ..”

മേൽപറഞ്ഞ വിധം നിത്യമുള്ള പ്രദോഷസമയത്തു സർപ്പദംശനമുണ്ടായാൽ - അതായതു മൂന്നേമുക്കാൽ നാഴിക കഴിഞ്ഞു് ആറു നാഴികക്കകമായാൽ - കഷ്ടമെന്നും, മൂന്നേമുക്കാൽ നാഴികകഴിയുന്നതിന്റെ മുൻപായാൽ കഷ്ടതരമെന്നും ധരിച്ചുകൊള്ളണം.

ഇനി ത്രയോദശിനാളത്തേ പ്രദോഷത്തേക്കൂടി പ്രദോഷശബ്ദം ധ്വനിപ്പിക്കുന്നു. ത്രയോദശിപ്രദോഷം മൂന്നേമുക്കാൽ നാഴികപ്പകലെ തുടങ്ങി ആറുനാഴിക രാ ചെല്ലുവോളമുണ്ടു്. പതിനഞ്ചു നാഴിക രാ ചെല്ലുവോളമെന്നു പക്ഷാന്തരം. ത്രയോദശി പ്രദോഷസമയത്തുണ്ടാവുന്ന സർപ്പദംശനം കഷ്ടതമമത്രെ.

## ൮. സംക്രമം.

സൂര്യസംക്രമകാലത്തുണ്ടാവുന്ന സർപ്പദംശനം മൃതിപ്രദമാകുന്നു. രാശിസംക്രാന്തി എന്നും ബിംബസംക്രാന്തി എന്നും സംക്രാന്തി രണ്ടുവിധം. സൂര്യൻ സ്ഫുടഗതികൊണ്ടു് ഒരു രാശിയിൽനിന്നു് അടുത്തരാശിയിൽ പ്രവേശിക്കുന്ന സമയത്തിനു രാശിസംക്രാന്തി എന്നു പേർ. രാശിസംക്രാന്തിക്കുമുൻപു പതിനാറു നാഴികയും അതിനു പിൻപു പതിനാറു നാഴികയും കൂടി മുപ്പത്തിരണ്ടു നാഴിക ബിംബസംക്രാന്തികാലമാകുന്നു.

"രവിസംക്രമണാൽ പൂർവ്വം
പരതശ്ചാപി ഷോഡശ."

ഈ സമയത്തുണ്ടാവുന്ന സർപ്പദംശനം പ്രായേണ മരണദശയിൽ എത്തിക്കും.

ൻ. സന്ധ്യ.

പ്രാതഃസന്ധ്യ, മദ്ധ്യാഹ്നസന്ധ്യ, സായംസന്ധ്യ, അർദ്ധരാത്ര സന്ധ്യ എന്നിങ്ങനെ സന്ധ്യ നാലു വിധത്തിൽ ഉണ്ട്. ഇതിൽ പ്രാതഃസന്ധ്യയും, സായംസന്ധ്യയും പ്രധാനം. മററു രണ്ടിനും പ്രാധാന്യമില്ലായ്കയില്ല. ഈ സമയങ്ങളിലുണ്ടാകുന്ന സർപ്പദംശനം പ്രായേണ ദുഃഖപ്രദമായിത്തീരുന്നതാണ്.

നക്ഷത്രങ്ങളുടെ കുറവുതുടങ്ങുന്ന കാലംമുതൽ ആദിത്യൻെറ അർദ്ധോദയംവരെ പ്രാതഃസന്ധ്യയും, ആദിത്യൻെറ അർദ്ധാസ്തമയം മുതൽ നക്ഷത്രങ്ങൾ വ്യക്തങ്ങളായി ഭവിക്കുന്നതുവരെ സായം സന്ധ്യയുമാകുന്നു എന്നു ശാസ്ത്രസിദ്ധാന്തം.

"അർദ്ധാസ്തമയാദൂർദ്ധ്വം
വ്യക്തീഭൂതാ ന താരകാ യാവൽ
സായംസന്ധ്യാ താവത്
പ്രാതഃസന്ധ്യാപി താരാണാം.

തേജഃപരിഹാണമുഖാദ്
ഭാനോരർദ്ധോദയോ യാവത്."

എന്നു പ്രമാണം.

സന്ധ്യാകാലത്തിൻെറ ദൈർഘ്യത്തെക്കുറിച്ചു പല അഭി പ്രായങ്ങളുമുള്ളതിൽ സമഞ്ജസമെന്നു തോന്നിയവമാത്രം താഴെ ചേർക്കുന്നു.

"ഉദയാൽ പ്രാക്തനീ സന്ധ്യാ
ഘടികാത്രയമുച്യതേ
സായംസന്ധ്യാ ദ്വിഘടികാ
അസ്താദുപരി ഭാസ്വതഃ.

മദ്ധ്യാഹ്നേ ചാർദ്ധരാത്രൗ ച
വർജ്ജ്യാ ദശവിനാഡികാഃ."

എന്നും പ്രമാണങ്ങൾ കാണുന്നു.

## ൧൦. അഷ്ടമൎക്ഷം.

ജനനസമയത്തു ചന്ദ്രൻനില്ക്കുന്ന രാശിമുതൽ എട്ടാമത്തെ രാശിക്ക് അഷ്ടമരാശി എന്നു പേർ. അശ്വതിയും, ഭരണിയും, കാൎത്തികക്കാലും മേടക്കൂറായതുകൊണ്ടു് ആ നക്ഷത്രത്തിലേതിലെങ്കിലും ജനിച്ചവൻെറ ജന്മരാശി മേടമാകുന്നു. മേടം മുതൽ എട്ടാമത്തെ രാശി വൃശ്ചികമാകയാൽ ആ രാശിക്ക് അഷ്ടമരാശി എന്നോ അഷ്ടമൎക്ഷമെന്നോ പേർ. ആ രാശി ഉദയത്തെ പ്രാപിച്ചിരിക്കുന്ന സമയം സൎപ്പദംശനമുണ്ടായാൽ അതു് അസാദ്ധ്യമായിത്തീരും.

## ൧൧. അഷ്ടമരാശിക്കൂറു്.

തത്രൈവ ചന്ദ്രൻ നില്ക്കുന്നനേരവും

അഷ്ടമരാശിയിൽ ചന്ദ്രൻനില്ക്കുന്ന സമയത്തുണ്ടാകുന്ന സൎപ്പദംശനം മൃതിപ്രദം. വൃശ്ചികം അഷ്ടമരാശിയാകുമ്പോൾ അതിൽ ചന്ദ്രൻനില്ക്കുന്നതു വിശാഖത്തിൽ കാലും, അനിഴവും, തൃക്കേട്ടയും നക്ഷത്രങ്ങളിലാകുന്നു. ആ നക്ഷത്രങ്ങളിലുണ്ടാവുന്ന സൎപ്പദംശനം മേടം ജന്മരാശിയായിട്ടുള്ളവനു മരണപ്രദമായിത്തീരും.

## ൧൨. പാപഗ്രഹോദയാദി.

കുജമന്ദാഹിഗുളികത്രികോണം ദൃഷ്ടിയും തഥാ
തേഷാമുദയവും പററാ സൎപ്പദംശേ നൃണാമിഹ.

കുജൻ എന്നു ചൊവ്വ. മന്ദൻ എന്നു ശനി. അഹി എന്നു രാഹു. ഗുളികൻ ഇവരിൽ ആരെങ്കിലും ദംശരാശിയുടെ ത്രികോണത്തിൽ നിന്നാൽ ആ ദംശം മരണപ്രദമായിത്തീരും. ലഗ്നത്തിൻെറ അഞ്ചും, ഒൻപതും രാശികൾക്കു ത്രികോണമെന്നുപേർ.

"ലഗ്നാൽ സുതം ച നവമം ച വിദുസ്ത്രികോണം."

എന്നു പ്രമാണം.

തേഷാമുദയവും പററാ—എന്നു പറഞ്ഞതുകൊണ്ടു കടിച്ച സമയത്തുദിച്ചിരിക്കുന്ന രാശിയിൽ ഇവരിൽ ആരെങ്കിലും നില്ക്കുന്നതും അശുഭമാകുന്നു. ചൊവ്വ, ശനി, രാഹു, ഗുളികൻ എന്നിവരിലാരെങ്കിലും കടിച്ചരാശിയിലൊ, അതിൻെറ അഞ്ചൊൻ

പതാംരാശികളിലൊ നിന്നാൽ വൈഷമ്യം സംഭവിക്കുമെന്നു സാരം.

ദൃഷ്ടിയും തഥാ—എല്ലാഗ്രഹങ്ങൾക്കും ഏഴാം രാശിയിലേക്കു പൂൎണ്ണദൃഷ്ടിയുള്ളതുകൊണ്ടു മേൽപറഞ്ഞ ചൊവ്വ, ശനി, രാഹു, ഗുളികൻ എന്നിവരിലാരെങ്കിലും കടിച്ചരാശിയുടെ ഏഴാം രാശിയിൽ നിന്നാൽ ദംശരാശിയെക്കുറിച്ചു പൂൎണ്ണദൃഷ്ടി ഭവിക്കുന്നതുനിമിത്തം ആ ദംശവും മൃതിപ്രദമായിത്തീരും. ഇതുകൊണ്ടു വന്നുകൂടിയ സാരമെന്തെന്നാൽ ചൊവ്വ, ശനി, രാഹു, ഗുളികൻ എന്നിവരിൽ ആരെങ്കിലും ദംശരാശിയിലൊ, അതിന്റെ അഞ്ച്, ഏഴ്, ഒൻപതു് എന്നീ രാശികളിലൊ നില്ക്കുന്നതുകൊണ്ടു ദംശം മൃത്യുകല്പമായിത്തീരുന്നു എന്നുള്ളതാണ്. ചൊവ്വക്കു നാലിലും, എട്ടിലും ശനിക്കു മൂന്നിലും, പത്തിലും ഉള്ള വിശേഷദൃഷ്ടികളെ ഇപ്രകാരമുള്ള സന്ദൎഭങ്ങളിൽ പരിഗണിക്കുമാറില്ലെന്നുള്ളതു സമ്പ്രദായസിദ്ധമാകുന്നു. എന്നാൽ അവയെക്കൂടി ഔചിത്യം പോലെ നരേന്ദ്രൻ പരിഗണിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

ദുഷ്ടയോഗങ്ങളേയും കഷ്ടയോഗങ്ങളേയും ചേൎത്തു ഭാഷാവിഷവൈദ്യത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു

"ദുഷ്ടസ്യാഷ്ടമരാശി വിഷ്ടി കരണം മന്ദാരവാരങ്ങളും
സംക്രാന്തി രവിചന്ദ്രയോർഗ്രഹണവും കഷ്ടം പരിവേഷവും
ചൊവ്വാമാന്ദിശനൈശ്ചരാഹ്യുദയവും ദൃഷ്ടിത്രികോണങ്ങളും
ജന്മപ്രത്യരവും വിപത്തുവധമെന്നത്യന്തമൊല്ലാതവ."

## ൧൩. ശുഭഗ്രഹോദയാദി.

ശുഭഗ്രഹാണാം ദൃഷ്ട്യാദിഭവിച്ചിട്ടകിലുത്തമം.

ഇവിടെ ശുഭഗ്രഹസംജ്ഞകൊണ്ടു പക്ഷബലമുള്ള ചന്ദ്രനേയും, ബുധനേയും, ഗുരുവിനേയും, ശുക്രനേയും ധരിച്ചുകൊള്ളേണ്ടതാണ്.

കൃഷ്ണപക്ഷദശമിമുതൽ ശുക്ലപക്ഷപഞ്ചമിവരെ ചന്ദ്രനു പക്ഷബലമില്ല. പാപസഹിതനായ ബുധനെ പാപിയായി ഗണിച്ചുവരുന്നുണ്ടെങ്കിലും ഈ ശാസ്ത്രത്തിൽ ബുധന്റെ നൈസൎഗ്ഗികശുഭത്വം നിമിത്തം പാപസഹിതനായാലും ബുധനെ പാപിയായി ഗണിക്കേണ്ടതില്ല. അതുപോലെതന്നെ ചന്ദ്രനെ നിസൎഗ്ഗ

ശുഭത്വം നിമിത്തം എല്ലായ്പോഴും ശുഭനായി ഗണിക്കാവുന്നതാണ്.

"രാഹുഭൌമാർക്കജാഃ പാപാഃ
കേതുശ്ചൈവ ച; പരേ ശുഭാഃ."

എന്നപ്രമാണംകൊണ്ടു രാഹു, ചൊവ്വ, ശനി, കേതു, ആദിത്യൻ എന്നിവർ പാപന്മാരാണെന്നും ശേഷമുള്ള ചന്ദ്രൻ, ബുധൻ, ഗുരു, ശുക്രൻ എന്നിവർ ശുഭന്മാരാണെന്നും സിദ്ധിക്കുന്നു.

'ദൃഷ്ട്യാദി' എന്നു പറഞ്ഞതിൽനിന്നു ശുഭന്മാരുടെ ഉദയവും, ദൃഷ്ടിയും, ത്രികോണസ്ഥിതിയും ശുഭപ്രദമെന്നു ധരിച്ചു കൊള്ളണം.

"ദൂതൻ വരുന്നനേരത്തു
ദേവാസുരപുരോഹിതൌ
ചന്ദ്രാലേഴാമെടത്തെങ്കിൽ
തീൎന്നഃപാം വിഷമഞ്ജസാ.

സ്വക്ഷേത്രസ്ഥിതിയും നന്ന്
തയോരുദയവും തഥാ."

എന്നൊരു ഭാഷാഗ്രന്ഥത്തിൽ കാണുന്നുമുണ്ടു.

ചന്ദ്രദൃഷ്ട്യുദയം രണ്ടും വിശേഷിച്ചും ശുഭപ്രദം.

ചന്ദ്രൻ സുധാംശുവാകയാൽ ചന്ദ്രന്റെ ഉദയവും ദൃഷ്ടിയും വിശേഷിച്ചു ശുഭപ്രദമായി ഗണിച്ചിരിക്കുന്നു.

## ൧൭. വിഷഘടിക.

ഓരോ നാളിന്നു നന്നാലുനാഴികാ വിഷമുണ്ടതും
നന്നല്ലെന്നു ധരിക്കേണം വിഷദംശേ മൃതിപ്രദം.

ഓരോ നാളിന്നും നന്നാലുനാഴിക വിഷമുള്ളതു താഴേ ചേൎത്തിരിക്കുന്ന ശ്ലോകത്തിൽനിന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണ്.

"അംഗേ, നൈവ, വിയൽ, പയോ, നില, നരോ,
രാഗീ, നഗം, നാഖനാ,
ദിവ്യം, രാഷ്ട്ര, നരോ, ഭയോ, ദലിട, നടോ, വാ-
ദ്യൈ, ന്നരോ, വീരനൽ

നിഷ്ഠാ, നിത്യ, നയോ, ദയം, തുക, വ൹രാട്,
നിംബാ, നിശാ, വക്രന്ദനത്
ʻʻഹവ്യാശാദിഷു താന്യതീത്യ പരതോ
നാഡ്യശ്ചതസ്രോ വിഷം.ʼʼ

അംഗേ, നൈവ, ഇത്യാദി ഈരണ്ടക്ഷരംകൊണ്ടു ഓരോ വാക്യം. ഒൻപതാമതും, പതിനെട്ടാമതും, ഇരുപത്തേഴാമതും ഈവ മൂന്ന വാക്യങ്ങൾക്കും മുമ്മൂന്നക്ഷരങ്ങൾ. ഇരുപത്തേഴവാക്യവും പരൽ പേരു്. ഹവ്യാശ എന്ന കാൎത്തിക. കാൎത്തികയാദിയായി ഇരുപത്തേഴുനാളിന്നും ക്രമത്താലെ അംഗേ എന്ന തുടങ്ങിയുള്ള വാക്യങ്ങൾ ഓരോന്നു്. ഈ വാക്യങ്ങളെക്കൊണ്ടു നാളിലെ നാഴികയുടെ സംഖ്യകണ്ടാൽ അതിന്നടുത്തു മീതെ എല്ലാനാളിലും നന്നാലുനാഴിക വിഷഘടിക. അപ്പൊഴൊ കാൎത്തികയിൽ മുപ്പതുനാഴികകഴിഞ്ഞാൽ നാലുനാഴിക വിഷഘടിക. രോഹിണി യിൽ നാല്പതുനാഴികകഴിഞ്ഞാൽ നാലുനാഴിക. ഭരണിയിൽ ഇരുപത്തിനാലുനാഴികകഴിഞ്ഞാൽ നാലുനാഴിക വിഷഘടിക. വിഷഘടികകളിലുണ്ടാവുന്ന സൎപ്പദംശനം മൃതിപ്രദമാകുന്നു.

## ൧൫. അമൃതഘടിക.

നക്ഷത്രങ്ങളുടെ അമൃതഘടികകളിലുണ്ടാകുന്ന സൎപ്പദംശനം സുചികിത്സ്യമെന്നതു പ്രകൃതവശാൽ സിദ്ധിക്കുന്നതുകൊണ്ടു അതിന്റെ വിവരം താഴേ ചേൎക്കുന്നു.

ʻʻഭീമോ, രാമ, ജലം, മൃഗോ, വിശ, വിഭുഃ,
ക്ഷീണോ, വമൻ, വിശപനത്,
രംഭാ, ശംഭു, ഭവോ, ജലം, ജല, ഭൃഗുർ,
ദുൎഗ്ഗാ, ഭവം ദേവനത്,
വിദ്വാൻ, വേഗ, ഭഗഃ, പ്രഭു, ന്നവ, ദിവാ,
വിഷ്ണുഃ, പ്രഭാ, ജീവനാ-
ന്നാഗ്നേയാദിഷു താന്യതീത്യ പരതോ
നാഡ്യശ്ചതസ്രോ/മൃതം.ʼʼ

വിഷത്തിന പറഞ്ഞതുപോലെ കാൎത്തികതുടങ്ങി ഭീമാദികളായ വാക്യങ്ങളിൽ പറഞ്ഞ നാഴികകഴിഞ്ഞു നന്നാലുനാഴിക അമൃതഘടികയെന്നറിഞ്ഞുകൊള്ളേണ്ടതാണ്.

൧൩. മൃത്യുയോഗം.

മൃത്യുയോഗമിവ ഞായറാഴ്ചതൊ-
ട്ടേഴിനോടു മകവും വിശാഖവും
രൌദ്രമൂലശതതാരരോഹിണീ
വൈശ്വദേവമിവയൊത്തുകൂടുകിൽ.

എന്ന പറഞ്ഞിരിക്കുന്നതിൽനിന്ന ഞായറാഴ്ചയും മകവും, തിങ്കളാഴ്ചയും വിശാഖവും, ചൊവ്വാഴ്ചയും തിരുവാതിരയും, ബുധനാഴ്ചയും മൂലവും, വ്യാഴാഴ്ചയും ചതയവും, വെള്ളിയാഴ്ചയും രോഹിണിയും, ശനിയാഴ്ചയും ഉത്രാടവും കൂടുന്നേരത്തു മൃത്യുയോഗമുണ്ടെന്നു സിദ്ധിച്ചു.

൧൭. ദഗ്ദ്ധയോഗം.

ബുധദ്വിതീയാ, കുജപഞ്ചമീ ച.
ഷഷ്ഠീ ഗുരോ,രഷ്ടമി ശുക്രവാരേ:
ഏകാദശീ ചന്ദ്ര,ശനിന്നവമ്യാം
ദ്വാദശ്യൎക്കേണ ച ദഗ്ദ്ധയോഗഃ.

ബുധനാഴ്ചയും ദ്വിതീയയും, ചൊവ്വാഴ്ചയും പഞ്ചമിയും, ഷഷ്ഠിയും വ്യാഴാഴ്ചയും; അഷ്ടമിയും വെള്ളിയാഴ്ചയും, ഏകാദശിയും തിങ്കളാഴ്ചയും, ശനിയാഴ്ചയും നവമിയും, ദ്വാദശിയും. ഞായറാഴ്ചയും കൂടുന്നേരത്തു ദഗ്ദ്ധയോഗമുണ്ട്.

വാരൎക്ഷയോഗംകൊണ്ടുണ്ടായിട്ടുള്ള മൃത്യുയോഗത്തിന്നും, തിഥിവാരയോഗംനിമിത്തമുണ്ടായ ദഗ്ദ്ധയോഗത്തിന്നും സൂൎയ്യോദയംമുതൽ മൂന്നേമുക്കാൽ നാഴികകഴിവോളംമാത്രമെ യോഗഫലമുള്ളൂ.

"തിഥിവാരൎക്ഷയോഗാനാം
ഫലമൎക്കോദയാദിതഃ
അൎദ്ധയാമാത് പരം നാസ്തി
ശുഭം വാപ്യശുഭം ച യത്."

എന്നു പ്രമാണം.

തിഥിവാരർക്ഷയോഗങ്ങൾ സൂൎയ്യോദയാൽപരം മൂന്നേമുക്കാൽ നാഴികക്കകത്തു സംഭവിക്കുകിൽമാത്രമെ മൃത്യുദഗ്ദ്ധാദി യോഗസംജ്ഞയുള്ളു. അവയുടെ ഫലവും മൂന്നേമുക്കാൽനാഴികക്കു മേലില്ല. മൃത്യുദഗ്ദ്ധാദിയോഗങ്ങളുള്ള ദിവസം ഉദയാൽപരം മൂന്നേമുക്കാൽ നാഴികക്കകത്തു ദംശം സംഭവിച്ചാൽ മാത്രമെ ആ ദുഷ്ടയോഗങ്ങൾനിമിത്തം ഹാനിയുണ്ടാകുന്നുള്ളു. മൂന്നേമുക്കാൽ നാഴിക കഴിഞ്ഞാൽ ഈ യോഗങ്ങളെക്കൊണ്ടുള്ള ദോഷശങ്കക്കവകാശമില്ല.

## ൧൧. ആദിത്യനക്ഷത്രസ്ഥിതി.

അൎക്കൻനില്ക്കുന്നനാൾ കഷ്ടം ഒൻപതാംനാളുമങ്ങനെ
പതിനഞ്ചാകുമന്നാളും കഷ്ടം കീഴേതുമങ്ങനെ.

ആദിത്യൻനിന്നനാളിലും, അതിനുമേലും കീഴുമുള്ള ഒൻപതാമത്തേയും, പതിനഞ്ചാമത്തേയും നാളുകളിലും വിഷദംശമുണ്ടായാൽ കഷ്ടമാകുന്നു.

"മൂൎത്തിരക്കിണിഭേ തസ്മാ-
ന്മകയോൎദ്ധയോരപി
ശമസ്തു വക്ഷ്യപരയോ
രോഗാസ്തൂപന്ന്യേഷു രോഗിണാം."

എന്നു ലക്ഷണാമൃതം. ഇവിടെ മക പതിനഞ്ചും, ധ ഒൻപതും പരൽപേർപ്രകാരം ധരിച്ചുകൊള്ളേണ്ടതാണ്.

ആദിത്യൻനില്ക്കുന്ന നാളിന്റെ മേലും കിഴുമുള്ള നാലാമത്തെയും, ആറാമത്തേയും നക്ഷത്രങ്ങളിലുണ്ടാവുന്ന സൎപ്പദംശനം വേഗത്തിൽ ശമനത്തെ പ്രാപിക്കുന്നതാകുന്നു.

മററുള്ള നക്ഷത്രങ്ങളിലുണ്ടാവുന്ന വിഷം ദീൎഘകാലത്തെക്കനുവൎത്തിക്കുന്നതാണ്.

"ആദിത്യൻനിന്ന നാൾതൊട്ടു
മേൽകീഴ് മൂവ്വഞ്ചിലൊൻപതിൽ
മരണം; നാലിലും പിന്നെ-
യാറിലും തീൎന്നുപോം വിഷം.
നീളും രോഗം നൂണാം മററേ
നാളാകിലതു നിൎണ്ണയം."

എന്ന് ഒരു ഭാഷാവിഷവൈദ്യഗ്രന്ഥത്തിൽ കാണുന്നു.

അശ്വതിയും, ഭരണിയും, കാൎത്തികക്കാലും മേടക്കൂറായതു കൊണ്ടു മേടത്തിൽ ആദിത്യൻ പ്രവേശിക്കുന്നതു് അശ്വതിനക്ഷത്രത്തിലും മേടത്തിലുള്ള ആദിത്യന്റെ ഗതി അവസാനിക്കുന്നതു കാൎത്തികക്കാലിലുമാകയാൽ ആദിത്യൻ ഒരു നക്ഷത്രത്തിൽ പ്രായേണ പതിമ്മൂന്നുദിവസം സ്ഥിതിചെയ്യുമെന്നു ധരിച്ചുകൊള്ളേണ്ടതാണു്. ഇതു ആദിത്യന്റെ നക്ഷത്രസ്ഥിതിയെക്കുറിച്ചു് ഒരു സ്വരൂപജ്ഞാനമുണ്ടാകുവാൻവേണ്ടി മാത്രം നിൎദ്ദേശിക്കുന്ന ഒരു സ്ഥൂലമാൎഗ്ഗമാണു്. സ്ഫുടംകൊണ്ടുമാത്രമേ സൂക്ഷ്മമായി അറിവാൻ സാധിക്കയുള്ളു. വിസ്തരഭയംനിമിത്തം അതിന്നായി ഒരുങ്ങുന്നില്ല. ആദിത്യന്റെ നക്ഷത്രസ്ഥിതി ചില പഞ്ചാംഗത്തിൽ കൊടുത്തിട്ടുള്ളതിൽനിന്നും ധരിക്കാവുന്നതാണു്.

## ൧൯. ത്രിദോഷം.

കേട്ട, ചോതി, ചിത്തിര, ഭരണി, ആയില്യം, കാൎത്തിക, പൂരം, പൂരാടം, പൂരുരുട്ടാതി, ചതയം എന്നീ പത്തുനക്ഷത്രങ്ങളിലൊന്നും, ചൊവ്വ, ഞായർ, ശനി എന്നീ മൂന്നു വാരങ്ങളിലൊന്നും, ദ്വാദശി, ഷഷ്ഠി, ചതുൎത്ഥി, നവമി എന്നീ നാലു തിഥികളിലൊന്നുംകൂടിവരുന്നാകിൽ വിഷപ്പെട്ടാൽ മരിച്ചുപോം.

തിഥിവാരനക്ഷത്രങ്ങളുടെ ചില പ്രസിദ്ധമായ കഷ്ടയോഗങ്ങളെക്കൂടെ താഴെ ചേൎത്തുകൊള്ളുന്നു.

„പഞ്ചമീ ഭരണി മന്ദവാരവും
തിങ്കളഷ്ടമിയുമുത്രവും തഥാ
വാവുമോണമപി ഞായറാഴ്ചയും
കേട്ടയോടു ബുധനും ചതുൎത്ഥിയും.
തീയതഞ്ചുമിവയേറെനിന്ദിതം."

## ൨൦. ശുഭദൂതന്മാരാരെല്ലാമെന്നറിവാൻ.

വെളുത്തവസ്ത്രപുഷ്പങ്ങൾ ധരിച്ചോൻ നിൎമ്മലൻ തഥാ
വാക്കിന്നിടച്ചുകൂടാതെ ചൊല്ലുന്നോനും പ്രസന്നനും,
വൎണ്ണലിംഗങ്ങളൊന്നായി വരുന്നോനും സമൎത്ഥനും
ദൂതരായി വരുന്നാകിൽ ശുഭമക്കാൎയ്യമെത്രയും.

മേൽപറഞ്ഞ ശുഭദൂതന്റെ ലക്ഷണങ്ങളെ ലക്ഷണാമൃതത്തിൽ സംഗ്രഹിച്ചുപറഞ്ഞിട്ടുള്ളതു താഴേ ചേക്കുന്നു.

"പുഷ്പാദിഹസ്തശ്ശുഭവാ-
ശ്ശധീരശ്ശുക്ലാംബരോऽമലഃ
ലിംഗവണ്ണസമാനശ്ച
ഹൃഷ്ടോ ദൂതശ്ശുഭോ മതഃ."

൨൫. ദുഷ്ടദൂതന്മാരാരരല്ലാമെന്നറിവാൻ.

മാൎഗ്ഗംവിട്ടുവരുന്നോനും ദീനനും ശസ്ത്രപാണിയും
കൃഷ്ണരക്തങ്ങളാംവസ്ത്രകുസുമാദി ധരിച്ചവൻ.

യഷ്ടിപാശാദികൾ കൈയ്യിൽ ധരിച്ചോനെണ്ണതേച്ചവൻ
തുണ്ണം ഗദ്ഗദവാക്യങ്ങൾ ചൊല്ലുന്നോനും തഥൈവ ച.

കാൽകരങ്ങൾ പിണച്ചോനും കരയുന്നവനും പുനഃ
ശുഷ്കകാഷ്ഠാശ്രിതന്മാരുമാൎദ്രവസ്ത്രമുടുത്തവൻ.

വസ്ത്രം ചുമലിലിട്ടോനും കേശപാശമഴിച്ചവൻ
നഖസ്തനാക്ഷിഗുഹ്യാദി മൎദ്ദിക്കുന്നവനേകനും.

അംഗവൈകല്യമുള്ളോനും മാണിയും മുണ്ഡിതൻ തഥാ
ദൂതന്മാരിവരായീടിലശുഭംതന്നെ കേവലം.

ഇവയുടെ മൂലം താഴേ ചേക്കുന്നു.

"അപദാൎഗതസ്ത്രസ്ത്രീ
പ്രമാദീ ഭൂഗതേക്ഷണഃ
വിവണ്ണവാസാഃ പാശാദി-
ഹസ്തോ ഗദ്ഗദതുണ്ഡവാക്.

ശുഷ്കകാഷ്ഠാശ്രിതഃ ഖിന്ന-
സ്തൈലാക്തഃ കന്ധരാംശുകഃ
ആൎദ്രവാസാഃ കൃഷ്ണരക്ത-
പുഷ്പോ മുക്തശിരോരുഹഃ.

കുചമൎദ്ദീ നഖച്ഛേദീ
ഗുദസ്പൃക് പാദലേഖകഃ
കേശലുഞ്ചീ തൃണാദിച്ഛി-
ദഥുവ്യംഗഃ ഖരാദിഗഃ.

അദചിതീയോ രുദൻ മുണ്ഡീ
ദൂതാ ദുഷ്ടാസ്സച്ചരീദൃശാഃ."

അശുഭദൂതന്മാരെ മറെറാരുഗ്രന്ഥത്തിൽ താഴെ ചേക്കും പ്രകാരം പറഞ്ഞുകാണുന്നു.

"രോഗിതാൻ മുടവൻ ക്രൂനൻ
ദീനനായുധപാണിയും
അംഗഹീനതപൂണ്ടോനു-
മാകാ ദൂതരിലൊട്ടുമേ.

ദൂതൻ മൂരിനിവന്നു കൈകുടകിലും
ശുഷ്കംമരം ചാരിലും
കൈകൊണ്ടൊന്നു നരുക്കിലും ധരണിമേൽ
കാൽകൊണ്ടു കീറീടിലും
കാലുംകൈകൾ പിണെയ്ക്കിലും നഖനവ-
ചാരങ്ങൾ തൊട്ടീടിലും
വ്യഗ്രംപൂണ്ടു നടക്കിലും വിവശനായ്
മിണ്ടായ്കിലും നിന്ദിതം."

൨൨. അശുഭപ്രദേശങ്ങൾ.

വനേ ശൂന്യാലയേ വാപി ശ്മശാനേ ജലസന്നിധൌ
ഛന്നദേശേഽഥവാപൃക്തോ യദി മൃത്യുർഭവിഷ്യതി.

മേൽപറഞ്ഞതിനെത്തന്നെ ഒരു ഭാഷാഗ്രന്ഥത്തിൽ താഴെ ചേത്തിരിക്കുന്നപ്രകാരം എഴുതിക്കാണുന്നു.

"ശ്മശാനേ വാ ജലാന്തേ വാ
വനേ വാ ശൂന്യമന്ദിരേ
സങ്കേതത്തിൻപുറത്തുന്നും
ചൊല്ലുകിൽ മൃതി നിണ്ണയം."

൨൩. അശുഭസമയങ്ങൾ.

പിതൃകാര്യേ ച യാത്രായാം വിവാദേ ക്ഷൌരകമ്മണി
സ്നാനാശനേ വാ നിദ്രായാമശുഭാസമയേ തഥാ.

ബുദ്ധിക്കുണച്ച്യില്ലാതേ വസിച്ചീടുന്നനേരവും
വന്നുചൊല്ലീടുകിൽ പാരം കഷ്ടകാര്യമതെത്രയും.

ഇവയെത്തന്നെ ഒരു ഭാഷാഗ്രന്ഥത്തിൽ ഇപ്രകാരം പറഞ്ഞു കാണുന്നു.

„യാത്രാകാലേ, വിവാദേ, പുനരപി വചനേ,
പ്രേതകാൎയ്യേ, പ്ര്യശ്നുഭേ,
നിദ്രായാം, സ്നാനകാലേ, പരമശനവിധൌ,
മൈഥുനേ, ദുഃഖകാലേ,
മൂത്രാദ്യാശൌചകാലേ, തിലരസസഹിതേ,
ഹോമകാലേ, ച ദാഹേ,
എന്നീച്ചൊന്നോരു നേരം വരികിലശുഭമാം
ദൂതനാൽ ചൊന്നകാൎയ്യം.''

## ൨൯. കടിച്ച ജന്തുവിനെ അറിവാൻ.

കിഴക്കാദിയതായുള്ള നാലുദിക്കിങ്കലൊന്നിലോ
ദൂതൻ വന്നുപറഞ്ഞീടിൽ നല്ലസൎപ്പം കടിച്ചതു്.

തഥാ കോണേഷു നിന്നിട്ടു ചൊന്നാൽ ഘോണസമാസ്സുരം
അവററിൻ മദ്ധ്യഭാഗത്തു നിന്നീടിൽ പാമ്പു രാജിലം.

അതിലും സൂക്ഷ്മമായുള്ളോരന്തരത്തിങ്കൽ നില്ക്കിലോ
എലിതേളാദിയായുള്ള ജന്തുവാൽ കടിപ്പെട്ടതു്.

ഇതിന്റെറ മൂലം താഴെ ചേൎക്കുന്നു.

„ദൂതോ ദിക്ഷു പ്രധാനാസ്സു
സൂചയേൽ ഫണിനം സ്ഥിതഃ
കോണേഷു ഘോണസം വിദ്യാ-
ത്തന്മദ്ധ്യേഷു ച രാജിലം.
തന്മദ്ധ്യേഷു സ്ഥിതോ ദൂതോ
മൂഷികാദീംശ്ച സൂചയേത്
ഏതാന്യേവം സുസൂക്ഷ്മാണി
ലക്ഷണാനി വദേദ് ബുധഃ.''

ഇതിനേത്തന്നെ ഒരു ഭാഷാവിഷവൈദ്യഗ്രന്ഥത്തിൽ താഴെ ചേൎത്തിരിക്കുന്നപ്രകാരം പറഞ്ഞുകാണുന്നു.

„നാലുദിക്കീന്നുവന്നീടിൽ ദൂതൻ മൂൎഖനസംശയം
മൂക്കിൽനിന്നുവരുന്നാകിൽ ചൊല്ലാം മണ്ഡലിയെന്നതു്.

ദിക്കോട്ടമുക്കോടിടയിൽ കാണേണം രാജിലങ്ങളേ
അവററിന്നിടയിൽ ചൊല്ലാം വ്യന്തിരാദികടിച്ചതു്.
അതിന്നുമദ്ധ്യേ ദേശേഷു മൂഷികാദികരം ചൊല്ലുക."

൨൭. ആരെക്കടിച്ചു എന്നറിവാൻ.

വായുകോണേ ചതുഷ്പാത്തങ്ങെന്നും ചൊല്ലീട്ടു മുണ്ടിഹ.

ഇതിന്നുമുൻപേ രണ്ടു വരി വിട്ടുപോയിട്ടുണ്ടായിരിക്കാമെന്നു താഴേ ചേത്തിരിക്കുന്ന മൂലശ്ലോകംകൊണ്ടു് ഊഹിക്കാം.

"ചതുർദിക്ഷു സ്ഥിതോ ദൂതഃ
പുമാംസം വിദ്ധി ദഷ്ടകം
സ്ത്രീയമന്യേഷു കോണേഷു
തിരശ്ചിൽ ശ്വസനേ തഥാ."

ഇതിനെ ഒരു വിഷവൈദ്യഗ്രന്ഥത്തിൽ താഴേ കാണും പ്രകാരം ഭാഷാന്തരപ്പെടുത്തി ചേത്തിരിക്കുന്നു.

"ചതുർഷു ദിക്ഷു ദൂതശ്ചേത്
കടിച്ചു പാമ്പൊരാണിനേ
പെണ്ണിനെ ത്രിഷു കോണേഷു
പശ്വാദീൻ വായുകോണിലും.

൨൮. കടിച്ചസപ്പത്തിൻെറ ജാതിയറിവാൻ.

മുൻപിൽനിന്നു പറഞ്ഞീടിൽ സപ്പം ബ്രാഹ്മണവംശമാം
ദക്ഷിണേ രാജസപ്പം താൻ പൃഷ്ഠഭാഗേ ച വൈശ്യനാം.
സവ്യഭാഗത്തു നിന്നീടിൽ ശൂദ്രസപ്പം കടിച്ചതു്.

ഈ അഭിപ്രായത്തേ ഭാഷാവിഷവൈദ്യഗ്രന്ഥത്തിൽ താഴേ ചേത്തിരിക്കുന്നപ്രകാരം പറഞ്ഞുകാണുന്നു.

"അഗ്രതോ വരികിൽ ദൂതൻ
സപ്പം ബ്രാഹ്മണവംശമാം,
ദക്ഷിണേ ക്ഷത്രിയൻ, പൃഷ്ഠേ
വൈശ്യൻ, വാമേ തു ശൂദ്രനാം.

### ൨൭. കടിച്ചസൎപ്പത്തിന്റെ ലിംഗഭേദമറിവാൻ.

ദക്ഷിണാംഘ്രിയുറച്ചിട്ടുനിന്നു ചൊന്നാൽ പുമാനഹി
രണ്ടുകാലുമുറച്ചിട്ടു നിന്നാൽ പാമ്പു നപുംസകം.

തഥാ കല്പിക്ക പെണ്ണെന്നും വാമഭാഗമുറച്ചിടിൽ
ശ്വാസംകൊണ്ടുമതീവണ്ണം കണ്ടുകൊൾവു യഥാബലെ.

ഇതിനെത്തന്നെ കുറിക്കുന്ന ഭാഗം ഭാഷാവിഷവൈദ്യ ഗ്രന്ഥത്തിൽ കാണുന്നപ്രകാരം താഴെ ചേൎക്കുന്നു.

"വലത്തുകാലേറെയുറച്ചുനിന്നു
ചോദിക്കിലാൺ, പെണ്ണഥ വാമപാദം
രണ്ടും വിശേഷാലുമരുന്നതാകിൽ
നപുംസകം ചൊല്ക, ശരങ്ങൾകൊണ്ടും."

ഇതിന്റെ മൂലം,

"ദൂതസ്ഥിതശ്ചേദ്വാമാംഘ്രൌ
ദക്ഷിണേ വാ തയോരഥ
ഉദ്ധാന്യാ വാ വഹേദ്ദ്വേ വാ
യദി ദൂതസ്യ ചാത്മനഃ.

ആഭ്യാം ദ്വാഭ്യാം പൃഥക് സൎപ്പാൻ
വിദ്യാൽ സ്ത്രീപുംനപുംസകാൻ."

### ൨൮. കടിച്ചഭാഗം അറിവാൻ.

ശ്വാസം നില്ക്കുന്നഭാഗത്തിന്നന്യഭാഗ കടിച്ചതു്.
ദൂതൻ തൊട്ടോരു ഭാഗത്തെങ്ങെന്നും കല്പിക്കണം തഥാ.

എന്നതിന്റെ മൂലം,

"യത് സ്വാംഗം സംസ്പൃശേദ്ദൂത-
സ്തദ്ദഷ്ടം ദഷ്ടകസ്യ ച."

എന്നു ലക്ഷണാമൃതത്തിൽ കാണുന്നു.

മുൻപിൽവച്ചുപുറത്തെന്നും കല്പിക്കാം കടികൊണ്ടതു.

എന്നുള്ളതിനെ ഭാഷാവിഷവൈദ്യത്തിൽ,

"ദൂതൻ യാതൊരുഭാഗത്തേ
മുന്നിലിട്ടറിയിച്ചിതോ

ഭാഗേ തസ്മിൻ കടിച്ചു പാ-
മ്പെന്നു ചൊല്ലുക നിശ്ചയം."

എന്നവിധം പറഞ്ഞുകാണുന്നു.

### ൨൯ ശരദൂതസ്ഥിതിഭേദങ്ങളെക്കൊണ്ടു ശമന മരണാദികൾ നിർണ്ണയിക്കുവാൻ.

ശ്വാസം ദൂതനുമങ്ങിടത്തുവരികിൽ
ചിന്തിച്ചു കാകോളമ-
ങ്ങില്ലെന്നുള്ളതു ചൊല്ലു, മുൻപിലുടനേ
ദഷ്ടന്റെ പേർ ചൊല്ലുകിലും;
പാമ്പിൻപേരുരചെയ്കിലുണ്ടു വിഷവും
തീർത്തീടൊലാമഞ്ജസാ
ദക്ഷേ താനവിടുന്നു പോകിലധികം
മോഹിച്ചു നഞ്ചേററവൻ.

എന്ന ശ്ലോകത്തിന്റെ മൂലം ലക്ഷണാമൃതത്തിൽ കണ്ടപ്രകാരം താഴേ ചേൎക്കുന്നു.

"വാമേ മരുതി ദൂതേ ച
നിർവ്വിഷം

*    *    *

പശ്ചിമേ വാമഭാഗേ വാ
ദൂതോ ഗത്വാ വദേദ്യദി
ദഷ്ടാഖ്യാപൂർവ്വകം നാസ്തി
വിഷമസ്തി വിപൎയ്യയേ.

*    *    *

വാമസ്ഥഃ പന്നഗം പൂർവ്വ-
മുക്ത്വാ ദക്ഷിണഗശ്ച സഃ
യദി തം മോഹിതമിതി
വദേദ്ദഷ്ടമതന്ദ്രിതഃ."

സാരം—ശ്വാസവും, ദൂതനും ഇടത്തുഭാഗത്താകിൽ ദഷ്ടനു വിഷമില്ല. ഇടത്തുഭാഗത്തുനില്ക്കുന്നദൂതൻ ദഷ്ടന്റെപേർ ആദ്യം പറഞ്ഞാൽ വിഷമില്ല. പശ്ചിമഭാഗത്തുനിന്നു ദൂതൻ ദഷ്ടന്റെ പേർ ആദ്യം പറഞ്ഞാലും വിഷമില്ലെന്നു മൂലശ്ലോകത്തിൽനിന്നു

കിട്ടുന്നു. വിഷവൈദ്യൻെറ ഇടത്തുഭാഗത്തുനിന്നു ദൂതൻ പാമ്പിൻെറ പേർ പറഞ്ഞാൽ വിഷമുണ്ട്. അതു ശമിക്കും. ഇടത്തുഭാഗത്തുനിന്നു ദൂതൻ പാമ്പിൻെറ പേർപറഞ്ഞു് വലത്തുഭാഗത്തേക്കു പോയാൽ ദഷ്ടൻ മോഹത്തെ പ്രാപിച്ചിരിക്കുന്നു എന്നു നിസ്സംശയം പറയാം.

ഭാഷാവിഷവൈദ്യത്തിലെ പ്രകൃതോപയോഗികളായ വാക്യങ്ങളെ താഴെ ചേക്കുന്നു.

"പ്രാണനും ദൂതനും കൂടി-
  നിടത്തെങ്കിൽ വിഷം നഹി.

* * *

ഇടത്തുവന്നുനിന്നിട്ടു
  ദഷ്ടൻപേർ മുൻപുരയ്ക്കിലോ
ഇല്ലയെന്നതു ചൊല്ലീടാം
  വിഷം കല്പിച്ചുവന്നതു്.

അവിടെപ്പാമ്പു മുന്നിട്ടു
  ചൊല്കിലുണ്ടു വിഷം തഥാ.

* * *

ഇടത്തുനിന്നു പാമ്പിൻപേർ
  മുൻപിൽ ചൊല്ലീട്ടു ദക്ഷിണേ
ദൂതൻ നീങ്ങുകിൽ മോഹിച്ചാൻ
  ദഷ്ടനെന്നങ്ങു ചൊല്ലുക."

തദനന്തരം,

ദൂതൻ മാരുതനും വലത്തുവരികിൽ
  സ്വല്പം വിഷം, തീക്ഷ്ണലാ-
മാഞൌ ദഷ്ടകനാമധേയമതിനെ-
  ച്ചൊന്നാലു മവ്വണ്ണമേ
ഇത്ഥം ചൊല്ലിയിടത്തുപോകിലവിട-
  ന്നന്യൻ വിഷം നീക്കിനാൻ
പാമ്പിൻ പേരുരചെയ്കിലുണ്ടു മരണം
  താനെന്നുമോത്തീടണം.

ഇതിൻെറ മൂലശ്ലോകങ്ങൾ താഴേ ചേക്കുന്നു.

,,വാമേ മരുതി ദൂതേ ച
നിർവ്വിഷം വിഷമന്യഥാ.

* * *

ദക്ഷിണേ വാഗ്രതോ ഗത്വാ
ദഷ്ടാഖ്യാമവദൽ പുരാ
യദി ദൂതോ വിഷം സാദ്ധ്യം
തദസാദ്ധ്യം വിപൎയ്യയേ.

* * *

ദൂതസ്തു ദക്ഷിണം പ്രാപ്യ
ദഷ്ടമുക്ത്വാ പുനശ്ച സഃ
വാമേ ഗതശ്ചേദന്യേന
ശമിതം തദ്വിഷം വദേൽ.''

സാരം:—ദൂതനും, ശ്വാസവും വിഷവൈദ്യൻെറ വലത്തു വരികിൽ വിഷം സ്വല്പമുള്ളതു തീക്കാം. ദൂതൻ വലത്തുഭാഗത്തു വന്നു ദഷ്ടൻെറ പേർ മുൻപേ പറഞ്ഞാൽ വിഷം സാദ്ധ്യം. ദൂതൻ അഗ്രഭാഗത്തുവന്നു ദഷ്ടൻെറ പേർ മുൻപേ പറഞ്ഞാലും വിഷം സാദ്ധ്യമെന്നു മൂലശ്ലോകത്തിൽനിന്നു കിട്ടുന്നു. ദൂതൻ വിഷവൈദ്യൻെറ വലത്തുഭാഗത്തുവന്നു ദഷ്ടൻെറപേർ മുൻപേ പറഞ്ഞു് ഇടത്തുഭാഗത്തേക്കു പോയാൽ അന്യൻ വിഷമിറക്കി എന്നു പറയാം. വലത്തുഭാഗത്തുനില്ക്കുന്ന ദൂതൻ പാമ്പിൻപേർ ആദ്യം പറഞ്ഞാൽ ദഷ്ടൻമരിച്ചുപോകും.

ഭാഷാവിഷവൈദ്യഗ്രന്ഥത്തിലെ പ്രകൃതോപയോഗികളായ പദ്യങ്ങളെത്താഴേ ചേക്കുന്നു.

‘‘പ്രാണനും ദൂതനും കൂടെ
വലത്തെങ്കിൽ കൃശം വിഷം.

* * *

ദൂതൻ വലത്തുനിന്നിട്ടു
ദഷ്ടൻപേർ മുൻപുരയ്ക്കിലൊ
വിഷമുള്ളതുതീരും താ-
നെന്നു ചൊല്ലുക ബുദ്ധിമാൻ

* * *

ദൂതൻ വലത്തുനിന്നിട്ടു
ദഷ്ടൻപേർ മുൻപിലുക്തവാൻ
ഇടത്തുനീങ്ങിനാനെങ്കിൽ
തീർത്താൻ മറെറാരുവൻ വിഷം.

തദനന്തരം

ദീനംചൊന്നവനും തനിക്കു ശരവും
വേറിട്ടുനിന്നിടുകിൽ
ചൊല്ലാമാതുരനാശുതന്നെ മരണം-
വന്നീടുമെന്നുള്ളതും
ഒന്നിച്ചത്ര വസിച്ചിതെങ്കിലവന-
ങ്ങായുസ്സുമാരോഗ്യവും
വൎദ്ധിച്ചീടുമതോൎത്തുകൊള്ളുക വിഷവും
വേഗേന നീക്കീടലാം.

ഇതിനെക്കുറിച്ചു ഭാഷാവിഷവൈദ്യഗ്രന്ഥത്തിൽ പറഞ്ഞി ട്ടുള്ളതു താഴെ ചേൎക്കുന്നു.

„പ്രാണനും ദൂതനും കൂടി
ഇടത്തെങ്കിൽ വിഷം നാറി
പ്രാണൻവലത്തിടത്തല്ലോ
ദൂതനെങ്കിൽ ചരാൻമൃതി.

ദൂതൻ വലത്തിടത്തൂടേ
പ്രാണൻ മരണവും ദൃഢം
പ്രാണനും ദൂതനും കൂടെ
വലത്തെങ്കിൽ കൃശം വിഷം.”

ഇതിനെ സംഗ്രഹിച്ചു ലക്ഷണാമൃതത്തിൽ,

„വാമേ മരുതി ദൂതേ ച
നിൎവ്വിഷം വിഷമന്യഥാ
അന്യത്ര മരുതി ക്ഷേമം
വിപരീതേ മൃതിം വദേൽ.”

എന്നുവിധം പറഞ്ഞിരിക്കുന്നു.

൩൦. ദൂതവാക്യംകൊണ്ടു സാദ്ധ്യാസാദ്ധ്യാദി
നിരൂപണം.

മുൻപിൽ ചൊല്ലിയൊരക്ഷരങ്ങളഖിലം
മൂന്നിൽ കിഴിച്ചിട്ടുടൻ
ശേഷിച്ചൊന്നു വരുന്നതാകിലധികം
വേഗന നീക്കാം വിഷം
രണ്ടായീടുകിലേററമുണ്ടു വിഷവും
തീക്കാം പണിപ്പെട്ടതും
മൂന്നാകിൽ ഫലമില്ലവന്റെ ജനനി
ക്കുണ്ടാസ്ത്രരും കണ്ണുനീർ.

എന്നതിന്റെ മൂലം,

"ഏതേഷു ദൂതവാക്യസ്യ
വൎണ്ണേഷു ഗുണസംഖ്യയാ
ശേഷൈസ്സാദ്ധ്യഞ്ച ദുസ്സാദ്ധ്യ-
മസാദ്ധ്യം തദ്വിഷം ഭവേത്."

എന്ന ലക്ഷണാമൃതശ്ലോകമാകുന്നു.

൩൧. ദൂതവാക്യംകൊണ്ടു കടിച്ചജന്തുവിനെ
നിൎണ്ണയിപ്പാൻ.

എട്ടിൽകണ്ടു കഴിക്ക ചൊന്നവചനം
മുമ്പേതു മുന്നേക്കണ-
ക്കെന്നാലുള്ള ഫലങ്ങളും ലിപികളിൽ
ചൊല്ലാം ക്രമത്താൽ പുനഃ
മൂർഖൻമണ്ഡലിരാഡലിയന്തിരകുലം
ചാവുകൾ കീടങ്ങളും
ഭോഷ്ക്കാ നിൎവ്വിഷമേവമെട്ടു ഫലവും
ചിന്തിച്ചുകൊൾവൂ ഭിഷൿ.

ഇതിന്റെ മൂലം ലക്ഷണാമൃതത്തിൽ,

"ദൂതോക്താക്ഷരസംഖ്യായാം
ഏതായാം വസുസംഖ്യയാ
തച്ഛേഷൈൎഗ്ഗുണയേന്മന്ത്രീ
സൎപ്പാനന്ത്യാംശ്ച തദ്വിധാ.

ദവ്വീമണ്ഡലിരാജീല-
സങ്കരാനപി മൂഷികം
കീടഞ്ചാഗ്നതകം ചൈവ
നിവ്വിഷം ച വദേത് ക്രമാത്."

എന്നവിധം കാണുന്നു.

൩൨. ദൂതവാക്യാദികളിൽനിന്നു പാഞ്ഞ പല്ലിന്റെ സംഖ്യ നിൎണ്ണയിക്കുവാൻ.

പല്ലൊന്നുപാഞ്ഞൂ പറകിൽ കകാരം
വാക്യാദി കീയാകിലതിന്നു രണ്ടും
മൂന്നും തറച്ചൂ പറകിൽ കുകാരം
കേയെന്നതിന്നുണ്ടിഹ നാലുപല്ലും.

ശേഷിച്ചവൎണ്ണങ്ങളുമിപ്രകാരം
നിനച്ചുകൊൾകവൂ വചനാദിയിങ്കൽ.

ഇതിന്റെ മൂലം ലക്ഷണാമൃതത്തിൽ പറഞ്ഞതു താഴേ ചേക്കുന്നു.

"യദി ദൂതസ്യ വാക്യാദൌ
കഃ കിഃ കുഃ കേഽപി കോ ഭവേത്
ചന്ദ്രദ്വഗ്ഗുണവേദാംശ്ച
ദന്താൻ കിഞ്ചിദപിഷാൻ ക്രമാത്."

സാരം:—വാക്യാദിയിൽ ഹല്ലുകളെവിട്ട് അച്ചുകളെമാത്രം കണക്കാക്കേണ്ടതാകുന്നു. അകാരത്തിന്നു പല്ലൊന്ന്; ഇകാരത്തിന്നു രണ്ട്; ഉകാരത്തിന്നു മൂന്ന്; എകാരത്തിന്നു നാല്; ഒകാരത്തിന്നു വിഷം കുറയും.

ഭാഷാവിഷവൈദ്യത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"അകാരം പ്രഥമം പശ്ചാ-
ദികാരഞ്ചാപ്യുകാരവും
ഏകാരഞ്ചാപി സംഗൃഹ്യ
ചൊല്ക പൽപാഞ്ഞതങ്ങിനെസാ."

## ൩൩. ക്ഷതത്തിൽനിന്നു സപ്പത്തിന്റെ ബാല്യ യൌവനാദ്യവസ്ഥകളറിവാൻ.

പൽപാഞ്ഞവററിന്നിടയി-
ലംഗുലംവച്ചു കണ്ടുടൻ
ഒന്നാകിൽ ബാല്യം, രണ്ടാകിൽ
യൌവ്വനം, പിന്നെ മൂന്നില്.

വാൎദ്ധക്യ,മിക്രമത്താലേ
പൂൎവ്വാഹ്നാദികളിൽ ബലീ.''

എന്നുള്ള വിവരങ്ങൾ ഉപകാരപ്രദമാകയാൽ ധരിച്ചിരിക്കേണ്ട താണ്.

## ൩൪. ദൂതവാക്യാദ്യക്ഷരങ്ങളിൽനിന്നു ദഷ്ടന്റെ ശുഭാശുഭമങ്ങറിവാൻ.

മരുത് കൃശാനുധരണീജലങ്ങൾ
വൎഗ്ഗേഷു നന്നാലുടനക്ഷരങ്ങൾ
നപുംസകം പഞ്ചമമായ വൎണ്ണം
സ്വരങ്ങൾ ഭൂമ്യംബുമയങ്ങൾ തദ്വത്.

ഇതിന്റെ മൂലം,

,,വാതാഗ്നിഭൂജലാത്മാനോ
വൎഗ്ഗേഷ്വൎണ്ണചതുഷ്ടയാഃ
നപുംസകാഃ പഞ്ചമാസ്സ്യു-
സ്സ്വരാ ഭൂമ്യംബുയോനയഃ.''

ക, ച, ട, ത, പ, യ, ഷ എന്നീ അക്ഷരങ്ങൾമുതൽ അയ്യഞ്ച ക്ഷരങ്ങൾ ഓരൊവൎഗ്ഗം. ഈ വിഭാഗം വിഷവൈദ്യത്തിൽ സമ്പ്ര ദായസിദ്ധമാണ്. ഓരോവൎഗ്ഗത്തിലും ആദ്യംമുതൽ നാലക്ഷര ങ്ങൾ ക്രമത്താലെ വായു, അഗ്നി, ഭൂമി, വരുണൻ എന്നിവർ ദേവതമാരായും അഞ്ചാമത്തേ അക്ഷരം നപുംസകമായും കല്പിച്ചി രിക്കുന്നു.

| | |
|---|---|
| ക, ച, ട, ത, പ, യ, ഷ | വായു ദേവത. |
| ഖ, ഛ, ഠ, ഥ, ഫ, ര, സ | അഗ്നി ,, |
| ഗ, ജ, ഡ, ദ, ബ, ല, ഹ | ഭൂ ,, |

ച, ത്ധ, ഢ, ധ, ഭ, വ, ള — ജലദേവത.
ങ, ഞ, ണ, ന, മ, ശ, ക്ഷ — നപുംസകം.

ഇവിടെ പൃഥ്വിവ്യപ്തേജോവായ്വാകാശമെന്ന അഞ്ചു ഭൂതങ്ങളേയും ദേവതമാരായികല്പിച്ചു വർണ്ണങ്ങളെ വിഭജിച്ചിരിക്കുന്നു. ആകാശം ശൂന്യമാകയാൽ ആകാശദേവതയായ വർണ്ണങ്ങൾ നപുംസകങ്ങളായിക്കരുതിയിരിക്കുന്നു. മന്ത്രശാസ്ത്രത്തിൽ സ്വീകരിച്ചിരിക്കുന്ന വർണ്ണവിഭാഗത്തെയാണ് ഇവിടെ അംഗീകരിച്ചിരിക്കുന്നതു്. എന്തുകൊണ്ടെന്നാൽ വിഷവൈദ്യം മന്ത്രശാസ്ത്രത്തോടുബന്ധിക്കപ്പെട്ടിരിക്കുന്നുണ്ടല്ലോ.

വർണ്ണങ്ങളെല്ലാമിഹ ദേഹമല്ലോ
സ്വരങ്ങൾ ജീവങ്ങളുമെന്നു കേൾപ്പൂ
തസ്മാൽ സ്വരത്തോടഥ കൂടിയുള്ള
വർണ്ണങ്ങൾ വാക്യാദിയതിൽ ഗുണങ്ങൾ.

ഇതിന്റെ മൂലം,

„ആദ്യൈസ്സ്വരൈസ്സ കാദ്യൈസ്സ
വർണ്ണൈർഭിന്നാ ലിപിർദ്വിധാ
സ്വരാ ജീവസ്തനുർവ്വർണ്ണാ
ഇതി ജ്ഞേയാശ്ച മാതൃകാഃ.''

സാരം:—അകാരംമുതലായ സ്വരങ്ങൾ ജീവൻ. കകാരംമുതലായ ഹല്ലുകൾ ശരീരം.

ജലാക്ഷരങ്ങൾ വചനേ ശുഭങ്ങൾ
ധരാക്ഷരം മദ്ധ്യമപക്ഷമല്ലോ
നന്നല്ല വർണ്ണം മരുദഗ്നിമാരേ-
ത്, ത്യന്തകഷ്ടങ്ങൾ നപുംസകങ്ങൾ.

ഇതിന്റെ മൂലം

„ശ്രേഷ്ഠാ ഭൂതസ്യ വാക്യാദൌ
വാതാഗ്നീ മദ്ധ്യമാ ധരാ
പ്രശസ്താ വാരുണാ വർണ്ണാഃ
അതികഷ്ടാ നപുംസകാഃ.

## ൩൧. മൃത്യുസ്ഥിതിയറിവാൻ.

കിഴക്കുമുതൽ ക്രമത്താലെ എട്ടു ദിക്കുകളുടേയും അധീശന്മാർ ഇന്ദ്രൻ, വഹ്നി, പിതൃപതി, നിരൃതി, വരുണൻ, മരുത്, കുബേരൻ, ഈശൻ എന്നിവരാണല്ലൊ. ഈ എട്ടു ദിക്കിലും മൃത്യു സഞ്ചരിക്കും. ഓരോദിക്കിലും മൂന്നേമുക്കാൽ നാഴികനേരം മാത്രമേ സ്ഥിതിചെയ്കയുള്ളു. മൃത്യുവിന്റെ സഞ്ചാരക്രമം ഒരു സൂത്രംകൊണ്ടു് എളുപ്പത്തിൽ അറിവാൻ സാധിക്കും.

„സ്തവൈവസ്സേവ്യോ ഹേരംബഃ.''

മേൽ എഴുതിയ സൂത്രത്തിലെ ഓരോ അക്ഷരവും ഞായറാഴ്ചമുതൽ ഓരോ ആഴ്ചയ്ക്കുമുള്ളതാകുന്നു. സ്ത എന്നതു് ആറു്; അതുകൊണ്ടു ഞായറാഴ്ച ആദ്യത്തേ യാമാൎദ്ധത്തിൽ മൃത്യു സ്ഥിതിചെയ്യുന്നതു് ആറാമത്തേ ദിക്കായ വായുകോണിലാണെന്നറിയണം. വായുകോണു മുതലെണ്ണിയാൽ വരുന്ന ആറാമത്തേ ദിക്കിലാണു് മൃത്യു അന്നു രണ്ടാമത്തേ അൎദ്ധയാമത്തിൽ സ്ഥിതിചെയ്യുന്നതു്. വായുകോണുതുടങ്ങി എണ്ണിയാൽ ആറാമത്തേ ദിക്കു കിഴക്കുമുതൽ മൂന്നാമത്തേതു് — അതായതു പിതൃപതിയുടെ. മൂന്നാമത്തേ അൎദ്ധയാമത്തിൽ മൂന്നാമത്തേദിക്കായ പിതൃപതിമുതൽ ആറാമത്തേതായ ഈശാനകോണിൽ. ഇപ്രകാരം മററുള്ള യാമാൎദ്ധങ്ങളിലും കണക്കാക്കിക്കൊൾക. പകലത്തേപ്പോലെ രാത്രിയും.

തിങ്കളാഴ്ച പ്രഥമാൎദ്ധയാമത്തിൽ മൃത്യു „വൈ'' എന്നു നാലാമത്തേ ദിക്കായ നിരൃതികോണിൽ. അവിടെ ആറാമത്തേതാറാമത്തേതു മേൽപ്പോലെ കണക്കാക്കിക്കൊൾക. ഇപ്രകാരം ശേഷം ആഴ്ചകളിലും.

ദൂതൻവന്നുപറയുന്നതു മൃത്യുസ്ഥാനത്തുനിന്നാണെങ്കിൽ ഒട്ടുന്നു കഷ്ടംതന്നെ.

മേൽപ്രകാരം കണക്കാക്കിയെടുക്കുന്നതു ബുദ്ധിമുട്ടാണെന്നു തോന്നുന്നവർ താഴെ ചേൎത്തിരിക്കുന്ന വാക്യങ്ങളുടെ സഹായത്താൽ ഗണിച്ചുകൊൾക. പകൽ പ്രായേണ എട്ടു് അൎദ്ധയാമമുണ്ടു്. ഞായറാഴ്ച കാലത്തുമുതൽ ഓരോ അൎദ്ധയാമത്തിലും ക്രമത്താലെ മൃത്യു നില്ക്കുന്ന ദിക്കുകളെ ഓരോ അക്ഷരംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നതു കടപയാദിയായി ധരിച്ചുകൊള്ളണം.

“തൈലജാമരസംഭൂപഃ
ഭൂപതിർഗ്ഗജമാരസഃ
സഭായാം തു ഗജോ മൂർഖഃ
പീതാംഗോ ദിശി രാസഭഃ.

ദംശേ രഥഭയോ തുംഗഃ
രാസഭോ യാതി ലോഹിമേ
ഗജോ മൂർഖസ്സഭായാം തു
സൂൎയ്യവാരാദിഷു ക്രമാത്.”

---

## പേപ്പട്ടിവിഷത്തിന്.

കുരയ്ക്കുമോട്ടും പേടിക്കും കടിക്കും പൽകടിച്ചിടും
പല്ലു നീളും ചുരുണ്ടങ്ങു കിടക്കും കൺ ചുവന്നുപോം.
ഇരിക്കും കുത്തി നായ്പോലെ കഴറവും ചുണ്ടുമങ്ങനെ
വസ്ത്രം കളഞ്ഞിടും കണ്ണു ചിമ്മീടും തൊലി ഞാന്നുപോം.
മരണത്തിന്നങ്ങണഞ്ഞാലോർത്തുകൊള്ളണമെപ്പൊഴും.

പാണൽപാതിരിപരുത്തിസൎവവും
പാട മുഞ്ഞ കരളേകമൂലവും
വാകപഞ്ചകമിരിപ്പ കൂവളം
താവുതാവലമരീ ഫലത്രയം

നല്ലവൽപ്പൊരിയുശീരവും തഥാ
വച്ചുകൊള്ളുക കഷായമിങ്ങനെ
വ്യാഘ്ര്യപാദി കടലാടി നെയ്യുണ്ണും
ബ്രഹ്മി ബിംബിയില പത്തുപുഷ്പവും

കുത്തിയങ്ങു പിഴിവാൻ കഷായനീർ
തന്നിലെന്നു വിഷഹാരിണാം മതം.
താമരക്കുരു കടുത്രയം വയ-
മ്പുള്ളിയെട്ടിമധുരഞ്ച കായവും

ജീരകദ്വയമമുക്കിരഞ്ച ത-
ക്കോലപുട്ടിലൊട്ടു മുന്തിരങ്ങയും
ചന്ദനം ത്രിഫല കൊട്ടവും ക്രമാൽ
കല്ക്കമായ ഘൃതമങ്ങു സേവിതം

ാരമേയ വിഷമാശ്ശു നാശയേൽ
സാരമേതദതിഗോപനീയമാം.

മുക്കാപ്പീരഞ്ച പാച്ചോററി
യുമ്മത്തും പാണലെന്നിവ
കഷായംവച്ചു രാമച്ചം
കല്ക്കമാകുന്നതൈലവും.

സാരമേയ വിഷത്തിന്ന
സാരമായുള്ളൌഷധം.

വേപ്പട്ടികടിച്ചവന്ന ഭ്രാന്തുണ്ടായാൽ പൂൎവ്വകാലങ്ങളിൽ വിഷവൈദ്യന്മാർ ചെയ്തിരുന്ന ചികിത്സാക്രമത്തേ വിവരിക്കുന്ന പദ്യം ഗോപ്യമായിട്ടുള്ളതാണെങ്കിലും ബഹുജനോപകാരാൎത്ഥം താഴേ ചേൎക്കുന്നു. ഇതിലന്തൎഭവിച്ചിട്ടുള്ള ചികിത്സാക്രമത്തേ ശരിയായി മനസ്സിലാക്കി വിധിപോലേ പ്രവൎത്തിക്കുന്ന വിഷവൈദ്യന്റെ ചികിത്സ സഫലമായിത്തീരുന്നതാണ്.

വൎത്തീഭിൎമ്മഹിഷസ്യ വിൺമൃഗമദ-
ഗ്ലൌഭിഃ കൃതാഭിഃ ക്രമാൽ
സികതാഭിസ്തഥ നാളികേരതിലഗോ
ജാതൈൎഘൃതൈൎദ്ധൂപയേത്
ആളൎക്കേ ഗരളേ തു ശീതളജലൈർ-
ഭൂയോഽപി സിഞ്ചേച്ച തം
യാവന്നശ്യതി തോയദൎശനഭയം
ദഷ്ടസ്യ താവൽ സുധീഃ.

# ജ്യോത്സ്നിക.

(വിഷവൈദ്യം).

---

## അധികാരം ൧.

### ഗുരുഗണേശാദിവന്ദനം.

വന്ദേ വരദമാചാൎയ്യമന്തരായോപശാന്തയേ
ഗണനാഥം ച ഗോവിന്ദം കുമാരകമലോത്ഭവൌ. ൧

മുടിയിൽ തിങ്കളും പാമ്പും മടിയിൽ ഗൌരിയും സദാ
കൂടിക്കൊണ്ടൊരു ദേവൻതന്നടിയാം പങ്കജം ഭജേ. ൨

ഗത്വാ സ്വൎഗ്ഗമതന്ദ്രിതസ്സുരവരാൻ
ജിത്വാ സുധാം ബാഹുഭിർ-
ധൃത്വാ മാതരമേത്യ വിശ്രുതതരാം
ദത്വാശു തസ്യൈ തതഃ
ഹൃത്വാ ദാസ്യമനേകകദ്രുതനയാൻ
ഹത്വാ മുഹുൎമ്മാതരം
നത്വാ യസ്സു വിരാജതേ തമനിശം
വന്ദേ ഖഗാധീശ്വരം. ൩

യേന വിഷ്ണോൎദ്ധ്വജം സാക്ഷാദ്ഭ്രാജതേ പരമാത്മനഃ
തസ്മൈ നമോഽസ്തു സതതം ഗരുഡായ മഹാത്മനേ. ൪

വിഷപീഡിതരായുള്ള നരാണാം ഹിതസിദ്ധയെ
തച്ചികിത്സാം പ്രവക്ഷ്യാമി പ്രസന്നാസ്തു സരസ്വതീ. ൫

G. P. T. 1556 300. 31 .1-103. B

*വിഷചികിത്സകലക്ഷണം.

ഗുരുദേവദ്വിജാതീനാം ഭക്തശ്ശുദ്ധോദയാപരഃ
സ്വകർമ്മാഭിരതഃ കുർയ്യാദ് ഗരപീഡിതരക്ഷണം. ൬

അചികിത്സ്യവിഷാതുരന്മാർ.

സദാ ബഹുജനദ്രോഹം ചെയ്യോന്നും ബ്രഹ്മഹാവിന്നും
സ്വധർമ്മാചാരമര്യ്യാദാഹീനന്നും ദ്വിഷതാമപി. ൭

കൃതഘ്നഭീരുശോകാർത്തചണ്ഡാനാം വ്യഗ്രചേതസാം
ഗതായുഷ്മാന്നുമവ്വണ്ണമവിധേയന്നുമിങ്ങനെ. ൮

രാജകോപമതുള്ളോന്നും ഹീനോപകരണസ്യ ച
രാജവിദ്വേഷിണാം തന്നെപ്പരീക്ഷിക്കുന്നവന്നപി. ൯

ചികിത്സിപ്പാൻ തുടങ്ങൊല്ലാ †വിപര്യ്യാസമതാം ഫലം
സമ്യഗ്വിചാര്യ്യ നിതരാമൊഴിഞ്ഞീടുക ബുദ്ധിമാൻ. ൧൦

(വിശിഷ്യ) ചികിത്സാർഹന്മാർ.

ഗുരുദ്വിജമഹീപാലബന്ധുപാന്ഥവിപശ്ചിതാം
രക്ഷണം യത്നതഃ കുർയ്യാദ് ഗവാഞ്ചാപി മഹീയസാം. ൧൧

വിഷാർത്തസംരക്ഷണമാഹാത്മ്യം.

ദാനയാഗാദികർമ്മങ്ങൾ പലതും ചെയ്കിലും തഥാ
വിഷാർത്തരക്ഷണത്തോടു സാമ്യമല്ലെന്നു കേൾപ്പിതു്. ൧൨

തസ്മാദാരഭതാഞ്ചേതി മനുഷ്യാണാം വിശേഷതഃ
അവിഘ്നമസ്തു വിഖ്യാതകീർത്തിശ്ച ഭുവനേഷ്വിഹ. ൧൩

---

* "മൈത്രീ കാരുണ്യമാർത്തേഷു ശക്യേ പ്രീതിരുപേക്ഷണം
പ്രകൃതിസ്ഥേഷു ഭൂതേഷു വൈദ്യവൃത്തിശ്ചതുർവ്വിധാ." (ചര-സൂ.).

"അലുബ്ധോന്നലസഃ സ്നിഗ്ദ്ധഃ സൂനൃതഃ പ്രിയദർശനഃ
ബഹുശ്രുതഃ കാലവേദീ ജ്ഞാതഗ്രന്ഥാർത്ഥശാസ്ത്രവിൽ.
അനാഥാൻ രോഗിണോ യശ്ച പുത്രവൽ സമുപാചരേൽ
ഗുരുണാ സമനുജ്ഞാതഃ സ ഭിഷഗ്ലബ്ധമശ്നുതേ." (അ-സം.).

(വിഷവൈദ്യന്നു പൂർവ്വോക്തഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതാണു്).

† "സ്വാർത്ഥവിദ്യായശോഹാനിമന്യഥാധ്രുവമാപ്നുയാൽ." (അ-സം.)
(ഇത്യാദി ദോഷങ്ങൾ ഉണ്ടാകാവുന്നതാണു്).

വിഷസാമാന്യവിഭാഗം (സ്ഥാവരജംഗമഭേദങ്ങൾ).

*സ്ഥാവരം †ജംഗമം ചേതി ‡വിഷം രണ്ടുപ്രകാരമാം
§സ്ഥാവരം ലതവൃക്ഷാദിസംഭവം വിഷമുച്യതേ. ൧൪

¶ജംഗമം സപ്പകിടാഖുലൂതാദിജനിതം വിദുഃ
വിഷമുള്ളോരു ജന്തുക്കൾ പലതുണ്ടിഹ ഭൂമിയിൽ. ൧൫

പാമ്പും മൂഷികനും തേളും ചിലന്തി കീരി പൂച്ചയും
മണ്ഡൂകമക്കടാശ്വങ്ങൾ വിശ്വകദ്രുക്കളും പുനഃ. ൧൬

നരന്മാരരണാ ഗൌളി കൃകലാസം കടന്നലും
അട്ട ചേരട്ടയും തൊട്ടാരട്ടി വേട്ടാളിയൻ തഥൈവ. ൧൭

മററും പലതുമുണ്ടേവം വിഷമുള്ളതു ഭൂതലേ
തത്തച്ചിഹ്നം ചികിത്സാം ച ജ്ഞാത്വാ കുയ്യാദ്ഭിഷഗ്വരഃ.
[൧൮

വിഷയസംഗ്രഹം.

അതിൽ $പ്രധാനം പാമ്പിൻെറവിഷമിന്നതുകൊണ്ടു
[ഞാൻ
മുൻപിനാലതിനുള്ളോരു ലക്ഷണങ്ങൾ ചികിത്സയും ൧൯

---

* "തതസ്തൽ സ്ഥാവരാസു മൂത്തിഷ്വധിവസനാൽ സ്ഥാവരമിത്യുച്യതേ".

† "ജംഗമം പുനഃ പ്രഥിവ്യാഃ ഭാരാവതാരാത്ഥമുരഗാദിരൂപേണ വിഷ്ണു ന്നിമ്മേ."

‡ "തളൎന്നാദേവ യതോ ദേവദാനവാഖ്യ വിഷണ്ണാസ്തസ്മാത്തദ്വിഷ- സംജ്ഞാമവാപ."

§ "തയോഃ സ്ഥാവരം മൂലപത്രപുഷ്പഫലത്വക്സാരനിൎയ്യാസക്ഷീരധാതു- കന്ദഭേദാദ്ദശാധിഷ്ഠാനം."

¶ "ജംഗമസ്യ ത്വാശ്രയാഃ ഷോഡശ ദൃഷ്ടിനിശ്വാസസ്പൎശദംഷ്ട്രാമുഖ- നഖാസ്ഥിമൂത്രപുരീഷശുക്ലാത്തവലാലാശ്രുകപിത്തശോണിതശവാനി."
(അ-സം.).

$ പാമ്പിൻവിഷത്തിൻെറ പ്രാധാന്യം:—
"ദിവ്യഭൌമവിഭാഗേന ദ്വിവിധാഃ പന്നഗാഃ സ്മൃതാഃ
വാസുകിസ്തക്ഷകോഽനന്തഃ സഗരഃ സാഗരാലയഃ.
തഥാ നന്ദോപനന്ദാദ്യാഃ സമിദ്ധാഗ്നിസമപ്രഭാഃ
ദിവ്യാ ഗജ്ജന്തി വഷന്തി ജ്വലന്തേ ജ്വാലയന്തി തേ.
ധാരയന്തി ജഗൽ കൃത്സ്നം കുയ്യുഃ ക്രുദ്ധാശ്ച ഭസ്മസാൽ
ദൃങ്നിശ്വാസൈസ്സമസ്തേഭ്യോ ന തേഷ്വസ്തി ചികിത്സിതം."
(അ-സം.).

ചൊല്ലുന്നു പിഴയെന്നാലും ക്ഷമിച്ചീടുവർ സൂരികൾ
കുററം മററുള്ളവർ ചൊന്നാൽ ചേതമെന്തു നമുക്കിഹ. ൨൦

ആദൌ ശ്വാസവിഭാഗഞ്ച ദൂതചേഷ്ടകളും തഥാ
നിന്നു ചൊന്നോരുദേശത്തിൻഭേദവും വചനങ്ങളും. ൨൧

വജ്ജ്യങ്ങളായ താരങ്ങൾ തിഥി വാരങ്ങളും തഥാ
ദുഷ്ടയോഗങ്ങൾ ദോഷാണാം ബലാബലവിശേഷവും. ൨൨

ഉപശ്രുതിയതിൽ ചേന്ന ശുഭാശുഭഫലങ്ങളും
നല്ലതല്ലാതശകുനം തഥാ കല്യാണമായതും. ൨൩

കാലഭേദമതും പിന്നെ നിന്ദ്യമാകും പ്രദേശവും
മമ്മസ്ഥാനമതും പിന്നെ ദന്തക്ഷതവിശേഷവും. ൨൪

തേഷാം ഗന്ധം വിഷാണാം ച വേഗവും വണ്ണഭേദവും
ധാതുക്കളിൽ വിഷംചെന്നാലുണ്ടാകുന്ന വികാരവും. ൨൫

മൃതിവന്നീടുമെന്നുള്ളതറിയേണ്ടും പ്രകാരവും
മൃത്യുവന്നോരു ദേഹത്തിന്നുള്ള ലക്ഷണവും തഥാ. ൨൬

സിദ്ധൌഷധങ്ങളും നസ്യപാനലേപാഞ്ജനാദിനാം
ക്രമവും, ധാരചെയ്യേണ്ടും പ്രകാരങ്ങളുമങ്ങനെ. ൨൭

പഥ്യാശനത്തിൻവസ്തുക്കളെപഥ്യാശനവസ്തുവും
ആജ്യതൈലാദിപാകത്തിന്നൌഷധങ്ങൾ ക്രമങ്ങളും. ൨൮

സ്വേദപ്ലവാദികമ്മാണി രക്തംനീക്കും പ്രകാരവും
ഔഷധങ്ങൾ ചതച്ചിട്ടു ധൂപിക്കേണ്ടും പ്രകാരവും. ൨൯

സപ്പോൽപത്തിയതും തേഷാം ദേഹലക്ഷണവും പുനഃ
വസിച്ചീടുന്ന ദേശം ച സഞ്ചരിക്കുന്ന കാലവും. ൩൦

ഭക്ഷണദ്രവ്യവും പിന്നെ വീക്ഷണാദിവിശേഷവും
ജനനത്തിങ്കലുള്ളോരു ഭേദവും മന്ത്രഭേദവും. ൩൧

തത്ര തത്ര പറഞ്ഞീടുന്നുണ്ടു മററുള്ളതും പുനഃ
അറിഞ്ഞതെല്ലാം ചൊല്ലുന്നേനസ്മച്ഛ്രീഗുരവേ നമഃ. ൩൨

ഇതി ജ്യോത്സ്നികായാം
ഗുരുഗണേശാദ്യഭിവന്ദനാധികാരം സമാപ്തം.

## അധികാരം ൨.

## ദൂതാദിലക്ഷണം.

### വിഷപ്രതിക്രിയാപ്രകാരം.

ഉഷസ്യുത്ഥായ സ്വസ്ഥാത്മാ പ്രാണായാമപരായണഃ
വിചിന്തയേത്സ്വമാത്മാനം ചേതസാനന്യഗാമിനാ. ൧

ബാഹ്യാദികം ച കൎത്തവ്യം തത്തൽ സൎവ്വം ക്രമാൽ പുനഃ
സ്വാചാൎയ്യവാക്യനിഷ്ഠാത്മാ കുൎയ്യാൽ ക്ഷ്വേളപ്രതിക്രിയാം. ൨

*ഫണിദംശത്തിൽ കൊള്ളരുതാത്തനാളുകൾ.

ആയില്യം, ചിത്രയും, കേട്ടതൊട്ടു മുമ്മൂന്നു നാളിഹ
നാലുനാളാദിയിൽപിന്നെ തിരുവാതിര ഓണവും. ൩

പൂരുരുട്ടാതിയും പററാ ഫണിദംശേ വിശേഷതഃ.

†വൎജ്ജ്യതിഥികൾ.

ചതുൎത്ഥ്യഷ്ടമിയും വാവും നവമീ പതിന്നാങ്കപി ൪
പഞ്ചമീ ച തഥാ കഷ്ടം കൃഷ്ണപക്ഷേ വിശേഷതഃ.

‡ വൎജ്ജ്യങ്ങളായ വാരങ്ങൾ.

വാരങ്ങളവയും ചൊല്ലാം കഷ്ടമദ്ധ്യമഭേദവും. ൫

---

* "ചിത്രാസ്വാതിമഘാശ്ലേഷാജ്യേഷ്ഠാശ്രവണകൃത്തികാഃ
ഭരണ്യാൎദ്രാവിശാഖാഖ്യ മൂലം പൂൎവ്വാത്രയം തഥാ
അശ്വിനി രോഹിണി ചേതി യോഗാ മരണസംജ്ഞകാഃ."
(ലക്ഷണാമൃതം).

† "ചതുൎത്ഥ്യാഞ്ച ചതുൎദ്ദശ്യാം പഞ്ചദശ്യാമഥാപി വാ
അഷ്ടമ്യാഞ്ച നവമ്യാഞ്ച കൃഷ്ണപക്ഷേ വിശേഷതഃ." (ലക്ഷണാമൃതം).
"ശ്മശാനചിതിചൈത്യാദൌ പഞ്ചമീ പക്ഷസന്ധിഷു
അഷ്ടമീ നവമീ സന്ധ്യാ മദ്ധ്യരാത്രിദിനേഷു ച.
യാമ്യാഗ്നേയമഘാശ്ലേഷാ വിശാഖാ പൂൎവ്വനൈരൃതേ
ഭൈനൎതാഖ്യേ മുഹൂൎത്തേ ച ദഷ്ടം മൎമ്മസു ച ത്യജേൽ." (അ-സ-.).

‡ "സംക്രമേ ചാഷ്ടമേ രാശൌ വാരേ ച കുജമന്ദയോഃ
ഉദയേ ച തയോ രാഹോരുദയേ ച വിശേഷതഃ,"
(ലക്ഷണാമൃതം).
(വൎജ്ജ്യവാരങ്ങളെ സംബന്ധിച്ച് ഇപ്രകാരവും പ്രമാണം കാണുന്നു).

മന്ദാരവാരം കഷ്ടം ച സൂൎയ്യവാരം ച മദ്ധ്യമം

ദുഷ്ടയോഗങ്ങൾ.

പരിവേഷോപരാഗൌ ച വൎജ്ജ്യൗ സോമാൎക്കയോരപി. ൬

വിഷ്ടിയും ജന്മനക്ഷത്രം മുന്നാളും കഷ്ടമെത്രയും
അഞ്ചാന്നാളുമിതേഴാന്നാളിവയും ശുഭമല്ലിഹ. ൭

പ്രദോഷേ സംക്രമേ ചൈവ സന്ധ്യാസ്വപി വിശേഷതഃ
അഷ്ടമൎക്ഷേ ച തത്രൈവ ചന്ദ്രൻനില്ക്കുന്നനേരവും. ൮

കുജമന്ദാഹിഗുളികത്രികോണം ദൃഷ്ടിയും തഥാ
തേഷാമുദയവും പററാ സൎപ്പദംശേ നൃണാമിഹ. ൯

ശുഭയോഗങ്ങൾ.

ശുഭഗ്രഹാണാം ദൃഷ്ട്യാദി ഭവിച്ചീടുകിലുത്തമം
ചന്ദ്രദൃഷ്ട്യുദയം രണ്ടും വിശേഷിച്ചും ശുഭപ്രദം. ൧൦

* മൃത്യുയോഗം.

ഓരോനാളിന്നു നന്നാലുനാഴികാ വിഷമുണ്ടതും
നന്നല്ലെന്നു ധരിക്കേണം വിഷദംശേ മൃതിപ്രദം. ൧൧

സൂൎയ്യവാരേ മകംവന്നാൽ സോമവാരേ വിശാഖവും
കുജവാരേ തഥാ ചാൎദ്രാ ബുധവാരേ ച മൂലവും. ൧൨

ഗുരുവാരേ ച ചതയം ഭൃഗുവാരേ ച രോഹിണി
മന്ദവാരത്തൊടുത്രാടം കൂടുകിൽ മൃത്യുയോഗമാം. ൧൩

† ദഗ്ദ്ധയോഗം.

പന്തിരണ്ടും പതിനൊന്നുമഞ്ചും രണ്ടുമൊരാറപി
എട്ടുമൊൻപതുമസ്സംഖ്യവന്നപക്കം പുനഃ ക്രമാൽ. ൧൪

സൂൎയ്യാദിവാരം തന്നോടണ്ണൊന്നിച്ചാൽ ദഗ്ദ്ധയോഗമാം.

* "മൃത്യുയോഗമിവ ഞായറാഴ്ചതൊട്ടേഴിനോടു മകവും വിശാഖവും
ഔദ്രമൂലശതതാരരോഹിണീ വൈശ്വദേവമിവയൊത്തുകൂടുകിൽ."

† "ബുധദ്വിതീയാ കുജപഞ്ചമീ ച ഷഷ്ഠീ ഗുരോരഷ്ടമി ശുക്രവാരേ
ഏകാദശീ ചന്ദ്രനിൎന്നവമ്യാം ഭാദശ്യൎക്കേണ ച ദഗ്ദ്ധയോഗാഃ."

മൃത്യുദഗ്ദ്ധാദിയോഗങ്ങൾ കഷ്ടം മൃത്യുപ്രദങ്ങൾപോൽ. ൧൫

കഷ്ടയോഗങ്ങൾ.

അർക്കൻനില്ക്കുന്നനാൾ കഷ്ടമൊൻപതാന്നാളുമങ്ങനെ
പതിനഞ്ചാകുമന്നാളും കഷ്ടം കീഴ്യേതുമങ്ങനെ. ൧൬

തൃക്കേട്ട ചോതിയും ചിത്രാ ഭരണ്യാശ്ലേഷകൃത്തികാ
പൂരത്രയഞ്ച ചതയമിന്നാളൊന്നുവരു പുനഃ. ൧൭

ആരസൂര്യാർക്കപുത്രാണാമൊരു വാരമതും വരു
മൂന്നുംകൂടി വരുന്നാകിൽ വിഷപ്പെട്ടാൽ മരിച്ചുപോം. ൧൮

* ശുഭദൂതന്മാർ.

വെളുത്തപുഷ്പവസ്ത്രങ്ങൾധരിച്ചോൻ നിർമ്മലൻ തഥാ
വാക്കിന്നിടച്ചുകൂടാതെ ചൊല്ലുന്നോനും പ്രസന്നനും. ൧൯

വർണ്ണലിംഗങ്ങളൊന്നായിവരുന്നോനും സമർത്ഥനും
ദൂതരായി വരുന്നാകിൽ ശുഭകാര്യമതെത്രയും. ൨൦

† അശുഭദൂതന്മാർ.

മാർഗ്ഗംവിട്ടു വരുന്നോനും ദീനനും ശസ്ത്രപാണിയും
കൃഷ്ണരക്തങ്ങളാം വസ്ത്രകുസുമാദി ധരിച്ചവൻ ൨൧

---

"ദധ്യക്ഷതേക്ഷുനിഷ്പാവപ്രിയംഗുമധുസർപ്പിഷാം
യാവകാഞ്ജനഭൃംഗാരഘണ്ടാദീപസരോരുഹാം,
ദൂർവ്വാർദ്രമത്സ്യമാംസാനാം ലാജാനാം ഫലഭക്ഷയോഃ
രത്നേഭപൂർണ്ണകുംഭാനാം കന്യായാഃ സ്യന്ദനസ്യ ച
നരസ്യ വർദ്ധമാനസ്യ ദേവതാനാം നൃപസ്യ ച
ശുക്ലാനാം സുമനോബാലചാമരാംബരവാജിനാം,
ശംഖസാധുദ്വിജോഷ്ണീഷതോരണസ്വസ്തികസ്യ ച
ഭൂമേഃ സമുദ്ധൃതായാശ്ച വഹ്നേഃ പ്രജ്ജ്വലിതസ്യ ച,
മനോജ്ഞസ്യാന്നപാനസ്യ പൂർണ്ണസ്യ ശകടസ്യ ച
നൃഭിർദ്ധേന്വാഃ സവത്സായാ ബഡവായാഃ സ്ത്രിയാ അപി,"

(ഇത്യാദി അ-ഹൃ-ശാരീരം ൬-ാമദ്ധ്യായം).

† "തത്രാതുരാദ്വർണ്ണാത്തമോഽന്യാശ്രമഃ പാഷണ്ഡഃ ഷണ്ഡോ മുണ്ഡീ ജടിലഃ സ്ത്രീവ്യാധിതോഽനേകോഽജീർണ്ണവിവർണ്ണമലിനച്ഛിന്നാർദ്രൈകവസനഃ പങ്കതൈലദിഗ്ദ്ധോ രക്തമാല്യാനുലേപനോ വികൃതാംഗരൂപകർമ്മാ ഖരോഷ്ട്ര-

യഷ്ടിപാശാദികൾ കയ്യിൽ ധരിച്ചോനെന്നതേച്ചവൻ
തുണ്ണഗദ്ഗദവാക്യങ്ങൾ ചൊല്ലുന്നോനും തഥൈവ ച. ൨൨

കാൽകരങ്ങൾ പിണച്ചോനും കരയുന്നവനും പുനഃ
ശുഷ്കകാഷ്ഠാശ്രിതന്മാരുമാർദ്രവസ്ത്രമുടുത്തവൻ. ൨൩

വസ്ത്രം ചുമലിലിട്ടോനും കേശപാശമഴിച്ചവൻ
നഖസ്തനാക്ഷിഗുഹ്യാദിമർദ്ദിക്കുന്നവനേകനും. ൨൪

അംഗവൈകല്യമുള്ളോനും മാണിയും മുണ്ഡിയും തഥാ
ദൂതന്മാരിവരായീടിലശുഭംതന്നെ കേവലം. ൨൫

അശുഭസൂചകദൂതവചനങ്ങൾ.

വനേ ശൂന്യാലയേ വാപി ശ്മശാനേ ജലസന്നിധൌ
ഛന്നദേശേ തഥാപൃച്ഛേതോ യദി മൃത്യുർഭവിഷ്യതി. ൨൬

പിതൃകാര്യേ ച യാത്രായാം വിവാദേ ക്ഷൌരകർമ്മണി।
സ്നാനാശനേ ച നിദ്രായാമശുദ്ധസമയേ തഥാ. ൨൭

ബുദ്ധിക്കുണർച്ചയില്ലാതെ വസിച്ചീടുന്നനേരവും
വന്നു ചൊല്ലീടുകിൽ ഘോരം കഷ്ടം കാര്യമതെത്രയും. ൨൮

* ദൂതോക്തിഭേദേന സർപ്പാദിഭേദവിജ്ഞാനം.

കിഴക്കാദിയതായുള്ള നാലുദിക്കിങ്കലൊന്നിലോ
ദൂതൻനിന്നു പറഞ്ഞീടിൽ നല്ലസർപ്പം കടിച്ചതു്. ൨൯

---

മഹിഷവാഹനോ വിക്ലബഃ ശ്വസൻ രുദൻ നിഷ്ഠുരാമംഗലാഭിധായീ, ദൂരാദാഹ്വയമാനസ്തൃണലോഷ്ടതുഷാംഗാരഭസ്മതുഷസീസാസ്ഥികേശരോമലാടനാദികാസ്യദന്തജിഹ്വാഗ്രീവനഖാനാമികാംഗുലിസ്തനജഠരനാഭിപൃഷ്ഠകടീമേഹനജങ്ഘാകപാലപലലോപലമുസലശൂർപ്പോപാനന്മാർജ്ജനീശസ്ത്രവസ്ത്രാന്തദശാകർപ്പാസഭഗ്നച്ഛത്രസ്രുക്കാഷ്ഠയഷ്ടിതുലാരജ്ജുപാശചർമ്മവേണുരിക്തഭാജനസ്നേഹഭോജനധരഃ പാദാഭ്യാം ഭുവം മൃജൻ വിലിഖൻ ഗൃഹീതപാപകഃ ഫലമസാരം വാതദിധമന്യദ്വാ വികാരതുല്യഗുണേ ച ദേശേ കാലേ വാ ദൂതോ വൈദ്യമുപസർപ്പന്നശുഭഃ. (അ-സം.).

"യസ്മിംശ്ച ദൂതേ ബ്രുവതി വാക്യമാതുരസംശ്രയം
പശ്യേന്നിമിത്തമശുഭം തം ച നാനുവ്രജേദ് ഭിഷക്." (അ-ഹൃ).

* "ദൂതോ ദിക്ഷു പ്രധാനാസു സൂചയേൽ ഫണിനാം സ്ഥിതഃ
കോണേഷു മണ്ഡലീസം വിദ്യാൽ തന്മദ്ധ്യേഷു ച രാജിലം,

തഥാ കോണേഷു നിന്നിട്ടു ചൊന്നാൽ ഘോണസമാഹ്വയം
അവററിൻ മദ്ധ്യഭാഗത്തു നിന്നീടിൽ പാമ്പു രാജിലം. ൧൦

അതിലും സൂക്ഷ്മമായുള്ളോരന്തരത്തിങ്കൽ നില്ക്കിലോ
എലി തേളാദിയായുള്ള ജന്തുവാൽ കടിപെട്ടതു്. ൧൧

വായുകോണേ ചതുഷ്പാത്തങ്ങെന്നു ചൊല്ലീട്ടുമുണ്ടിഹ
മുൻപിൽനിന്നു പറഞ്ഞീടിൽ സപ്പം ബ്രാഹ്മണവംശമാം. ൧൨

ദക്ഷിണേ രാജസപ്പംതാൻ പൃഷ്ഠഭാഗേ ച വൈശ്യനാം
സവ്യഭാഗത്തു നിന്നീടിൽ ശൂദ്രസപ്പം കടിച്ചതു്. ൧൩

ദക്ഷിണാംഘ്രിയുറച്ചിട്ടു നിന്നു ചൊന്നാൽ പുമാനിഹ
രണ്ടുകാലുമുറച്ചിട്ടു നിന്നാൽ പാമ്പു നപുംസകം. ൧൪

തഥാ കല്പിക്ക പെണ്ണെന്നും വാമഭാഗമുറച്ചിടിൽ.

*ശ്വാസപരീക്ഷണം.

ശ്വാസംകൊണ്ടുമതീവണ്ണം കണ്ടുകൊൾവൂ യഥാവലേ. ൧൫

ശ്വാസം മേല്പെട്ടുകൊള്ളുമ്പോൾ ചൊന്നാൽ ജീവിക്കുമങ്ങവൻ
വിപരീതമതായീടിൽ ഫലവും വിപരീതമാം. ൧൬

ശ്വാസംനില്ക്കുന്ന ഭാഗത്തുന്നന്യഭാഗേ കടിച്ചതു

ദൂതസ്പർശേന ദംശജ്ഞാനം.

†ദൂതൻ തൊട്ടോരുഭാഗത്തങ്ങെന്നും കല്പിക്കണം തഥാ. ൧൭

---

തന്മദ്ധ്യേഷു സ്ഥിതോ ദൂതോ മൂഷികാദിഞ്ച സൂചയേൽ
ഏതാന്യേവം സുസൂക്ഷ്മാണി ലക്ഷണാനി വദേദ് ബുധഃ,
ചതുർദിക്ഷു സ്ഥിതോ ദൂതഃ പുമാംസം വിദ്ധി ദംശകം
സ്ത്രീയമന്യേഷു കോണേഷു തിരശ്ചിൽ ശ്വസനേ തഥാ.''
(ലക്ഷണാമൃതം).

* "ദൂതസ്ഥിതശ്ചലപാമാംഘ്രൌ ദക്ഷിണേ പാദയോരഥ
ഇഡാന്യാ വാ വഹേദ് ദേവ വാ യദി ദൂതസ്യ ചാത്മനഃ
ആദ്യാം ദ്വാദ്യാം പൃഥക് സപ്പാൻ വിദ്യാൽ സ്ത്രീപുംനപുംസകാൻ.''
(ലക്ഷണാമൃതം).

† "മന്ത്രിവാക്യാൽ സ്വയം വാപി തതോഽംഗം യത്ര സംസ്പൃശേൽ
തസ്മിൻ ദംശോ വിസംവാദേ നാഹിസ്സ്യാന്നാസ്തി വാ വിഷം.''
(ലക്ഷണാമൃതം).

കാലഭേദേന ദംശഭേദവിജ്ഞാനം.

കക്കടാദ്യാറുമാസത്തിൽ പൂവ്വപക്ഷത്തിലൊക്കയും
വലത്തെഭാഗമാം ദംശം പുരുഷന്മാക്കതൊക്കയും. ൩൮

കൃഷ്ണപക്ഷേ കടിച്ചീടിലിടത്തേഭാഗമായ്വരും
ഭാഗം മറിച്ചു കാണേണം മകരാദ്യാറുമാസവും. ൩൯

വ്യത്യാസമായിക്കല്പിപ്പൂ ഭാഗം നാരീജനത്തിന്
മുൻപിൽ വച്ചു പുറത്തെന്നും കല്പിക്കാം കടികൊണ്ടതു്. ൪൦

* ശരഭേദങ്ങളും ദൂതചേഷ്ടാവചനങ്ങളും.

ശ്വാസം ദൂതനുമങ്ങിടത്തുവരികിൽ
ചിന്തിച്ചു കാകോളമ-
ങ്ങില്ലെന്നുള്ളതു ചൊല്ക മുൻപിലുടനേ
ദഷ്ടന്റെ പേർചൊല്കിലും
പാമ്പിൻപേരുരചെയ്കിലുണ്ടു വിഷവും
തീർത്തീടിലാമഞ്ജസാ
പക്ഷേ താനവിടന്നു പോകിലധികം
മോഹിച്ചു നഞ്ചേററവൻ. ൪൧

ദൂതൻ മാരുതനും വലത്തുവരികിൽ
സ്വല്പം വിഷം തീക്കിലാ-
മാദൌ ദഷ്ടകനാമധേയമതിനെ-
ച്ചൊന്നാലുമവ്വണ്ണമേ
ഇത്ഥം ചൊല്ലിയിടത്തുപോകിലവിട-
ന്നന്യൻ വിഷം നീക്കിനാൻ
പാമ്പിൻപേരുരചെയ്കിലന്നു മരണം
തന്നെന്നു മോർത്തീടണം. ൪൨

---

* "വാമേ മരുതിദൂതേ ച നിർവ്വിഷം വിഷമന്യഥാ
അന്യത്ര മരുതിക്ഷേപളും വിപരീതേ മൃതിം വദേൽ.
പശ്ചിമേ വാമഭാഗേ വാ ദൂതോ ഗത്വാ വദേദ്യദി
ദഷ്ടാഖ്യാപൂർവ്വകം നാസ്തി വിഷമസ്തി വിപര്യയേ.
ദക്ഷിണേ വാഗ്രതോ ഗത്വാ ദഷ്ടാഖ്യാമവദൽ പുരാ
യദി ദൂതോ വിഷം സാദ്ധ്യം തദസാദ്ധ്യം വിപര്യയേ.
ദൂതസ്തു ദക്ഷിണം പ്രാപ്യ ദഷ്ടമുക്ത്വാ പുനശ്ച സഃ
വ്യാമോ ഗതശ്ചേദന്യേന ശമിതം തദ്വിഷം വദേൽ." (ലക്ഷണാമൃതം)

*ദീനംചൊന്നവനും തനിക്കു ശരവും
വേറിട്ടു നിന്നീടുകിൽ
ചൊല്ലാമാതുരനാശു തന്നെ മരണം
വന്നീടുമെന്നുള്ളതും
ഒന്നിച്ചത്ര വസിച്ചതെങ്കിലവന-
ങ്ങായുസ്സുമാരോഗ്യവും
വർദ്ധിച്ചീടുമതോർത്തു കാൺക വിഷവും
വേഗേന നീക്കീടിലാം. ൪൩

† ദൂതോക്തവർണ്ണവിചാരം.

മുൻപിൽ ചൊല്ലിയൊരക്ഷരങ്ങളഖിലം
മൂന്നിൽ കിഴിച്ചിട്ടുടൻ
ശേഷിച്ചൊന്നുവരുന്നതാകിലഖിലം
വേഗേന നീക്കാം വിഷം
രണ്ടായീടുകിലേററമുണ്ടു വിഷമം
തീർക്കാം പണിപ്പെട്ടതും
മൂന്നാകിൽ ഫലമില്ലവൻെറ ജനനി-
ക്കുണ്ടാശ്രുവും കണ്ണുനീർ. ൪൪

---

* ദീനംചൊന്നവൻ=ദൂതൻ.

† "ഏതേഷു ദൂതവാക്യസ്യ വർണ്ണേഷു ഗുണസംഖ്യയാ
ശേഷൈസ്സാദ്ധ്യഞ്ച ദുസ്സാദ്ധ്യമസാദ്ധ്യം തദ്വിഷം വദേൽ.

ദൂതോക്താക്ഷരസംഖ്യായാം ഏതായാം വസുസംഖ്യയാ
തച്ഛേഷൈർഗ്ഗുണയൻ മന്ത്രീ സർപ്പാനന്ത്യാംശ്ച തദ്ദൃശാ.

ദർവ്വീമണ്ഡലിരാജിലസങ്കരാനപി മൂഷികാൻ
കീടഞ്ചാനൂതകഞ്ചൈവ നിർവ്വിഷഞ്ച വദേൽ ക്രമാൽ.

യദി ദൂതസ്യ വാക്യാദൌ കഃ കിഃ കുഃ കേപി കോ ഭവേൽ
ചന്ദ്രാക്ഷി ഗുണവേദാംശ്ച ദന്താൻ കിഞ്ചിദ്വിഷം ക്രമാൽ.

വാതാഗ്നീന്ദ്രജലാത്മാനോ വർഗ്ഗേഷു വർണ്ണചതുഷ്ടയാഃ
നപുംസകാഃ പഞ്ചമാസ്സ്യുസ്സ്വരാശ്ശുക്രാംബുയോനയഃ.

ആദ്യൈസ്സ്വരൈരന്ത്യ കാദ്യൈരന്ത്യ വർഗ്ഗൈർഭിന്നാ ലിപിർദ്വിധാ
സ്വരാ ജീവസ്തൻവർഗ്ഗാ ഇതി ജ്ഞേയാ ച മാതൃകാ.

ദുഷ്ടൌ ദൂതസ്യ വാക്യാദൌ വാതാഗ്നീ മദ്ധ്യമോ ഹരിഃ
പ്രശസ്താ വരുണാ വർണ്ണാ അതിദുഷ്ടാ നപുംസകാഃ."

(ലക്ഷണാമൃതം).

എട്ടിൽക്കണ്ട കിഴിക്ക ചൊന്നവചനം
മുൻപേതുമുന്നേക്കണ-
ക്കെന്നാലുള്ള ഫലങ്ങളും ലിപികളിൽ
ചൊല്ലാം ക്രമത്താൽ പുനഃ
മൂർഖൻ മണ്ഡലിരാൽവിയന്തിരകുലം
ചാഖുക്കൾ കീടങ്ങളും
ഭോഷ്ഠാം നിർവിഷ,മേവമെട്ടു ഫലവും
ചിന്തിച്ചു കോൾവൂ ഭിഷക്. ൪൩

പല്ലൊന്നുപാഞ്ഞു പറകിൽ കകാരം
വാക്യാദികീയാകിലതിന്നു രണ്ടും
മൂന്നും തറച്ചു പറകിൽ കുകാരം
നിനച്ചുകൊൾവൂ വചനാദിയിങ്കൽ. ൪൪

ദീർഘങ്ങളോടേ പറയുന്നതെങ്കിൽ
രണ്ടാമതും കാഞ്ചന പാഞ്ഞുവെന്നും
മരുൽകൃശാന്തുധരണീജലങ്ങൾ
വർഗ്ഗേഷു നന്നാലുടനക്ഷരങ്ങൾ. ൪൫

നപുംസകം പഞ്ചമമായ വർണ്ണം
സ്വരങ്ങൾ ഭൂമ്യംബുമയങ്ങൾ തദ്വൽ
വർഗ്ഗങ്ങളെല്ലാമിഹ ദേഹമല്ലോ
സ്വരങ്ങൾ ജീവങ്ങളുമെന്നു കേൾപ്പൂ. ൪൬

തസ്മാൽ സ്വരത്തോടതു കൂടെയുള്ള
വർണ്ണങ്ങൾ വാക്യാദിയതിൽഗുണങ്ങൾ
ജലാക്ഷരങ്ങൾ വചനേ ശുഭങ്ങൾ
ധരാക്ഷരം മദ്ധ്യമപക്ഷമല്ലോ. ൪൭

നന്നല്ല വർണ്ണം മരുതഗ്നിമാരേ,
തത്യന്തകഷ്ടങ്ങൾ നപുംസകങ്ങൾ.

* അസാദ്ധ്യദംശഭൂദേശങ്ങൾ.

ഉദ്യാനദേശേ ജലസന്നിധൌ ച
ശൂന്യാലയേ ഭൂരുഹകോടരേ ച

* "ഉദ്യാനേ ച നദീതീരേ ശൂന്യാഗേഹേ ചതുഷ്പഥേ
ദേവാലയേ ശ്മശാനേ ച വല്മീകേ ദ്രുമകോടരേ."

ചതുഷ്പഥേ ദേവഗൃഹേ ശ്മശാനേ
വല്മീകവക്ത്രേ ഗഹനേ സഭായാം. ൧൦

ഉദുംബരാശ്വത്ഥവടാക്ഷമൂലേ
ദ്വീപേ ഗിരൌ ചൈത്യതലേ പ്രപായാം
ഗ്രാമാവസാനേ പശുവേശ്മസൌധേ
തഥാ തൃണൌഘേഽപി ച ജീൎണ്ണകൂപേ. ൧൧

പ്രാകാരദേശേഽപ്യഥ ജംബുമൂലേ
തഥാ ച വേണൌ ഖലു വേത്രകുഞ്ജേ
രഥ്യാവസാനേ നനു ശിഗ്രുമൂലേ
സൎപ്പേണ ദഷ്ടോ യദി മൃത്യുമേതി. ൧൨

* അസാദ്ധ്യദംശദേഹദേശങ്ങൾ.

മൂൎദ്ധാ ലലാടം കവിൾ നാസികേ ച
ശ്രോത്രദ്വയം നേത്രയുഗം കപോലം
കണ്ഠം കരദ്വന്ദ്വതലം കചാന്തം
ഹൃൽപാൎശ്വദേശം ഭുജമസ്തകേ ച. ൧൩

കക്ഷദ്വയം കുക്ഷ്യപി നാഭിദേശം
ഗുഹ്യം മുഴങ്കാൽ പദഗുല്ഫയുഗ്മം
എന്നിങ്ങനേ ചൊല്ലിയ മൎമ്മദേശേ
വിഷംപതിഞ്ഞാൽ വിഷമം ശമിപ്പാൻ. ൧൪

---

അട്ടവ്യാം തൃണപുഞ്ജേ ച ഗ്രാമാന്തേ ജീൎണ്ണകൂപകേ
ചൈത്യസ്ഥാനേ പ്രപായാഞ്ച സഭായാം യാഗമന്ദിരേ.
അശ്വത്ഥജംബൂമൂലേ ച വടോദുംബരവേണുഷു
രഥ്യാസന്ധൌ ബിലദ്വാരേ വേത്രകുത്മാശ്മകൂടകേ.
ശിഗ്രുശ്ലേഷ്മാതകാക്ഷേഷു ജീൎണ്ണപ്രാകാരകേ തഥാ
ശൈലാഗ്രസൌധദ്വീപേഷു ദഷ്ടോ യദി ന ജീവതി."
(ലക്ഷണാമൃതം).

* "പാദയോൎമ്മദ്ധ്യമേ കുക്ഷൌ നാഭൌ ഹൃൽകുചമദ്ധ്യതഃ
ഉരസി സ്കന്ധയോഃ കണ്ഠേ തുണ്ഡഗണ്ഡസ്ഥലേഷു ച.
ശംഖഭ്രൂമദ്ധ്യമേ മൂൎദ്ധ്നി കക്ഷയോൎഗ്ഗുഹ്യദേശതഃ
ചിബുകേന്ദ്രിയയോശ്ചാപി ദോൎമ്മദ്ധ്യേ മസ്തകേ തഥാ
സൎപ്പേണ യദി ദഷ്ടസ്സ്യാൽ തദ്രക്ഷാ നൈവ വിദ്യതേ."
(ലക്ഷണാമൃതം).

### ശുഭാശുഭനിമിത്തങ്ങൾ.

പുറപ്പെട്ടന്നേരമടിച്ചു മാററാൻ
 തുനിഞ്ഞതാകിൽ ഗുണമല്ലചെന്നാൽ
ഗമിക്കയെന്നും ഗമിയായ്കയെന്നും
 വിളിച്ചുചൊല്ലീട്ടകിലപ്രകാരം. ൧൬

വധിപ്പുവെന്നുള്ള വചസ്സുകേൾപ്പൂ
 തഥാ ശപിക്കും രവവും ശ്രവിപ്പൂ
ക്ഷുതം പശുനാമുടനേ ശ്രവിപ്പൂ
 നിനച്ചിതെല്ലാം ഗമിയാതിരിപ്പൂ. ൧൭

മുറിച്ചുപോയീ വഴി പൂച്ചയെങ്കിൽ
 കുറിച്ചയപ്പൂ തുനിയൊല്ല പോകാൻ
നിറച്ചകുംഭംപൊടിയാകിലുംതാ-
 നരച്ചവണ്ണം പറയാം വിശേഷാൽ. ൧൮

വഴിക്കപാമ്പേക്കണികണ്ടു ചെന്നാ-
 ലൊഴിച്ചുകൂടാ വിഷമോക്കവേണം
കുഴിക്ക കണ്ടെന്നു പറഞ്ഞുകൊണ്ടാൽ
 പിഴക്കയില്ലാ കളവല്ല ചൊല്ലാം. ൧൯

കല്യാണവാക്യം ഗജമേഘനാദം
 ഗീതം ച ശംഖധ്വനി വാദ്യഘോഷം
ചകോരകേകീപികകാകവേദ-
 ധ്വനങ്ങളത്യന്തഗുണം പ്രയാണേ. ൨൰

വെണ്ണീരെണ്ണ തിലം കപാലമഹിഷൌ
 കാഷ്ഠങ്ങളോട്ടക്കലം
കാപ്പ്രാസം കപിയുപ്പു ശില്പി ജടിലം
 മാംസാസ്ഥി ഗോമായുവും
അത്യാർത്ഥം മലിനാംബരം മഴ പിതൃ-
 പ്രീതിക്ക വേണ്ടുന്നതും
മദ്ധ്യേതാനെതിരിട്ടകാണ്കിലശുഭം
 വിപ്രം തഥാ ചാമ്പയം. ൨൧

കന്യാരാജഗജാംബുഗോക്കൾ ഫലവും
വേശ്യാപി വിപ്രദ്വയം
ക്ഷീരം രൂപ്യസുവർണ്ണശംഖദധിമ-
ധ്വാജ്യദ്ധ്വജം ഭേരിയും
ഛത്രം തണ്ഡുലവും വെളുത്തകുസുമം
കത്തുന്നതീ ബാലനും
നേരേതാൻ ശകുനങ്ങൾ പോന്നുവരികിൽ
സൌഖ്യം പ്രയാണേ ഫലം. ൩൧

ഇതി ജ്യോത്സ്നികായാം
ഭൂതലക്ഷണനാദ്യധികാരം സമാപ്തം.

## അധികാരം ൩.

## സവിഷാദിലക്ഷണങ്ങൾ.

* സവിഷാവിഷദംശലക്ഷണം.

തരിപ്പും വീക്കവും ചൂടും ചൊറിച്ചിൽ കനവും വ്രണേ
ഉണ്ടെങ്കിൽ വിഷമുള്ളോന്നതില്ലെങ്കിൽ വിഷവും നഹി. ൧

സർവ്വാംഗവ്യാപ്തവിഷലക്ഷണം.

മേലെല്ലാം കനവും പാരം രോമകമ്പം ച നിദ്രയും
അംഗസാദവുമുണ്ടാകിൽ വ്യാപിച്ച വിഷമെങ്ങുമേ. ൨

† ദർവ്വീകരകൃതദംശലക്ഷണം.

ദർവ്വീകരൻകടിച്ചീടിൽ കറുക്കും വ്രണമേററവും
രൂക്ഷവും പാരമേറീടും ശുഷ്കമായും വരും തഥാ. ൩

* "ദംശസ്തു സവിഷസ്സർവ്വഃ സശോഫോ വേദനാന്വിതഃ
തുദ്യതേ ഗ്രഥിതഃ കിഞ്ചിൽ കണ്ഡുമാൻ ദഹ്യതേ ഭൃശം.
നിർവ്വിഷോ വിപരീതോഽസ്മാൽ."

† "തത്ര ദംശഃ ഫണാവതാം
കൂർമ്മപൃഷ്ഠോന്നതോ രൂക്ഷസൂക്ഷ്മദംഷ്ട്രാപദാന്വിതഃ,
വികാരഃ ശ്യാവതാ വക്ത്രനഖമൂത്രാക്ഷിവിട്ത്വചാം
ശീതജ്വരഃ സന്ധിരുജാ നിദ്രാനാശോ വിജൃംഭികാ,
മന്യാസ്തംഭഃ സിരാധ്മാനം പൃഷ്ഠകട്യസ്ഥിവാഗ്ഗ്രഹഃ
ശിരസ്ഗുരുത്വമരുചിഃ കാസശ്വാസൌ ഹനുഗ്രഹഃ,

### *മണ്ഡലികൃതദംശലക്ഷണം.

വ്രണത്തിൽ വക്കവും ചൂടും പീതമാകിയ വർണ്ണവും
കാണാം മണ്ഡലിയാകുന്ന പാമ്പു ദംശിച്ചതെങ്കിലോ. ൪

### †രാജിലകൃതദംശലക്ഷണം.

തഥാ വെളുത്തു വീങ്ങീടും കൊഴുത്തുള്ളോരു ചോരയും
ശീതവും കൂടെയുണ്ടാകും വിഷേ രാജിലസംഭവേ. ൫

### സങ്കരസർപ്പദംശലക്ഷണം.

സങ്കരൻകടിവാ,യാകിൽ ലക്ഷണം മിശ്രമാസ്സതും.

### ‡വിഷപ്പല്ലുകളും അവയുടെ നാമഭേദങ്ങളും വിഷവൃദ്ധിക്രമങ്ങളും.

കരാളീ, മകരീ, കാളരാത്രീ, ച യമദൂതികാ ൬
ഇച്ചൊന്ന നാലു പല്ലിന്നും വിഷവൃദ്ധി യഥാക്രമം.

---

ശൂലമുദ്വേഷ്ടനം കോഷ്ഠേ ശോഷരോധൌ മലാശ്രയൌ
സന്ധിശ്ച വാക്ത്വം നൈശ്ചല്യം മൃതസ്യേവ വിസംജ്ഞതാ,
ഫേനലാലോൽഗമൌ ഹിധ്മാ കണ്ഠേ ഘുരഘുരായണം
ശ്ലേഷ്മോൽഗാരോ മുഹുസ്തേ തേ വാതജാശ്ചാപരേ ഗദാഃ".

* "ദംശോ മണ്ഡലിനാം സോഷ്മാ സശോഫഃ പീതലോഹിതഃ
പൃഥുർവിസർപ്പദാഹോഷാ ക്ലേദകോഥൈർവിശീര്യതേ.
വികാരാ വക്ത്രദന്താദിപീതതാ തൃട് ശ്രമോ ഭ്രമഃ
ദാഹോ മൂർച്ഛാ ജ്വരസ്തിക്തവക്ത്രത്വം പീതദർശനം.
രക്താഗമനമൂർദ്ധാധഃ ശീതേച്ഛാ ധൂമകോ മദഃ
ആശു സർവ്വാംഗവിസൃതിർഗദാസ്തേ തേ ച പിത്തജാഃ".

† "ദംശോ രാജീമതാം സ്നിഗ്ദ്ധഃ സ്ഥിരഃ പിച്ഛിലശോഫകൃൽ
സാന്ദ്രാസ്രഃ ശിശിരഃ പാണ്ഡുസ്തദ്വികാരാഃ ശിരോവ്യഥാ.
അരുചിശ്ഛർദ്ദിരാലസ്യം ഹൃല്ലാസോ മധുരാസ്യതാ
കണ്ഠേ ഘുരഘുരഃ പാദകാ കണ്ഡൂരക്ഷ്ണോർഹിമോ ജ്വരഃ.
കൃച്ഛ്രാദുച്ഛ്വാസനം നിദ്രാ കാസഃ ശ്വേതനഖാദിതാ
സ്തംഭോ ഗുരുത്വം ചാംഗാനാം നാസികാക്ഷിമുഖസ്രുതിഃ
രോമഹർഷസ്തഥാ ശ്വാസോ രോഗാശ്ചാന്യേ കഫോൽഭവാഃ".

‡ "ദംഷ്ട്രാ സർപ്പസ്യ സപ്തമേ
ചതസ്രഃ സംഭവന്ത്യഹ്നി വിഷം താസു ചതുർദ്ദശേ.
വാമാധരാസിതാ പീതാ തദ്ധ്വാ ദക്ഷിണാ തഥാ
രക്താശ്യാ ദാത്രവൈകദ്വിത്രിചതുർവിഷബിന്ദുകാഃ.
താഃ ക്രമാൻ മുദ്ഗമാത്രോഽത്ര ബിന്ദുഃ".

(എല്ലാസർപ്പങ്ങൾക്കും ജനിച്ച് ഏഴാമത്തെ ദിവസം താഴയും മുകളിലുമായി നാലുപല്ലുകൾ ഉണ്ടാകുന്നു. ജനിച്ച പതിനാലാമത്തെ ദിവസം ആ ദംഷ്ട്ര

മുൻപിൽ ചൊന്നതിടത്തേപ്പല്ലഥ രണ്ടു വലത്തുമാം. ൭

### കരാളപ്രാദികൃതദംശലക്ഷണഭേദങ്ങാം.

കരാളിപ്പൽ തറച്ചീടിൽ ഗോഷ്പദാങ്കിതമാം വ്രണം
കാളാഗരുസമം ഗന്ധം വിഷവും സ്വല്പമായ്വരും. ൮

മകരിപ്പല്ലുതൻപുണ്ണു കലവില്ലോടു തുല്യമാം
ഘ്രാണം കുഴമ്പുപോലാകും വിഷവും നീക്കലാം ദ്രുതം. ൯

പുള്ളിൻപദത്തിനോടൊക്കും കാളരാത്രിയുടേ വ്രണം
ഗന്ധവും ചന്ദനംപോലേ പണിപ്പെട്ടു വിഷംകെടും. ൧൦

യമദൂതി പതിച്ചീടിൽ വീക്കവും ക്ഷീരഗന്ധവും
നീലിച്ചചോരയും കാണാം സാദ്ധ്യമല്ലതു നീക്കുവാൻ. ൧൧

### കാലാ(വർഷാദി)വസ്ഥക(ബാല്യാദി)ളെ അനുസരിച്ചു മൂർഖാദികൾക്കുള്ള വിഷവൃദ്ധിഭേദം.

*വർഷശീതോഷ്ണകാലത്തു തഥാ ബാല്യാദി മൂന്നിലും
മൂർഖാദിമൂന്നു പാമ്പിന്നങ്ങേററമുണ്ടാം വിഷം തുലോം. ൧൨

ഋതോരന്ത്യാദ്യകാലത്തങ്ങേഴേഴു ദിവസം ക്രമാൽ
ഋതുസന്ധിയതാംകാലമേററമുണ്ടാം വിഷം തദാ. ൧൩

പൂർവാഹ്ണേ ബലവാൻ ബാലോ മദ്ധ്യാഹ്നേ ച തഥാ യുവാ
വൃദ്ധനാകിയപാമ്പിന്നങ്ങപരാഹ്ണേ ബലം വിദുഃ. ൧൪

രാത്രിയിങ്കലുമീവണ്ണം കണ്ടുകൊൾവു ബലങ്ങളെ
സങ്കരന്നു സദാകാലം ബലമുണ്ടു വിഷത്തിന്. ൧൫

---

കളിൽ വിഷം ഉണ്ടാകുന്നു. രണ്ടുവശങ്ങളിലുമായി താഴേയുള്ള രണ്ടു പല്ലുകളിൽ ഇടത്തുഭാഗത്തെ പല്ലു കറുത്തും വലത്തുഭാഗത്തെ പല്ലു ചുവന്നും ഉപരിഭാഗത്തുള്ള രണ്ടു പല്ലുകളിൽ ഇടത്തുഭാഗത്തേതു പീതവർണ്ണമായും വലത്തുഭാഗത്തേതു ശ്യാമവർണ്ണമായും ഇരിക്കുന്നതാണ്; അതുകളിൽ കറുപ്പ്, മഞ്ഞ, ചുവപ്പ്, ശ്യാമം ഈ നിറങ്ങളുള്ള പല്ലുകളിൽ യഥാക്രമം ൧,൨,൩,൪ ഇങ്ങനെ വിഷബിന്ദുക്കൾ വീതം ഉണ്ടായിരിക്കുന്നതുമാണ്).

* "താരുണ്യമദ്ധ്യവൃദ്ധത്വേ വൃഷ്ടിശീതാതപേഷു ച
വിഷാധിക്യം ഭവേന്ത്യേതേ വ്യന്തരാ ഋതുസന്ധിഷു".
(ഋതുസന്ധി = "ഋതോരന്ത്യാദിസപ്താഹാവൃതുസന്ധിരിതി സ്മൃതഃ.")

### വിഷങ്ങളുടെ ദോഷകോപപ്രധാനങ്ങളായ ലക്ഷണഭേദങ്ങൾ.

ഏററം വേഗേന വ്യാപിക്കും രൂക്ഷമായും വരും തഥാ
*വാതകോപമതുണ്ടാകും നല്ലപാമ്പിൻവിഷത്തിന്ന്. ൧൬

ഉഷ്ണിച്ചു പിത്തകോപത്തോടേററു വീക്കവുമങ്ങനെ
സങ്കടം പലതുണ്ടാകും മണ്ഡലീനാം വിഷത്തിന്. ൧൭

ദേഹേ ശീതവുമത്യർത്ഥം കഫത്തിന്റെ വികാരവും
രാജിലത്തിൻവിഷത്തിന്നു പാരം ദാരുണമായ്വരും. ൧൮

എല്ലാദോഷവുമൊന്നിച്ചു സന്നിപാതപ്രകോപവും
കൂടയുണ്ടായ്വരും പിന്നെ സങ്കരന്റെ വിഷത്തിന് ൧൯

ദൃഷ്ടിയും മുഖവും വാക്കും ദേഹത്തിന്റെ തളർച്ചയും
മററും പലവികാരങ്ങളൊക്കെസ്സൂക്ഷിച്ചുകൊള്ളണം. ൨൦

### വിഷത്തിന്റെ ഗതിഭേദപ്രകാരങ്ങൾ.

† വിഷങ്ങൾക്കൊക്കയും പാരം ഗതിഭേദമതോർക്കണം
പുളിതൊട്ടോരു പാലിന്റെ വികാരങ്ങൾ കണക്കെയാം. ൨൧

---

* "വിശേഷാദ്രൂക്ഷകടുകമമ്ളോഷ്ണം സ്വാദു ശീതളം
വിഷം ദർവീകരാദീനാം ക്രമാദ്വാതാദികോപനം.
യഥാഽവ്യക്തരസം തോയമന്തരിക്ഷാന്മഹീഗതം
തേഷു തേഷു പ്രദേശേഷു രസം തം തം നിയച്ഛതി.
ഏവമേവ വിഷം യദ്യദ്ദ്രവ്യം വ്യാപ്യാവതിഷ്ഠതേ
സ്വഭാവാദേവ തം യസ്യ രസം സമനുവർത്തതേ.
വിഷേ യസ്മാദ്ഗുണാഃ സർവേ തീക്ഷ്ണാഃ പ്രായേണ സന്തി ഹി
വിഷം സർവതോ ജ്ഞേയം സർവദോഷപ്രകോപനം."

(വിഷം എല്ലാം സർവദോഷപ്രകോപനമാണെങ്കിലും ദർവീകരാദ്യാശ്രയഭേദത്തെ അനുസരിച്ചു ഗുണഭേദത്തോടുകൂടിയതായിത്തീരുന്നു എന്നു സാരം).

† "വേഗാന്താം രക്തമാംസാദ്യാഃ സപ്തോക്താഃ പൂർവമാശ്രയാഃ
മാത്രാശതം വിഷം സ്ഥിത്വാ ഒ.ശേ ക്ഷേസ്യ ദേഹിനഃ.
ദേഹം പ്രക്രമതേ ധാതൂൻ രുധിരാദീൻ പ്രദൂഷയൽ."

(വിഷവ്യാപ്തിയെ സംബന്ധിച്ചുള്ള മതാന്തരങ്ങളും അറിഞ്ഞിരിക്കേണ്ടതാണെന്നുള്ളതിനാൽ ഇവിടെ ചേർത്തുകൊള്ളുന്നു).

(൧) "വിഷം ഹി ദേഹം സംപ്രാപ്യ പ്രാഗ്ദൂഷയതി ശോണിതം
കഫപിത്താനിലാംശ്ചാനുസമദോഷം സഹാശയാൻ,
തതോ ഹൃദയമാസ്ഥായ ദേഹോച്ഛേദായ കല്പതേ,

കടിപെട്ടപ്രദേശത്തു നില്ക്കും മാത്രാശതം വിഷം
അവിടന്നുടനേ പിന്നെ വായുവോട്ടു കലന്നതു്. ൨൨

നെററിമേൽച്ചെന്നു വ്യാപിക്കും പിന്നെക്കണ്ണിൽപരന്നിടും
അവിടന്നു മുഖത്തെല്ലാം പരക്കും പിന്നെ നാഡിയിൽ. ൨൩

എല്ലാം കടന്നു വ്യാപിച്ചിട്ടവിടന്നു ക്രമാൽ പുനഃ
ധാതുക്കളിൽക്കടന്നീടും പാനീയേ തൈലബിന്ദുവൽ. ൨൪

വിഷവേഗം.

ഒരു ധാതുവതിങ്കേന്നങ്ങന്യധാതുവതിൽ ക്രമാൽ
കടന്നുചെല്ലുന്നതിനെച്ചൊല്ലുന്നു *"വേഗ"മെന്നിഹ. ൨൫

രസാദിസപ്തധാതുക്കളും അവയുടെ സ്ഥിതിഭേദങ്ങളും.

ചർമ്മ രക്തം തഥാ മാംസം മേദസ്സും പുനരസ്ഥിയും
മജ്ജാ ശുക്ലവുമീവണ്ണമേഴുധാതുക്കളും ക്രമാൽ. ൨൬

അന്തരാന്തരമായിട്ടു വസിക്കും സർവ്വദേഹിനാം
ഓരോ വികാരഭേദങ്ങൾ വിഷംകൊണ്ടിവയേഴിനും. ൨൭

---

(൨) വിഷം യദ്ദോഷഭൂയിഷ്ഠം തം ദോഷം പ്രാക് പ്രപദ്യതേ
ആശയേ യസ്യ യസ്യൈവ തതസ്തദവതിഷ്ഠതേ,
തജ്ജാൻ വികാരാൻ കുരുതേ യാൻ സർവ്വേഷൂപദേക്ഷ്യതി,

(൩) ദുഷ്യതി പ്രഥമേ രക്തം ദ്വിതീയേ ശ്വയഥൂദ്ഭവഃ
തൃതീയേ,ഽംഗേ ചിമിചിമാ ചതുർത്ഥേ ജ്വരമൂർച്ഛനം.
പഞ്ചമേ പാണ്ഡുജിഹ്വാസ്യശോഷഃ ഷഷ്ഠേ ഹൃദിവ്യഥാ
സപ്തമേ മരണം വേഗ ഇതി നഗ്നജിതോ മതം.

(൪) മൂർച്ഛാ ഹൃദി പരം പീഡാ ശിരോരുഗപതന്ത്രകഃ
ഹിധ്മാ ച ദാരുണോ മർമ്മച്ഛേദോ ജീവിതസംശയഃ
സപ്തേതി വേഗാ മൂർച്ഛാദ്യാഃ വിദേഹപതിനാ സ്മൃതാഃ.

(൫) രക്തമാംസവസാസ്നായു തഥാസ്ഥ്യാദ്യാസ്ത്രയഃ ക്രമാൽ
ആശ്രയാഃ സപ്ത സപ്താനാം ഇത്യാലംബായനോഽബ്രവീൽ.

(൬) വേഗാൻ ധന്വന്തരിസ്തദ്വൽ സപ്പദംഷ്ടസ്യ മന്യതേ
സ്നാവ വജ്ജന്തു തൽസ്ഥാനേ ദോഷാനിച്ഛതി കോഷ്ഠഗാൻ.

(൭) ധാത്വന്തരേഷു യാഃ സപ്തകലാഃ പൂർവ്വം പ്രകീർത്തിതാഃ
അതീത്യ താഃ സോഽപ്യേകൈകാം വേഗം പ്രകുരുതേ വിഷം.

(൮) സപ്തവേഗാൻ വിഷസ്യാഹുരഷ്ടാവിതി പുനർവ്വസുഃ."

* "യേനാന്തരേണ തു കലാം കലാകല്പം ഭിനത്തി ഹി
സമീരണേനോഹ്യമാനം തത്തു വേഗാന്തരം സ്മൃതം."

ഉണ്ടാസ്സുരും ക്ഷണംകൊണ്ടു നോക്കിക്കണ്ടിവയൊക്കെയും
ഇന്ന ധാതുവിലുൾപ്പുക്ക വിഷമെന്നറിവൂ ഭിഷക്. ൨൮

### രസാദിധാതുക്കളിൽ വിഷംനിന്നാലുള്ള പ്രത്യേകലക്ഷണങ്ങൾ.

വിഷം ചർമ്മത്തിൽനില്ക്കുമ്പോളുണ്ടാകും രോമഹർഷണം
രക്തത്തിങ്കലതായീടിൽ വിയർക്കും ദേഹമേററവും. ൨൯

നിറം പകച്ച്യുംകൂടെ കാണാം മേദസ്സിലെത്തുകിൽ
മേദസ്സിങ്കൽ കടക്കുമ്പോൾ ഛർദ്ദിക്കും വിറയും വരും. ൩൦

അസ്ഥിയിൽ കണ്ണുകാണാതാം കഴുത്തും കുഴയും പുനഃ
ഇക്കിളും ദീർഘനിശ്വാസം രണ്ടും, മജ്ജയിലെത്തുകിൽ. ൩൧

മോഹവും മൃതിയും ശുക്ലേ വിഷംചെന്നാൽ വരും ദ്രുതം.

### ലീനജീവൻ.

കടികൊണ്ടപ്പൊഴേതന്നെ മോഹിച്ചു ദഷ്ടനെങ്കിലൊ
ഉള്ളടങ്ങിട്ടിരിപ്പുണ്ടു ജീവനെന്നുപദേശമാം. ൩൨

### * നാശോന്മുഖലക്ഷണങ്ങൾ.

കൂടക്കൂടെ വിയർത്തീടും ജാഡ്യവും കമ്പവും വരും
തളരും സന്ധികൾ പിന്നെ വരണ്ടീടും മുഖം തുലോം. ൩൩

ദീർഘനിശ്വാസവും കാണാം വിറയ്ക്കും ദേഹമേററവും
നെഞ്ചുനൊന്തു കനത്തീടും വിഭ്രമം ചിത്തനേത്രയോഃ. ൩൪

---

*"ദഷ്ടമാത്രോഽസിതാസ്യാക്ഷഃ ശീഘ്രമാണശിരോരുഹഃ
സ്തബ്ധജിഹ്വോ മുഹുർമ്മൂർച്ഛൻ ശീതോച്ഛ്വാസോ ന ജീവതി.
ഹിധ്മാ ശ്വാസോ വമിഃ കാസോ ദഷ്ടമാത്രസ്യ ദേഹിനഃ
ജായതേ യുഗപദ്യസ്യ സഹച്ഛൂലീ ന ജീവതി.
വേപഥുർവേദനാസ്തീവ്രാ ഗ്രീവാഭംഗോഽക്ഷിരക്തതാ
മൂർച്ഛാ ഗളഗ്രഹച്ഛർദ്ദിഃ പ്രേതരാജസ്യ കിംകരാഃ.
ജാംബവപ്രതിമോ ദംശഃ കൂർമ്മപൃഷ്ഠവദുന്നതഃ
രക്തം ഖേഭ്യഃ സമസ്തേഭ്യോ വർത്തതേ നഷ്ടദംശതഃ.
രോമ്ണാം ന ശീതജൈർഹർഷഃ ശ്വയഥുർലോഹിതാസിതഃ
ഹൃഷ്ടമേഹനതാ വക്രവക്തൃത്വം യസ്യ തം ത്യജേൽ.
ഫേനം വമതി നിസ്സംജ്ഞഃ ശ്യാവപാദകരാനനഃ
നാസാവസാദോ ഭംഗോഽംഗേ വിഡ്ഭേദഃ ശ്ലഥസന്ധിതാ.
വിഷപീതസ്യ ദഷ്ടസ്യ ദിഗ്ധേനാഭിഹതസ്യ ച
ഭവന്ത്യേതാനി രൂപാണി സമ്പ്രാപ്തേ ജീവിതക്ഷയേ,"

ഛർദ്ദിക്കും കഫപിത്തങ്ങൾ, നീലിക്കും നഖദന്തവും
ജിഹ്വാധരങ്ങളും പാരം കറുക്കും കഫവും വരും ൩൫

പറയും മൂക്കിലേക്കൂടെ, കടെക്കണ്ണും ചുവന്നിടും
പുണ്ണും ചുവന്നു നീലിച്ചു വട്ടമായ്ത്തീങ്ങുമേററവും. ൩൬

ഹസ്തദണ്ഡതലേ കക്ഷേ ചെവിക്കീഴിലുമങ്ങനെ
വെണ്ണീററിട്ടു തിരുമ്മീടിൽ കാണാം ദന്തക്ഷതങ്ങളെ ൩൭

നാനാവികൃതികൾ മററും കൂടക്കൂടെ വരും ദ്രുതം
ഈവണ്ണമെല്ലാം കാണുമ്പോൾ സമീപിച്ചു വിനാശവും. ൩൮

* നഷ്ടജീവലക്ഷണം.

മലമൂത്രമൊഴിഞ്ഞപ്പോൾ ജീവൻ കാണാതിരിക്കിലൊ
യത്നങ്ങൾ വേണ്ട പിന്നൊന്നും മരണം തന്നെ നിശ്ചയം. ൩൯

നെററി കീറീട്ടുകിൽ ചോര കാണാതേതാനിരിക്കിലും
ചുരുങ്ങിക്കുണ്ണുമായിട്ടു കാണ്കിലും, നീരുകൊണ്ടുടൻ ൪൦

നനച്ചാലവിടേ രോമം പററിത്തന്നെയിരിക്കിലും
വെള്ളത്തിലിട്ടാൽ താഴാതെപൊങ്ങി നീർമേലിരിക്കിലും ൪൧

കോലെടുത്തു തുടയ്ക്കൊന്നു കൊട്ടിയാൽ പിണരാകിലും
ഗൂഢനേത്രങ്ങളും വായും വികസിച്ചിട്ടിരിക്കിലും ൪൨

ദൃഷ്ടിതന്മണികൾ രണ്ടും നട്ടുനേരേയിരിക്കിലും
ദഷ്ടകന്നുള്ളിൽ നിന്നാശു വിട്ടു ജീവനതോർക്കണം. ൪൩

ഇത്ഥം ചൊല്ലിയ ലക്ഷണങ്ങളഖിലം
ചിന്തിച്ചുകണ്ടിട്ടുടൻ
തീക്ഷ്ണം ക്ഷ്വേളമതെന്നു കാണ്കിലവനേ
രക്ഷിക്ക മന്ത്രൌഷധൈഃ
സാധിക്കാത്തതിനാശു തന്നെ നിതരാം
യത്നങ്ങൾ ചെയ്തീടിലും
ദോഷിച്ചീടുവർതന്നെയങ്ങനുദിനം
മററില്ല യത്നേ ഫലം. ൪൪

ഇതി ജ്യോത്സ്നികായാം
വിഷാദിലക്ഷണാധികാരം സമാപ്തം.

---

* "ന നശ്യേച്ഛേതനാതീക്ഷ്ണൈർന്ന ക്ഷതാൽ ക്ഷതജാഗമഃ
ദണ്ഡാഹതസ്യ നോ രാജിഃ പ്രയാതസ്യ യമാന്തികം,"

## അധികാരം ൪.

### ചികിത്സാപ്രാരംഭം (സാമാന്യം).

*ശ്രീഗുരോശ്ചരണാംഭോജം പ്രണമ്യ വിധിവൽ സുധീഃ
†ശ്രുത്വാഥ തന്മുഖാന്മന്ത്രം വർണ്ണലക്ഷം ജപേൽ ക്രമാൽ. ൧

ദിവ്യൌഷധാനി നിശ്ചിത്യ നിശ്ചിതാത്മാ ഹ്യകുണ്ഠിതഃ
‡വിഷപ്രതിക്രിയാം കുർയ്യാൽ സ ച മന്ത്രൌഷധാദിഭിഃ. ൨

---

* "പഞ്ചവദാതശ്രുതം പരിദൃഷ്ടകർമ്മാണം ദക്ഷം ദക്ഷിണം ശുചിം ജിതഹസ്തമുപകരണവന്തം സർവേന്ദ്രിയോപപന്നം പ്രകൃതിജ്ഞം പ്രതിപത്തിജ്ഞം അനുപസ്കൃതവിദ്യമനഹംകൃതമനസൂയകമകോപനം ക്ലേശക്ഷമം ശിഷ്യവത്സലമദ്ധ്യാപകം ജ്ഞാപനസമർത്ഥം, ഇത്യേവം ഗുണോ ഹ്യാചാർയ്യഃ സുക്ഷേത്രമാർത്തവോ മേഘ ഇവ സസ്യഗുണൈഃ സുശിഷ്യമാശു വൈദ്യഗുണൈഃ സമ്പാദയതി.' ഇവിടെ പറയപ്പെടുന്ന മന്ത്രോപദേഷ്ടാവായ ഗുരു(വിഷവൈദ്യൻ)വും മുൻപറഞ്ഞ ഗുണങ്ങളോടുകൂടിയവനായിരിക്കേണ്ടതാണ്.

† മന്ത്രസ്വഭാവം മന്ത്രഗ്രഹണക്രമം മുതലായതു്:—

"ദേവബ്രഹ്മർഷിഭിഃ പ്രോക്താഃ മന്ത്രാഃ സത്യതപോമയാഃ
ഭവന്തി നാന്യഥാ ക്ഷിപ്രം വിഷം ഹന്യുഃ സുദുസ്തരം.
വിഷം തേജോമയൈർമന്ത്രൈഃ സത്യബ്രഹ്മതപോമയൈഃ
യഥാ നിവാർയ്യതേ ക്ഷിപ്രം പ്രയുക്തൈർന തഥൌഷധൈഃ.
മന്ത്രാണാം ഗ്രഹണം കാർയ്യം സ്ത്രീമാംസമധുവർജ്ജിനാ
മിതാഹാരേണ ശുചിനാ കുശാസ്തരണശായിനാ.
ഗന്ധമാല്യോപഹാരൈശ്ച ബലിഭിശ്ചാപി ദേവതാഃ
പൂജയേന്മന്ത്രസിദ്ധ്യർത്ഥം ജപഹോമൈശ്ച യത്നതഃ.

ഔഷധത്തിന്റെ ആവശ്യം.

മന്ത്രാസ്ത്വവിധിനാ പ്രോക്താ ഹീനാ വാ സ്വരവർണ്ണതഃ
യസ്മാന്ന സിദ്ധിമായാന്തി തസ്മാദ്യോജ്യോഽഗദക്രമഃ."

‡"ഗോമയേന സുസമ്മൃഷ്ടേ ധൂപാഗരുസുധൂപിതേ
ഗന്ധമാല്യോപഹാരാദ്യൈർഗൃഹേ പൂജിതദേവതേ.
സൂത്രകാരാൻ സമഭ്യർച്ച്യ ശങ്കരാസ്തീകകാശ്യപാൻ
സന്തർപ്യ ഹവ്യകവ്യാഭ്യാം സമിദ്ധാനലവദ്വിജാൻ.
പ്രാങ്മുഖായോപവിഷ്ടായ വിഷാർത്തായ ചികിത്സകഃ
ഉത്തരാഭിമുഖോ യുഞ്ജ്യാദ്വിദ്യാം മന്ത്രാണി ഭേഷജം.
സമപ്രമാണൈർഹരിതൈർദ്ദർഭൈഃ പ്രാഗഗ്രമന്ത്രിതൈഃ
അച്ഛിന്നാഗ്രൈഃ സമൂലൈശ്ച കുർയ്യാത്തസ്യാപമാർജ്ജനം.
ബ്രാഹ്മ്യാദ്യൈരഗദൈരേനം നിത്യമേവാനുലേപയേൽ
സംജീവനാദീൻ പാനാദൌ ദംശലേപേ ച യോജയേൽ.
പൂർണ്ണകുംഭം സകുസുമം സർഷപാൻ ഛാഗലം പയഃ
ശസ്ത്രം ദൂർവ്വാം മധു ഘൃതം കുർയ്യാദ്ദൃഷ്ടസ്യ മൂർദ്ധതഃ.
ഏവം ശാമ്യതി സപ്താഹാദ് വിഷമാത്മവതഃ സതഃ."

വിഷം നശിക്കും മന്ത്രംകൊണ്ടൊട്ടുങ്ങും ദുരിതങ്ങളും
ഭൂതഗ്രഹാദിപീഡാ ച മററുള്ളാപത്ഗണങ്ങളും. ൩

അപമൃത്യുജരാവ്യാധിരിപുദോഷാദിയൊക്കയും
ശമിച്ചുപോകും വേഗേന സുഖാരോഗ്യാദിയും വരും. ൪

സിദ്ധൌഷധങ്ങളെക്കൊണ്ടും സാധിക്കും ക്ഷേമശാന്തിയെ
ബുദ്ധിവൃദ്ധിയുമുണ്ടാകും ശുദ്ധി ദേഹത്തിനും വരും. ൫

അനാമയത്വവും നിത്യം ഭവേദൌഷധസേവയാ.

## സദ്യഃകരണീയങ്ങൾ.

*പാമ്പിനാൽ കടിപെട്ടാലങ്ങുടനേ വേണ്ടതൊക്കയും
ചൊല്ലുന്നു ഗ്രന്ഥമെന്നാലുമൃ പകാരാത്ഥമായിഹ. ൧

കടിച്ച പാമ്പിനേത്താനും പിടിപെട്ടു കടിക്കണം
ലഭിച്ചീലെന്നു വന്നീടിൽ കോലുതാൻ കല്ലുതാൻ ദൃഢം ൨

---

* "ഏതസ്മിന്നന്തരേ കർമ്മ ദംശസ്യാൽകത്തനാദികം
കുഡ്യാച്ഛിന്നേ യഥാ ദേഹേ വിഷവല്ലീ ന രോഹതി.
ലോഷ്ടം മഹീം വാ ദശനൈശ്ഛിത്വാ വാന സസംഭ്രമം
നിഷ്ഠീവേന സമാലിംപേദ്ദംശം കർണ്ണമലേന വാ.
ദംശസ്യോപരി ബധ്നീയാദരിഷ്ടാം ചതുരംഗുലേ
ക്ഷൌമാദിഭിർവ്വേണികയാ സിദ്ധൈർമന്ത്രൈശ്ച മന്ത്രവിൽ.
ബന്ധോ ദേശാനുസാരേണ നാതിഗാഢശ്ലഥോ ഹിതഃ
ദംശപൂതിത്വശോഫാദീൻ കുരുതേ ഹ്യതിപീഡിതഃ.
അശക്തഃ ശിഥിലോ രോദ്ധും വിഷം ദേശാന്തരം വ്രജേത്
അംബുവൽ സേതുബന്ധേന ബന്ധേന സ്തഭ്യതേ വിഷം.
ന വഹന്തി സിരാശ്ചാസ്യ വിഷം ബന്ധാഭിപീഡിതാഃ
നിഷ്പീഡ്യ ചോദ്ധരേദ്ദംശം മർമ്മസന്ധ്യഗതം തഥാ.
ന ജായതേ വിഷാവേഗോ ബീജനാശാദിവാംകുരഃ
മർമ്മഗ പ്രാപ്നുയാന്മൃത്യും സന്ധിസ്ഥേ വികലാംഗതാം,
പ്രതപ്തൈർഹേമലോഹാദ്യൈർദ്ദഹേദശ്രുല്മുകേന വാ
കരോതി ഭസ്മസാൽ സദ്യോ വഹ്നിഃ കിംനാമ ന ക്ഷണാൽ.
ആചൂഷേൽ പൂർണ്ണവ വാക്ത്രോ മൃദ്ഭസ്മാഗദഗോമയൈഃ
പ്രച്ഛരായാന്തരരിഷ്ടായാം മാംസളന്തു വിശേഷതഃ.
അംഗം സഹൈവ ദംശേന ലേപയേദഗദൈർമ്മുഹുഃ
ചന്ദനോശീരയുക്തേന സലിലേന ച സേചയേൽ,
വിഷേ പ്രവിസൃതേ വിദ്ധ്യേൽ സിരാം സാ പരമാ ക്രിയാ
രക്തേ നിർഹ്രിയമാണേ ഹി കൃത്സ്നം നിഹ്രിയതേ വിഷം,
ദുഷ്ടേ ഹി വ്യാപ്നുയാദംഗം ധ്രുവം മൃത്യുർഭവത്യതഃ
സിരാസ്വദൃശ്യമാനാസു യോജ്യാഃ ശൃംഗജലൌകസഃ."

എടുത്തുകൊണ്ടു പാദമെന്നു ചിന്തിച്ചിട്ടു കടിക്കണം
ശ്രോത്രദണ്ഡമലം ധൃത്വാ ഹസ്തേ കൃത്വാ ച തൽ പുനഃ വ

ആസ്യാംബുനി വിമർദ്ദിച്ചു പിരട്ടു കടിവായതിൽ
ഉല്മുകംകൊണ്ടു ചുട്ടാലും വേണ്ടതില്ല വ്രണങ്ങളെ ൻ

ലോഹാദികൾ തപിപ്പിച്ചു പുണ്ണിൽ വച്ചീടിലും തഥാ
കത്തികൊണ്ടവിടം ചെത്തിക്കളഞ്ഞീടുകിലും ഗുണം. ൬൦

പാത്രങ്ങൾകൊണ്ടും കൈകൊണ്ടും വെള്ളംകോരാതകണ്ടുടൻ
ധാരചെയ്തീടിലുംകൊള്ളാം ചോര കൊത്തി ത്യജിക്കിലാം. ൬൧

കടിവായ്ക്കീന്നു മേല്പോട്ടു വിഷംകേറുന്ന മുൻപിലെ
ചെയ്തുകൊള്ളേണമല്ലായ്കിൽ ഫലമില്ലെന്നതുംവരും. ൬൨

ദംശപ്രദേശേ നില്ക്കുമ്പോൾ ചെയ്തുകൊണ്ടീടുകിൽ ഗരം
പാകംചെയ്തോരു ബീജത്തിന്നങ്കുരംപോലെ പോയ്ക്കൂടും. ൬൩

ദംശാന്മേല്പോട്ടുകേറീടിൽ ചെയ്തുകൊൾവൂ ചികിത്സകൾ. ൬൪

ധാതുഗവിഷാണാം വിശേഷചികിത്സാ.

ചർമ്മാദി മൂന്നു ധാതുക്കളതിൽ ചെന്ന വിഷം നൂണാം
ഔഷധങ്ങൾ ചവച്ചിട്ടങ്ങൂതിയാലൊഴിയും ദ്രുതം. ൬൫

മേദസ്സിങ്കൽ കടന്നാലങ്ങസ്ഥിയിൽ ചെല്ലുകിലും പുനഃ
ദിവ്യൌഷധങ്ങൾ സേവിപ്പൂ തേപ്പൂ നഷ്ടമതാം വിഷം. ൬൬

മജ്ജാശുക്ലമതിൽ ചെന്നാൽ ചെയ്വൂ നസ്യാഞ്ജനാദികൾ
കാലമേററംകഴിഞ്ഞോരു വിഷത്തെ പോക്കുവാനിഹ ൬൭

എണ്ണ നെയ് വെണ്ണെടുത്തിട്ടു പ്രയോഗിച്ചാലൊഴിഞ്ഞുപോം.

ഊതുവാൻ മരുന്നും ക്രമവും.

വിശദസ്വൽമരിചവിഷവേഗങ്ങളെന്നിവ
തുല്യം കൂട്ടിച്ചവച്ചിട്ടു മൂവരൊന്നിച്ചുകൊണ്ടുടൻ. ൬൮

ഊതു ന്തുററൻപതെണ്ണീട്ടു ശ്രോത്രയോർമൂർദ്ധ്നി ച ക്രമാൽ
എന്നാലൊഴിഞ്ഞുപോമാശു മൂന്നുധാതുവിലേ വിഷം. ൬൯

ഇതി ജ്യോത്സ്നികായാം
ചികിത്സാപ്രാരംഭാധികാരം സമാപ്തം.

---

## അധികാരം ൫.

### * ദവീകരചികിത്സ.

ലേപയോഗങ്ങൾ.

കിംശുകച്ഛദതോയത്തിൽ കായവും മരിചം വചാ
പേഷിച്ചു ലേപനംചെയ്താൽ തീരും ദവീകരൻവിഷം. ൧

ടങ്കണം ഗൃഹധൂമം ച മൂത്രേ പിഷ്ട്വാ പ്രലേപയേൽ
ശിവമല്ലിയുടേ ജീൎണ്ണപത്രവും കായമെന്നിവ- ൨

രണ്ടുംകൂടിയരച്ചിട്ടു തേച്ചാൽ ഫണിവിഷംകെടും
മാതുംഗലാതിയതിൻമൂലം കായവും നരവാരിണാ ൩

പേഷിച്ചു ലേപനംചെയ്താൽ ഫണിനാം വിഷമാശു പോം
ലശുനം മരിചം നല്ല രാമഠം ചുക്കു തിപ്പലി ൪

അൎക്കപത്രരസേ പിഷ്ട്വാ ലേപനാദ്വൈവിഷം കെടും
ക്ഷ്വേളവേഗമതിൻവേരും ചുക്കും കൂട്ടിയരച്ചുടൻ ൫

കുടിപ്പൂ ലേപനംചെയ്‌വൂ വിഷം നശ്യതി തൽക്ഷണാൽ
നിലീമൂലമരച്ചിട്ടു ശുദ്ധതോയേ പിബേത്തതഃ ൬

ദംശപ്രദേശേ തേച്ചീട്ടു തീൎന്നീടും വിഷമൊക്കയും.

കുടിക്കുവാൻ.

വ്യോഷം തുല്യമരച്ചിട്ടു കുടിപ്പൂ കാഞ്ചികേ ജലേ
ശുദ്ധതോയേഽഥവാ സദ്യോ നശ്യതി ക്ഷ്വേളമൊക്കയും. ൧

അശ്വഗന്ധമരച്ചിട്ടു ശുദ്ധതോയേ പിബേദ്ധ്രുതം
നന്ദ്യാവൎത്തമതിൻമൂലം മുളകുംകൂട്ടിയും തഥാ. ൨

കരഞ്ജവേരുമവ്വണ്ണം മുളകോടുകലൎന്നുടൻ
അരച്ചുതേപ്പൂ സേവിപ്പൂ നഷ്ടമാം ക്ഷ്വേളമൊക്കയും. ൩

---

* ദൎവ്വീകരലക്ഷണം—

"രഥാംഗലാംഗലച്ഛത്രസ്വസ്തികാങ്കുശധാരിണഃ
ഫണിനഃ ശീഘ്രഗതയഃ സൎപ്പാ ദവീകരാഃ സ്മൃതാഃ."

ദവീകരഭേദങ്ങൾ:—തത്ര ദൎവ്വീകരാഃ—കൃഷ്ണസൎപ്പോ, മഹാകൃഷ്ണഃ, കൃഷ്ണോദരഃ, ശ്വേതകപോതോ, മഹാകപോതോ, ബലാഹകോ, മഹാസൎപ്പഃ, ശംഖപാലോ, ലോഹിതാക്ഷോ, ഗവേധുകഃ, പരിസൎപ്പഃ, ഖണ്ഡഫണഃ കകുദ-പദ്മോ, മഹാപദ്മോ, ദൎഭപുഷ്പോ, ദധിമുഖഃ, പുണ്ഡരീകോ, ഭ്രൂകുടീമുഖോ, വിഷ്കിരഃ, പുഷ്പാഭികീൎണ്ണോ, ഗിരിസൎപ്പഃ, ഋജുസൎപ്പഃ, ശ്വേതോദരോ, മഹാശിരാ, അലഗൎദ്ദോ, ആശീവിഷ ഇതി.

തഥാ ശാർങ്ഗഷ്ടമൂലം ച മരിചേന സമം പിബേൽ
ഗുള്ളൂചിതന്നുടേമൂലം മുളകുംക്കൂട്ടിയും തഥാ. ൧൦

അരച്ച ചന്ദനോശീരം കുടിച്ചാലും വിഷം കെടും
ചെറുചീരയതും നല്ലോരശ്വഗന്ധമതും തഥാ. ൧൧

സൈന്ധവാക്ദലം പിഷ്ട്വാ പായയേന്നരവാരിണാ
സർവ്വദർവ്വീവിഷം ഹന്ത്യാത്തിമിരം ഭാനുമാനിവ. ൧൨

ശിരീഷാക്കസുമം ബീജം വ്യോഷവും തുല്യമായുടൻ
അൎക്കക്ഷീരേഥ സംപിഷ്ട്വാ വിഷം പാനാദിനാ ഹരേൽ. [൧൩

നസ്യാഞ്ജനാദികൾക്ക.

താംബൂലോന്മത്തപത്രാണാം രസേ പിഷ്ട്വാഥ സൈന്ധവം
നസ്യംചെയ്താലുണന്നീടും വിഷസുപ്തകനഞ്ജസാ. ൧൪

ഗുഞ്ജാബീജം ച മരിചമിലഞ്ഞിക്കുരുവെന്നിവ
സുജലേ ദ്രോണതോയേ വാ പിഷ്ട്വാ നസ്യാഞ്ജനേ ഹിതം. [൧൫

തുളസീതുമ്പതൻതോയേ മരിചംക്കൂട്ടി നസ്യമാം
ഒററയുള്ളി വചാ കായം നസ്യംചെയ്ക നരാംബുനാ. ൧൬

രാമഠം മരിചം നല്ല സൈന്ധവം രസമെന്നിവ
സുജലേ വാഥ വൈകുണ്ടതോയേ നസ്യം പ്രബോധകൃൽ. ൧൭

കയ്യുണ്ണിച്ചാററിൽ മരിചം നസ്യംചെയ്താലുണന്നിടും
ഉള്ളിയും കായവുംക്കൂട്ടി നസ്യം ചന്ദനവാരിണാ. ൧൮

ലശുനം ടംകണം വ്യോഷം വചാ കായങ്ങളെന്നിവ
തുമ്പച്ചാററിലരച്ചിട്ടു ഗുളികീകൃത്യ സംഗ്രഹേൽ ൧൯

നസ്യാഞ്ജനാദിചെയ്തീടിലുണരും വിഷമോഹിതൻ
കായം കയ്യുണ്ണിനീർതന്നിലരയ്ക്കണമിതേററവും ൨൦

കാക്കമെട്ടയിലിട്ടിട്ടങ്ങുണക്കിക്കൊണ്ടു പിന്നതു്
തുളസീപത്രതോയേ വാ കിംശുകസ്യ രസേഥവാ ൨൧

സുജലേ ദ്രോണതോയേ വാ ശിഗ്രുപത്രരസേപി വാ
നസ്യംചെയ്താലുണന്നീടും വിഷമൂർച്ഛകലന്നവൻ. ൨൨

മററും പലതുമുണ്ടിന്നും നസ്യപാനാദികാൾക്കിഹ
സമസ്തയോഗം ചൊല്ലുമ്പോൾ ചൊല്ലീടാമവയൊക്കയും.
[൨൩൮

ഇതി ജ്യോത്സ്നികായാം

ദർവീകരചികിത്സാധികാരം സമാപ്തം.

---

## അധികാരം ൬.

### * മണ്ഡലിചികിത്സ.

#### മണ്ഡലിഭേദങ്ങൾ.

ശ്വേതഃ കൃഷ്ണശ്ച കുടിലോ മഹാൻ ഭ്രയസ്തഥാ ഭ്രമഃ
†സൂചീതീക്ഷ്ണശ്ച കൃഷ്ണശ്ച പിശാചോ ഹേമ ഏവ ച. ൧
വിസർപ്പഃ പീതനേത്രാഖ്യോ നാഗഃ കുംഭശ്ച ശോണിതഃ
ശോഭശ്ചൈവ പ്രസിദ്ധാസ്സ്യുർഭുവി ഷോഡശ മണ്ഡലാസാഃ. ൨

ഇങ്ങനേ പതിനാറുള്ള മണ്ഡലിക്കൊക്കയും ക്രമാൽ
വേറിട്ടു ചൊല്ലീട്ടുണ്ടല്ലോ ലക്ഷണങ്ങൾ ചികിത്സയും. ൩
അവ സൂക്ഷിച്ചറിഞ്ഞീടാനെത്രയും പണിയുണ്ടിഹ
എന്നുവച്ചതിനൊന്നായിച്ചൊന്നതുണ്ടതു ചൊല്ലുവൻ. ൪

#### പാനലേപനാദിയോഗങ്ങൾ.

നീലികാമൂലമാഹൃത്യ പിഷ്ട്വാ കോഷ്ണാംബുനാ പിബേൽ
തദേവ ലേപയേദ്ദംശേ മണ്ഡലീനാം വിഷക്ഷയം. ൫
കരഞ്ജമൂലംതന്മേലേതൊലി പിഷ്ട്വാ പ്രലേപയേൽ

---

* മണ്ഡലിലക്ഷണം:—

"മജ്ഞയാമണ്ഡലിനോഽഭോഗാ മണ്ഡലൈർവിവിധൈശ്ചിതാഃ
പ്രാംശവോ മന്ദഗമനാഃ."

മണ്ഡലിഭേദങ്ങൾ:—ആദർശമണ്ഡലഃ, ശ്വേതമണ്ഡലോ, രക്തമണ്ഡലഃ, ചിത്രമണ്ഡലഃ, പൃഷതോ, രോദ്ധ്രപുഷ്പോ, മലിന്ദകോ, ഗോനസോ, വൃദ്ധഗോനസഃ, പനസോ, മഹാപനസോ, വേണുപത്രകഃ, ശിശുകോ, മദനഃ, പാലിന്ദിരഃ, പിംഗലതന്തുകഃ, പുഷ്പപാണ്ഡുഃ, ഷഡംഗോ, അഗ്നികോ, ബഭ്രുഃ, കഷായഃ, കലുഷഃ, പാരാവതോ, ഹസ്താഭരണഃ, ചിത്രക, ഏണീപദഃ ഇങ്ങനേയും മണ്ഡലിഭേദം കാണപ്പെടുന്നുണ്ട്.

† "സതീക്ഷ്ണശ്ചാപി." എന്നു പാഠഭേദം,

കുടിപ്പൂ ഘോണസാനാം ച വിഷം നശ്യതി തൽക്ഷണാൽ. ൬

ചന്ദനം ശീതതോയേന കുടിപ്പൂ വിഷശാന്തയേ
നീർപാറകത്തിൻവേർമേൽത്തോൽ പിഷ്ട്വാ പീത്വാ വിഷം
[ഹരേൽ. ൭

തഥാ പാതിരിമൂലം ച കുടിപ്പൂ ലേപയേച്ച തൽ
കാകോളജാലം ഹരതി ശശാങ്കസ്തിമിരം യഥാ. ൮

തഥാ വെൺകാരവേർമേൽത്തോൽ കുടിച്ചാലും വിഷംകെടും
അവിൽപ്പൊരി വചാ ശീതം കുടിച്ചാലും തഥൈവ ച. ൯

അരച്ചുതേപ്പൂ പുണ്ണിങ്കൽ മൂലം കാരസ്കരസ്യ ച
ഘോണസാനാം വിഷം തീരും ശാരിബാ വചയും തഥാ. ൧൦

മധുകം ചന്ദനം നല്ല രാമച്ചം സമമായുടൻ
നസ്യപാനാദിചെയ്തീടിലൊഴിയും വിഷമഞ്ജസാ. ൧൧

കാത്തോട്ടികരളേകങ്ങൾ കുടിച്ചാൽ ഗരമാശു പോം
പുനന്നവാക്മൂലങ്ങൾ ലിപ്ത്വാ പീത്വാ വിഷം ജയേൽ. ൧൨

ലോദ്ധ്രശീതനിശായുഗ്മസരളാക്വാഃ സവില്വകാഃ
മഞ്ജിഷ്ഠാ പാടലീമൂലസമേതാഃ ക്ഷ്വേളശാന്തയെ. ൧൩

തകരം ചന്ദനം കൊട്ടം മധുകോശീരശാരിബാഃ
തുല്യാംശപാനാൽ കാകോളം ഹരേല്ലേപാദിനാ തഥാ. ൧൪

നിംബനീലീകരഞ്ജാനാം മൂലം പിഷ്ട്വാ തു പായയേൽ
ശീഘ്രം വിഷങ്ങളെല്ലാംപോം ലേപനാദിയതിന്നുമാം. ൧൫

പെരുങ്കുരുമ്പയും പാടക്കിഴങ്ങും സൈന്ധവം വചാ
സേവിപ്പൂ ലേപനം ചെയ്വൂ ദഷ്ടോ നഷ്ടവിഷോ ഭവേൽ.
[൧൬

വിഷസുപ്തനുണരുവാൻ (നസ്യയോഗങ്ങൾ).

കുപ്പമഞ്ഞളിലച്ചാററിൽ ചുക്കും മുളകുമുള്ളിയും
കലൻ്റു നസ്യംചെയ്താലങ്ങുണരും വിഷസുപ്തകൻ. ൧൭

കരുത്തതുളസീശിഗ്രുപത്രങ്ങൾക്കുള്ള നീരതിൽ
സൈന്ധവം മുളകുംക്കൂട്ടി നസ്യാം മോഹവിനാശനം. ൧൮

ഇന്ദ്രവല്ലീരസേ വിശാം വിഷവേഗഞ്ച സൈന്ധവം
ഉള്ളിയുംകൂട്ടി നസ്യംചെയ്കുണരും വിഷമോഹിതൻ. ൧൯

തുമ്പയും തുളസീപത്രം മുളകും കൂട്ടിയും തഥാ
നൊച്ചിതുമ്പയതിൻതോയേ മരിചംകൂട്ടി നസ്യമാം. ൨൦

ഇലഞ്ഞിക്കുരുവും ചുക്കും മുളകും ലശുനം സമം
സ്വാത്മതോയേന നസ്യംകൊണ്ടുണരും മോഹിതൻ ദ്രുതം. ൨൧

വിഷമോഹിതൻ ഉണരുവാൻ (അഞ്ജനയോഗങ്ങൾ).

ശിരീഷമൂലം മരിചം പിപ്പലീ വെററിലനീരതിൽ
എഴുതു കണ്ണിലെന്നാലങ്ങുണരും ക്ഷ്വേളമോഹിതൻ. ൨൨

പുരാണമരിചംതന്നെ പോരുമെന്നിഹ കേചന
തുളസീപത്രതോയത്തിലിലഞ്ഞിക്കുരുവഞ്ജയേൽ. ൨൩

ഇന്തുപ്പും തോരയും കൂട്ടീട്ടെഴുതാം കണ്ണിലഞ്ജനം
വ്യോഷം തന്നേതഴച്ചിട്ടുമെഴുതാമഞ്ജനം ദൃശോഃ. ൨൪

വിഷോപദ്രവചികിത്സ (സാമാന്യം).

ചിത്തഭ്രമം വരുന്നേരം രാമച്ചം ചന്ദനം പിബേൽ
പ്രസ്രവം മഞ്ഞളിച്ചീടിൽ പുങ്ങുന്തോൽ കോഷ്ണവാരിയിൽ
പനിയുണ്ടാകിലന്നേരം പുളിവേർ പാലിലും തഥാ [൨൫
ഫലത്രയം കുടിക്കേണം ഛർദ്ദിയുണ്ടാകിലപ്പൊഴേ. ൨൬

ഉഷ്ണിച്ചിട്ടു വലഞ്ഞീടിൽ രാമച്ചമിരുവേലിയും
തേപ്പൂ ചന്ദനവുംകൂട്ടി സർവാംഗം വിഷദഷ്ടനേ. ൨൭

ചോര ഛർദ്ദിക്കിലന്നേരം പാലിൽ വേപ്പില പായയേൽ
കദംബത്തോൽ കുടിക്കേണം തഥാ രക്തം സരിച്ചിടിൽ. ൨൮

നാനാസന്ധുക്കളിൽപാരം തളച്ച്യുളവാകിലോ
പുനന്നവം കുടിക്കേണം കോഷ്ണവാരിയതിൽ പുനഃ. ൨൯

ജ്വരം വിട്ടുപോയീടിൽ സൈന്ധവത്ര്യൂഷണം തഥാ
ദാഹിക്കിൽ കദളീകന്ദതോയവും ക്ഷീരവും പിബേൽ. ൩൦

മാലതീപത്രതോയത്തിൽ തൈലവുംചേർത്തു പായയേൽ
ചോരതുപ്പുന്നതെല്ലാം പോം മൂക്കിലൂടെ വരുന്നതും. ൩൧

രോമകൂപേഷു സർവ്വാംഗം ചോരകാഞ്ഞിലതിന്നിഹ
ശിഗ്രുമൂലം നുറുക്കിക്കൊണ്ടോട്ടിലിട്ടു വറുത്തതു ൩൨

പൊടിച്ചുപൊടിയാക്കീട്ടു കരടെല്ലാം കളഞ്ഞുടൻ
പശുവിൻനെയ്യിൽ മേളിച്ചു സർവ്വാംഗം പരിമർദ്ദയേൽ. ൩൩

മലമൂത്രങ്ങൾ പോകാതെ സങ്കടം വരികിൽ തദാ
പിപ്പല്യേലത്തരീരണ്ടും നാളികേരോദകേ പിബേൽ ൩൪

കോഷ്ണതോയേ കുടിച്ചാലും മലമൂത്രമൊഴിഞ്ഞുപോം.
ഇവകൊണ്ടുദരേ ധാര നിതരാം ചെയ്കിലും ഗുണം. ൩൫

മൂഷികാനാം മലം നല്ല വെള്ളരിക്കുരുവെന്നിവ
അരച്ചു നാഭിതൻ കീഴേ പുരട്ടീടുകിലും തഥാ. ൩൬

പറിച്ചരച്ചു മണലീ നാഭിക്കീഴേ തലോടുക
കരിനൊച്ചിയുടെവേരും മൂത്രദോഷേ പ്രലേപയേൽ. ൩൭

നന്നാറി ചന്ദനം നല്ല മധുകം മൂന്നുമൊപ്പമായ്
കഷായംവച്ചു സേവിപ്പൂ കിഞ്ചിന്മധുസിതായുതം. ൩൮

രക്തദുഷ്ട്യങ്ങളെല്ലാം പോം തഥാ കുടചമൂലവും
ക്ഷീരേണ ക്ഷീരവൃക്ഷാണാം കഷായം സസിതാകണം ൩൯

സേവിച്ചാൽ മണ്ഡലിക്ഷ്വേളരക്തദുഷ്യം കെടും ദ്രുതം.
തഥാ മഞ്ചട്ടി നന്നാറി പചിച്ചുള്ള കഷായവും ൪൦

തിരുതാളിയുടെപത്രം പിഷ്ടാ വെള്ളവുമായതു
ചാലിച്ചു തലയിൽ തേച്ചാൽ കെടും രക്തസ്രവം തഥാ. ൪൧

വെണ്ണയും തയിരും തേനും കൊട്ടം ത്രികടു സൈന്ധവം
ഗൃഹധൂമം ച മഞ്ചട്ടിപ്പൊടിയും മരമഞ്ഞളും. ൪൨

ഇച്ചൊന്നതെല്ലാമൊന്നിച്ചു കൂട്ടിച്ചാലിച്ചുകൊണ്ടഥ
സർവ്വാംഗം തേപ്പു മർദ്ദിപ്പൂ മണ്ഡലിക്ഷ്വേളമാശു പോം. ൪൩

രക്തമണ്ഡലിദഷ്ടന്നു വിശേഷിച്ചും ശുഭപ്രദം
പാലിൽ പചിച്ചരച്ചിട്ടു നെല്ലിത്തൊലിയതിൽ പുനഃ. ൪൪

മസ്താം ചന്ദനവും ചേർത്തു നെററിമേൽ തേച്ചുകൊള്ളുക
നെററിനോവുടനേ തീരും ജ്വരംപുകയുന്നതും. ൪൫

നേത്രരോഗം ഭവിച്ചീടിലതും തീൎന്നീടുമഞ്ജസാ
ചൊല്ലുവൻ വിഷവീക്കങ്ങൾ പോക്കുവാനൌഷധങ്ങളെ. ൪൬

പുനൎന്നവം മുരിങ്ങേടെമൂലവും വാകമൂലവും
അമുക്കുരമതും കൂട്ടീട്ടരച്ചിട്ടുപുരട്ടുക. ൪൭

അമ്പഴത്തൊലിയും തഥാദുങ്ങിൻേറതൊലിയും പുനഃ
തിന്ത്രിണിത്തൊലി മാവിൻെറതൊലിയും കരളേകവും ൪൮

വയമ്പും പാടതൻവേരും മഞ്ഞളെന്നിവയൊക്കയും
കാടിതന്നിലരച്ചിട്ടുതേച്ചാൽ വീക്കമൊഴിഞ്ഞുപോം. ൪൯

ഉമ്മത്തിൻകാ തുരന്നിട്ടു കുരു പാതി കളഞ്ഞതിൽ
കുറഞ്ഞൊന്നുപ്പുമിട്ടിട്ടു കാടിവീഴ്ത്തിവെതുമ്പുക. ൫൦

അരച്ചു വീക്കമുള്ളേടത്തൊക്കെത്തൊട്ടുപുരട്ടുകിൽ
മണ്ഡലീവിഷവീക്കങ്ങളെല്ലാംപോയ്മറയും ദ്രുതം. ൫൧

കൊട്ടം തകരവും നല്ല രാമച്ചം ചന്ദനം തഥാ
മധുകം ശാരിബാമൂലമെല്ലാം തുല്യമരച്ചുടൻ ൫൨

തൊട്ടുതേച്ചാൽ കെടും വീക്കം കുടിച്ചാൽ വിഷവും കെടും
നസ്യത്തിന്നും ഗുണംതന്നെ മൂൎദ്ധാവിങ്കലുമാമതു്. ൫൩

തമിഴാമയെരിക്കിൻെറമൂലവും വിഷവേഗവും
ഞെരിഞ്ഞിൽ പാടതൻമൂലം വയമ്പും ചന്ദനം നിശാ ൫൪

അഘോരി പുങ്ങിൻതൊലിയും തുല്യമായിവയൊക്കെയും
കാടിതന്നിലരച്ചിട്ടു തേച്ചാൽ വീക്കമൊഴിഞ്ഞുപോം. ൫൫

ഇന്തുപ്പും പശുവിൻനെയ്യുംകൂട്ടിപ്പുണ്ണിൽത്തലോടുക
വീക്കവും ചൂടുമാനോവുമൊഴിഞ്ഞീടുമശേഷമേ. ൫൬

മൃണാളം ദശപുഷ്പം ച വേമ്പാടയമൃതും നിശാ
ദീൎഘവൃന്തകരഞ്ജത്വക് തഥാ ശിഗ്രുശിരീഷയോഃ ൫൭

പുനൎന്നവം വചാ ഭൂയശ്ചന്ദനം ശാരിബാ കണാ
പഥ്യാ ദാൎവ്വീ ശംഖമൂലീ പാഠാ മേഘരവം തഥാ ൫൮

ഉശീരമമരീമൂലം മരിചം ശരപുംഖവും
തുല്യം കാടിയതിൽ പിഷ്ട്വാ തേപ്പൂ വീക്കമൊഴിഞ്ഞുപോം.
[൫൯

### കിഴിപ്രയോഗം.

മാൎജ്ജാരവന്ദിനീപത്രം കരിവേപ്പിന്റെ പത്രവും
വേലിപ്പരുത്തിയിലയും തഥാ മാൎത്താണ്ഡപത്രവും ൩൦

തിന്ത്രിണ്യുന്മത്തപത്രഞ്ച കാൎത്തോട്ടിയുടെ പത്രവും
ശിഗ്രുപത്രവുമൊപ്പിച്ചു കാടിനീരിലരച്ചുടൻ ൩൧

യോജിപ്പിച്ചതിനോടൊപ്പമെരുമച്ചാണകം പുനഃ
കൂട്ടിച്ചാലിച്ചു രണ്ടായിട്ടംശിച്ചു കിഴികെട്ടുക ൩൨

മൺപാത്രത്തിലതാക്കീട്ടു കാടിവീഴ്ത്തിപ്പുതറവുക
ഗോമൂത്രത്തിൽ പതിച്ചാലും വേണ്ടതില്ലെന്നു കേചന. ൩൩

അടച്ചു പുകപോകാതെ പാകംചെയ്തിട്ടെടുത്തുടൻ
കിഞ്ചിൽ ചൂടോടെ തടവൂ വീക്കമുള്ളേടമൊക്കയും. ൩൪

പാരിച്ച വീക്കമായീടിൽ തടവൂ മൂന്നുനേരവും
ആജ്യം തൊട്ടുപിരട്ടീട്ടു കാച്ചിക്കൊൾകെന്നു കേചന. ൩൫

ഇവയെല്ലാമിടിച്ചിട്ടു പിഴിഞ്ഞുള്ള ജലം പുനഃ
കിഞ്ചിൽ കവോഷ്ണമാകുമ്പോൾ ധാരചെയ്തീടിലും ഗുണം. ൩൬

ഇച്ചൊന്നതെല്ലാം പേഷിച്ചു പുരട്ടീടുകിലും തഥാ
വീക്കമെല്ലാമൊഴിഞ്ഞീടുമേറെ നല്ലു കിഴിക്രിയാ. ൩൭

### വീക്കത്തിന്നു പുരട്ടാൻ സിദ്ധൌഷധം.

ചൊല്ലാം മണ്ഡലിതന്റെ വീക്കമുടനേ
നീങ്ങുന്ന സിദ്ധൌഷധം
ഉങ്ങിൻതോലൊടവിൽപൊരീ പുളിദലം
പാടക്കിഴങ്ങും വചാ
കൊഞ്ഞാണിത്തൊലി കാഞ്ഞിരത്തിലുളവാം
പുല്ലുണ്ണി, നൽച്ചന്ദനം
പിന്നെച്ചാരുകൊഴിഞ്ഞിൽവേരമരിവേർ
നെന്മേനിവാകത്തൊലി. ൩൮

പശ്ചാത്തത്ര കഴഞ്ചിവെരഴകിനോ-
ടാകാശതാർക്ഷ്യം പുന-
ശ്ചെത്തീട്ടും മലർ പച്ചമഞ്ഞളം ദശപു-
ഷ്പത്തോട്ട വ്രീഹിക്കരീ
നല്ലോരീശ്വരമൂലിയും തിനയത്തും
ചൊല്ലാം മുരിങ്ങത്തൊലീ-
യെന്നിത്യാദി സമേന കാടിസലിലേ
പിഷ്ട്വാ വ്രണേ ലേപയേൽ. ൯൯

ശിഗ്രുപുനൎന്നവ മഞ്ഞളം വയമ്പും
ചന്ദനപാഠയൊടീശ്വരമൂലി
യഷ്ടിശിരീഷഞെരിഞ്ഞിലുമൊപ്പം
തേച്ചിലുടൻ വിഷവീക്കമടങ്ങും. ൧൦

മാതുഘ്നോതി വചാ ശംഖമൂലിയും ചന്ദനം നിശാ
പുങ്ങും രാമച്ചവും പിഷ്ട്വാ തേപ്പൂ വീക്കമൊഴിഞ്ഞുപോം.
[൧൧

ധാരാപ്രയോഗങ്ങൾ.

ശുദ്ധതോയേ തഴച്ചിട്ടു കലക്കീട്ടഥ ചന്ദനം
ധാരയിട്ടാലൊഴിഞ്ഞീടും വിഷവൈഷമ്യമൊക്കയും. ൧൨.

കാക്കത്തൊണ്ടി കുറിച്ചൂലി ശതമൂലീടെ മൂലവും
കാടിതന്നിലരച്ചിട്ടങ്ങതിനാൽ ധാരചെയ്യണം. ൧൩

വിഷവും വ്യാക്കവും പിന്നെ നോവും ചൂട്ടമഴൽച്ചയും
തോദം വേദനയിത്യാദിയെല്ലാം പോം ധാരയാ ദൃഢം. ൧൪

തുക്കധാര.

വീക്കം പാരമതായീടിൽ തുക്കധാര കഴിക്കണം
തുക്കപാത്രത്തിലിട്ടേച്ചാൽ ഗുണം നിംബദലം തുളോം. ൧൫

കാരസ്കരത്തിൻപുല്ലുണ്ണി ചന്ദനം ശതമൂലിയും
കററാഴനീരും കൂശ്മാണ്ഡത്തലയേരണ്ഡപത്രവും. ൧൬

ഒപ്പിച്ചു തോയേ ചേൎത്തിട്ടു ധാരചെയ്വൂ നിരന്തരം
ഉടനേ ചെയ്തുകൊണ്ടീടിൽ പൊള്ളുകില്ല വിഷക്ഷതം. ൧൭

ശോഫത്തിന്നും ഗുണംതന്നെ വിഷം പോവതിന്നും തഥാ
ഉഷ്ണിച്ചിട്ടുളവാകുന്ന സങ്കടം പലതും കെടും. ൧൮

നാല്പാമരാദിലേപയോഗങ്ങൾ.

നാല്പാമരങ്ങളൊപ്പിച്ച കഷായംവച്ചെടുത്തുടൻ
ദൂർവ്വാരസമതും പിന്നെ കദളീകന്ദതോയവും. ൧൯

എല്ലാം തുല്യം കലൎന്നിട്ടു കുറുക്കു തീമെൽവച്ചതു്
നാലൊന്നു കുറുകുന്നേരമതിൽ ചന്ദനവും പുനഃ. ൨൰

അശ്വഗന്ധമതും നന്നായരച്ചിട്ടു കലക്കണം
മന്ദാഗ്നിയാൽ കുറുക്കീട്ടു ശൎക്കരപ്പാകമാക്കിയാൽ. ൨൧

വാങ്ങിക്കൊണ്ടൊരുപാത്രത്തിലാക്കിത്തൊട്ടുപുരട്ടുക
വിഷവും വീക്കവും തീരും നോവും ദാഹമതും തഥാ. ൨൨

വ്രണപ്പെട്ടവതെന്നാകിലതിന്റെ വിഷമങ്ങളും
ദുഷ്ടമെല്ലാമൊഴിഞ്ഞീടും പൊള്ളാതാവതിന്നും ഗുണം. ൨൩

ഏകനായകമൂലത്തിൻകഷായത്തിലുമങ്ങനെ
ഉണ്ടാക്കീട്ടു പുരട്ടീടിൽ സങ്കടങ്ങളൊഴിഞ്ഞുപോം. ൨൪

അതിന്റെ വേർമേൽത്തോൽതന്നെ വെള്ളം കൂടാതരച്ചുടൻ
കിഞ്ചിൽ ചൂൎണ്ണമതുംകൂട്ടി പുരട്ടു വ്രണനാശനം. ൨൫

അതുതന്നെ*യെടുത്തിട്ടു പൊടിയാക്കിയെടുത്തുടൻ
പുണ്ണിലിട്ടിട്ടമൎത്തീടിലുടനേ പോം വ്രണം തദാ. ൨൬

കാഞ്ഞിരത്തിലുളായീടും പുല്ലുണ്ണിയുടെപത്രവും
തഥാ മോതിരവള്ളീടെപത്രവും കൊണ്ടുവന്നുടൻ. ൨൭

ഓരോന്നൊറയിടിച്ചിട്ടുപിഴിവു നീരിലിട്ടതു
തീയിൽവച്ചു കുറുക്കീട്ടു ശൎക്കരപ്പാകമാക്കിയാൽ ൨൮

മുത്താറിമലരിൻചൂൎണ്ണമിട്ടിളക്കേണമഞ്ജസാ
തൊട്ടുതൊട്ടുപുരട്ടീട്ടു മണ്ഡലിപ്പുണ്ണിനൊക്കയും ൨൯

ദുഷ്ടരക്തങ്ങളും തീരും കേടുമെല്ലാമകന്നുപോം
ദുൎഗ്ഗന്ധമേററമുണ്ടാകുമെന്നദോഷങ്ങളാശുപോം. ൩൰

* വറുത്തിട്ട (എന്നു പാഠഭേദം),

പിന്നെപ്പുണ്ണമരാനുള്ള പ്രയോഗം ചെയ്തുകൊള്ളുക
എന്നാൽ കലചൊറിഞ്ഞിട്ടു പൊട്ടുകില്ലൊരുനാളുമേ. ൯൧

വ്രണത്തിൽ ധാരചെയ്യാൻ തൈല(വെളിച്ചെണ്ണ)യോഗങ്ങൾ.

ദൂർവ്വാരസാദി.

പുരാണനാളികേരാജ്യം നാനാഴിയതുകാച്ചുവാൻ
ദൂർവ്വാരസം നാൽമടങ്ങു കല്ക്കം മധുകമേവ ച. ൯൨

കാച്ചിപ്പാകത്തിൽവാങ്ങീട്ടു ധാരചെയ്ക വ്രണേ പുനഃ
പഞ്ഞിയുംകൂടെയിട്ടേച്ചാൽ മണ്ഡലിപ്പുണ്ണുപോം ദൃഢം. ൯൩

ബ്രഹ്മീരസാദി.

ബ്രഹ്മിയും ദൂർവ്വയുംകൂടെപ്പിഴിഞ്ഞുള്ളൊരുനീരതിൽ
പഴതായുള്ളതേങ്ങാനെയ് കാച്ചൂ കല്ക്കസ്യ മഞ്ഞളും, ൯൪

നാല്പാമരത്തോൽ മധുകം വ്യോഷവും മലയോത്ഭവം
ചെത്തിവേരുമതൊപ്പിച്ചു കൂട്ടിക്കാച്ചിയരിച്ചതു ൯൫

തുളിച്ചുകൊൾക പുണ്ണിങ്കൽ ധാരയും വിഷനാശനം
തൽക്കല്ക്കം പരിമട്ടിച്ചു പുരട്ടിക്കൊൾകയും ഗുണം. ൯൬

ഞെട്ടാഞെട്ടങ്ങാദി.

ഞെട്ടാഞെട്ടങ്ങയും ദൂർവ്വാ ചെറുതാംകടലാടിയും
മുരിക്കിൻപത്രവും പച്ചമഞ്ഞളും കൊണ്ടിടിച്ചുടൻ ൯൭

പിഴിഞ്ഞുണ്ടായതോയത്തിൽ തേങ്ങാനെപാകമാചരേൽ
കല്ക്കത്തിന്നു വയമ്പേകനായകം മരമഞ്ഞളും ൯൮

ചെത്തിവേർ പാടതൻമൂലമുറിതൂക്കി കടുത്രയം
മഞ്ജിഷ്ഠാ ചന്ദനം ശ്യാമാ സമാംശം ചേർത്തുകൊണ്ടിവ
[൯൯
വെന്തെടുത്തു വ്രണേ ധാരചെയ്ക ക്ഷേപളക്ഷതം കെടും.

ഏകനായകമൂലാദി.

ഏകനായകവേർമേൽത്തോൽ കഷായംവച്ചെടുത്തതിൽ
[൧൦൦
നാലൊന്നു നെയ്യും ചേർത്തിട്ടു ശനൈർമ്മന്ദാഗ്നിനാ പചേൽ
കഷായനീരൊടൊപ്പിച്ചു കറുകയ്ക്കുള്ള നീരതും ൧൦൧

ജാതീപത്രരസം പാതി പാതി നാരങ്ങനീരതും

ചേൎത്തുകൊള്ളുക കല്ക്കത്തിന്നത്ര *പൂൎവ്വോക്തമൂലവും ൱൰൨
കാച്ചിവാങ്ങിപ്പുരട്ടിക്കൊൾകൊശ്ശു തീരും വിഷവ്രണം.

പംക്തിപ്രസൂനാദി.

തഥാ പംക്തിപ്രസൂനങ്ങൾ പിഴിഞ്ഞുണ്ടായ നീരിലും [൱൰൩
കാച്ചിക്കൊള്ളാം തത്ര കല്ക്കം കാഞ്ഞിരത്തിന്റെപല്ലവം
നന്മഞ്ഞളവി വേമ്പാട താംബൂലം യഷ്ടി ശാരിബാ ൱൰൪
അഭ്രഘലാരീ നീലികാമൂലം വചാ ചന്ദനയുഗ്മവും
കൂട്ടിവെന്തു നിഷിഞ്ചേത്തദ്വ്രണശോധനരോപണം ൱൰൫
ഇതിന്റെ കല്ക്കവും നന്നു പേഷിച്ചിട്ടു പുരട്ടുവാൻ.

പാരന്ത്യാദി.

പാരന്തീവെരിമൂലങ്ങൾ നാല്പാമരത്തിൻതൊലി ൱൰൬
പലമോരോന്നതെല്ലാമങ്ങാറിടങ്ങഴിനീരതിൽ
കഷായംവച്ചെട്ടത്തിട്ടു നാലൊന്നായാലതിൽ പുനഃ ൱൰൭
നാനാഴിനാളികേരാജ്യം പഴുതായതു ചേൎത്തുടൻ
പാകംചെയ്വൂ തത്ര പിന്നെച്ചെറുനാരങ്ങനീരതും ൱൰൮
പിച്ചകത്തിലതന്നീരും രണ്ടുമോരോരിടങ്ങഴി
ദൂൎവ്വാരസം തു തൈലാൎദ്ധം കൂട്ടിക്കൊൾകയതിൽ പുനഃ ൱൰൯
സ്ഫോടികാ ബ്രഹ്മി പുല്ലാന്നി പൎപ്പടം കിംശുകച്ഛദം
സിന്ധുസ്ഥായീ പച്ചമഞ്ഞൾ പേച്ചുരത്തിന്റെപത്രവും [൱൨൰
തുല്യംകണ്ടു പിഴിഞ്ഞുള്ള വെള്ളവും രണ്ടിടങ്ങഴി
ചേൎത്തുകൊണ്ടിഹ കല്ക്കത്തിന്നശ്വഗന്ധം നതം വചാ ൱൨൧
പാഠാ ഹരിദ്രായുഗ്മം ച ചന്ദനം വിഷവേഗവും
ത്രിഫലാ രോഹിണീ ശ്യാമാ മധുകം ത്ര്യൂഷണം ജടാ ൱൨൨
നാല്പാമരത്തോൽ പുല്ലാന്നിക്കായും വെററിലയെന്നിവ.
ഓരോവെള്ളിപ്പണത്തൂക്കമെല്ലാം പേഷിച്ചുകൊണ്ടതിൽ [൱൨൩
യോജിച്ചുകാച്ചിക്കൊള്ളേണമഥ കൎപ്പൂരവും, പുനഃ

* പൂൎവ്വോക്തമൂലം=മുക്കനായകത്തിൻവേർ.

ളുരിശ്ശും കൃഷ്ണമിമ്മൂന്നും തുക്കം മഞ്ചാടിയോടിട. ൧൧൪

അക്ഷബീജം കഴഞ്ചൊന്നു മദ്ദ്യയിതാ തു യോജയേൽ
ക്രമാൽ സൂക്ഷിച്ചുകൊണ്ടേവം പചേന്മന്ദാഗ്നിനാ ഭിഷക്
[൧൧൫

പാകത്തിങ്കലരിച്ചിട്ടു ഹോമിപ്പൂ ദീപ്തവഹ്നിയിൽ
ഹോമശേഷമതാം തൈലം ഗുരുവന്ദനപൂൎവ്വകം ൧൧൬

തൊട്ടുകൊണ്ടു ജപിച്ചിട്ടു ധാരചെയ്വൂ വിഷക്ഷതേ
ഉഷ്ണരക്തജലസ്രാവദുൎഗ്ഗന്ധവിഷമാദിയും ൧൧൭

വ്രണവും തത്സമീപത്തങ്ങുണ്ടാകും ചൊറിയെന്നിവ
എല്ലാം ശമിച്ചുപോം ശീഘ്രം നാഡികൂച്ചുന്നതും തഥാ
[൧൧൮

മണ്ഡലിപ്പുണ്ണിനത്യൎത്ഥം നന്നു മറവുള്ള പുണ്ണിനും
കല്ക്കംതന്നേ വ്രണം തീൎപ്പാൻ പോരും പിഷ്ടാ പുരട്ടുകിൽ
[൧൧൯

പാരന്ത്യാദിയതാം തൈലമേതന്മുഖ്യം വ്രണാപഹം
ആതുരന്റെ ശരീരത്തിൻദോഷവൈഷമ്യമോൎത്തുടൻ ൧൨൦

യുക്ത്യാ ദിവ്യൗഷധൈരേവം പോന്തിരാദിവിഷം ഹരേൽ.

ദശപുഷ്പങ്ങൾ.

പൂവാംകുറുന്തില, മുയൽച്ചെവി, വിഷ്ണു, ദൂൎവ്വാ,
കയ്യുണ്ണ്യ,ഴിഞ്ഞ, തിരുതാളി, നിലപ്പനാ, ച
മുക്കുറ്റിയും, ചെറുവുളാ, ദശപുഷ്പനാമ-
മെല്ലാമറിഞ്ഞതിനു വന്ദനചെയ്ക നിത്യം. ൧൨൧

ഇതി ജ്യോത്സ്നികായാം
മണ്ഡലിചികിത്സാധികാരം സമാപ്തം.

---

അധികാരം ൭.

* രാജിലചികിത്സ.

കല്ക്കയോഗങ്ങൾ.

രാജിലത്തിൻവിഷത്തിന്നു ചൊല്ലുന്നു ഞാൻ ചികിത്സകൾ
വെള്ളംകാച്ചിയതിൽ പിന്നെ വിശപ്പം പേഷിച്ചു പായയേൽ.

---

* രാജിലലക്ഷണം:—

"രാജീമന്തസ്തു രാജിലാഃ
സ്നിഗ്ദ്ധാ വിചിത്രവൎണ്ണാഭിസ്തിൎയ്യഗൂൎദ്ധ്വം ച ചിത്രിതാഃ."

പിപ്പലീ സൈന്ധവംരണ്ടും തുല്യമായിട്ടരച്ചുടൻ
കടുവാർണ്ണമായ വെള്ളത്തിൽ കുടിപ്പൂ ഗരശാന്തയേ. ൨

വെള്ളത്തശരപുംഖത്തിൻവേരരച്ചുകുടിക്കിലാം
വയമ്പും മുളകുംക്രൂട്ടിപ്പേഷിച്ചിട്ടും കുടിക്കിലാം. ൩

നാലൊന്നു ശുണ്ഠിയുംക്രൂട്ടി നീലികാമൂലവും തഥാ
ത്ര്യൂഷണംതന്നെ പേഷിച്ചു കുടിക്കാം കോഷ്ണവാരിയിൽ. ൪

നാരകത്തിലുള്ളായുള്ള പുല്ലുണ്ണിയുടെ പത്രവും
ചുക്കും ക്രൂട്ടിയരച്ചിട്ടു സേവിപ്പൂ രാൽവിഷം കെടും. ൫

ഇന്തുപ്പും കണയും തേനിൽ തുല്യമായിട്ടരച്ചുടൻ
ഗോമയത്തിൻജലംതന്നിൽ കുടിപ്പൂ രാൽവിഷാപഹം. ൬

അരേണുകമതും നല്ല കൊട്ടവും ചുക്കു തിപ്പലി
മരിചം ഗൃഹധൂമം ച രോഹിണ്യതിവിഷാഭയാ. ൭

തേനും കോഷ്ണാംബുവും ക്രൂട്ടീട്ടിവയെല്ലാമരച്ചുടൻ
കുടിപ്പൂ രാൽവിഷോദ്ഭൂതവികാരങ്ങൾ ശമിച്ചുപോം. ൮

മരമഞ്ഞളതും നല്ല ഗോരോചനയതും പുനഃ
സൈന്ധവേന സമം പിഷ്ട്വാ കുടിപ്പൂ ഗരശാന്തയേ. ൯

നന്ദ്യാവർത്തമതിൻമൂലം രാജിലാനാം വിഷേ പിബേൽ.

ലേപനൌഷധങ്ങൾ.

അരച്ചു ഗോപികാകന്ദം സപാത്മതോയേ പ്രലേപയേൽ.
[൧൦

തകരം ലശുനം വ്യോഷം സമാംശമിവയൊക്കയും
തുളസീപത്രതോയത്തിലരച്ചിട്ടു പ്രലേപയേൽ. ൧൧

രാജിലഭേദങ്ങൾ:—"പുണ്ഡരീകോ, രാജിചിത്രോ, അംഗുലരാജിഃ, ബിന്ദുരാജിഃ, കർദ്ദമകഃ, തൃണശോഷകഃ, സർഷപകഃ, ശ്വേതഹനുഃ, ദർഭപുഷ്പഃ, ചക്രകോ, ഗോധൂമകഃ, കിക്കിസാദ ഇതി."

രാജിലചികിത്സ:—

"പൂർവ്വേ രാജിമതാം വേഗേ/ലാബുഭിഃ ശോണിതം ഹരേൽ
അഗദം മധുസർപ്പിഭ്യാം സംയുക്തം പായയേത ച.
വാന്തം ദ്വിതീയേ ത്വഗദം പായയേദ്വിഷനാശനം
തൃതീയാദിഷു ത്രിഷേവം വിധിർദ്ദർവീകരോ ഹിതഃ." ഇത്യാദി.
"കടുകാതിവിഷാകുഷ്ഠഗൃഹധൂമഹരേണുകാഃ
സക്ഷൌദ്രവ്യോഷതഗരാ ഘ്നന്തി രാജിമതാം വിഷം."

കായം കണയുമിന്തുപ്പും നന്നാറി കരളേകവും
പ്രസ്രവത്തിലരച്ചിട്ടു തൊട്ടുതേപ്പൂ വിഷക്ഷയം. ൨൨

പെരുംകുരുമ്പയും വേപ്പിൻതൊലിയും വിഷവേഗവും
വ്യോഷമിന്തുപ്പുമൊപ്പിച്ചു തേപ്പൂ ശേഷം കുടിച്ചിട്ടു. ൨൩

മൃദ്ധ്വാവികല്പമിട്ടീടാം നസ്യത്തിന്നും ഗുണം തഥാ
രാജിലത്തിൻകുലത്തിന്റെ കാകോളമഖിലം കെട്ടും. ൨൪

കഫാധിക്യത്തിൽ ചെയ്യുവാൻ.

കഫമേററമതുണ്ടാകിലമൃതും മുളകും സമം
അരച്ചു കോഷ്ണതോയത്തിൽ കുടിച്ചാൽ കഫമാശു പോം.
[൨൫]

ഇഞ്ചിനീരിലരച്ചിട്ടു മരിചം തേനുമായുടൻ
കുടിച്ചാലുടനേതീരും കഫവൈഷമ്യമൊക്കയും. ൨൬

നസ്യാഞ്ജനാദി.

വ്യോഷവും മാഷവും കണ്ണിലെഴുതു തുളസീരസേ
വിഷസുപ്തനുണന്നീടും തഥാ ബകുളബീജവും. ൨൭

ഇലഞ്ഞിക്കുരുതൻബീജം മരിചം കൂട്ടിയും തഥാ
നസ്യാഞ്ജനങ്ങൾ മുൻചൊവയെല്ലാം യുക്ത്യാ പ്രയോജയേൽ.
[൨൮]

കാളോദരാഹി ദംശിച്ചാൽ ഗോപീചന്ദനമെന്നിവ
തുല്യാംശമായിപ്പേഷിച്ചു ലിപ്ത്വാ പീത്വാ വിഷം ഹരേൽ.
[൨൯]

ഇതി ജ്യോത്സ്നികായാം
രാജിലചികിത്സാധികാരം സമാപ്തം.

അധികാരം ൯.

ചികിത്സാക്രമം (സാമാന്യം).

തലയ്ക്കു തളംവയ്ക്കുവാൻ.

കരളേകം ച കയ്യുണ്ണി വചാ കായങ്ങളെന്നിവ
പ്രസ്രവേ ഭൃംഗതോയേ വാ പിഷ്ട്വാ മൂൎദ്ധ്നി വിലേപയേൽ.
[൧]

പാലിൽ പചിച്ച നെല്ലിക്ക മൂൎദ്ധാവിങ്കലിടാം തഥാ
നന്നാറി ചന്ദനംക്രൂട്ടിയരച്ചിട്ടുമിടാം പുനഃ. ५

കൎപ്പൂരം നീലികാമൂലമുത്തമാംഗേ തലോട്ടുക
തിരുതാളിയതും രണ്ടുമഞ്ഞളും ക്രൂട്ടിയും തഥാ. ൬

നെന്മേനിവാകയും പാടക്കിഴങ്ങും നന്നു മൂൎദ്ധ്നി
ഇന്ദ്രുപ്പാകാശതാൎക്ഷ്യം ച ക്രൂട്ടിയും തലമേലിടാം. ൭

ബ്രഹ്മി രോഹണി മുത്തങ്ങ പിഷ്ട്വാ ശിരസി ലേപയേൽ
ഗോപികാ ഗന്ധസാരം ച വെണ്ണയും ക്രൂട്ടിയും തഥാ. ൮

ഉറിതൂക്കിയതും നല്ല മാഞ്ചി കൊട്ടമമുക്കരം
അരച്ച തലയിൽത്തേപ്പൂ തഥാ മഞ്ചട്ടി ദൂൎവ്വയും. ൯

കുരുമ്പ തകരം കായം യോജിപ്പിച്ചുമിടാം തഥാ
നിംബ ദൂൎവ്വാ കരഞ്ഞത്തോലിവയും നന്നു മൂൎദ്ധ്നി. ൧൦

ചന്ദനോശീരസിന്ധൂത്ഥം വിഷവേഗം കടുത്രയം
കയ്യുണ്ണിനീരിൽ പേഷിച്ചു മൂൎദ്ധാവിങ്കലിടാം തഥാ. ൧൧

* സിരാവേധവിധാനം.

സിരാവേധങ്ങൾ ചെയ്തിട്ടു രക്തം നീക്കുക ദഷ്ടനു
ദംശിച്ചതിൻെറമേൽഭാഗം കീറീട്ടും ചോര നീക്കണം. ൧൨

കൎമ്മഷങ്ങളിരിക്കുന്ന സന്ധിയിൽ നിന്നുമങ്ങനെ
സ്കന്ധേ പൃഷ്ഠേപ്യുരുദേശേ ജാനുനോൎമ്മോചയേൽ ക്രമാൽ. [൧൩

ഉള്ളംകൈരണ്ടിലും തുടൽ പാദദ്വന്ദ്വതലത്തിലും
നെററിമേൽനിന്നുമവ്വണ്ണം പഞ്ചസ്ഥാനങ്ങളിങ്ങനെ. ൧൪

പ്രധാനമെന്നു ചൊല്ലുന്നു രക്തം നീക്കുവതിന്നിഹ
പ്രാണസന്ദേഹമെന്നാകിൽ മൂൎദ്ധാവിൽ കീറിനോക്കിലാം. [൧൫

* "സമന്തതഃ സിരാം ദംശാദ്വിദ്ധ്വാ കുശലോ ഭിഷക്
ശാഖാഗ്രേ വാ ലലാടേ വാ വേദ്ധ്യാസ്താ വിസൃതേ വിഷേ.
ഗൎഭിണിബാലവൃദ്ധാനാം സിരാവ്യധനവൎജ്ജിതം
വിഷാൎത്താനാം യഥോദ്ദിഷ്ടം വിധാനം ശസ്യതേ ഭൃശം.
രക്താവസേകാഞ്ജനനാനി നരതുല്യാന്യജാവികേ
ത്രിഗുണം മഹിഷസോഷ്ട്രേ ഗവാശേ ദ്വിഗുണം ഉതൽ,
ചതുൎഗ്ഗുണം ച നാഗാനാം."

യുക്ത്യാ മററുള്ള ദേശത്തും കീറേണ്ടിവരുമേകദാ
തത്തൽക്കാലോചിതം ജ്ഞാത്വാ കുൎയ്യാൽ പട്ടമതിൎഭിഷക്. [൧൩

ഓരോ ദേശത്തു കീറേണ്ടും ശസ്ത്രത്തിന്റെ ക്രമങ്ങളും
മൎമ്മവും മററുമെല്ലാമേ നിൎണ്ണയിച്ചാചരേദിദം. ൧൪

മത്തനും ക്ഷീണനും പിന്നേ കാതരന്നും വിഷണ്ഡനും
കൃശനും സ്ഥൂലദേഹിക്കും രോഗമുള്ളവനും തഥാ. ൧൫

പൈദാഹമേററമുള്ളോൎക്കും വൃദ്ധനും ബാലകന്നപി
ഗൎഭമുള്ള ജനത്തിന്നും കീറീടരുതു നാഡിയെ. ൧൬

ഇച്ചൊന്നവൎക്കു രക്തത്തെ കൊമ്പുവച്ചിട്ടു നീക്കണം
അട്ടയിട്ടും കളഞ്ഞീടാം സിരാവേധം വിവൎജ്ജയേൽ. ൧൭

ഏററം നടന്നുവന്നോൎക്കും സംഗമക്ഷീണനും പുനഃ
രക്തം ശൃംഗാദികൾകൊണ്ടു നീക്കൊല്ലെന്നുപദേശമാം. ൧൮

ദുഷ്ടന്റെ ദേഹത്തിങ്കേന്നു രക്തം നാഴി കളഞ്ഞിടാം
അതിലേററം കളഞ്ഞീടിൽ നാനാധാതുക്ഷയം വരും. ൧൯

ദുഷ്ടരക്തങ്ങളെല്ലാമേ നീക്കണം തൽക്കറുത്തതാം
കൌസുംഭപുഷ്പവൎണ്ണത്തിൽ രക്തം കണ്ടാൽ സമാപയേൽ. [൨൦

കാലാകാലങ്ങളും പിന്നെ ബലാബലവിശേഷവും
നിരൂപിച്ചിട്ടു ചെയ്യേണം ബുദ്ധിമാനായ മാനുഷൻ. ൨൧

* ആഹാരദ്രവ്യങ്ങളും തൽക്രമങ്ങളും.

വിഷാതുരന്റെ ഭുക്തിക്കു നവരത്തണ്ഡുലം ശുഭം
രണ്ടുമാസത്തിലുണ്ടാന്ന നെല്ലെല്ലാം ഗുണമേററവും. ൨൨

---

* വിഷാതുരനു കൊള്ളാവുന്ന ആഹാരാദികൾ:—
"ശീതമേവ ച കുൎവീത വിധാനം വിഷരോഗിണാം
യുക്ത്യാ കീടവിഷം തദ്ധി ശീതേനാതിപ്രവൎദ്ധതേ.
ശാലയഃ ഷഷ്ടികാ ജീൎണ്ണാ കോരദൂഷാഃ പ്രിയംഗവഃ
മുൽഗോ ഹരേണുസ്തുവരീ പടോലം വേത്രപല്ലവഃ.
തണ്ഡുലീയകജീവന്തീ വാൎത്താകം സുനിഷണ്ണകഃ
ലാംഗലം ഡാഡിമം ധാത്രീ കപിത്ഥം സൈന്ധവം സിതാ.
അവിദാഹി യദന്യച്ച വിജ്ഞായാന്നസാത്മ്യതഃ

വരകും തിനയും നന്നു കോദ്രവം മുളനെല്ലുമാം
ചെന്നല്ലരിയുമവ്വണ്ണം, മദ്ധ്യമം ചെറുപുഞ്ചപോൽ. ൨൩

ചൂർണ്ണിച്ചു തിപ്പലീ ചുക്കുമന്നത്തിൽ ചേർത്തുകൊണ്ടതു്
നെയ്യും ചെറുപരിപ്പോട്ടുംകൂടെ ഭക്ഷിക്ക ദഷ്ടകൻ. ൨൪

കേവലം ചോറുതാനുണ്ടാൽ മതിയെന്നിഹ കേചന
ഊണിന്റൊട്ടുക്കമിന്തുപ്പും വ്യോഷവും കാടിയിൽ പിബേൽ. [൨൫

കഞ്ഞിയെന്നാലതിൽ ചുക്കും ചെറുചീര പുനന്നവം
ഇട്ടുകൊണ്ടിഹ വച്ചിട്ടു ചെറുചൂടോടെ പായയേൽ. ൨൬

അമരീമൂലവും പിന്നെ ഞെരിഞ്ഞിൽ വാജിഗന്ധവും
കൂട്ടീട്ടു കഞ്ഞിവച്ചീടാം തകരംകൂട്ടിയും തഥാ. ൨൭

കറിക്കു ശാകങ്ങൾ.

കറിക്കു ശാകവർഗ്ഗത്തിൽ ചെറുചീര ഗുണം തുലോം
തഥാ വേലിപ്പരുത്തീടെപത്രവും പുഷ്പവും ഗുണം. ൨൮

മീനങ്ങാണിയതും കൊള്ളാം മുത്തിളും കപ്പമഞ്ഞളും
ജീവന്തീപത്രപുഷ്പം ച കരിന്താളിയതും തഥാ. ൨൯

ഫലങ്ങൾ.

കൂശ്മാണ്ഡം വെള്ളരിക്കായും കയ്പക്കായും പടോലവും
കൊള്ളാം ചുണ്ടയ്ക്കയും തഥാ കണ്ടകാരിയതും പുനഃ. ൩൦

കറുത്തകദളിക്കായും കൊള്ളാം ദഷ്ടന്നു കൂട്ടുവാൻ.

മാംസങ്ങൾ.

മാംസത്തിൽ കീരിതന്റേയും മയിലിന്റേയുമുത്തമം. ൩൧
കയിൽമാംസമതും കൊള്ളാം പരൽമീനും തഥൈവ ച

തത്തുല്ല്യാദപിഷാത്തേഭ്യഃ കാര്യ്യാ വ്യഞ്ജനസംസ്കൃതിഃ.
കഷായൈർവ്വിഷഹന്തൄണാം ഘൃതൈഃ കല്യാണകാദിഭിഃ
ദിവ്യസാരസക്ഷപോത്ഥമന്യദ്വാ ഘൃതശീതളം.
മധ്വാമലകയുക്തം വാ വിഷാർത്തഃ സലിലം പിബേൽ
നദീതടാകജം ത്യാജ്യം വിശേഷേണ ഫലാഗമേ.
ക്ഷുല്ലവന്ത്രൊദരാധാരൈഃ സുകൃതാഃ സക്തവോ യവൈഃ
തക്രേണ സഘൃതാഃ പീതാഃ പരമം വിഷനാശനാഃ."

മദ്ധ്യമം പുള്ളിമാ,നാമ, ശല്യമാംസവുമങ്ങനെ. ൩൨

മത്സ്യമാംസം വിഷംതന്നെ സ്തംഭിപ്പിക്കുമതേററവും
വൎദ്ധിപ്പിക്കയതും ചെയ്യും മുള്ളുകൂടാതെ കൂട്ടുകിൽ ൩൩

വിഷാതുരന്നു കൊള്ളാവുന്ന വ്യഞ്ജനപദാൎത്ഥങ്ങൾ.

ഇഞ്ചിയും ചെറുനാരങ്ങ, പഴുതാംകണ്ണിമാങ്ങയും
കൂടെ നന്നിഹ ദഷ്ടന്നു ഭുക്തിക്കെന്നാൎയ്യസമ്മതം. ൩൪

ഉള്ളി കായവുമിന്തുപ്പും മരിചം ചുക്കു മഞ്ഞളും
ചേൎത്തുകൊള്ളു കറിക്കെല്ലാം വിഷശാന്തികരം പരം. ൩൫

ക്ഷീരംനെയ്യാദിയായുള്ള പഞ്ചഗവ്യം വിഷാപഹം
കാലോചിതങ്ങളോൎക്കാഞ്ഞാലതുതാനന്യഥാ ഭവേൽ. ൩൬

ശാസ്ത്രേഷു മതഭേദങ്ങൾ പലതുണ്ടു ചികിത്സയിൽ
പ്രമാണമതിനാചാൎയ്യനിയോഗംതന്നെ കേവലം. ൩൭

* വിഷാതുരൻ നിത്യവും വൎജ്ജിക്കേണ്ടവ.

തൈലം താംബൂലമപ്പം ഗുളമിഹ പുളിയും
സൎഷപം തേങ്ങ മോരും
ക്ഷാരദ്രവ്യം ച മാംസം ദധിയൊടു സുരയും
ശാക,മത്യന്തഭുക്തിം
അത്യുഷ്ണം ചേക്ഷുഖണ്ഡം പനസവുമവിലും
തോര മാഷം കുലസ്ഥം
നിത്യം വൎജ്ജ്യം വിഷാൎത്തൈൎയ്യുവതിസുഖമത-
ദ്ധ്വാനധൂമാതപാംശ്ച. ൩൮

തുഹിനപവനസേവാ ധൂളിയേല്ക്കുന്നതും മ-
ററരുതിഹ പദസഞ്ചാരങ്ങളും ദഷ്ടകാനാം
തദനു ബഹുലകോപം ചിത്തശോകം ച ഹാസം
പുനരിഹ പകൽനിദ്രാം ചാപി വൎജ്ജിക്ക ദഷ്ടൻ.
[൩൯

* വൎജ്ജ്യങ്ങൾ:—
"ഫാണിതം ശിഗ്രുസൌവീരമജീൎണ്ണാദ്ധ്യശനം തഥാ
വൎജ്ജയേച്ച സമാംസന്ന നവധാന്യാദികം ഗണം.
ദിവാസ്വപ്നം വ്യവായഞ്ച വ്യായാമം ക്രോധമാതപം
സുരാ തിലകുലത്ഥാംശ്ച വൎജ്ജയേദ്വി വിഷാതുരഃ."

അത്യുച്ചംപറകെന്നതും പരിഹരേ-
ദ്വ്യാപാദചിന്താം തഥാ
നിഷ്ഠുരോക്തികളും ശാപവാക്യമവയും
വജ്ജിക്ക കേൾക്കുന്നതും
പിന്നെ മാനസദേഹപീഡകളുംവരു-
ത്തീടുന്ന കമ്മങ്ങള-
ങ്ങെല്ലാം വജ്ജ്യമിതെന്നു തന്നെ നിതരാം
പ്രോക്തം ഭിഷഗ്ഭിഃ പുരാ. ൪൦

* കല്ക്കലേഹാദികളുടെ മാത്രാഭേദങ്ങളും ഉപയോഗക്രമവും.

പ്രാബല്യത്തിൽ കുടിച്ചീടാമൊഴക്കാഴക്കതാം ജലം
ബാലന്മാക്കതിലദ്ധംപോൽ കുടിക്കുന്നൌഷധം പുനഃ. ൪൧

താന്നിക്കതൻപ്രമാണത്തിൽ കലക്കീട്ടു കുടിക്കണം
ലേഹ്യങ്ങളെല്ലാം മുമ്മൂന്നു കഴഞ്ചീതിഹ ഭക്ഷയേൽ. ൪൨

---

* കല്ക്കം:—“ദ്രവ്യമാർദ്രം ശിലാപിഷ്ടം ശുഷ്കം വാ സജലം ഭവേൽ
പ്രക്ഷിപ്യ ഗാല്ലയേദസ്യ തന്മാനം കഷസമ്മിതം.”
ലേഹ്യം:—“ക്വാഥാദേശ്ച പുനഃ പാകാൽ ഘനത്വം സാ രസക്രിയാ
സോഽവലേഹശ്ച ലേഹഃ സ്യാത്തന്മാത്രാ സ്യാൽ പലോന്മിതാ.
സിതാ ചതുൎഗ്ഗുണാ കാര്യാ ചൂൎണ്ണാച്ച ദ്വിഗുണോ ഗുഡഃ
ദ്രവം ചതുൎഗ്ഗുണം ദദ്യാൽ”
“സുപക്വേ തന്തുമത്വം സ്യാദവലേഹോഽപ്സു മജ്ജതി.”
“പുരട്ടുന്നൌഷധം” (ലേപനൌഷധം)
ലേപവിധി—“ശോണിതം സ്രുതശേഷം ച പ്രവിലീനം വിശോഷ്മണാ
ലേപൈസ്സകൈഃ സുബഹുശഃ സ്തംഭയേദ്ഭൃശശീതളൈഃ.
അസ്കന്നേ വിഷവേഗാദ്ധി മൂൎച്ഛായമദഹൃദ്രവാഃ
ഭവന്തി താൻ ജയേച്ഛീതൈൎബീജേച്ചാരോമഹൎഷതഃ,
ദോഷഘ്നോ വിഷഹാ വൎണ്ണ്യോ ലേപസ്ത്രിവിധോ മതഃ
ഭേദൌ തസ്യ കഥിതൌ ഭേദൌ പ്രലേപാഖ്യപ്രദേഹകൌ.
തമസാ പിഹിതോ ഹ്യൂഷ്മാ രോമകൂപേഷു സംസ്ഥിതഃ
വിനാ ലേപേന നിൎയ്യാതി രാത്രൌ നാലേപയേത്തതഃ.”
ഗുണങ്ങൾ—“സുശീതോ ലേപസംജ്ഞസ്സ്യാൽ ഉഷ്ണഃ പ്രോക്തഃ പ്രദേഹകഃ
പ്രലേപഃ ശീതളഃ പ്രോക്തഃ രക്തപിത്തഹരഃ പരഃ.
പ്രദേഹഃ കഫവാതഘ്നഃ പാചനഃ പരികീൎത്തിതഃ
യദാൎദ്രം മാഹിഷം ചൎമ്മ തസ്യോത്സേധന ലേപനം.
ലോമാദിമുഖമാദേയൌ പ്രലേപാഖ്യപ്രദേഹകൌ
അംഗുഷ്ഠസ്യ ചതുൎഭാഗോ മുഖലേപോ വിധീയതേ.”

പിരട്ടുന്നൌഷധം കേമം *നെല്ലിനോടൊത്തിരിക്കണം
†അഞ്ജനങ്ങൾ യവത്തോളം നീളത്തിലെഴുതു ദൃശോഃ. ൪൩

‡നസ്യങ്ങൾ നാസികായാം തു പന്തിരണ്ടിതു തുള്ളികൾ
ധാരയും ചെയ്ക യാമാൎദ്ധം തദൎദ്ധമിതി കേചന. ൪൪

§ സ്വേദനക്രമങ്ങൾ.

ഏരണ്ഡാങ്കോലപത്രങ്ങളടയ്ക്കാമണിയൻ പുനഃ
തിന്ത്രിണീ ഭൂമിതാലത്തിൻപത്രവും നിംബപത്രവും. ൪൫

---

* നെല്ലിടഘനത്തിൽ അരച്ചുതേയ്ക്കുക.

†അഞ്ജനം:—
"അഞ്ജനം ക്രിയതേ യേന തദ്ദ്രവ്യം ചാഞ്ജനം സ്മൃതം
സൌവീരമഞ്ജനം പ്രോക്തം രസാഞ്ജനമതഃ പരം.
സ്രോതോഽഞ്ജനം തദന്യച്ച പുഷ്പാഞ്ജനകമേവ ച
നീലാഞ്ജനന്തു തദ്ഭേദമേവം പഞ്ചവിധം മതം.
തൽ പ്രത്യേകം ത്രിധാ പ്രോക്തം ലേഖനം രോപണം തഥാ
സ്നേഹനഞ്ചേതി, ഖിംഗാനി... ......
ലേഖനം ക്ഷാരതീക്ഷ്ണാമ്ലരസൈരഞ്ജനമുച്യതേ
നേത്രവൎത്മസിരാജാലസ്രോതശ്ശൃംഗാടകസ്ഥിതം.
മുഖനാസാക്ഷിഭിർദ്ദോഷമുൽക്ലിശ്യ സ്രാവയേച്ച തൽ
കഷായം തിക്തകം ചാപി സസ്നേഹം രോപണം മതം.
സ്നേഹസ്യ ശൈത്യാദ്ബല്യം സ്യാദ്ദൃഷ്ടേശ്ച ബലവൎദ്ധനം
മധുരം സ്നേഹമണ്ഡം തദഞ്ജനം സ്യാൽ പ്രസാദനം.
ദൃഷ്ടിദോഷപ്രസാദാൎത്ഥമഞ്ജനാൎത്ഥഞ്ച തദ്ധിതം.
ഹരണ്ഡമാത്രാ വൎത്തിസ്സു ലേഖനീ സ്യാൽ പ്രമാണതഃ.
സാൎദ്ധൈകരേണുകമിതാ രോപണീ വൎത്തിരിഷ്യതേ
ക്രിയതേ സ്നേഹനീ വൎത്തിൎദ്വിഹരേണുകമാത്രയാ.
രസാഞ്ജനസ്യ മാത്രാ തു പിഷ്ടാ വൎത്തിമിതാ മതാ
ചൂൎണ്ണന്തു ലേഖനം വൈദ്യൈൎദ്വിശലാകം പ്രദീയതേ.
രോപണം ത്രിശലാകം സ്യാൽ ചതസ്രഃ സ്നേഹനാഞ്ജനേ.
അഞ്ജനകാലഃ—ഹേമന്തേ ശിശിരേ മദ്ധ്യാഹ്നേ, ഗ്രീഷ്മ ശരദ്യപരാഹ്നേ,
വൎഷാസു വസന്തേ ച സൎവ്വദൈവ കാല ഇതി.

‡നസ്യം—
"നസ്യം തൽ കഥ്യതേ ധീരൈഃ നാസാ ഗ്രാഹ്യം യദൌഷധം."
നസ്യം രേചനസ്നേഹനഭേദേന ദ്വിവിധം. (രേചനം=കൎഷണം)
(സ്നേഹനം=ബൃംഹണം).
നസ്യകാലഃ—
"കഫപിത്താനിലധ്വംസേ പൂൎവ്വേ മദ്ധ്യേഽപരാഹ്നികേ
ദിനസ്യ ഗൃഹ്യതേ നസ്യം രാത്രൌ വാപ്യുൽകടേ ഗദേ."
തച്ച നസ്യം—വിരേചനം ബൃംഹണം ച ശമനഞ്ച ത്രിധാപി തൽ,
ഇത്യാദി.

§സ്വേദഃ—"സ്വേദസാദ്ധ്യാഃ പ്രശാമ്യന്തി ഗദാ വാതകഫാത്മകാഃ
സ്നേഹപൂൎവ്വം പ്രയുക്തേന സ്വേദേനാവജ്ജിതേഽനിലേ

കരഞ്ജലാംഗലീവാകബ്ബകുളത്തിന്റെ പത്രവും
ഇവയോരോന്നുമീരണ്ടും വിഷശാന്തിക്കു തക്കതു്. ൪൬

കാടിതന്നിൽ പതററീട്ടു നാലൊന്നു കുറുകീടിനാൽ
അതുകൊണ്ടു വിയർപ്പിപ്പൂ യഥാന്യായം വിഷാർത്തനെ. ൪൭

മുനിവൃക്ഷകഷായേണ സ്വേദിപ്പിക്കാമതെന്നിയെ
തിന തന്നേ പചിച്ചിട്ടും വിയർപ്പിക്കാം വിഷാർത്തനെ ൪൮

* അഭ്യംഗസ്നപനാദികൾ.

വിയർപ്പുമാറിയാൽ തൈലം തേപ്പു കാച്ചിയതഞ്ജസാ
നന്നാറിവാകക്കുരുവും നൊച്ചി പൂവാംകുറന്തല. ൪൯

ഇവകൊണ്ടു കഷായംവച്ചിട്ടൊന്നു കുറുകീടിനാൽ
അതുകൊണ്ടു കുളിപ്പിക്കാം കോഷ്ണമാമ്പോൾ വിഷാർത്തനെ. ൫൦

മഞ്ഞളും താന്നിതൻതോലും വിഷവേഗമതും പുനഃ
വേതുവച്ചു കുളിപ്പിക്കാം കൊള്ളാം സ്വേദോക്തമായതും. ൫൧

---

പുരീഷമൂത്രരേതാംസി ന സജ്ജന്തി കഥഞ്ചന
ശുഷ്കാണ്യപി ഹി കാഷ്ഠാനി സ്നേഹസ്വേദോപപാദനൈഃ,
നമയന്തി യഥാ ന്യായം കിം പുനർജ്ജീവതോ നരാൻ
വ്യാധൌ ശീതേ ശരീരേ ച മഹാൻ സ്വേദോ മഹാബലേ.
ദുർബ്ബലേ ദുർബ്ബലഃ സ്വേദോ മദ്ധ്യമേ മദ്ധ്യമോ ഹിതഃ
വാതശ്ലേഷ്മണി വാതേ വാ കഫേ വാ സ്വേദ ഇഷ്യതേ
സ്നിഗ്ദ്ധരൂക്ഷസ്തഥാ സ്നിഗ്ദ്ധോ രൂക്ഷശ്ചാപ്യുപകല്പിതഃ."

സ്വേദനാവധിരിതി:—
"ശീതശൂലവ്യുപരമേ സ്തംഭഗൌരവനിഗ്രഹേ
സംജാതേ മാർദ്ദവേ സ്വേദേ സ്വേദനാദ്വിരതിർമ്മതാ."

സ്വേദഭേദാഃ —
"സങ്കരഃ പ്രസ്തരോ നാഡീ പരിഷേകോഽവഗാഹനം
ജേന്താകോഽശ്മഘ്നഃ കർഷൂഃ കുടീ ഭൂഃ കുംഭികൈവ ച
കൂപോ ഹോലാക ഇത്യേതേ സ്വേദയന്തി ത്രയോദശ."

*അഭ്യംഗഃ —
"മൂർദ്ധ്നി ദത്തം യദാ തൈലം ഭവേൽ സർവ്വാംഗസംഗതം
സ്രോതോഭിസ്തർപ്പയേദ്ബാഹ്യ അഭ്യംഗസ്സ ഉദാഹൃതഃ."

അഭ്യംഗഗുണാഃ—
"ജലസിക്തസ്യ വർദ്ധന്തേ യഥാ മൂലേഽങ്കുരാസ്തരോഃ
തഥാ ധാതുവിവൃദ്ധിർഹി സ്നേഹസിക്തസ്യ ജായതേ.
അഭ്യംഗോ വാതരോഗഘ്നഃ ധാതുസാമ്യം ബലം സുഖം
നിദ്രാവർണ്ണമൃദുത്വാനി കുരുതേ ക്ഷിപ്രപുഷ്ടികൃൽ."

വയമ്പും ലശുനം കിഞ്ചിൽ സൈന്ധവത്തിന്റെ ചൂൎണ്ണവും
പാററിക്കൊള്ളു കുളിച്ചീടാനുള്ള മന്ദോഷ്ണവാരിയിൽ. ൧൨

വിയൎപ്പിക്കയെന്നും തടാൽ കുളിക്കെന്നുള്ളതും പുനഃ
പകലേ ചെയ്തുകൊള്ളേണം രാത്രിയിൽ പരിവൎജ്ജയേൽ.
[൧൩.

പാലിൽപചിച്ച നെല്ലിക്ക പിഷ്ട്വാ മൂൎദ്ധ്നി വിലേപയേൽ
കുളിച്ചാലുടനേ ചുക്കും വാകമൂലമതും പിബേൽ. ൧൪

അമരിനിംബപത്രങ്ങൾ വിതറിക്കൊണ്ടതിൽ പുനഃ
കിടന്നീടുക നന്നേററം വിഷശാന്തിക്ക ദഷ്ടകൻ. ൧൫

ഉപക്രമദോഷംകൊണ്ടുള്ള ഉപദ്രവങ്ങളും പരിഹാരങ്ങളും.

വിഷംനില്ക്കുന്നതിന്മീതേയുള്ള ധാതുചികിത്സയെ
ചെയ്തുകൊള്ളേണമല്ലായ്കിൽ വിഷം മേല്പോട്ടുപോം ധ്രുവം. ൧൬

സേവിച്ചോരൌഷധത്തിന്നു വീൎയ്യം പോരാതെ പോകിലും
ധാതുഃസ്ഥാനമതല്ലാതേ ചികിത്സിച്ചീടിലും തഥാ. ൧൭

വിഷം ഭിന്നിച്ചു ഭിന്നിച്ചു സന്ധിതോറുമിരുന്നുപോം
അപ്പോൾ സന്ധികളെല്ലാമേ തളരും കമ്പവും വരും. ൧൮

ദാഹവും മററു ദേഹത്തിൽ പല പീഡകളും വരും
മോഹം താനുളവായെന്നുംവരും കാലവിളംബനേ. ൧൯

ഞെട്ടാഞെട്ടങ്ങതൻമൂലം കഷായംവെച്ചു പാലതിൽ
കുടിച്ചാലുടനേതീരും സ്തംഭിച്ച വിഷമൊക്കവെ. ൨൦

രസമോടു കലൎന്നിട്ടു സമൂലം നിലനാരകം
പേഷിച്ചിട്ടിതു തേയ്ക്കേണം ദഷ്ടനാം ദേഹമൊക്കവെ. ൨൧

സ്തംഭിച്ച വിഷമെല്ലാം പോം സന്ധിസാദാദിയും കെടും.

ജലധാര.

തോയധാരയതും നന്ന് വിഷശാന്തിക്ക കേവലം. ൨൨

വിഷവും ദാഹവും മോഹം ഭ്രാന്തുമാലസ്യമുഷ്ണവും
മററുമെല്ലാം ശമിപ്പാനങ്ങേററം നല്ല ജലം ദ്ധ്രുവം. ൨൩

മുറിയാതെ വിറപ്പോളം ജലധാര കഴിച്ചുടൻ
ജാഡ്യശാന്തിക്ക തോയത്തിൽ മരിചപ്പൊടി പായയേൽ. ൨൪

ഔഷധങ്ങളതെല്ലാമേ തത്തത്സമയമോത്തുടൻ
ചെയ്തുകൊള്ളുകയും വേണം പശ്ചാദ് ഗരളശാന്തയേ. ൩൭

ഇതി ജ്യോത്സ്നികായാം
ചികിത്സാക്രമാധികാരം സമാപ്തം.

## അധികാരം ൯.

### ലേഹതൈലാദിപ്രയോഗങ്ങൾ.

#### ലേഹയോഗങ്ങൾ.

##### നീലീപത്രാദിലേഹം.

നീലീപത്രം തണ്ഡുലീയം രണ്ടും കുത്തിപ്പിഴിഞ്ഞുടൻ
പഞ്ചസാരയതും ചേത്തു ലേഹ്യമായ് പാകമാചരേൽ. ൧

വ്യോഷം തകരമിന്തുപ്പും സൂക്ഷ്മമായ് പൊടിചെയ്തതിൽ
പാകേ യോജിച്ചുകൊണ്ടാശു സേവിപ്പൂ വിഷനാശനം. ൨

ദശപുഷ്പം പിഴിഞ്ഞുള്ള തോയം തന്നിലുമിങ്ങനെ
സേവിപ്പൂ ലേഹ്യമുണ്ടാക്കി വിഷമാശു ശമിച്ചുപോം. ൩

##### നീലികാദിലേഹം.

നീലികാമൂലവും പാടക്കിഴങ്ങും വിഷവേഗവും
ബ്രാഹ്മിയും തുല്യമെല്ലാമേ കഷായംവച്ചുകൊണ്ടതു ൪

എട്ടൊന്നായാൽ പിഴിഞ്ഞിട്ടു സിതയും ചേത്തുകൊണ്ടിഹ
ലേഹ്യം സമാചരേൽ പാകേ മധുവും ചേത്തുകൊള്ളണം. ൫

വയമ്പും ചന്ദനം വ്യോഷമശ്വഗന്ധം ത്രിജാതകം
മുസ്താസൈന്ധവകായങ്ങൾ ചൂണ്ണവും യോജയേത്തദാ. ൬

സപ്പാദികൾവിഷത്തിന്നും മൂഷികാദിവിഷത്തിനും
നന്നേററം കുക്ഷിരോഗാദിയെല്ലാം പോവതിനും ഗുണം. ൭

വിഷശാന്തിവരുത്തുന്നോരൌഷധങ്ങൾ പചിച്ചുടൻ
യുക്ത്യാ നിമ്മിച്ച ലേഹ്യങ്ങളെല്ലാം നന്നു വിഷാമയേ. ൮

ഇപ്പറഞ്ഞ മരുന്നെല്ലാം മുക്കുടികളും ഗ്ഗണം തഥാ
ആട്ടിൻമോർതന്നെ കൊള്ളേണം മാഹിഷം ഗവ്യവും
[ത്ത്യജേൽ. ൯

തൈലയോഗങ്ങൾ.

ദൂവ്വാമൃതാദിതൈലം.

തൈലം ദൂവ്വാമൃതരസേ കാച്ചിത്തേപ്പൂ വിഷാപഹം
മധുകം ചന്ദനം രാത്രിദ്വന്ദ്വവും കല്ക്കമായിഹ. ൧൦

കയ്യുണ്ണ്യാദിതൈലം.

തഥാ കയ്യുണ്ണിനീർതന്നിൽ കാച്ചും തൈലവുമുത്തമം
അതിന്നു കല്ക്കം മധുകം വാജിഗന്ധം വചാപി ച. ൧൧

ശതക്രതുലതാദി.

ശതക്രതുലതാനീലീപത്രങ്ങൾക്കുള്ള നീരതിൽ
തൈലം പചിക്ക കല്ക്കത്തിന്നുശീരം ദേവദാരുവും. ൧൨

ചന്ദനം യഷ്ടികം ശ്യാമാ തകരം മരമഞ്ഞളും
മുസ്താ ഫലത്രയം കൊട്ടം സമാംശം ചേർത്തുകൊണ്ടിവ ൧൩

മന്ദാഗ്നിയാൽ പചിച്ചിട്ടു പാകം സൂക്ഷിച്ചരിച്ചുടൻ
തേച്ചുകൊണ്ടു കുളിപ്പിക്ക നിശ്ശേഷവിഷനാശനം. ൧൪

ദൂവ്വാനാല്പാമരാദി.

ദൂവ്വാ നാല്പാമരത്തോയേ പചേത്തൈലം വിഷാപഹം
നന്നാറി ചന്ദനം നീലീ മേഘനാദം ച കല്ക്കമാം. ൧൫

അമൃതാദി. (൧)

അമൃതും ദശപുഷ്പങ്ങൾ പിഴിഞ്ഞുള്ള രസത്തിലും
കാച്ചിത്തേച്ചീടിലാം തൈലം കല്ക്കത്തിന്നു കടുത്രയം. ൧൬

വിഷവേഗമതും പാടക്കിഴങ്ങും രണ്ടുമഞ്ഞളും
ചന്ദനം ശാരിബാമൂലം മുസ്താ രാസ്നാ ച മാഞ്ചിയും. ൧൭

തുല്യാംശമിവയെല്ലാമേ കൂട്ടിക്കാച്ചിയ തൈലവും
തേച്ചാൽ വിഷങ്ങളെല്ലാം പോയ്ത്തീരു,മാരോഗ്യവും വരും.
[൧൮

അമൃതാദി. (൨)

അമൃതിൻവള്ളി പാച്ചോററി വില്വം നെല്ലിക്കയെന്നിവ
പലം മുമ്മൂന്നിതോരോന്നും വെള്ളംപന്ത്രണ്ടുകൊണ്ടതിൽ ൨൦

കഷായംവച്ചുകൊണ്ടാശു നാലൊന്നായാലതിൽ പുനഃ
നാനാഴിയെണ്ണയും ചേർത്തിട്ടത്ര കയ്യുണ്ണിനീരതും ൨൧

ദൂർവ്വാരസമതും പാലും രണ്ടുമാരോരിടങ്ങഴി
ചേർത്തുകൊണ്ടതു കാച്ചേണം സൂക്ഷിച്ചു മൃദുവഹ്നിയിൽ ൨൨

ചന്ദനാശീരതകരം സുരദാവ്വപി മാഞ്ചിയും
കൊട്ടം മഞ്ചട്ടി കച്ചൂരമശ്വഗന്ധാ ജലം പുനഃ. ൨൩

ഏലം പത്മുഖം തദ്വന്മധുകം ചർമ്മ പത്രവും
കല്ക്കമായിവയെല്ലാമേ ചേർത്തുകാച്ചിയരിച്ചതു ൨൪

തേച്ചുകൊൾക ഭുജംഗാനാം ത്രിവിധാനാം വിഷങ്ങളും
കീടാഖുലൂതഗോധാദിജാതമായവയും പുനഃ ൨൫

സ്ഥാവരോത്ഥമതായുള്ള വിഷങ്ങൾ വിവിധങ്ങളും
തൈലേനാനേന തീൎന്നീടുമാശു മററുള്ള രോഗവും. ൨൬

ചന്ദനാദി.

ചന്ദനം മധുകം രണ്ടും കഷായംവച്ചതിൽ പുനഃ
തൈലം കാച്ചുക കല്ക്കത്തിന്നവയും നറുനീണ്ടിയും ൨൭

നാനാവിഷാമയേ പഥ്യമേതത്തൈലം പുരാതനേ
വ്രണാഢ്യേ പൈത്തികക്ഷ്വേളേ രക്തദൂഷ്യേ വിശേഷതഃ. ൨൮

*ഘൃതയോഗങ്ങൾ.

നീലികാദിഘൃതം.

ഇടിച്ചു നീലികാപത്രം പിഴിവൂ ചെറുചീരയും
നാഴിനെയ്ക്കുതു നാനാഴിനീരും തൻമൂലകല്ക്കവും. ൨൯

---

* വിഷത്തിൽ ഘൃതത്തിൻെറ ആവശ്യം:—

"വിഷേ വാതാശയഗതേ സർപ്പിഷഃ പാനമിഷ്യതേ
ഉളൃപശ്ചിമയോശ്ച പ്രോക്തം വിഷനിഷേധയോഃ,
അഥ ദവീകൃതാം വേഗേ പൂർവേ വിസ്രാവ്യ ശോണിതം
അഗദം മധുസർപ്പിർഭ്യാം സംയുക്തം ത്വരിതം പിബേൽ."

ഇത്യാദി.

വെന്തെടുത്തതു സേവിച്ചാൽ ഗരമെല്ലാമൊഴിഞ്ഞുപോം
അന്നത്തിൽ ക്രൂട്ടിയുണ്ടാലും വേണ്ടതല്ല വിഷം കെടും. ൨൯

അവിൽപ്പൊരിഘൃതം

അവിൽപ്പൊരി ക്ഷ്വേളവേഗകഷായേ ത്ര്യൂഷണകല്കിതേ
വിപചേൽ ഗോഘൃതം നാനാവിഷശാന്തികരം പരം. ൩൦

നീലീഘൃതം.

നീലീമൂലം പലംരണ്ടു വേപ്പുന്തോൽ പലമൊന്നഥ
കരഞ്ജപത്രവും തഥാ ചതുഃപ്രസ്ഥജലേ പചേൽ. ൩൧

നാലൊന്നു ശേഷമുള്ളപ്പോൾ നാഴിനെയ്യും പകൎന്നുടൻ
കല്കത്തിന്നമരീമൂലം വചാ വ്യോഷം നിശാദ്വയം. ൩൨

യഷ്ടീ കലിംഗസിന്ധൂത്ഥമശ്വഗന്ധം നതം പുനഃ
ചന്ദനം മുസ്തയും പാടക്കിഴങ്ങും വിഷവേഗവും ൩൩

ക്രൂട്ടി വെന്തിതു സേവിക്ക വിഷമേഷ്വപി വിഷാമയേ
തൽക്ഷണാൽ ക്ഷ്വേളമഖിലം സൎപ്പമൂഷാദിസംഭവം ൩൪

ശാന്തിം പ്രയാതി മൎത്ത്യാനാമാജ്യവീൎയ്യപ്രഭാവതഃ
അമൃതോപമമത്യൎത്ഥം നാമ്നാ നീലീഘൃതം ത്വിദം. ൩൫

ബ്രഹ്മീഘൃതം.

ബ്രഹ്മികത്തിപ്പിഴിഞ്ഞുള്ളതോയം നെയ്യിൽ ചതുൎഗ്ഗുണം
ലശുനം ജീരകംരണ്ടുമിന്തുപ്പും വിഷവേഗവും. ൩൬

പാഠാ ഹരിദ്രായുഗ്മം ച വചാ വ്യോഷം യവാഷകം
രോഹിണ്യതിവിഷാ പത്ഥ്യാ രാമഠം മലയോല്ഭവം ൩൭

കല്കത്തിന്നിവ ക്രൂട്ടീട്ടു വെന്തു സേവിക്ക നെയ്യിതു
സമസ്തവിഷരോഗങ്ങൾ ശൂലവും രക്തരോധവും ൩൮

ബാലന്മാൎക്കിരകൊണ്ടാൎന്നദണ്ണവും പാണ്ഡു കാമില
ഇത്യാദിയെല്ലാം തീൎന്നീടും വൎദ്ധിക്കും ബുദ്ധി വിദ്യയും. ൩൯

പാഠാദിഘൃതം.

പാഠാ ദാൎവ്വീ പടോലം ച പൎപ്പടം ബ്രഹ്മി നിംബവും
യവാഷം രോഹിണീ തുല്യമിവയെല്ലാം പചിച്ചുടൻ. ൪൦

നാലൊന്നായാൽ പിഴിഞ്ഞിട്ടു ഘൃതവും ചേൎത്തു കൊണ്ടതിൽ
പാഠകേ ചന്ദനവും മുസ്താ പുത്തരിച്ചുണ്ടമൂലവും. ൪൧

കണാ കലിംഗം ത്രായന്തീ കല്ക്കീകൃത്യ സമം തതഃ
സൂക്ഷിച്ചരിച്ചുസേവിപ്പൂ നാനാവിഷവിനാശനം. ൪൨

വിശേഷാന്മണ്ഡലിക്ഷ്വേളക്ഷതവും ദുഷ്ടരക്തവും
ശോഫം ദുൎഗ്ഗന്ധതോയങ്ങൾ നിസ്രവിക്കുന്നതും കെടും. ൪൩

മററും കാകോളജാലത്താൽ സംഭവിക്കുന്നപീഡകൾ
എല്ലാം ശമിച്ചുപോം ശീഘ്രം ദാഹാപസ്മാരവും തഥാ. ൪൪

ചൊറികുഷ്ഠങ്ങൾ പാണ്ഡ്വാദി കാമിലാ ഭ്രമമെന്നിവ
മററും പിത്തപ്രകോപത്താലുണ്ടാകുന്നവയൊക്കയും. ൪൫

തീൻപോം കാന്തിയും പുഷ്ടി ദേഹാരോഗ്യാദിയും വരും
ശുദ്ധമത്യന്തമേതത്തു ദേവൈരപി സുപൂജിതം. ൪൬

അമരീമൂലാദിഘൃതം.

അമരീമൂലതോയത്തിൽ തൽപത്രരസവും സമം
ചതുൎഭാഗം ഘൃതം ചേൎത്തു പചേത്തൻമൂലകല്ക്കിതം ൪൭
സേവിപ്പൂ സൎവ്വകാകോളേ പൈത്തികേ തു വിശേഷതഃ.

പാവകപരീക്ഷണം.

എണ്ണനെകാച്ചിവാങ്ങീട്ടു ഹോമിച്ചാലുള്ളലക്ഷണം ൪൮
പാവകൻ നീലവൎണ്ണത്തിൽ ജ്വലിച്ചാൽ മരണം ഫലം
രക്തവൎണ്ണമതായീടിൽ ഫലം ക്ലേശമതാസ്സുരും. ൪൯

നിരൎത്ഥഫലമാം പിന്നെ വെളുത്താകിലതിന്നിഹ
പിംഗലിച്ചു ജ്വലിച്ചീടിൽ വരുമിഷ്ടഫലം ദ്രുതം. ൫൦

ആശ്രയങ്ങളതും കൂടി ചിന്തിപ്പൂ മതിമാൻ ഭിഷക്
അഗ്നിജ്വാല കിഴക്കോട്ടു ചാഞ്ഞീടിൽ കാംക്ഷിതം വരും. ൫൧

അഗ്നികോണത്തതെന്നാകിലഗ്നിഭീതിയതാം ഫലം
ദക്ഷിണേ പ്രാണനാശം ച കന്യായാം ചിത്തവിഭ്രമം. ൫൨

ശാന്തിതന്നേ ഫലം ചൊല്ലാം പാവകേ പശ്ചിമാശ്രിതേ
വായുകോണത്തു ചാഞ്ഞീടിൽ ഗുണമില്ലിഹ രോഗിണാം.

[ ൫൩

വഹ്നിജ്വാല വടക്കാകിൽ മൃതിയില്ല, ശുഭം ഫലം
ഈശാനകോണത്താകുമ്പോൾ ഫലം മംഗലമായ്വരും. ൪൮

കത്തിത്തെളിഞ്ഞു മേല്പെട്ടുതന്നേ ജ്വാലകളെങ്കിലോ
രോഗശാന്തിയുമായുസ്സും മററുള്ളിച്ഛകളും തഥാ ൪൯

സദ്യോ ലഭിക്കും മർത്ത്യാനാം പാവകസ്യ പ്രസാദതഃ
വല്ലാതെ ശബ്ദവും പിന്നേ പൊട്ടലും പൊരിപാറലും ൫൦
കൂടാതെ വലമേക്കൂടെയുയൎന്നാലേററവും ഗുണം. ൫൧

ഇതി ജ്യോത്സ്നികായാം
സ്നേഹതൈലാദിപ്രയോഗാധികാരം സമാപ്തം.

---

## അധികാരം ൧൦.

## സുധാകലാദിനിരൂപണം.

*അമൃതകല.

പൂൎവ്വപക്ഷപ്രതിപദം മുതലായമൃതിൻകല
വലത്തേഭാഗമേക്കൂടെക്കയറും പുരുഷന്നിഹ. ൧

മറുഭാഗമിറങ്ങീടും കൃഷ്ണപക്ഷേ ക്രമാൽ പുനഃ
നാരിക്കിടത്തുഭാഗത്തു കാണേണം സ്ഥാനമിങ്ങനെ. ൨

* അമൃതകലാസ്ഥാനങ്ങൾ.

സുധാകല കരേറുന്നോരംഗവും പറയാം ക്രമാൽ
അംഗുഷ്ഠം പാദവും സന്ധി ജാനു ഗുഹ്യം ച നാഭിയും. ൩

---

* അമൃതകല—

"ശുക്ലപക്ഷേഽമൃതം പുംസാം ദക്ഷിണേഽന്യത്ര വൈ വിഷം
സ്ത്രീണാം തദ്വിപരീതേന വിപരീതം തഥാഽസിതേ
സുധാഭാഗേ യഥാ ദംശസ്സാദ്ധ്യോഽന്യത്ര ഭവേന്മൃതിഃ. (ല-അ).

* അമൃതകലാസ്ഥാനങ്ങൾ—

"അംഗുഷ്ഠേഽഥ പാദാംഘ്രിസന്ധിഷു തഥാ ജാന്വോർ ച ഗുഹ്യേ തതോ
നാഭൌ ഹൃൽസ്തനകണ്ഠഘോണനയനശ്രോത്രേഷു മദ്ധ്യേ ഭ്രുവോഃ
ശംഖേ മൂൎദ്ധ്നി പൂൎവ്വപക്ഷതിഥിഷു പ്രോക്താമൃതാഖ്യാ കലാ
മൂൎദ്ധാദ്യം ബഹുലേ വിലോമമുദിതം രോഹാവരോഹക്രമാൽ.
വാമാംഗുഷ്ഠാദികസ്ത്രീണാം രോഹോഽന്യത്രാവരോഹണം." (ല-അ),

ഹൃദയം കുചവും കണ്ഠം നാസികാ നേത്രകർണ്ണവും
ഭ്രൂമദ്ധ്യം നെററി മൂർദ്ധാവും സ്ഥാനങ്ങൾ പതിനഞ്ചിവ. ൪

വിഷസ്ഥാനം.

* സുധായാസ്സപ്തമേ സ്ഥാനേ വിഷവും നില്ക്കുമെപ്പൊഴും.

† വിഷാമൃതശുഭാശുഭഫലങ്ങൾ.

സുധാകല വിമർദ്ദിച്ചാൽ തീൎന്നുപോം വിഷമൊക്കയും ൫
തഥാ വിഷാംഗം മർദ്ദിച്ചാലേറെ വർദ്ധിച്ചുപോം വിഷം
അതുകൊണ്ടതുചെയ്യൊല്ലാ ചെയ്തീടിൽ പാപമാൎന്നുരും. ൬

വിഷം നില്ക്കുന്നൊരംഗത്തിൽ കടിപെട്ടുവതെങ്കിലോ
ശീഘ്രം മൃത്യുവരും രക്ഷ പലതും ചെയ്കിലും തദാ. ൭

സുധാകലായാം ദംശിച്ചു ഗുളികൻതന്നെയെങ്കിലും
വിഷപീഡകളുണ്ടാകയില്ല പീയൂഷവീൎയ്യതഃ. ൮

കണ്ഠത്തിൽ ക്ഷേപളമാകുമ്പോൾ ഭക്ഷിക്കുന്നവയൊക്കയും
ക്ഷേപളാകാരം സ്മരിച്ചീടിൽ ക്ഷേപളമായ്പോം ഭുജിച്ചതു്. ൯

---

* "സുധായാസ്സപ്തമം സ്ഥാനം പ്രോക്തം വിഷകാലാ ബുധൈഃ." (ല ത്ന).

† വിഷാമൃതശുഭാശുഭങ്ങൾ:—
"മർമ്മദേഹാമൃതകലാം ജ്ഞാത്വാ തത്ര വിമർദ്ദനാൽ
നിൎവ്വിഷം സ്യാദ്വിഷകലാ സുധാസ്ഥാനാത്തു സപ്തമം.
തത്ര സമ്മർദ്ദനാൽ സൎവ്വവിഷാണാം സ്ഫോടനം ഭവേൽ
അസാദ്ധ്യസ്തത്ര ദംശസ്സ ചികിത്സാം തത്ര വർജ്ജയേൽ.
കണ്ഠേ വിഷകലായാന്തു ക്രിയതേ യദി ഭോജനം
അജീർണ്ണോദരരോഗാദ്യൈഃ ക്രമാന്മൃത്യുർഭവിഷ്യതി.
യദാ കണ്ഠേ വിഷകലാ തത്രോത്ഥാനന്തു ഖഡ്ഗിനം
ചിന്തയിത്വാമൃതം ന്യസ്യ ഭുഞ്ജീയാദമൃതം സ്മരൻ.
നിത്യം സുധാക്ഷരം കണ്ഠേ കൃത്വാ ധ്യാത്വാചരാമൃതം
അശ്നതോ നാപമൃത്യുസ്സ്യാജ്ജീവേച്ച ശരദാം ശതം.
ഗുഹ്യം യദാ യാതി കലാ സുധായാഃ
വശ്യം തദാ സ്യാൽ പ്രഥമോപഭോഗഃ
ഭോഗേ സുധാസ്ഥാനവിമർദ്ദചുംബനൈഃ
വശ്യായ ശുക്ലക്ഷരണായ ച സ്യാൽ.
സ്ഥാനേ യസ്മിൻ സുധായാഃ കലാദേസ്സ
തൽസ്ഥാൻ പ്രാണാൻ സന്തതം ചിന്തയേദ്യഃ
ആയുഃപുഷ്ടിശ്രീവയസ്സംഭസമ്പ-
ത്തേജോരക്ഷാകാന്തയസ്തസ്യ സന്തി." (മ-ത്ന).

സുധാകലവരുംകാലമമൃതാം വിഷമെങ്കിലും
അതുകൊണ്ടമൃതായിട്ടു നിരൂപിച്ചു ഭുജിക്കണം. ൧൦

ഏവം സ്മരിച്ചു ഭക്ഷിച്ചാൽ ബുദ്ധിപുഷ്ടിബലങ്ങളും
കാന്തിയാരോഗ്യമായുസ്സും വർദ്ധിച്ചിടും സുഖാദിയും. ൧൧

ദുഃഖാപമൃത്യുപലിതജരാതങ്കാദിയും കെടും
അമൃതിൻകല ഗുഹ്യത്തിൽ വരുമ്പോൾ വശ്യമാം തദാ. ൧൨

സുധാകല വിമർദ്ദിച്ചാൽ ചുംബിച്ചീടുകിലും തദാ
ഗാഢമായ് നോക്കിയെന്നാലും വശ്യായ ഭവതി ക്രമാൽ ൧൩

സുധാകലേടെ മദ്ധ്യത്തിൽ ചിന്തിപ്പൂ പ്രാണവായുവേ
നിത്യവും ദൃഢമായെന്നാലായുസ്സുണ്ടാമ്പരും നൂണാം. ൧൪

കാന്തിയും പുഷ്ടിയും ശ്രീയും വയസ്തംഭമതും വരും
സമ്പത്തേജോദേഹരക്ഷാകരമായും വരും പരം. ൧൫

ഔഷധദേവതാപ്രാദുർഭാവം.

ആദൌ പ്രജകളെപ്പണ്ടു സൃഷ്ടിച്ചിട്ടബ്ജസംഭവൻ
രക്ഷിച്ചീടുവതിന്നായിക്കല്പിച്ചാനൌഷധങ്ങളെ. ൧൬

ഔഷധങ്ങളെ രക്ഷിപ്പാനൊരു ദേവതതന്നെയും
കല്പിച്ചാനൊഷധീപാശേ സാപി നാമ്നാപി „സുപ്രഭാ".
[൧൭

വിധിക്കുടാതെ കണ്ടാരാനൌഷധങ്ങളെടുക്കിലൊ
തേഷാം വീര്യം തയാ ഗ്രാഹ്യമിത്യാചഷ്ട ച തേന സാ. ൧൮

* ഔഷധഗ്രഹണക്രമം.

അതുകൊണ്ടവളെപ്പൂർവ്വം പ്രണമ്യ വിധിവൽ സുധീഃ
ഔഷധത്തിന്റെ പാർശ്വത്തിലർച്ചിച്ചു കുസുമാദികൾ. ൧൯

പത്തുവട്ടം ജപിക്കേണമിദം വന്ദനപൂർവ്വകം

---

* ഔഷധഗ്രഹണക്രമം മുതലായത്.

പ്രശസ്തദേശജദ്രവ്യങ്ങൾ:—

"ആഗ്നേയാ വിന്ധ്യശൈലാദ്യാഃ സൌമ്യാ ഹിമഗിരിർമ്മതഃ
തതസ്താന്യൌഷധാനി സ്യുഃ പ്രശസ്താനി ക്രിയാവിധൌ.
അന്യേഷ്വപി പ്രരോഹന്തി വനേഷൂപവനേഷു ച
ഗൃഹ്ണീയാത്താന്യപി ഭിഷഗ്വനേ ശൈലേ വിശേഷതഃ."

*മന്ത്രം.

,,ഓം നമോ ഔഷധീഭ്യഃ ഉൗർജ്ജാവന്തോ ഭവിഷ്യഥ.
ത്വദ്വീര്യൈഃ കൃത്സ്നീകുരുദ്ധ്വം പച പച ഹന ഹന
ദഹ ദഹ മാരയ മാരയ തുഭ്യം നമഃ.''

ഇതുകൊണ്ടിപ്രകാരത്തിലൌഷധങ്ങളെടുക്കുക. ൧൦

† വിധിപ്രകാരമെടുക്കുന്ന ഔഷധങ്ങളുടെ മാഹാത്മ്യം.

വീര്യം പൂർണ്ണമതാമെന്നാലൌഷധങ്ങൾക്കതൊക്കയും
ഒരു യോഗത്തിലീവർണ്ണമുദ്ധരിച്ചുള്ളൊരൌഷധം ൧൧
ഒന്നു കൂട്ടുകയെന്നാൽ മറെറല്ലാററിന്നും ബലംവരും.

മരുന്നുകൊടുക്കേണ്ട ക്രമം.

ഗുരുനാഥനെ വന്ദിച്ചിട്ടൌഷധം തൊട്ടുകൊണ്ടുടൻ ൧൨
ജപിപ്പൂ താർക്ഷ്യമന്ത്രത്തെ സുധാഹൃദയവും പുനഃ.
ധാന്വന്തരാദിമന്ത്രങ്ങൾ യഥായോഗ്യം ജപിച്ചുടൻ ൧൩
അമൃതാക നിരൂപിച്ചിട്ടൌഷധങ്ങൾ കൊടുക്കുക.

---

(അന്യച്ച)

"ധന്വസാധാരണേ വാപി ഗൃഹ്ണീയാദുത്തരാശ്രിതം
പൂർവ്വാശ്രിതം വാ മതിമാനൌഷധം തദ്വിചക്ഷണഃ."

(അന്യച്ച)

"ധന്വസാധാരണേ ദേശേ മൃദാ വൃത്തരതഃ ശുചൌ
അവൈകൃതമനാക്രാന്തം സവീര്യം ഗ്രാഹ്യമൌഷധം."

(വൈ-പ).

ഭേഷജോദ്ധാരണേ ഭൂതാപസാരണമന്ത്രം:—

"ഓം നിവസന്തി ഹി ഭൂതാനി യാന്യസ്മിൻ കാനിചിദ്ദ്രുമേ
അപക്രാമന്ത്വതസ്താനി പ്രജാർത്ഥം പാട്യതേ ദ്രുമഃ.
ഓം വേതാളാശ്ച പിശാചാശ്ച രാക്ഷസാശ്ച സരീസൃപാഃ
യേ ഭൂതാസ്തേƒപസർപ്പന്തു വൃക്ഷാദസ്മാച്ഛിവാജ്ഞയാ."

(വൈ-പ).

---

* ഔഷധോദ്ധാരണമന്ത്രം:—

"ഓം യേന ത്വാം ഖനതേ ബ്രഹ്മാ യേനേന്ദ്രോ യേന കേശവഃ
തേനാഹം ത്വാം ഖനിഷ്യാമി മന്ത്രപൂതേന പാണിനാ."

(വൈ-പ).

† "ഭൂതാദിമുക്തയേഭ്യർച്ച്യ സായം പ്രാതശ്ച സമ്മുഖേ
ശ്രുത്വാദൈരുപോഷിതൈർഗ്രാഹ്യം ഭേഷജം കർമ്മകൃദ്ഭവേൽ."

(വൈ-പ).

* ഔഷധസേവയിലുള്ള സങ്കല്പം.

ധാന്വന്തരം മഹാവിഷ്ണും ഗരുഡം പാവകം പുനഃ ൨൪

മാർത്താണ്ഡമശ്വിനീദേവൌ സുധാം മൃത്യുഞ്ജയം തഥാ
അച്യുതം സ്കന്ദമാചാര്യപാദപത്മം വിശേഷതഃ ൨൫

ദൃഢമായി വിചാരിച്ചിട്ടൌഷധങ്ങൾ കുടിക്കണം.

വിഷശമനാർത്ഥം ഈശ്വരസേവാദികൾ.

വിഷവീര്യം ശമിപ്പാനുമായുസ്സിന്റെ ബലത്തിനും ൨൬

ഭക്തിപൂർവ്വം കഴിപ്പിക്കവേണമീശ്വരസേവകൾ.
ഗണനായകഹോമം ച ദുർഗ്ഗാപൂജയതും പുനഃ ൨൭

ഭാസ്കരന്നു നമസ്കാരം മൂന്നുലക്ഷം ജപം തഥാ
ഗോപാലകം രുദ്രസൂക്തം പൌരുഷംസൂക്തമേവ ച ൨൮

ശംഖാഭിഷേകം ദേവേഷു നിവേദ്യം മധുരത്രയം
ധ്യാനാന്തരം ജപം തദന്തർത്ഥീയം ഹോമ പൂജയും ൨൯

മൃത്യുഞ്ജയാഖ്യം ഹോമം ച ശങ്കരന്നംബുധാരയും.
ക്ഷീരധാരയതും നന്ന് ശൂലിനീജപവും തഥാ. ൩൦

വിശേഷിച്ചു വിഷം തീർപ്പാൻ ഗരുഡാഷ്ടോത്തരംശതം
വിഷ്ണുസാഹസ്രനാമം ച പൂജയും സ്കന്ദസേവയും ൩൧

ഖഗേശ്വരപ്രീതിതന്നെ കഴിച്ചീടിൽ ഗുണം തുലോം.
വിപ്രഭോജനവും വേണം ഭിഷഗ്ഗണകപൂജയും ൩൨

മററുള്ള സജ്ജനങ്ങൾക്കും പ്രസാദത്തെ വരുത്തണം
ഗ്രഹദേവാദി പൂജാ ച ബലിയും തർപ്പണങ്ങളും ൩൩

യഥാശക്തി കഴിക്കേണം മററുള്ളീശ്വരസേവയും
ക്രിയാവസാനേ ശക്തിക്കുതക്ക ദക്ഷിണചെയ്തുടൻ ൩൪

പ്രസാദിപ്പിക്കയും വേണം കല്യാണഫലസിദ്ധയേ. ൩൪½

ഇതി ജ്യോത്സ്നികായാം
സുധാകമാലിനിത്രൃപണാധികാരം സമാപ്തം.

---

* "ധന്വന്തരിമഗസ്ത്യഞ്ച പാവകം സൂര്യമശ്വിനൌ
അച്യുതഞ്ചാമൃതഞ്ചാപി സ്മരേദൌഷധകർമ്മണി."

## അധികാരം ൧൧.

### മൂഷികവിഷചികിത്സ.

* മൂഷികഭേദങ്ങൾ.

കുലചന്ദ്രഃ കരഘ്നശ്ച വിഷഘാതീ ഭയാനകഃ
ക്രൂരോപ്യുഗ്രശ്ച കുമുദോ മേഘനാദശ്ച ഭ്രതകഃ ൧

തീക്ഷ്ണസ്സുദംശ്സ്സിംഹാസ്യസ്സുദന്തസ്സുമുഖസ്തഥാ
ഏകചാരീ സുഗർഭശ്ച കീർത്തിതാഷ്ഷോഡശാഖവഃ. ൨

ഏവം മൂഷികവംശങ്ങൾ പതിനാറുണ്ടവററിനു

---

* മൂഷികഭേദവും അവസ്ഥകളുള്ള പ്രത്യേകചികിത്സയും:—
"ലാലനഃ പുത്രകഃ കൃഷ്ണോ ഹംസിരശ്ചിക്കിരസ്തഥാ
ഛുച്ഛുന്ദരോഽലസശ്ചൈവ കഷായദശനോഽപി ച.
കുലിംഗശ്ചാജിതശ്ചൈവ ചപലഃ കപിലസ്തഥാ
കോകിലോഽരുണസംജ്ഞശ്ച മഹാകൃഷ്ണസ്തഥോന്ദുരഃ.
ശ്വേതേന മഹതാ സാർദ്ധം കപിലേനാഖുനാ തഥാ
മൂഷികശ്ച കപോതാഖ്യസ്തഥൈവാഷ്ടാദശ സ്മൃതാഃ.
ലാലാസ്രാവോ ലാലനേന ഹിക്കാ ഛർദ്ദിശ്ച ജായതേ
തണ്ഡുലീയകകല്കന്തു ലിഹ്യാത്തത്ര സമാക്ഷികം.
പുത്രകേണാംഗസാദശ്ച പാണ്ഡുവർണ്ണശ്ച ജായതേ
ചീയതേ ഗ്രന്ഥിഭിശ്ചാംഗമാഖുശാബകസന്നിഭൈഃ.
ശിരീഷേംഗുദകല്കന്തു ലിഹ്യാത്തത്ര സമാക്ഷികം
കൃഷ്ണേന ദംശേ ശോഫോഽസൃക് ഛർദ്ദിഃ പ്രായശ്ച ദുർദ്ദിനേ.
ശിരീഷഫലകുഷ്ഠം തു പിബേൽ കിംശുകഭസ്മനാ
ഹംസിരേണാന്നവിദ്വേഷോ ജൃംഭാ രോമ്ണാം ച ഹർഷണം.
പിബേദാരഗ്വധാദിന്തു സ്വവാന്തസ്തത്ര മാനവഃ
ചിക്കിരേണ ശിരോദുഃഖം ശോഫോ ഹിക്കാ വമിസ്തഥാ.
ജാലിനീ മദനാംകോഠകഷായൈർവ്വാമയേത്തു തം
യവനാളഷ്ഠിക്ഷാരം ബൃഹത്യാശ്ചാത്ര ദാപയേൽ.
ഛുച്ഛുന്ദരേണ തൃട് ഛർദ്ദിർജ്വരോ ദൌർബ്ബല്യമേവ ച
ഗ്രീവാസ്തംഭഃ പൃഷ്ഠശോഫോ ഗന്ധാജ്ഞാനം വിഷൂചികാ.
ചവ്യം ഹരീതകീ ശുണ്ഠീ വിഡംഗം പിപ്പലീ മധു
അങ്കോടബീജഞ്ച തഥാ പിബേദത്ര വിഷാപഹം.
ഗ്രീവാസ്തംഭോഽലസേനോർദ്ധ്വവായുർദ്ദംശേ രുജാ ജ്വരഃ
മഹാഗദം സസർപ്പിഷ്കം ലിഹ്യാത്തത്ര സമാക്ഷികം.
നിദ്രാ കഷായദന്തേന ഹൃച്ഛോഷഃ കാർശ്യമേവ ച
ക്ഷൌദ്രോപേതാഃ ശിരീഷസ്യ ലിഹ്യാത്സാരഫലത്വചഃ.
കുലിംഗേന രുജഃ ശോഫോ രാജ്യശ്ചാദംശമണ്ഡലേ
സഹേ സസിന്ധുവാരേ ച ലിഹ്യാത്തത്ര സമാക്ഷികേ.
അജിതേനാംഗകൃഷ്ണത്വം ഛർദ്ദിർമ്മൂർച്ഛാ ച ഹൃദ്ഗ്രഹഃ
തത്ര സ്നുഹീക്ഷീരപിഷ്ടാം പാലിന്ദീം മധുനാ ലിഹേൽ.
ചപലേന ഭവേച്ഛർദ്ദിർമ്മൂർച്ഛാ ച സഹ തൃഷ്ണയാ

### മൂഷികവിഷലക്ഷണം (സാമാന്യം).

ഓരോ കാലത്തിലോരോന്നിനേററമുണ്ടാം വിഷം തുലോം. ൩

പതിനാറെലികൾക്കുള്ള വിഷമോരോരു ധാതുവിൽ
കടന്നാപതിനെട്ടോരു ലക്ഷണങ്ങൾ ചികിത്സയും ൪

വേറിട്ടു ചൊന്നതെല്ലാം താനറിവാൻ പണിയേററവും
ആകയാലിഹ സാമാന്യം ചികിത്സാ ലക്ഷണങ്ങളും ൫

ചൊല്ലുന്നു പ്രാണിനാം സാക്ഷാദുപകാരാൎത്ഥമായിഹ.
*ഇവററിൻ പല്ലുപെട്ടാലും ശുക്ലം ദേഹേ പതിക്കിലും ൬

നഖങ്ങൾക്കൊണ്ടു ദേഹത്തിൽ മുറിഞ്ഞീടുകിലും തഥാ
ശവശുക്ലാദിവീണുള്ളതുപജീവിച്ചതാകിലും ൭

വിഷപീഡകളുണ്ടാകും ക്രമത്താൽ പ്രാണികൾക്കിഹ.
കടിച്ചോരുപ്രദേശത്തു തഴമ്പായിട്ടിരിക്കിലും ൮

പുൺപെട്ടിട്ടുതുണങ്ങാതെ നൊമ്പലത്തോടിരിക്കിലും
വിഷമുണ്ടത്ര ദഷ്ടന്നു ദേഹത്തിങ്കലതോൎക്കണം. ൯

---

ക്ഷൌദ്രേണ ത്രിഫലാം ലിഹ്യാദ് ഭദ്രകാഷ്ഠജഡാന്വിതാം.
കപിലേന വ്രണേ കോഥോ ജ്വരോ ഗ്രന്ഥ്യുദ്ഗമഃ സതൃട്
ലിഹ്യാന്മധുയുതാം ശ്വേതാം ശ്വേതാം ചാപി പുനൎന്നവാം.
ഗ്രന്ഥയഃ കോകിലേനോഗ്രാ ജ്വരോ ദാഹശ്ച ദാരുണഃ
വൎഷാഭൂനീലിനീക്വാഥകല്കസിദ്ധം ഘൃതം പിബേൽ.
അരുണേനാനിലഃ ക്രുദ്ധോ വാതജാൻ കുരുതേ ഗദാൻ
മഹാകൃഷ്ണേന പിത്തം ച ശ്വേതേന കഫ ഏവ ച.
മഹതാ കപിലേനാസൃക് കപോതേന ചതുഷ്ടയം
ഭവന്തി തച്ചൈഷാം ദംശേഷു ഗ്രന്ഥിമണ്ഡലകൎണ്ണികാഃ.
പിഡകോപചയശ്ചോഗ്രഃ ശോഫശ്ച ഭൃശദാരുണഃ
ദധിക്ഷീരഘൃതപ്രായാസ്ത്വേയഃ പ്രത്യേകശോ മതാ.
കരഞ്ജാരഗ്വധവ്യോഷബൃഹത്യംശുമതീസ്ഥിരാഃ
. നിഷ്കൃഷ്യ ചൈഷാം ക്വാഥസ്യ ചതുൎത്ഥാംശഃ പുനൎഭവേൽ.
ത്രിവൃത്തിക്താമൃതാവക്രസപ്തഗന്ധാഃ സമൃത്തികാഃ
കപിത്ഥദാഡിമത്വക് ച ശ്ലക്ഷ്ണപിഷ്ടാഃ പ്രദാപയേൽ.
തൽ സൎവ്വമേകതഃ കൃത്വാ ശനൈൎമ്മൃദ്വഗ്നിനാ പചേൽ
പഞ്ചാനാമരുണാദീനാം വിഷമേതദ്വ്യപോഹതി.
കാകാദനീകാകമാചീസ്വരസേഷ്വഥവാ കൃതം
സിരാശ്ച സ്രാവയേൽ പ്രാപ്താ കുൎയ്യാൽ സംശോധനാനി ച.”(സു-ക).
* “ശുക്ലം പതതി യത്രൈഷാം ശുക്ലസ്പൃഷ്ടൈഃ സ്പൃശന്തി വാ
നഖദന്താദിഭിസ്തസ്മിൻ ഗാത്രേ രക്തം പ്രദുഷ്യതി,” (സു-ക

ദംശപ്രദേശേ വീങ്ങീട്ടും നൊമ്പലങ്ങളുള്ളാം തുലോം
തലനോവോട്ടുപനിയും കുക്ഷിവേദനയും തഥാ ൧൦

രുചിയൊന്നിലുമില്ലാതെ വന്നിട്ടും നേത്രരോഗവും
കമ്പവും കഫവും ശീതം തഥാ സർവാംഗസാദവും ൧൧

മേലേല്ലാം വട്ടമായിട്ടു പൊട്ടിട്ടും ചൊറിയും പുനഃ
നൊമ്പലങ്ങൾ ശരീരത്തിലെല്ലാം വർദ്ധിച്ചുവന്നിട്ടും ൧൨

ആതപേച്ഛയുമുണ്ടാകും മൂക്കിലൂടേ ജലം വരും
മലമൂത്രങ്ങൾ ബന്ധിക്കും പീഡകൾ പലതും വരും. ൧൩

*എലിവിഷത്തിനുള്ള തൽക്കാലചികിത്സ.

എലിതൻ നഖദന്താദി തട്ടിയാലവനപ്പൊഴേ
കയ്യുണ്ണിവെള്ളം മൂർദ്ധാവിൽ തേച്ചീടിൽ വിഷമാശുപോം. ൧൪

കാർപ്പാസപല്ലവം തൈലേ പേഷിച്ചിട്ടു കുടിക്കിലാം
തഥാ തൈലത്തിലാകാശതാർക്ഷ്യചൂർണ്ണം കുടിക്കിലാം. ൧൫

കർപ്പാസപത്രം ക്ഷീരത്തിൽ പിഴിഞ്ഞിട്ടതിലപ്പൊഴേ
കിഞ്ചിൽ ചൂർണ്ണമതും കൂട്ടിക്കൊടുപ്പൂ മൂഷികാർത്തന്. ൧൬

കഴുത്തോളം ജലേ നിന്നു കുടിച്ചുപ്പാത്രമഞ്ജസാ
മൂർദ്ധാവിനേക്കടെത്തീട്ടു പിൻപോട്ടുയ്യുങ്ങെറിഞ്ഞിട്ടു. ൧൭

ശീതപ്പെട്ടു വിറപ്പോളം മുങ്ങവേണം യഥാബലം
ദിനത്രയമതവണ്ണം ചെയ്തുകൊള്ളു വിഷം കെടും. ൧൮

ഒന്നരട്ടിവസം ചെല്ലുംമുൻപിലേ ചെയ്തുകൊള്ളണം
അല്ലായ്കിലൌഷധം മററും കുടിക്കേണം പുരട്ടണം. ൧൯

അനന്തരകരണീയങ്ങൾ.

ചെറുചീരസമൂലത്തെ കാടിനീരിൽ പിബേത്തതഃ
തഥാ ശിരീഷപഞ്ചാംഗം പായയേൽ ക്ഷേപാളശാന്തയേ. ൨൦

അങ്കോലമൂലം ക്ഷീരത്തിൽ കുടിപ്പൂ കാഞ്ചികേƒഥവാ
തഥാച്ചാരണയും നീലീമൂലവും ചെറുചാരയും ൨൧

* "ദഗ്ധ്വാ വിസ്രാവയേദ്ദംശം പ്രച്ഛരിതം ച പ്രലേപയേൽ
ശിരീഷരജനീകുഷ്ഠകുങ്കുമൈരമൃതായുതൈഃ." (സു-ക).

തുല്യമായിക്കൂടിപ്പിഷ്പ്പൂ വ്രണേ തേപ്പൂ വിഷാപഹം
ശ്വേതാൎക്കമൂലം ഗന്ധം ച ഗോക്ഷീരേ പായയേത്തഥാ. ൨൨

ഉന്മത്താൎക്കദലം വേലിപ്പരുത്തിക്കുള്ള പത്രവും
പിഴിഞ്ഞനീരിൽ കായത്തെ മേളിച്ചിട്ടു പുരട്ടുക. ൨൩

കടുത്രയം കുടിക്കേണം തഥാ സൈന്ധവചന്ദനൈഃ
ലേപനംചെയ്കയുംവേണം വിഷശാന്തിക്കു ദഷ്ടന്റ്. ൨൪

കരളേകമഘോരീടെമൂലവും ചന്ദനം വചാ
നന്നാറി പാടതൻവേരും ശംഖപുഷ്പമവിൽപ്പൊരി ൨൫

ഇവയെല്ലാം സമംക്രുട്ടു തത്തുല്യം വെള്ളടുമ്പുതൻ-
പത്രവുംക്രുട്ടി ഗോക്ഷീരേപിഷ്ട്വാ സപ്തദിനം പിബേൽ. ൨൬

ലേപനാദികളും ചെയ്ക വീക്കവും തീൎന്നുപോം ദ്രുതം
നാനാമൂഷികദോഷങ്ങൾ വിദ്രുതം പോയ്മറഞ്ഞിടും. ൨൭

പുഴപ്പരുത്തിത്തോലിന്റെ രസത്തിൽ തമിഴാമയും
മുരിങ്ങത്തൊലി കോഞ്ഞാണിത്തൊലിയും കരളേകവും ൨൮

വയമ്പും ചന്ദനം പാടക്കിഴങ്ങും ഗൃഹധൂമവും
പിഷ്ട്വാ സൎവാംഗവും തേപ്പൂ നഷ്ടമാം മൌഷികം വിഷം. ൨൯

കഴഞ്ചോരോന്നു കൊള്ളേണം കുറയാതെ ഫലത്രയം
ചുണ്ടവേർ മുക്കഴഞ്ചാവു പൊടിച്ചിട്ടിവയൊക്കയും ൩൦

കള്ളിപ്പാലിലുരുട്ടീട്ടു കപ്പിപ്പാത്രത്തിലിട്ടുടൻ
അടച്ചാതപമുള്ളേടം വച്ചുകൊണ്ടുണക്കുക ൩൧

പൊടിച്ചു പൊടിയാക്കീട്ടു മുൻപിലുണ്ണുന്ന ചോറതിൽ
നെയ്യും പൊടിയതും ചേൎത്തു ഭക്ഷിപ്പൂ വിഷമാശു പോം. ൩൨

അരുചിക്കു തിലചൂൎണ്ണം.

ഉപ്പുനീരിൽ നനച്ചിട്ടു തിലം തൊലികളഞ്ഞുടൻ
ചുക്കുമൊപ്പിച്ചു ചൂൎണ്ണിച്ചു മേളിച്ചു ഗുളമോടതു് ൩൩
സേവിച്ചുകൊണ്ടാലാത്തന്റെ വൈരസ്യങ്ങളകന്നുപോം.

നവനീതപ്രയോഗം.

പശുവിൻപാലിലെട്ടൊന്നു കള്ളിപ്പാലു പകൎന്നുടൻ ൩൪

(കാച്ചിക്കൊണ്ടുറതൊട്ടിട്ടു ദധിയാക്കിക്കലക്കുക)
ഉദ്ധൃത്യ വെണ്ണ സേവിച്ചാലൊഴിയും മൌഷികം വിഷം.

ശിവമല്ല്യാദിചൂർണ്ണം.

ശിവമല്ലിയുടേവേരും പുഷ്പവും ചന്ദനം വചാ ൩൫
വിഷഃവഗം തഥാ പാടക്കിഴങ്ങും മരമഞ്ഞളും
മുത്തങ്ങാ രോഹിണീ വ്യോഷം പൃഥുകപ്പൊരിയെന്നിവ ൩൬
തുല്യമായിപ്പൊടിച്ചിട്ടു സേവിപ്പൂ തേനുമായതു്
മറന്നുപോയെന്നിന്തുപ്പും കൂട്ടികൊൾക പൊടിച്ചതിൽ ൩൭
അനേന നശ്യതി ക്ഷ്വേളം തിമിരം ഹി യഥേന്ദുനാ.

അർക്കപത്രാദി.

പറിച്ച തുമ്പ പുകയത്തക്ക്പെത്രം വെളുത്തതു് ൩൮
പുകയേററം പിടിച്ചാലങ്ങെടുത്തിട്ടു പൊടിച്ചതിൽ
നാലൊന്നു സൈന്ധവം ചേർപ്പൂ തദ്ധം ടങ്കണം തഥാ ൩൯
തേനിൽകുഴച്ചു സേവിപ്പൂ സമസ്താഖുവിഷാപഹം.

വീക്കത്തിനു.

പറിച്ചാനയടിമൂലം ശതമൂലീടെ മൂലവും ൪൦
കൊട്ടത്തേങ്ങാപ്പുറന്തോലും നീലിച്ചുള്ള കരിമ്പതും
തുക്കിത്തുല്യമതാക്കീട്ടു വറുത്തിട്ടങ്ങരച്ചതു് ൪൧
തൊട്ടുതേച്ചാലൊഴിഞ്ഞീടും വീക്കം മൌഷികദോഷജം.
വീക്കം പാരമതായീടിൽ മണ്ഡലിക്കുപറഞ്ഞവ ൪൨
മരുന്നും ധാരയും ചെയ്താലൊഴിയും വിഷവീക്കവും.

പനിക്കു.

ജലദോശീരശീതം ച വിശ്വം പർപ്പടതോയവും ൪൩
കഷായംവച്ചു സേവിച്ചാൽ പനി ശീഘ്രമൊഴിഞ്ഞുപോം.

സമസ്താഖുവിഷങ്ങൾക്കും.

൧ കാഥയോഗങ്ങൾ.

നീലീകരഞ്ജപിചുമന്ദശിരീഷശിഗ്രു
മുസ്താഗ്രവിശ്വസുരഭ്രുരുഹചന്ദനാനി

ഏഭിസ്സമാംശസഹിതൈഃ പരിപാകപാമംഭ-
ശ്ശീഘ്രം വിനാശയതി മൂഷികദോഷജാലം. ൪൪

പാഠാശിരീഷപൃഥുകാമ്ര്യവചാഹരിദ്രാ-
കുഷ്ഠാബ്ദവിശാമധുകൈകസ്സമഭാഗയുക്തൈഃ
കല്കോ ഹരത്യഖിലമൂഷികദോഷജാതം
ക്ഷ്വേളം ക്ഷണേന ദഹനോ ഹി യഥാ തൃണൌഘം. ൪൫

പഞ്ചാംഗം ച ശിരീഷജം ത്രികടുകം
കാകോളവേഗം വചാ
പഥ്യാ ചന്ദനവാജിഗന്ധതകരോ-
ശീരാബ്ദനിംബത്വചഃ
സംകല്ക്യാശ്രു സമാംശമത്ര തു ജലേ-
ര്വ്യേതൽ സമസ്തം പ്രഗേ
പീത്വാ സൈന്ധവസംയുതം പരിഹരേൽ
കാകോളമാഖൂത്ഭവം. ൪൬

## ൨. തൈലയോഗങ്ങൾ

നാലിടങ്ങഴി കൊള്ളേണം കരുകയ്ക്കുള്ള നീരതു്
നാനാഴി എണ്ണയും ചേൎത്തു് കാച്ചൂ കല്ക്കന്ത്യ യഷ്ടിതാൻ. ൪൭

ദശപുഷ്പം പിഴിഞ്ഞുള്ള തോയേ കാച്ചുകിലും ഗുണം
തഥാ ഭൃംഗാമൃതരസേ കാച്ചിക്കൊണ്ടുള്ള തൈലവും ൪൮

മൂഷികാൎത്തന്നു തേച്ചിട്ടു കുളിപ്പാൻ ഗുണമേററവും
കുളിച്ചാലപ്പൊഴേ നല്ലോരൌഷധത്തെക്കുടിക്കണം. ൪൯

സങ്കടം പലതും പാരമേറീടിലവനപ്പൊഴേ
ഛൎദ്ദിപ്പിക്ക ഗുണം ശീഘ്രം സരിപ്പിച്ചീടിലും തഥാ. ൫൦

* എലിവിഷത്തെ ഛൎദ്ദിപ്പിക്കുവാൻ.

നിലനാരകമൂലത്തെ ക്ഷീരംതന്നിൽ കുടിക്കിലോ
ആഖുജാതമതായുള്ള വിഷം ഛൎദ്ദിച്ചുപോം നൃണാം. ൰൧

തഥൈവ മഹിഷീതക്രേ കുടിപ്പൂ പേച്ചുരക്കുരു
കാടിയിൽ പുന്നബീജത്തെ കുടിച്ചാലും വമിച്ചുപോം. ൰൨

കരിവള്ളിയുടേമൂലം പിരകിൻകുരുവും തഥാ
ഇവയൊന്നെണ്ണയിൽ പീത്വാ വിഷം ഛൎദ്ദിച്ചുപോം ദ്രുതം. ൰൩

കാലമേറെക്കഴിഞ്ഞീടിലിവയൊന്നു കൊടുത്തുടൻ
എണ്ണതേച്ചിളവെലത്തു നിൎത്തീട്ടു വിഷദഷ്ടനെ. ൰൪

എന്നാൽ ഛൎദ്ദിച്ചുപോയീടുമാഖുനാം വിഷമൊക്കയും.

ഛൎദ്ദിനില്ക്കുവാൻ.

ചന്ദനം ശുദ്ധതോയത്തിൽ കുടിച്ചാൽ ഛൎദ്ദിപോം ദ്രുതം. ൰൫

പരിപ്പും മലരും ചുക്കും ബലാ വില്വം ച ധാന്യവും,
കഷായംവച്ചു സേവിച്ചാൽ ഛൎദ്ദിയെല്ലാമില്ലച്ചുപോം. ൰൬

കാവിക്കല്ലഞ്ജനക്കല്ലും ചുക്കും തിപ്പലി യഷ്ടിയും
ധാത്രീഫലമതും തേനിൽ സേവിച്ചാൽ ഛൎദ്ദി നിന്നുപോം. ൰൭

സരിപ്പിക്കുവാൻ.

†ആവണക്കെണ്ണയും പാലും കുടിക്കിലിളകും മലം
തഥാ പകുന്നസേവിപ്പൂ കാഞ്ഞവെള്ളമതിൽ പുനഃ. ൰൮

അമൃതും പൂഗവും പഥ്യാ കഷായം ചുക്കുമായുടൻ
വച്ചു സേവിച്ചുകൊൾകെന്നാലുടനേ സരണം വരും. ൰൯

---

* "ഛൎദ്ദനം ജാലിനീകല്ക്കൈഃ ശുകാഖ്യാങ്കോഠയോരപി
ശുകാഖ്യാം കോശവത്യോൎവാ മൂലം മദന ഏവ ച.
ദേവദാളീഫലം ചൈവ ദധ്നാ പീത്വാ വിഷം വമേൽ
സൎവ്വമൂഷികദഷ്ടാനാമേഷ യോഗഃ സുഖാവഹഃ." (സു-ക).

"ഖാദ്യാ പുന്നാഗബീജാശീ തിക്ഷ്ണതൈലാക്ത ആതപേ
പുരാണവിഷജാനാഖുശ്ശ്രുൻ കുക്ഷിഗതാൻ വമേൽ." (ല-ആ).

† "ക്ഷീരാഷ്ടാംശസ്നേഹഗ്ധേ തഥതക്രോഥാ രേചനം ലിഹേൽ."
(ല-ആ).

"വിരേചനേ ത്രിവൃദ്ദന്തീത്രിഫലാകല്ക ഇഷ്യതേ
ശിരോവിരേചനേ സാരഃ ശിരീഷസ്യ ഫലാനി ച
ഹിതോ കടുത്രികാന്ധ്യശ്ച ഗോമയസ്വരസോഞ്ജനേ." (സു-ക).

കമ്പിപ്പാലയുടേവേർമേൽത്തൊലിയും നൽക്കടുകയും
അമൃതും ചുക്കുമൊന്നിച്ച കഷായം തു വിരേചനം. ൩൦

സരണം നിറുത്തുവാൻ.

സ്നാനം ചന്ദനപാനം ച ദധിഭോജനമെന്നിവ
ചെയ്തുകൊണ്ടാൽ ശമിച്ചീടും സരണഞ്ചൌഷധോത്ഭവം. ൩൧

൨. ഘൃതയോഗങ്ങൾ.

കഷായംവച്ച നല്ലോരു കരളേകമവിൽപ്പൊരി
നാലൊന്നായാൽ പിഴിഞ്ഞിട്ടങ്ങതിൽ നാലൊന്നുനെയ്യതും ൩൨

പകർന്നു വെന്തുകൊള്ളേണം കല്ക്കത്തിന്നു കടുത്രയം
സേവിച്ചാൽ മൂഷികക്ഷ്വേളമൊഴിഞ്ഞീടുമശേഷവും. ൩൩

കൊട്ടം കുമിഴുതൻവേരും കഷായംവച്ചതിൽ പുനഃ
വെന്തുകൊള്ളാം ഘൃതം കല്ക്കം മധുകം മുന്തിരിങ്ങയും. ൩൪

സമം നെയ്യോടു ഗോമൂത്രം കൂട്ടിവെന്തു കുടിക്കണം
തഥാ ബ്രഹ്മീരസേ വെന്തു സേവിച്ചാലും ഗുണം തുലോം. ൩൫

ഇതി ജ്യോത്സ്നികായാം
മൂഷികചികിത്സാധികാരം സമാപ്തം.

---

അധികാരം ൧൩.

## * വൃശ്ചികവിഷവിജ്ഞാനപ്രതിഷേധം.

വൃശ്ചികവിഷലക്ഷണം.

വൃശ്ചികാനാം വിഷത്തിന്റെ ലക്ഷണങ്ങൾ ചികിത്സയും
കിഞ്ചിൽ ചുരുക്കിച്ചൊല്ലുന്നേൻ ജനാനാമറിവാനിഹ. ൧

---

* വൃശ്ചികഭേദങ്ങൾ:—

"ഗോശകൃൽകോഥജാ മന്ദാ, മദ്ധ്യാഃ കാഷ്ഠേഷ്ടികോദ്ഭവാഃ
സർപ്പകോഥോദ്ഭവാസ്തീക്ഷ്ണാ യേ ചാന്യേ വിഷസംഭവാഃ,
മന്ദാ ദ്വാദശ, മദ്ധ്യാസ്തു ത്രയഃ, പഞ്ചദശോത്തമാഃ
ദശ വിംശതിരിത്യേതേ സംഖ്യയാ പരികീർത്തിതാഃ.

അനിശം കമ്പമുണ്ടാകും ഛർദ്ദി ബുദ്ധിഭ്രമങ്ങളും
ശൂലയും സ്വേദവും പാരം പനിയും രോമഭേദവും ൨

ദംശേ വേദനയും പാരിച്ചുഴലും രക്തവർണ്ണവും
നാനാവൃശ്ചികജന്തുക്കൾക്കുംവിഷത്താലുള്ള വാസ്തവം. ൩

---

കൃഷ്ണഃ ശ്യാവഃ കർബ്ബുരഃ പാണ്ഡുവർണ്ണോ
ഗോമൂത്രാഭഃ കക്കശോ മേചകശ്ച
പീതോ ധൂമ്രോ രോമശഃ ശാഡ്വലാഭോ
രക്തശ്ചെത്യേതേ മന്ദവീര്യാ മതാസ്തു.

ഏഭിർദ്ദഷ്ടേ വേദനാ വേപഥുശ്ച
ഗാത്രസ്തംഭഃ കൃഷ്ണരക്താഗമശ്ച
ശാഖാദഷ്ടേ വേദനാ ചോർദ്ധ്വമേതി
ദാഹസ്വേദൗ ദംശശോഫോ ജ്വരശ്ച.

യുക്താശ്ചൈതേ വൃശ്ചികാഃ പുച്ഛദേശേ
സ്യുർഭൂയോഭിഃ പർവ്വഭിശ്ചോത്തരേഭ്യഃ
രക്തഃ പീതഃ കാപിലശ്ചോദരേണ
സർവ്വേ ധൂമ്രാ പർവ്വഭിശ്ച ത്രിഭിഃ സ്യുഃ.

ഏതേ മൂത്രോച്ചാരപൂത്യണ്ഡജാതാ
മദ്ധ്യാ ജ്ഞേയാസ്ത്രിപ്രകാരോരഗാണാം
യദ്വസ്യൈതേഷാമന്വയാല്പഃ പ്രസൂതോ
ദോഷോൽപത്തിം തൽസ്വരൂപാം സ കുർയ്യാൽ.

ജിഹ്വാശോഫോ ഭോജനസ്യാവരോധോ
മൂർച്ഛാ ചോഗ്രാ മദ്ധ്യവീര്യാഭിദഷ്ടേ
ശ്വേതശ്ചിത്രഃ ശ്യാമളോ ലോഹിതാഭോ
രക്തഃ ശ്വേതോ രക്തനീലോദരൗ ച.

പീതോഽരക്തോ നീലപീതോഽപരസ്തു
രക്തോ നീലോ നീലശുക്ലസ്തഥാ ച
രക്തോ ബഭ്രുഃ പൂർവ്വവച്ചൈകപർവ്വാ
യശ്ചാപർവ്വാ പർവ്വണി ദ്വേ ച യസ്യ.

നാനാരൂപാ വർണ്ണതശ്ചാപി ഘോരാ
ജ്ഞേയാശ്ചൈതേ വൃശ്ചികാഃ പ്രാണചൗരാഃ
ജാതന്ത്വേതേഷാം സർപ്പകോഥാൽ പ്രദിഷ്ടം
ദേഹേഭ്യോ വാ ഘാതിതാനാം വിഷേണ.

ഏഭിർദ്ദഷ്ടേ സർപ്പവേഗപ്രവൃത്തിഃ
സ്ഫോടോൽപത്തിർഭ്രാന്തിദാഹൗ ജ്വരശ്ച
ഖേഭ്യഃ കൃഷ്ണം ശോണിതം യാതി തീവ്രം
തസ്മാൽ പ്രാണൈസ്ത്യജ്യതേ ശീഘ്രമേവ." (സം-ക)

* വൃശ്ചികവിഷചികിത്സ (സാമാന്യം).

ആദൌ ശൃംഗജളൂകാദികൊണ്ടു രക്തം കളഞ്ഞുടൻ
അശാപഗന്ധകരഞ്ജങ്ങൾ പായയേന്നസ്യമാചരേൽ. ൪

പുളിമോരിലരച്ചിട്ടു വേപ്പിൻതോൽ മുളകെന്നിവ
കാച്ചിക്കവോഷ്ണമാകുമ്പോളതിനാൽ ധാരകൊള്ളുക. ൫

കരഞ്ജം തിന്ത്രിണീ കാരസ്കരത്തിൻപത്രമെന്നിവ
പിഴിഞ്ഞ നീരിലിന്തുപ്പുമെഴുതു കണ്ണുരണ്ടിലും. ൬

ഹസ്തംകൊണ്ടു പിഴിഞ്ഞിട്ടു പുങ്ങിൻേറപത്രമഞ്ജസാ
കണ്ണിലും മൂക്കിലും പിന്നെ വായിലും കടിവായിലും. ൭

പ്രയോഗിച്ചാൽ വിഷം തീരും വൃശ്ചികോത്ഥമതൊക്കയും
തഥാ താംബൂലവും കായം കൂട്ടിക്കൊണ്ടു പിഴിഞ്ഞതും ൮

ബാലകുക്കുടപിഞ്ഛങ്ങളിന്തുപ്പും തിലകല്കവും
ചതച്ചിട്ടു പുകച്ചീടിൽ തിന്നീടും തേൾവിഷം ദ്രുതം. ൯

വേപ്പിൻപത്രമതും നല്ലമഞ്ഞളും നരകേശവും
ഉമിയും കള്ളിതൻപത്രം പനയോലയുഴിഞ്ഞയും. ൧൦

കൂട്ടിപ്പുകച്ചുകൊണ്ടാലും വിഷം വൃശ്ചികജം കെടും.
തഥാ ദാവീരാമഠാനാം ധൂപവും നന്നു കേവലം. ൧൧

† ലൂതാവിഷവിജ്ഞാനപ്രതിഷേധങ്ങൾ.

ചിലന്തിക്കുള്ള ചിഹ്നങ്ങളൌഷധങ്ങളുമങ്ങനെ
സാമാന്യമിഹ ചൊല്ലുന്നേൻ വിംശതിക്കും ക്രമാൽ പുനഃ. ൧൨

---

* വൃശ്ചികവിഷചികിത്സ (സാമാന്യം).

"ഉഗ്രമദ്ധ്യവിഷൈർദ്ദഷ്ടം ചികിത്സേൽ സർപ്പദഷ്ടവൽ
ആദംശം സ്വേദിതം ചൂർണ്ണൈഃ പ്രച്ഛരിതം പ്രതിസാരയേൽ."
(സു. ക).

"പ്രായോ വാതോല്ബണവിഷാ വൃശ്ചികാഃ സോഷ്ണമൂർദ്ധ്വഗാഃ
യത്ര യസ്യൈവ ദോഷസ്യ ലിംഗാധിക്യം പ്രതർക്കയേൽ.
തത്ര തസ്യൌഷധൈഃ കുര്യാദ്വിപരീതഗുണൈഃ ക്രിയാം." (അ. സം).

† ലൂതോൽപത്തിപ്രകാരങ്ങൾ:—

"വിശ്വാമിത്രായ ക്രുദ്ധസ്യ വസിഷ്ഠസ്യ ലലാടജാഃ
സ്വേദബിന്ദവഃ സ്മൃതാ ലൂതാ ലൂനേ യേ പതിതാ സ്തൃണേ.
ഖാണ്ഡവേ മഹ്യമാനാനാം അസുരാണാം ശരീരതഃ
യേ സ്ഫുലിംഗാ വിനിഷ്ക്രാന്താസ്തേ ലൂതാ ഇതി കേചന,

അന്യേ വദന്തി ഭുക്തസ്യ ഉച്ഛിഷ്ടസ്യാന്നസ്യ മൂർഛനാൽ
സംഭവന്തി വിഷസ്ഫോടാ യേ ലൂതാഃ

ലൂതാഭേദങ്ങൾ:—

കീടലക്ഷണം,

യഥാസ്വം ധാരയന്തസ്തേ ലൂതാഃ കീടാശ്ച സംജ്ഞിതാഃ
തത്ര ഘോരതമാ ലൂതാ ഭിദ്യന്തേ താ അപി ത്രിധാ.
തീക്ഷ്ണമധ്യാവരത്വേന ഘ്നന്തി ചാശ്വചികിത്സിതാഃ
സപ്താഹേന ദശാഹേന പക്ഷേണ ച പരം ക്രമാൽ
കപിലാ,ഗ്നിമുഖീ, പീതാ, പദ്മാ, മൂത്രാ, സിതാ,ഽസിതാ,
ആഗ്നേയ്യഃ സ്വേദജാഃ സപ്ത ലൂതാഃ പിത്തവികാരദാഃ.
പാണ്ഡുരാ, രക്തപാദികാ, ഭംഗാ, പിംഗാ, ത്രിമണ്ഡലാ,
പൂതി,ക്ഷീരാണ്ഡജാഃ സപ്ത സൌമ്യാഃ ശ്ലേഷ്മവികാരദാഃ.
കുമുദാ,ഽലവിഷാ, രക്താ, ചിത്രാ, സന്താനി, മേചകാ,
കസനാ, ചോദ്ഭിദാഃ സപ്ത വായവ്യാഃ വായുരോഗദാഃ.
കാകാണ്ഡ്യൃണപദീ, ലാജാ, വൈദേഹീ, ജാലനീ, തഥാ
മാലാഗുണാ, സുവർണ്ണാ, ച മിശ്രാഃ സപ്തോപപാദികാഃ.
വ്യാപ്നുവന്ത്യാശു ഗാത്രാണി ജ്വലൽപാവകസന്നിഭാഃ
സാന്നിപാതകൃതോഽസാദ്ധ്യാഃ സാദ്ധ്യാ കൃച്ഛ്രേണ ചേതരാഃ."

(അ-സം).

"ലൂതികാ വിംശതിഃ പ്രോക്താശ്ചതസ്രസ്തു സുദുർജ്ജയാഃ
ദർശനാൽ ഛായയാ ചാത്മദർശനാൽ ഗന്ധസംഭവാൽ
ഹന്യുസ്താഃ കില തഥൈഷാസ്സാദ്ധ്യാ മന്ത്രൗഷധോദ്യതൈഃ."

ല-അ).

(ലൂതാദംശസ്യ സാമാന്യലക്ഷണം).

"ദംശഃ സാമാന്യതസ്താസാം ദദ്രുമണ്ഡലസന്നിഭഃ
സിതോഽസിതോഽരുണഃ പീതഃ ശ്യാവോ വാ മൃദുരുന്നതഃ.
മദ്ധ്യേ കൃഷ്ണോഽഥവാ ശ്യാവഃ പര്യന്തേ ജാലകാവൃതഃ
വിസർപ്പവാൻ ശോഫയുതസ്തപ്യതേ ബഹുവേദനഃ
ജ്വരാശുപാകവിക്ലേദകോഥാവദരണാന്വിതഃ
ക്ലേദേന യൽ സ്പൃശത്യംഗം തത്രാപി കുരുതേ വ്രണം." (അ-സം).

വിഷോപശമനസാധനങ്ങൾ:—

"ശ്വാസദംഷ്ട്രാശകൃന്മൂത്രശുക്ലലാലാനഖാർത്തവൈഃ
അഷ്ടാഭിരുദ്വമന്ത്യേതാ വിഷം വക്ത്രാദിശേഷതഃ." (അ-സം).

ലൂതാദംശജവികാരോൽപത്തിപ്രകാരം:—

"ദിനാദ്യം ലക്ഷ്യതേ നൈവ ദംശോ ലൂതാവിഷോത്ഭവഃ
സൂചീവേധവദാഭാതി തതോഽസൌ പ്രഥമേഽഹനി.
ദിനേദിനേത്യുഗ്രതരസ്സപ്തമേ ഹന്തി ജീവിതം." (സാം-സം).

ലൂതകൾ ദംശിക്കുന്ന [illegible]നങ്ങൾ:—

"ലൂതാ നാഭേർദ്ദശന്ത്യൂർദ്ധ്വമൂർദ്ധ്വം ചാധശ്ച കീടകാഃ
തല്ല[illegible] ച വസ്ത്രാദി ദേഹേ വ്യക്തം വികാരകൃൽ." (അ-സം).

ദോഷവിചാരം:—

"ത്രിദോഷാഃ പ്രായശഃ സർവ്വാ ലൂതാഃ പിത്തകഫാധികാഃ
സർപ്പജന്താനോദിതൈർല്ലിംഗൈർദ്ദോഷോദ്രേകം ച ലക്ഷയേൽ."
(അ-സം).

ലൂതാചികിത്സ:—

"അഥാശു ലൂതാദഷ്ടസ്യ ശസ്ത്രേണാദംശമുദ്ധരേൽ
ദഹേത ജാംബവോഷ്ഠാദ്യൈരന്യത്ര പിത്തോത്തരം ദഹേൽ.
കർക്കശം ഭിന്നരോമാണം മർമ്മസന്ധ്യാദിസംശ്രിതം
പ്രസൃതം സർവ്വതോ ദംശം ന ഛിന്ദീത ദഹേത വാ." (അ-സം).

എല്ലാവിധത്തിലുള്ള ലൂതാവിഷങ്ങൾക്കും ലേപനത്തിനു:—

"സർവ്വത്രൈവ ച ശസ്യന്തേ ബോധിശ്ലേഷ്മാതകാക്ഷകാഃ."
(അ-സം).

ലൂതാവിഷം മഹത്തായും ദോഷങ്ങൾ ഏററവും വർദ്ധിച്ചും ഇരിക്കുമ്പോൾ:—

"ഉദീർണ്ണദോഷാൻ ബലിനോ വിഷേ മഹതി വാമയേൽ
കാകാണ്ഡകീകോശവതീലോധ്രേന്ദ്രയവസൈന്ധവൈഃ.
പടോലപത്രമരിചകരഘാടപ്രിയംഗുഭിഃ
കൃഷ്ണാശ്മന്തകനസാനീചനിംബാസ്ഫോതാഹ്വയഷ്ടിഭിഃ.
വിരേചയേച്ച ത്രിഫലാത്രിവൃത്ത്രികടുസൈന്ധവൈഃ
സന്തിപൂഗമൃദ്വീകാവിളംഗൈരഥവാ പചേൽ.
ഏഭിഃ പലാർദ്ധികൈഃ പ്രസ്ഥം സമം ബ്രാഹ്മീരസം ഘൃതാൽ
പഞ്ചമൂലശൃതം ക്ഷീരം തോയം വാ ശോധനൗഷധൈഃ
യഥാസ്വം കല്ക്കിതൈര്യുക്തം പൃഥഗ്ദദ്യാദ്വിരേചനം." (അ-സം).

സർവ്വലൂതാവിഷങ്ങളിലും പാനലേപനങ്ങൾക്കു:—

"സർപ്പാക്ഷീ ചന്ദനം വക്രം മൃഗാക്ഷീ ഗന്ധനാകുലീ
ഏലാ മഹാസുഗന്ധാ ച വസ്തമൂത്രേണ കല്ക്കിതഃ
ലേപേ പാനേ ച ലൂതാസു നാനേന സദൃശോഽഗദഃ." (അ-സം).

എല്ലാ ലൂതാവിഷങ്ങൾക്കും കൊള്ളാവുന്ന ഒരു ഘൃതയോഗം:—

"കടഭീമൂലതഗരസമംഗാദേവദാരുഭിഃ
ബൃഹതീദ്വയഗാംഗേയീരോചനാചന്ദനൈർഘൃതം
സിദ്ധം ചതുർഗ്ഗുണക്ഷീരം പാനാഭ്യഞ്ജനയോർഹിതം
ലൂതാകണഭകീടാനാം വിഷേ പരമദാരുണേ." (അ-സം).

കർണ്ണികോൽപത്തി:—

"ഋതുകാലേ ച ലൂതാനാം യാവന്തഃ ശുക്ലബിന്ദവഃ
ദേഹേ പതന്തി താവത്യോ ജായന്തേ കർണ്ണികാഃ സമം."
(അ-സം).
"കർണ്ണികാപാതസമയേ ബൃംഹയേത വിഷാപഹൈഃ." (അ-സം).
"നിവൃത്തദാഹശോഫാദൗ കർണ്ണികാം പാതയേദ്വ്രണാൽ."
(അ-സം).

കപിലാദിലൂതകൾ ഓരോന്നും ദംശിക്കുന്ന പ്രത്യേകദേശങ്ങൾ:—

"കപിലാ തത്ര നാസായാമഗ്നിർദ്ദശതി ജത്രുണി
പീതാ തു ഗണ്ഡയോഃ പത്മാ ദക്ഷിണാംസേഽഥ കക്ഷയോഃ.

*ശേഷം നാലുണ്ടവററിന്നു ചികിത്സാ നാസ്തി ഭൂതലേ
നലിലൊന്നിനെയങ്ങോട്ടു കണ്ടാൽ ചത്തീടുമഞ്ജസാ. ൧൩

ഇങ്ങോട്ടു കണ്ടാൽ ചത്തീടുമൊന്നു മറേറവനും തഥാ
ഛായകൊണ്ടു ഹനിച്ചീടും ഗന്ധംകൊണ്ടൊരുവൻ തഥാ. ൧൪

മററുള്ളതു ചികിത്സിച്ചാൽ ക്രമത്താൽ ഭേദവും വരും
മന്ത്രൌഷധങ്ങൾ കൊണ്ടേഷാം വിഷശാന്തിവരുത്തണം. ൧൫

ദംശപ്രദേശേ പുളകം ശോഫവും സ്ഫോടസംഘവും
തീവ്രവേദനയും പാരം ശിരോരോഗവുമങ്ങനെ. ൧൬

വൎണ്ണഭേദവുമുണ്ടാകും ജ്വരവും പാരമാസ്ഥ്യരും
ലൂതാജാതവിഷത്തിന്നങ്ങിവൎണ്ണം ലക്ഷണം വിദുഃ. ൧൭

രക്തം വിമുച്യ രജനീം തുളസീം തേച്ചുകൊള്ളണം
പാലിൽ കലക്കിസ്സേവിപ്പൂ തദേവ വിഷശാന്തയേ. ൧൮

ഓട്ടുപാത്രമതിൽ കായം താംബൂലാംബുനി മൎദ്ദയേൽ
തേച്ചുകൊണ്ടാലുണങ്ങിടും പഴുത്തിട്ടുള്ളതൊക്കയും. ൧൯

ശിരീഷനീലീമൂലങ്ങൾ തൽപ്പത്രാംബുവതിൽ പുനഃ
പായയേല്ലേപയേച്ഛീഘ്രം വിഷം നശ്യതി ലൂതജം. ൨൦

---

ഘൃതാമൂത്രവിഷാ ശ്വേതാ ചിബുകേ കാളികാക്ഷിണി
പാണ്ഡുരാ ദക്ഷിണസ്കന്ധേ കരഭയാ രക്തപാലികാ.
വാമപാൎശ്വേ ദശേൽ ഭംഗാ വാമാംസേ പിംഗലാ ദശേൽ
ത്രിമണ്ഡലോദരേ പൂതിഃ പൃഷ്ഠേ വീരാ തു ദക്ഷിണേ.
ബാഹൌ നാഭ്യാം കുമുദികാ വാമസ്കന്ധേഽഘസംജ്ഞിതാ
കണ്ഠേ രക്താ ലലാടേ തു ചിത്രാ സന്താനി കോഷ്ഠയോഃ.
മേചകാ മൂൎദ്ധ്നി കസന്നാ ഹസ്തയോഃ കക്ഷമൂലയോഃ
കാകാണ്ഡ്യണീ തു ഹൃദയേ ലാജവൎണ്ണാസ്തനാന്തരേ.
ബാഹുസന്ധിഷു വൈദേഹീ ലൂതാപാംഗേ തു ജാലിനീ
മാലാഗുണാഖ്യാ ഗ്രീവായാം സൌവൎണ്ണീ കൎണ്ണമൂലയോഃ.
ഇതി ക്ഷേത്രാണി നായതാന്യത്യുദീൎണ്ണവിഷാഃ പുനഃ
പരക്ഷേത്രേഽപി വൎത്തന്തേ രാജാനോഽതിബലാ ഇവ” (അ-സം).

* വിംശതിയിൽ ഉൾപ്പെടാത്തവ,

നന്നാറിനീലീമൂലങ്ങൾ ധാരയും പാനവും ഗുണം.
കാട്ടുകയ്യുയുടെപത്രം തുളസീദലവും സമം ൨൧

നസ്യാഞ്ജനാദി ചെയ്തീടിൽ ചിലന്തിവിഷമാശു പോം.
നീലീദലമതും നല്ല തുളസീ കരിനൊച്ചിയും ൨൨

പിഴിഞ്ഞുണ്ടായ വെള്ളത്തിൽ വെന്തുകൊള്ളു ഘൃതം
[ഭിഷക്.

കല്ലൂത്തിന്നുള്ളിയും വ്യോഷമശ്വഗന്ധം ച ചന്ദനം ൨൩

മധുകം തകരം കൊട്ടം നന്നാറി കരളേകവും.
തുല്യമായിവയെല്ലാമേ കൂട്ടിവെന്തരിച്ചുടൻ ൨൪

സേവിച്ചുകൊണ്ടാൽ തീർന്നീടും ലൂതജം വിഷസഞ്ചയം.
ഇവററിൻവേർ കഷായംവച്ചതിലും വെന്തുകൊൾകിലാം ൨൫

ഇച്ചൊന്നപോലെ തേങ്ങാനെയ് കാച്ചിത്തേച്ചീടിലും തഥാ.

*നകുലവിഷവിജ്ഞാനപ്രതിഷേധം.

കീരിക്കുള്ളവിഷംകൊണ്ടു ഗളഭംഗം വരും ഗുണാം ൨൬

ദന്തോഷ്ഠങ്ങൾ കറുത്തീടും തഥാ താലുപ്രദേശവും
വാക്കിന്നടച്ചിലും കാണാം ചുവക്കും നേത്രയുഗ്മവും ൨൭

തീവ്രജ്വരം മഹാപീഡ പലതും പാരമാസ്സരും.
വേലിപ്പരുത്തിതൻപത്രം ഫലവും പുഷ്പമൂലവും ൨൮

നാലുമൊപ്പിച്ചരച്ചിട്ടു പായയേല്ലേപയേൽ ദ്രുതം.
നീലികാപത്രവും വേരും തേച്ചുകൊണ്ടു കുടിക്കിലും ൨൯

കീരിതൻെറവിഷം തീരും പാരം പാരിച്ചതെങ്കിലും.
കരിനൊച്ചിയുമീവണ്ണം ചെയ്തുകൊണ്ടാൽ വിഷം കെടും. ൩൦

ഇവററാലെണ്ണ നെയ് വെന്തു പ്രയോഗിക്ക വിഷാപഹം.

---

* കീരിവിഷലക്ഷണചികിത്സകൾ:—

"കൃഷ്ണാസ്യാലേപോഷ്ഠദന്താ വചനവിവശതാ
യന്ത്യ നേത്രേ ച രക്തേ
ഗ്രീവാഭംഗോ ജ്വരസ്സന്നകുലജഗരളേ-
നാത്തമാഹുഃ പ്രബുദ്ധാഃ
തസ്മിൻ നിർഗ്ഗുണ്ഡികാളിചരദരസമസിതാ
കന്യകാസാരമിശ്രം
ഛിത്വാ പീത്വാ ച സദ്യന്നകുലജഗരളം
നാശയേൽ ക്ഷിപ്രമേവ." (ല-ആ)

*മാർജ്ജാരവിഷലക്ഷണചികിത്സകം,

മാർജ്ജാരവിഷമേററീടിൽ കറുക്കും താലുനാഭികൾ ൱൨
ചൊറിയും കടികൊണ്ടേടം നാലുഭാഗമരുത്തിട്ടും
പനിയും ഛർദ്ദിയും സ്വേദം പെരുതായി വരും തഥാ ൱൩
ഏരണ്ഡമൂലവും പിന്നെ പത്ഥ്യാ പൊൻകാരമെന്നിവ
തേനിൽ തേപ്പൂ കുടിപ്പിപ്പൂ തഥാ വ്യോഷം സസൈന്ധവം ൱൪
കഞ്ഞുണ്ണിനീരിൽ കായത്തെ മേളിച്ചിട്ടു പുരട്ടുക.
ഇതിനാലാജ്യതൈലാദിപാകം ചെയ്കതുമുത്തമം ൱൫
മാർജ്ജാരവിഷമെല്ലാംപോമിച്ചൊന്നൌഷധസേവയാൽ.

†ശ്വാനവിഷലക്ഷണചികിത്സകം.

നരാണാം നായു ദംശിച്ചാൽ കറുക്കും രക്തവും വ്രണേ ൱൬
രക്തസ്രുതിയുമുണ്ടാകും വീക്കവും പനിയും തഥാ.
ഭീതിയും ദേഹദൗർഗ്ഗന്ധം സന്ധിസാദം ശിരോഗദം ൱൭

---

* മാർജ്ജാരവിഷലക്ഷണചികിത്സകം:—

"സ്ഫോടാൻ കണ്ഡൂംശ്ച ദംശേ ജനയതി വപുഷി
ശ്യാമതാം നാഭിതാലേ്വാ-
ശ്ശോഥം ഛർദ്ദിം ജ്വരം യദ്വിഷ്ടരിതി ഗരളം
തദ്ധി മാർജ്ജാരജാതം
പത്ഥ്യാം സക്ഷാരചിത്രാം പിബതു സമധുനാ,
സൈന്ധവവ്യോഷയുക്തം
ലിമ്പേത്തദ്ഭൃംഗരാജച്ഛദരസമിളിതം
രാമഠം തദ്വിഷഘ്നം." (ല-ത).

† "ശൃഗാലാശ്വതരക്ഷൃക്ഷവ്യാഘ്രാദീനാം യദാനിലഃ
ശ്ലേഷ്മപ്രദുഷ്ടോ മുഷ്ണാതി സംജ്ഞാം സംജ്ഞാവഹാശ്രിതഃ,
തദാ പ്രസ്രസ്തലാംഗൂലഹനുസ്കന്ധോഽതിലാലവാൻ
അത്യർത്ഥബധിരോഽന്ധശ്ച സോഽന്യോഽന്യമഭിധാവതി.
തേനോന്മത്തേന ദഷ്ടസ്യ ദംഷ്ട്രിണാ സവിഷേണ തു
സുപ്തതാ ജായതേ ദംശേ കൃഷ്ണം ചാതിസ്രവത്യസൃക്.
ദിഗ്ദ്ധവിദ്ധസ്യ ലിംഗാനി പ്രായശശ്ചോപലക്ഷിതഃ
യേന ചാപി ഭവേദ്ദഷ്ടസ്തസ്യ ചേഷ്ടാം രുതം നരഃ,
ബഹുശഃ പ്രതികുർവ്വാണഃ ക്രിയാഹീനോ വിനശ്യതി." (സു-ക).

സരണം മലബന്ധം വാ ഭവിക്കും ശ്വാവിഷത്തിന്.
അങ്കോലമൂലം തച്ചർമ്മമൊപ്പം കാഞ്ചികനീരതിൽ ൩൭
പാനലേപാദി ചെയ്തീടിൽ കെടും ശ്വാവിഷമഞ്ജസാ.
എണ്ണനെയ് ലേഹ്യമിത്യാദിക്കാങ്കോലം തന്നെ കൊള്ളുക ൩൮
കഷായം നീലികാമൂലം കുടിപ്പിക്ക സസൈന്ധവം.
ശിഗ്രുപത്രമതും നല്ലമഞ്ഞളും മരമഞ്ഞളും ൩൯
ദൂർവ്വാരസമതിൽ പിഷ്ട്വാ തേച്ചുകൊള്ളൂ വിഷാപഹം.
ശുദ്ധദൂർവ്വാരസേ തേങ്ങാനൈ കാച്ചിധാര കൊള്ളുക ൪൦
മധുകം മഞ്ഞളും ജാതിപത്രിയും കല്ക്കമാമിഹ.

### പേപ്പട്ടിവിഷചികിത്സ.

ഭ്രാന്തുള്ളതു കടിച്ചീടിൽ ഛർദ്ദിപ്പിക്ക യഥാബലം ൪൧

---

"ലൂനഃ ശ്ലേഷ്മോല്ബണാ ദോഷാഃ സംജ്ഞാം സംജ്ഞാവഹാശ്രിതാഃ
മുഷ്ണന്തഃ കുർവ്വതേ ക്ഷോഭം ധാതൂനാമതിദാരുണം.
ലാലാവാനന്ധബധിരഃ സർവ്വതഃ സോഽഭിധാവതി
സ്രസ്തപുച്ഛഹനുസ്കന്ധഃ ശിരോദുഃഖീ നതാനനഃ.
ദംശസ്തേന വിദഷ്ടസ്യ സുപ്തഃ കൃഷ്ണം ക്ഷരത്യസൃക്
ഹൃച്ഛിരോരുഗ് ജ്വരസ്തംഭതൃഷ്ണാമൂർച്ഛോദ്ഭവോ ന ച." (അം.-സ).

"ദംശാൽ കൃഷ്ണം ച രക്തം സ്രവതി ച രുധിരം
തത്ര ശോഫോ ജ്വരഃ സ്യാദ്
ഗാത്രേ ഭീതിർജ്ജനേഭ്യോ യദി ഭവതി വിട്ടഃ
ക്ഷ്വേളമാലർക്കജാതം
അത്രാങ്കോലസ്യ മൂലം ത്വചമപി ച തഥാ
തസ്യ ഖാദ്യാ ച പിഷ്ട്വാ
പാനാദ്യൈസ്തന്നിഹന്യാത്തിലജമപി പടുച-
ദേഷ ഗൃഹ്യോപദേശഃ." (ല-അ).

**അസാദ്ധ്യലക്ഷണം:—**

"ദഷ്ടോ യേന തു തച്ചേഷ്ടാരുതം കുർവ്വൻ വിനശ്യതി
പശ്യംസ്തമേവ ചാകസ്മാദാദർശസലിലാദിഷു.
ജലദർശനസംസ്പർശശബ്ദേഭ്യോ യശ്ച സന്ത്രസേൽ
അദഷ്ടമപി തം ജഹ്യാൽ ജലസന്ത്രാസരോഗിണം." (അ-സം)
"മൂലസ്യ ശരപുംഖായാഃ കർഷം ധുത്തൂരകാർദ്ധികം
തണ്ഡുലോദകമാദായ പേഷയേത്തണ്ഡുലൈസ്സഹ.
ഉന്മത്തകസ്യ പത്രൈസ്തു സംവേഷ്ട്യാപൂപകം പചേൽ
ഖാദേദൗഷധകാലേ തമളർക്കവിഷദൂഷിതഃ,
കരോത്യന്യാൻ വികാരാംസ്തു തസ്മിൻ ജീർയ്യതി ചൌഷധേ
വികാരാഃ ശിശിരേ യാപ്യാ ഗൃഹേ വാരിവിവർജ്ജിതേ,

സരിപ്പിച്ചീടിലും കൊള്ളാം കുടിപ്പിക്ക കഷായനീർ.
ഛർദ്ദിപ്പാനും സരിപ്പാനും മൂഷികൻെറ ചികിത്സയിൽ ൪൫
ചൊന്നപോലുള്ളതെല്ലാമേ പ്രവർത്തിപ്പൂ ശുനാം വിഷേ.

നീലീകരഞ്ജതുളസീപിചുമന്ദലോദ്ധ്ര-
ദാർവീയവാഷബൃഹതിദ്വയപപ്പടാബ്ദാഃ
വ്യോഷം ശിരീഷസുരദാർവ്വപി തുല്യഭാഗൈഃ
സിദ്ധം പയഃ പരിഹരേദ്വിഷവിഭ്രമം ച. ൪൬

കരഞ്ജപത്രവും തോലും വേരുംകൊണ്ടു കഷായവും
വെച്ചെട്ടുത്തു കുളിപ്പിപ്പൂ ബുദ്ധിഭ്രമവിനാശനം. ൪൭

കരഞ്ജനീലീമൂലങ്ങൾ കഷായം തേനുമായുടൻ
സേവിച്ചാൽ വിഷവും ഭ്രാന്തും തീൎന്നീടും വിശ്വകദ്രുജം. ൪൮

---

തതസ്സ്വാന്ത വികാരസ്യ സ്നാതവാ ചൈവാപരേ/ഹനി
ശാലിഷഷ്ടികയോർഭക്തം ക്ഷീരേണോഷ്ണേന ഭോജയേൽ.
ദിനത്രയേ പഞ്ചമേ വാ വിധിരേഷോദ്ധ്വമാത്രയാ
കർത്തവ്യോ ഭിഷജാവശ്യമളൎക്കവിഷനാശനഃ.
കുപ്യേൽ സ്വയം വിഷം യസ്യ ന സ ജീവതി മാനവഃ
തസ്മാൽ പ്രകോപയേദാശു സ്വയം യാവന്ന കുപ്യതി.
ബീജരത്നൌഷധീഗന്ധൈഃ കുംഭൈശ്ശീതാംബുപൂരിതൈഃ
സ്നാപയേത്തം നദീതീരേ സമന്ത്രൈശ്ചതുഷ്പഥേ.
ബലിം നിവേദ്യ തത്രാപി പിണ്യാകഃ പലലം ദധി
മാല്യാനി ച വിചിത്രാണി മാംസം പക്വാമകം തഥാ." (സു-ക).
"വിസ്രാവ്യ ദംശം തൈലേന സർപ്പിഷാ പരിദാഹിതം
പ്രദിഹ്യാഗദൈഃ സർപ്പിഃ പുരാണം പായയേത ച.
അർക്കക്ഷീരയുതം ചാസ്യ ദദ്യാദപി വിശോധനം
ശ്വേതാം പുനർന്നവാഞ്ചാസ്യാദദ്യാദ്ധുത്തൂരകായുതാം.
പലലം തിലതൈലഞ്ച രൂപികായഃ പയോ ഗുഡഃ
നിഹന്തി വിഷമാലർക്കം മേഘവൃന്ദമിവാനിലഃ." (സു-ക).
"ദദ്യാൽ സംശോധനം തീക്ഷ്ണമവശ്യം വിഷനാശനം
അശുദ്ധസ്യ നിരൂഢേപ്യപി വ്രണേ കുപ്യതി തദ്വിഷം." (അ-സം).

സ്നാനവിധിയും മന്ത്രപ്രയോഗവും:—

"സരത്നബീജൌഷധിഭിഃ കുംഭൈഃ ശീതാംബുപൂരിതൈഃ
അഷ്ടോത്തരശതം വാരാൻ സിദ്ധമന്ത്രാഭിമന്ത്രിതൈഃ.
അഷ്ടോത്തരശതോന്മാനൈഃ പുഷ്പമാലാവഗുണ്ഠിതൈഃ,
ഗോചർമ്മമാത്രകേ ലിപ്തേ ജ്വലിതാഗ്നൌ കുശാസ്തൃതേ
സ്ഥണ്ഡിലേ സരിതസ്തീരേ സ്നാനം ചാസ്യ ചതുഷ്പഥേ." (അ-സം).
"അലർക്കാധിപതേ, യക്ഷ, സാരമേയഗണാധിപ
അലർക്കജുഷ്ടമേതം മേ നിർവ്വിഷം കുരു മാചിരാൽ
സ്വാഹേതി മന്ത്രോ/ലർക്കാർത്തേ സർവ്വകർമ്മസു ശസ്യതേ." (അ-സം).

### ക്രോഷ്ടുകവിഷചികിത്സ.

ഏവം ക്രോഷ്ടുകകാകോളേ ചെയ്വൂ ബുദ്ധിഭ്രമേഽപി ച
മന്ത്രയന്ത്രാദികൾകൊണ്ടും രക്ഷ കല്പിച്ചുകൊള്ളണം. ൪൬

### *കുതിരയുടെവിഷത്തിനു.

അശ്വദഷ്ടനു ദംശേതിവേദനാ രുധിരസ്രുതി
കണ്മിഴിപ്പാൻവശക്കേടും തഥാ സർവാംഗസാദവും. ൪൭

പാരമുണ്ടായ്വരും പിന്നേ ദാഹവും ഭ്രമവും തഥാ.
അമുക്കുരമതും നല്ല വയമ്പും ലോധ്രചർമ്മവും ൪൮

ക്ഷീരേ പേഷിച്ചു സേവിപ്പൂ ലേപനാദിയുമാചരേൽ
വാജിദന്തോദ്ഭവക്ഷ്വേളം തൽക്ഷണാദേവ നശ്യതി. ൪൯

### † വാനരവിഷത്തിനു.

ദംശേ വേദനയത്യർത്ഥമുണ്ടാകും വാനരേ വിഷേ
ചിറിയും പല്ലുമങ്ങെല്ലാം കറുക്കും, കൃഷ്ണരക്തവും ൫൦

ദംശപ്രദേശാൽ വന്നീടും, ശരീരം വാട്ടമേററവും
രോമഭേദമതും കാണാം മേലെല്ലാം വർണ്ണഭേദവും. ൫൧

നെന്മേനിവാകതൻവേരും തോലും പത്രം ച പുഷ്പവും
കഷായം തുല്യമായ്വച്ചു പായയേല്ലേപയേൽ ദ്രുതം. ൫൨

---

* കുതിരയുടെ വിഷത്തിനു:—

"ദംശേ യത്ര വിദാരകഞ്ച രുധിരസ്രാവസ്സദാ വേദനാ
യസ്യാർദ്രം മുകുളഞ്ച ലോചനയുഗം തം വാജിദഷ്ടം വിദുഃ
സംചൂർണ്ണ്യാത്ര വചാശ്വഗന്ധസഹിതം ക്ഷീരേണ ലോധ്രം പിബേ-
ദ്ധീമാനത്ര സുഖേന വാജിഗരളം ഹന്ത്യാദിദം തൽക്ഷണാൽ."
(ല-അ).

† മർക്കടവിഷത്തിനു:—

"ഭേദോ ദംശപ്രദേശേ ഭൃശമതിമഹതീ കൃഷ്ണരക്തസ്രുതിഃ സ്യാൽ
ഗാത്രഗ്ലാനിശ്ച യസ്മിൻ പ്രസരതി ച തനൌ രോമഭേദോഽപി [യസ്യ
ശ്യാമേ ദന്തോഷ്ഠയുഗ്മേ ത്വചമപി ച തഥാ മർക്കടോത്ഥം പ്രവൃദ്ധാ
പഞ്ചാംഗം പീതലിപ്തം ശമയതി സഹസാ തത്ര ശൈരീഷമേവ."
(ല-അ).

*മത്സ്യവിഷത്തിന്.

മത്സ്യദന്തവിഷത്തിന്നു മൂകത്വം വരുമഞ്ജസാ
പനിയും ഗാത്രഭേദം ച ശ്യാമത്വം ചോഷ്ഠദന്തയോഃ. ൩൩

സന്ധിനൊന്തു കനത്തീടും രക്തസ്രുതിയുമങ്ങനെ
വൎണ്ണഭേദം മുഖത്തുണ്ടാം ചുവക്കും നയനദ്വയം. ൩൪

നീലീമൂലമതും നല്ല നന്നാറി ചെറുചീരയും
പാലിൽ പിഷ്ട്വാ പുരട്ടീട്ടു കുടിപ്പൂ തദ്വിഷാപഹം. ൩൫

ഇവയോരോന്നുതാൻ പോരുമൊന്നിച്ചാകിൽ ഗുണം തുലോം
നസ്യാഞ്ജനാദിയും ചെയ്‌വു നരാണാം വിഷമാശു പോം. ൩൬

മണ്ഡൂകവിഷത്തിന്.

†മണ്ഡൂകത്തിൻവിഷത്തിന്നു ദംശേ പാരം ചൊറിച്ചിലും
നാലുഭാഗത്തുമങ്ങേററം പൊള്ളീടും തീവ്രമൂൎത്തിയും ൩൭

മനഃക്ലേശമതും നോവും വീക്കവും പാരമാൎത്തരും.
ചുക്കു തിപ്പലിയും നല്ല കായവും മുളകെന്നിവ. ൩൮

കൂട്ടിക്കൊണ്ടരച്ചിട്ടു കുടിപ്പൂ ലേപയേച്ച തൽ
മണ്ഡൂകദന്തസഞ്ജാതവിഷമെല്ലാമൊഴിഞ്ഞുപോം. ൩൯

---

* മത്സ്യവിഷത്തിന്:—
"മൂകത്വം ഗാത്രഭേദം ജ്വരമപി കടുകം സന്ധിഭേദഞ്ച കൃഷ്ണാ
ദന്താ ദന്തച്ഛദാ യദ്ഭവതി ച വദനം ലാലയാ പ്ലാവിതം വാ
നേത്രം രക്തഞ്ച വിദ്യാന്നരവിഷമിതി തത്ര സമ്പിഷ്യ നീലീം
വേഗാകന്ദഞ്ച മേഘധ്വനിമപി പയസാ പായയേല്ലേപയേച്ച."

† മണ്ഡൂകഭേദങ്ങൾ:—
"കൃഷ്ണഃ സാരഃ കുഹകോ ഹരിതോ രക്തോ യവവൎണ്ണാഭോ-
ഭൃകുടീ കോടികശ്ചേത്യഷ്ടൌ." (സു-ക).

മണ്ഡൂകദഷ്ടലക്ഷണചികിത്സകൾ:—
"ഏകദംഷ്ട്രാൎത്തഃ പീതഃ കണ്ഡൂമാൻ ശൌൎഭരഃ സരുക്
ദംശോ ദഷ്ടസ്തൃട്നിദ്രോ മൂൎഛാവാൻ ഹരിതം വമേൽ."
(അ-സം).

"ഷ്ണം മണ്ഡൂകജാതം ഹരതി ച ഗരളം രാമഠം ത്ര്യൂഷണാഢ്യം
ശിഗ്രും പാനാനുലേപാദ്യഭിമതവിധിനാ ശീഘ്രമായന്തി സന്തഃ."
(ല-അ).

"മേഷശൃംഗീ വചാ പാഠാ നിചുളോ രോഹിണീ ജലം
സൎപ്പമണ്ഡൂകദഷ്ടാനാമഗദോऽയം വിഷാപഹഃ." (സു-ക).

*അരണവിഷത്തിന്ന.

അരണേടെ വിഷത്തിന്നു മേലെല്ലാം കാശുവട്ടമായ്
പൊട്ടക്കം കൃഷ്ണമായിട്ടും ചുവന്നിട്ടെങ്കിലും തഥാ. ൬൦

പനിയും നൊമ്പലം പാരമംഗസാദമരോചകം
ശീതം മുഖത്തു ദുർഗ്ഗന്ധം മലബന്ധവുമായ്വരും. ൬൧

ദീർഘവൃന്തമതിൻതോലും മുരിങ്ങാത്തൊലിയും തഥാ
നെന്മേനിവാകത്തൊലിയും തഥാ നിംബകരഞ്ജയോഃ. ൬൨

സർവ്വാംഗം തേച്ചു സേവിപ്പു ധൂപിപ്പൂ ധാരചെയ്കിട്ടു
നീലീമൂലകഷായത്തേ കുടിച്ചീടുകയും ഗുണം. ൬൩

ഉറിതൂക്കിയുടേവേരും ഗൃഹധൂമവുമായതു്
ദൂർവ്വാനീരിലരച്ചിട്ടു സർവ്വാംഗം തേയ്ക്കയും ഗുണം. ൬൪

†ഓന്തിൻവിഷത്തിന.

കൃകലാസവിഷത്തിന്നും ലക്ഷണങ്ങൾ ചികിത്സയും
മിക്കവാറുമതീവണ്ണം കണ്ടുകൊൾവൂ യഥാവലേ. ൬൫

‡പല്ലിവിഷത്തിന.

ഗൌളിതൻെറ വിഷത്തിന്നു കുക്ഷിരോഗം ചൊറിച്ചിലും
പണപ്രമാണം മേലെല്ലാം പൊട്ടക്കും വരളും ചിറി. ൬൬

അങ്കോലാരി കരളേകം ച നന്നാറീയമരീ തഥാ
പാനലേപാദി ചെയ്കീടിൽ പല്ലിതൻവിഷമാശു പോം. ൬൭

---

*അരണയുടെവിഷത്തിന്:—

"ശംഖപുഷ്പീ നിശാ ശക്രവല്ലീ പനസപർണ്ണജം
പിബേദ്രസം വാ ക്വാഥം വാ ബ്രാഹ്മണീവിഷശാന്തയേ." (ല-അ).

†ഓന്തിൻവിഷലക്ഷണം:—

"കൃകലാസേഽധികഃ പന്ദ്രാഭഃ സ്രാവവാൻ ഭൂശലോഹിതഃ
ദാഹോ രക്തകഥിതഃ സ്റ്റോദഭേദഃ (അ-സം).

‡പല്ലിവിഷത്തിന്:—

പല്ലിയുടെ ഭേദങ്ങൾ:—"ശ്വേതാ കൃഷ്ണാ രക്തരാജീ രക്തമണ്ഡലാ
സർവ്വശ്വേതാ സർഷപികാ ഇത്യേവം ഷട്." (സു-ക).

* കടന്നൽവിഷത്തിനു.

കടന്നൽകുത്തിയാൽ പാരം കടയും വീക്കവും വരും.
പിഷ്ട്വാ മുക്കുററി സവ്വാംഗം നവനീതേ കലർന്നു് ൮
തേച്ചു ശേഷം വിഴുങ്ങീട്ടു തദ്വിഷം നശ്യതി ക്ഷണാൽ.

കടന്നൽക്കൂടെടുക്കുവാൻ.

ഞൊങ്ങണംപുല്ലുമീവണ്ണം നീലീമൂലദലങ്ങളും ൯
കൃഷ്ണമായുള്ള തുളസീമൂലവും പത്രവും തഥാ.
മേലെല്ലാം തേച്ചുകൊണ്ടീടിൽ കടന്നൽക്കൂടെടുത്തിടാം. ൧൦
നീലീതുളസികാരണ്ടും കടന്നൽവിഷനാശനം.

† ചേരട്ടവിഷത്തിനു.

ചേരട്ടവിഷമാകുമ്പോൾ വട്ടത്തിൽ തോലുപോയതിൽ ൧൧
അരുത്തിട്ടു ചൊറിഞ്ഞീടും ക്രമത്താൽ വളരും പുനഃ
വ്യോഷം ശിരീഷപഞ്ചാംഗം പായയേല്ലേപയേൽ പ്രഗേ. ൧൨
പുത്തരിച്ചുണ്ടതൻപത്രം കേതകീദലമെന്നിവ
തേങ്ങാനെയ്യിൽ വറുത്തിട്ടു പേഷിച്ചാശു പുരട്ടുക. ൧൩

---

ലക്ഷണവും ചികിത്സയും:—
“ഗൃഹഗോളികയാ സ്വേദതോദശ്വയഥുദാഹവാൻ
ക്ലേദീ ച ദംശോ ദഷ്ടസ്യ ഹൃൽപീഡാഗ്രന്ഥിസംഭവഃ.
നക്തമാലനിശാചന്ദനപൂതികാക്കാസ്ഥിഭിസ്സമൈഃ
സദ്യസ്തദ്വിഷനാശായ ഗൌളികാഖ്യേ പ്രലേപയേൽ.” (ല-ത).

*കടന്നൽവിഷത്തിനു: —
(മക്ഷികാഭേദങ്ങൾ) “കാന്താരികാ, കൃഷ്ണാ, പിംഗളാ, മധൂളികാ, കാഷായി സ്ഥാളികേത്യേവം ഷട്.” (സു-ക).

ലക്ഷണം:—
“കണ്ഡൂമാൻ മശകൈരീഷച്ഛ്വയഥുർമന്ദവേദനഃ
അസാദ്ധ്യകീടസദൃശമസാദ്ധ്യമശകക്ഷതം.
പ്രായേണ മക്ഷികാ നേത്രേ ദശന്തി ശ്വയഥുർവ്രണഃ
തദ്ദംശേ ദാഹകണ്ഡൂമാംസ്സ്യാത്സാംതു സ്ഥാളികാം ത്യജേൽ.
തദ്ദഷ്ടേ പിടകാ ശ്യാവാ സ്രാവിണീ ഭൂര്യുപദ്രവാ.” (അ—സം).

† ശതപദീഭേദങ്ങൾ: —“പരുഷാ, കൃഷ്ണാ, ചിത്രാ, കപിലികാ, പീതികാ, രക്താ, ശ്വേതാ അഗ്നിപ്രഭാ ഇത്യഷ്ടൌ” (സു-ക).

ചേരട്ട കടിച്ചാലുള്ള ലക്ഷണം:—
“പീതസ്സശതപദീദംശഃ സ്വേദരുഗ്രാഗശോഫവാൻ
അതസീപുഷ്പവർണ്ണാ വാ പിടകാവാൻ ഭ്രമപ്രദഃ.” (അ-സം).

*തൊട്ടാരട്ടിവിഷത്തിന്ന.

തൊട്ടാരട്ടിവിഷത്തിന്നുമീവണ്ണം ചെയ്തുകൊള്ളുക.

†ജള്ളുകവിഷത്തിന്ന.

അട്ടയ്ക്കുള്ള വിഷത്തിന്നു ചൊറിയും ചോരയും വരും ൧൮
നന്നാറിമഞ്ഞളും നെയ്യും ജള്ളുകവിഷനാശനം.

‡മത്സ്യവിഷത്തിന്ന.

കടച്ചിലുണ്ടാമത്യൎത്ഥം വ്രണേ വേദനയും തഥാ ൧൯
പനി രോമാഞ്ചവും വിക്കം മത്സ്യക്ഷോപങ്ങളോദ്ഭവേ ഭവേൽ.
തത്ര കാരസ്കരത്തിന്റെ വേരും തിരിയുമഞ്ജസാ ൨൰
ഇടിച്ചിട്ടു ജലംകൊണ്ടു ധാരചെയ്ക നിരന്തരം.
ആരണ്യസൎപ്പം വേരോടിടിച്ചിട്ടു കഷായമായ് ൨൧
വച്ചെടുത്തു കുടിച്ചീടിൽ കടച്ചിൽ ക്ഷണമേ കെടും.
തദേവ ലേപയേച്ഛീഘ്രം സവ്യോഷം രാമഠാന്വിതം ൨൨
പുനൎന്നവാമരത്വം ലേപയേച്ഛോഫശാന്തയേ.
പാലിൽ പുഴുങ്ങിപ്പേഷിച്ചിട്ടുമൂത്രം ദശപുഷ്പവും ൨൩
തേച്ചുകൊണ്ടാൽ ക്ഷണേനൈവ പൃഥുരോമവിഷം കെടും

[വ്യ ൦

ചികിത്സ—"കുംകുമം തകരം ശിഗ്രു പത്മകം രജനീദ്വയം
അഗദോ ജലപിഷ്ടോഽയം ശതപാദിവിഷനാശനഃ." (സ-ക).
"പഞ്ചാംഗം ശൈരീഷം സവ്യോഷം ശതപദീവിഷം ഹരതി."
(ല-ത).

*തൊട്ടാരട്ടിവിഷത്തിന്ന:—

"തൊട്ടുപോയാലുമേ തൊട്ടാരട്ടിയേയറിയാതഹോ
ക്ഷണത്തിൽകലൻനുള്ളിൽ പെട്ടുപോയെങ്കിലും നൂണാം.
സൎവ്വാംഗം വ്രണമുണ്ടാകുമതിനുള്ള ചികിത്സയും
ചൊല്ലുന്നു മുള്ളൻചീരയ്ക്കുണ്ടുള്ള വേരാൽ കഷായവും.
കല്ക്കവും ചേൎത്തു കേരത്തിൻതൈലം കാച്ചിയരിച്ചുടൻ
പാനലേപാദികൎമ്മംകൊണ്ടു ശമിക്കും തദ്വിഷം നൂണാം."

†ജള്ളുകവിഷത്തിന്ന:—

"ഗോപീ നിശാ സസൎപ്പിൎവ്വിഷം ഹരേല്ലേപനാജ്ജള്ളുകാനാം." (ല-ത).

‡മത്സ്യവിഷത്തിന്ന:—

"മാത്സ്യാ ദംശഃ സതൃഡ്ദാഹഃ."
"മധൂത്ഥികടുകം ശേതപിണ്ഡാമൂലഞ്ച മത്സ്യജേ." (അ-സം).
രാമഠമൂഷവ്യോഷം സസൎപ്പിരാലേപനാച്ച മത്സ്യവിഷം." (ല-ത).

വണ്ടുകുത്തിയാൽ.

ഭൃംഗം കുത്തുകിലപ്പോഴേ കടയും വീക്കവും വരും
പുന്നാടകനിശായുഗ്മം ലേപയേത്തദ്വിഷാപഹം. ൮൧

ഇതി ജ്യോത്സ്നികായാം
വൃശ്ചികാദിവിഷപ്രതിഷേധാധികാരം സമാപ്തം.

---

## അധികാരം ൧൩

### *സ്ഥാവരവിഷവിജ്ഞാനപ്രതിഷേധം.

സ്ഥാവരവിഷഭേദങ്ങൾ.

ഫലപുഷ്പദളൈർമ്മൂലനിര്യ്യാസരസചർമ്മഭിഃ
കന്ദബീജപയോഭിശ്ച ഭവേൽ സ്ഥാവരജം വിഷം. ൧

ഏവം പത്തുപ്രകാരത്തിലുണ്ടാകുന്ന വിഷത്തിന്റെ
ലക്ഷണങ്ങളതും ചൊല്ലാം ചികിത്സാപി വിശേഷതഃ. ൨

സ്ഥാവരവിഷലക്ഷണചികിത്സ (സാമാന്യം).

വീക്കമുണ്ടാം ചുട്ടുംപാരം പനിയും ചിത്തശോകവും
സാദവും മോഹവും ഛർദ്ദി ശോഷവിൺമൂത്രരോധവും. ൩

---

*സ്ഥാവരവിഷഭേദങ്ങൾ:—

"ഫലകുസുമദളൈർവ്വാ മൂലനിര്യ്യാസകന്ദൈ-
രപി ച രസപയസ്ത്വഗ്ബീജകൈഃ സ്ഥാവരാംഗൈഃ
ഭവതി ദശഭിരേഭിഃ ക്ഷ്വേളമേഷാം സമാനം
വിഷകൃതിവിഷചിഹ്നം വക്ഷ്യതേ തൽപ്രശാന്തിം."

സ്ഥാവരവിഷമേററാലുള്ള ലക്ഷണം;—

"പരമപി ബഹുലാപം താപഖേദം നരാണാം
ജ്വരമപി ച കടുകഛർദ്ദിസാദൌ ച മോഹം
ജനയതി പരിശോഷം ചാപി വിൺമൂത്രരോധം
വിദുരിതി ഗരളം തൽ സ്ഥാവരോത്ഥം പ്രബുദ്ധാഃ."

ചികിത്സ:—

"ഭുക്തമാത്രേ സ്ഥിരക്ഷ്വേളേ ശീതേന സ്നാപ്യ വാരിണാ
പായയേൽ സഘൃതം ക്ഷൌദ്രം തതഃ സദ്യോ വിരേചയേൽ.
പത്ഥ്യാ കോശാതകീ പാഠാ സൂര്യ്യവല്ല്യഗ്നികാമൃതാ
ശിരീഷകിണിഹീ ശേലുകാശ്മരീ യാമിനീദ്വയം.
പുനൎന്നവാ ബൃഹത്യൌ ദ്വേ ശാരിബേ ച കടുത്രയം
ഏതൽകഷായേണ സംസിദ്ധാം യവാഗൂം സാജ്യമാക്ഷികാം
ശീതളാം പായയേൽ സദ്യഃ സ്ഥാവരക്ഷ്വേളശാന്തയേ." (ല-അ).

ചെറുചീരയുടേമൂലം തണ്ടും പത്രമത്തും സമം
ശുദ്ധകാഞ്ചികതോയത്തിൽ പാനലേപനമുത്തമം. ൪

നീലികാമൂലമിന്തുപ്പും തഥാ പീതപാ പ്രലേപയേൽ
ഇവകൊണ്ടു കഷായംവച്ചതുകൊണ്ടു കുളിക്കയും ൫

ഇച്ചൊന്നൌഷധമെണ്ണയ്ക്കും നെയ്‌വെന്തിടാനുമുത്തമം
ഇന്തുപ്പും വ്യോഷവും രണ്ടുമഞ്ഞളും കല്ക്കമായിഹ ൬

മിക്കവാറും വിഷത്തിന്നു ശതധൌതഘൃതം ശുഭം
നാല്പാമരക്കഷായത്തിൽ ഘൃതമിട്ടു നിരന്തരം ൭

കടയേണം ചുവപ്പോളം നൂറുനാഴികയങ്ങനെ
"ശതധൌതഘൃതം" ചൈതദ്വിഷശോഫോഷ്ണശാന്തികൃൽ. ൮

ചേർമരത്തിൻവിഷത്തിനു.

ചേർമരത്തിൻവിഷത്തിന്നു താന്നിതൻ തോലരച്ചുടൻ
സർവ്വാംഗം തേച്ചു സേവിപ്പൂ സദ്യോ നഷ്ടമതാം വിഷം. ൯

മുക്കോല്പക്കൊന്ന സേവിപ്പൂ, സരണം പാരമായിടിൽ
ശതാവരിജലംകൊണ്ടു ഗുദേ ധാരകഴിക്കണം. ൧൦

കുടിച്ചീടുകയും വേണം കുളിക്കേണം തദംബുനി.

പ്രത്യൌഷധങ്ങൾ.

നാഗദന്തിവിഷത്തിന്നുമീവണ്ണം ചെയ്തുകൊള്ളുക. ൧൧

പുഴപ്പരുത്തിത്തോൽകൊണ്ടു കണ്ണാമ്പൊട്ടി വിഷം കെടും
മദ്യത്തിൻമത്തു തീർന്നീടും ചെറുനാരങ്ങകൊണ്ടുടൻ. ൧൨

കഞ്ചാവിന്നഥ കോവയ്ക്കു നന്നേററം വീര്യശാന്തയേ
അവീൻമരുന്നു ചെന്നീടിൽ മതിംഘ്നീമൂലവും ദലം. ൧൩

മേന്തോന്നിക്കുമെരീമൂലം നിർവ്വിഷേ മരിചം തഥാ
പാഷാണവിഷശാന്തിക്കു മധ്യമം കടുക,ത്തമം ൧൪

നീലികാമൂലവും തദ്വൻമൃണാളം ചേതി കേചന
പാരദത്തിന്നു കൃഷ്മാണ്ഡം പ്രത്യൌഷധമിതീരിതം. ൧൫

ഏരണ്ഡത്തിരിയും നല്ല നവനീതം ശതാവരീ
അവലിന്റെ വിഷത്തിന്നും കൊട്ടുവേലിക്കുമാമിതു. ൧൬

കാഞ്ഞിരത്തിരി സേവിച്ചാൽ പല്ലെല്ലാമെത്രകോത്തുപോം
കാലും വിരല്പമങ്ങേററം ക്രുച്ഛ്രം കരവുമങ്ങനെ. ൧൭

*കനിതൻപല്ലവം പിഷ്ട്വാ കുടിപ്പിപ്പൂ വിലേപയേൽ
വേഗം തീൎന്നീടുമെന്നാലക്രൂച്ഛ്രലും പല്ലുകോത്തലും. ൧൮

വത്സനാഭികുടിച്ചീടിൽ നിൎവിഷം പരമൌഷധം
മൂലം നീലീഭവം കൂടെ നന്നേററം തദപിഷേ ന്നൂണാം. ൧൯

ദധിമോരെന്നിവററിൻെറ കന്മഷം നീങ്ങുവാനിഹ
നന്നേററം പഴതായുള്ളോരുറ്റ്പൂമാങ്ങയുമണ്ടിയും. ൨൦

ധൂമപത്രംപിടിച്ചീടിൽ തേങ്ങാപ്പാൽകൊണ്ടു തീൎന്നുപോം
തഥാ ലവണതോയേന തൈലവീൎയ്യം കെട്ടം ദ്രുതം. ൨൧

തേൾക്കടാകൊണ്ടു തീൎന്നീടും പനസത്തിൻെറ കന്മഷം
തഥാ തദ്വീൎയ്യശാന്തിക്കു ചുക്കുക്രൂടെഗ്ഗുണം തുലോം. ൨൨

പ്രത്യൌഷധങ്ങൾ വേറിട്ടിട്ടെല്ലാററിന്നുമിരിക്കിലും
നാനാവിഷങ്ങൾ തീൎന്നീടും നീലീപാനവിലേപനാൽ. ൨൩

ഇതി ജ്യോത്സ്നികായാം
സ്ഥാവരവിഷാധികാരം സമാപ്തം.

---

## അധികാരം ൧൪.

### പശുചികിത്സ.

†വിഷജുഷ്ടപശുലക്ഷണം.

പശുക്കൾക്കു വിഷപ്പെട്ടാൽ കുലുക്കും തലയേററവും
രോമഭേദവുമുണ്ടാകും ദംശേ ശോഫമതും തഥാ. ൧

അംഗസാദവുമത്യൎത്ഥം കണ്ണുകാണാതെയും വരും
പനിയും കൊട്ടതായീടും നടപ്പാനരുതാതയാം. ൨

നര പാരം ചൊരിഞ്ഞീടും വായിലും രണ്ടുമൂക്കിലും
തഥാ ദന്തങ്ങൾ ബന്ധിക്കും പൊഴിയും രോമമേററവും. ൩

---

* 'കുന്നിതൻപല്ലവം പിഷ്ട്വാ കുടിപ്പിപ്പൂ വിലേപയേൽ' (പാഠാന്തരം).

† വിഷജുഷ്ടപശുലക്ഷണം:—

"മുഹുൎമ്മുഹുശ്ശിരോന്യാസഃ ശോഫഃ സ്രസ്ഥൌഷ്ഠകൎണ്ണതാ
ജ്വരസ്തബ്ധാക്ഷിഗാത്രത്വം ഫേനഃ കമ്പോƒംഗമൎദ്ദനം.
രോമാപഗമനം ഗ്ലാനിരരതിർവേപഥുൎഗ്രഹഃ
പശൂനാം വേദ്യേതദ്ദഷ്ടാനാമിഹ ലക്ഷണം." (പ-ചി).

*പശുചികിത്സ (പാനലേപനാദികൾ).

ലോഹം ചുട്ടിട്ടെടുത്തിട്ടു ദംശേ വച്ചീടുകഞ്ജസാ
ഛേദിക്കൽ ഗുണമെന്നാലും ഛേദിക്കരുതു ഗോക്കളെ. ൪

ഇന്തുപ്പും പശുവിൻനെയ്യും വ്രണേ തേച്ചീടണം ദ്രുതം
വയമ്പും മരിചം നല്ല സൈന്ധവം ചുക്കു തിപ്പലി ൫

തുല്യഭാഗമരച്ചൂർണ്ണം ശുദ്ധകാഞ്ചികനീരതിൽ
പാനലേപാദികൊണ്ടാശു പശുക്കൾക്കു വിഷം കെടും. ൬

നെന്മേനിവാകപ്പഞ്ചാംഗം മൂലം നീലീഭവം പുനഃ
ചെറുചീരയതും രണ്ടുമഞ്ഞളും സമമായുടൻ ൭

കാടിനീരിലരച്ചിട്ടു സർവ്വാംഗം പരിമർദ്ദയേൽ
കോരിക്കൊണ്ടു കുടിപ്പിപ്പൂ സദ്യോ നഷ്ടമതാം വിഷം. ൮

മഞ്ജരീ നീലികാപത്രമശ്വഗന്ധം ച സൈന്ധവം
തുല്യാംശപാനലേപാദ്യൈഃ പശൂനാം വിഷമാശു പോം. ൯

നെന്മേനിവാകതൻവേരുമുള്ളികായം വചാ സമം
മുളകും കാടിയിൽ പിഷ്ട്വാ പാനാദ്യൈർവ്വിഷനാശനം. ൧൦

പുങ്ങിൻതൊലുരിത്തുക്കീടെമൂലവും വ്യോഷമെന്നിവ
കാഞ്ചികേ പാനലേപാദ്യൈർന്നശ്യതീഹ ഗവാം വിഷം. ൧൧

മോഹിച്ചുപോയതെന്നാകിൽ നസ്യംചെയ്യാലുണർന്നിടും
†നരന്മാൎക്കു പറഞ്ഞുള്ള നസ്യംതന്നിവിടേയ്ക്കുമാം. ൧൨

ഇച്ചൊന്നൌഷധജാലങ്ങളിടിച്ചിട്ടു ജലത്തിനാൽ
കുളിപ്പിക്കയതും പഥ്യം പുരട്ടീടാനുമാമിതു്. ൧൩

ഇതി ജ്യോത്സ്നികായാം
പശുചികിത്സാധികാരം സമാപ്തം.

---

* ചികിത്സ:—

"ദേവദാരു ഹരിദ്രേ ദ്വേ സരളം ചന്ദനാഗരു
രാസ്നാ ഗോരോചനാജാജീ ഗുൽഗുലുചിക്ഷുരസോ നതം,
ചൂൎണ്ണാ സസൈന്ധവാ പാനന്തം ഗോപിത്തമധുസംയുതം
ചതുഷ്പദാനാം ദംഷ്ട്രാനാമഗദഃ സാൎവ്വകാൎമ്മികഃ." (ച-ചി).

† "രക്താവസേകാഞ്ജനാനി നരതുല്യാന്യജാവികേ
ത്രിഗുണം മഹിഷേ ഘോഷ്ട്രേ ഗവാശ്വേ ദ്വിഗുണന്തു തൽ
ചതുൎഗ്ഗുണഞ്ച നാഗാനാം കേവലം സൎവ്വപക്ഷിണാം
പരിഷേകാൻ പ്രദേഹാംശ്ച സുശീതാനവചാരയേൽ."

## അധികാരം ൧൫.

## സർവ്വവിഷപ്രതിഷേധം.

### വിവിധയോഗങ്ങൾ.

ലക്ഷണംകൊണ്ടറിഞ്ഞീല പാമ്പിനേയെന്നിരിക്കിലോ
നോക്കിക്കൊണ്ടു വിചാരിപ്പൂ ദഷ്ടാനാം ദേഹമൊക്കയും. ൧

വർണ്ണവേഗം വിഷത്തിൻെറവേഗവും ദോഷവൃദ്ധിയും
മററും ചിലതു സൂക്ഷിച്ചു ഗ്രഹിച്ചില്ലെങ്കിലും തദാ. ൨

കുടിക്കേണ്ടും മരുന്നെല്ലാം ചൊല്ലുന്നേനതിനായിഹ
എല്ലാദോഷവുമെല്ലാക്കും തീൎന്നുപോമിവകൊണ്ടുടൻ. ൩

വേലിപ്പരുത്തിതൻപത്രം പുഷ്പവും സമമായിഹ
തന്മൂലമപി ക്ഷീരത്തിൽ ധൃതം നാനാവിഷേ പിബേൽ. ൪

ക്ഷീരത്തിലമരീമൂലം നിർമ്മലേ കാഞ്ചികേഽപി വാ
കുടിപ്പൂ ലേപനം ചെയ്‌വൂ നിശ്ശേഷവിഷനാശനം. ൫

ചെറുചീരയതും നല്ലോരമരീമൂലവും സമം
പാനലേപാദിചെയ്തീടിൽ തീൎന്നീടും വിഷമൊക്കയും. ൬

വാജിഗന്ധമതും രണ്ടുമഞ്ഞളും ചെറുചീരയും
ക്ഷീരേ തോയേഽപി വാ പീതാ സദ്യസ്സർവ്വവിഷം ജയേൽ. ൭

കരഞ്ജം നീലികാ ബിംബം മൂന്നും തുല്യമതായിഹ
പാനാദ്യൈൎന്നശ്യതി ക്ഷ്വേളം യഥാപാപം ത്രിമൂർത്തിഭിഃ. ൮

നിശാദ്വയം മേഘനാദം ധൂമവും സമമായിഹ
ലിപ്ത്വാ പീത്വാ ഹരേത്സർവ്വം വിഷം സ്ഥാവരജംഗമം. ൯

ശുദ്ധിചെയ്തോരു പൊൻകാരം ശീതതോയേ കുടിക്കുക
പുരട്ടീ നസ്യവും ചെയ്‌വൂ ഗരമെല്ലാമൊഴിഞ്ഞുപോം. ൧൦

അമുക്കുരമതും വ്യോഷം വയമ്പും വാകമൂലവും
നാനാവിഷേ കുടിച്ചീടാം കദളിക്കന്ദനീരതിൽ. ൧൧

നസ്യത്തിന്നും ഗുണംതന്നേ നേത്രത്തിങ്കലുമാമിതു്
തൊട്ടുതേച്ചാലൊഴിഞ്ഞീടും വിഷവും വീക്കവും ദ്രുതം. ൧൨

കരളേകമത്തും ചുക്കും പിഷ്ട്വാ പീത്വാ പ്രലേപയേൽ
മസ്തകേ നാസികായാം ച പഥ്യമേതദപിഷേ/ഖിലേ. ൧൩

തണ്ഡുലീയകമൂലം ച വാജിഗന്ധാ ച ഗുല്ഗുലു
ഗൃഹധൂമം ച ഗോമൂത്രേ പായയേൽ ക്ഷ്വേളശാന്തയേ. ൧൪

ചന്ദനം നീലികാമൂലം കൊട്ടവും ചെറുചീരയും
പായയേല്ലേപയേൽ ക്ഷീരേ നാനാവിഷവിനാശനം ൧൫

കായം വാ സൈന്ധവം വാഥ കൂട്ടിക്കൊണ്ടർക്കപത്രവും
പേഷിച്ചാത്മജലേ പീത്വാ ലിപ്ത്വാ സർവ്വവിഷം ഹരേൽ. ൧൬

ശിരീഷാർക്കസുമം രണ്ടിൻബീജവും വ്യോഷവും സമം
നസ്യപാനാദികൊണ്ടാശു തീൻപോം വിഷമൊക്കയും. ൧൭

അരക്കും കായവും ചുക്കമുള്ളിയും രണ്ടുമഞ്ഞളും
സൈന്ധവേന സമം മൂത്രേ വിഷം ലേപാദിനാ ഹരേൽ. ൧൮

വ്യോഷവും ശാരിബാ പാടക്കിഴങ്ങും നീലിയും തഥാ
പെരുംകുരുമ്പയും വ്യോഷം വയമ്പും കൂട്ടിയും തഥാ ൧൯

തേററാമ്പരലരച്ചിട്ടു കലക്കിക്കൊണ്ടതിൽ പുനഃ
നിർമ്മലം വസ്ത്രശകലം മുക്കിക്കൊണ്ടാററു കാററതിൽ ൨൦

ഏവം മുക്കിയുണക്കേണമെട്ടുപത്തുഴമത്തുണി
തൈലംതന്നിൽ തിരുമ്മീട്ടു നസ്യാദ്ദത്തിഷ്ഠതേ വിഷീ. ൨൧

ഹരീതകീ വചാ ലോധ്രം വേപ്പും കായവുമെന്നിവ
നാനാവിഷോപശാന്തിക്കു ചെയ്വൂ പാനാദികാഃ ക്രിയാഃ ൨൨

മുരിങ്ങതന്മേൽത്തോൽതന്നേ കാഞ്ചികാംബുനി മർദ്ദയേൽ
പാനലേപാദികൊണ്ടാശു തീൻപോം വിഷമൊക്കയും. ൨൩

വ്യോഷവും കായവും തുമ്പനീരതിൽ പരിമർദ്ദയേൽ
നസ്യാഞ്ജനേ തഥാ കൃത്വാ വിഷമോഹവിനാശനം. ൨൪

വെൺകുന്നിക്കുരുവും കായമിലഞ്ഞിക്കുരുബീജവും
ശിഗ്രുപത്രരസംതന്നിൽ പിഷ്ട്വാ നസ്യാഞ്ജനേ ഹിതം. ൨൫

വയമ്പും കായവും നല്ല ശ്വേതമാം മരിചം സമം
താംബൂലനീരിൽ പേഷിച്ചു ചെയ്വൂ നസ്യാഞ്ജനങ്ങളെ ൨൬

ശിരീഷപുഷ്പസ്വരസേ ഭാവിതം മരിചം സിതം
നസ്യാഞ്ജനാദിനാ ഭൂയശ്ശീഘ്രമുത്തിഷ്ഠതേ വിഷീ. ൨൭

വെൺകുന്നിക്കുരുവും വഹ്നിശിഖയും രാമഠം വചാ
ശുദ്ധകാഞ്ചികതോയത്തിലഞ്ജനാദ്വിഷം കെടും. ൨൮

വചാശപഗന്ധാ ത്രികടുവ്വാകമൂലം ച ചന്ദനം
രംഭാകന്ദജലേ പിഷ്ട്വാ വിഷം പാനാദിനാ ഹരേൽ. ൨൯

പുങ്ങിൻകുരുവതിൻബീജം ചുക്കും മുളകു തിപ്പലി
വേപ്പുംതോൽ വിഷവേഗം ച കാളക്രൂടാപഹം ഭവേൽ. ൩൦

കോശാതകീ വചാ ഹിംഗു ശിരീഷം വ്യോഷമെന്നിവ
അൎക്കക്ഷീരേഽപി സംപിഷ്ട്വാപ്യജമൂത്രേഽഥവാ പുനഃ. ൩൧

കണ്ണിൽ താംബൂലനീർതന്നിൽ, നസ്യം തുമ്പയുടേ ജലേ
ശിഗ്രുവല്കരസേ പാനാന്നിശ്ശേഷവിഷനാശനം. ൩൨

പൊടിച്ചിക്ഷ്വാകു സൎവ്വാംഗം കായമോടു കലൎന്നു
നസ്യംചെയ്താലുണൎന്നീടും വിഷമോഹിതനഞ്ജസാ. ൩൩

മാതുലുംഗാതിയുടേമൂലം കാടിയിൽ വിഷനാശനം
മുയൽച്ചെവിയതും തുമ്പ തുളസീ ശക്രവല്ലിയും. ൩൪

മാൎജ്ജാരവന്ദിനീപത്രം തഥാ പൂവാംകുറുന്തല
ഇവയെല്ലാം സമംകണ്ടു പിഴിഞ്ഞുണ്ടായ നീരതിൽ ൩൫

മരിചം തിപ്പലീ ചുക്കുമേലത്തരിയുമെന്നിവ
ചൂൎണ്ണിച്ചു കൂട്ടി നല്കീടിൽ വിഷമെല്ലാമൊഴിഞ്ഞുപോം. ൩൬

വയമ്പും തകരം കൊട്ടം ചന്ദനം പത്മകേസരം
ധുൎദ്ധൂരബീജവും തുല്യം കാടിതന്നിലരച്ചുടൻ ൩൭

തൊട്ടുതേച്ചാലുണങ്ങിപ്പോം വിസൎപ്പം ക്ഷ്വേളസംഭവം.
ചന്ദ്രശേഖരമൂലീടെപത്രവും കായവും സമം ൩൮

തിരുമ്മീട്ടതിനാൽ മൂക്കും വായും പൊത്തിയമൎത്തുടൻ
പിടിച്ചു കൊടംവൂ മൂന്നുഴം കാളക്രൂടവിനാശനം. ൩൯

### വ്യോഷാദി (രസായനം).

വ്യോഷം തകരവും കൊട്ടം മാഞ്ചിയിന്തുപ്പുരേണുകം
തുളസീ ശാരിബാ മുസ്താ യഷ്ടീ ഹിംഗു നിശാദ്വയം. ൪൦

വാളംഗമേലത്തരിയും തുല്യഭാഗമിതൊക്കവേ
പ്ലാശ്ശുംതോൽതന്റെ നീർതന്നിലരയ്ക്കേണം ദിനദ്വയം. ൪൧

പ്ലാശിന്റെകറയും കൂട്ടീട്ടൊരുപാത്രത്തിലിട്ടുടൻ
പാകം ചെയ്യുന്നതിൽ കൂടെയിട്ടു വേവിച്ചു കൊള്ളുക. ൪൨

ഗോശൃംഗേ സംഗ്രഹേദേതൽ ഗരളഘ്നം രസായനം
തൊട്ടു കിഞ്ചിൽ പുരട്ടീടിൽ തീൻറുപോം വിഷമൊക്കയും. ൪൩

നസ്യപാനാദിയതിനും ഗുണം ഗുപ്തമിതേററവും

### ദേവദാർവ്വാദി.

ദേവദാരു നിശാദ്വന്ദ്വം തകരം മധുകം വചാ ൪൪
കന്മദം മുളകും പുങ്ങും ശിരീഷാക്ഷികണാ സമം
മുൻപേതുപോലെ സൂക്ഷിപ്പൂ ഗോശൃംഗാന്തേ വിഷാപഹം.
[൪൫

### ശിരീഷാദി.

ശിരീഷമേലത്തരിയുമരക്കും മാഞ്ചിരേണുകം
യഷ്ട്യാപകുന്നസിന്ധൂത്ഥം ത്ര്യൂഷണം കാട്ടുവെള്ളരി ൪൬
ദാർവ്വീ മഞ്ചട്ടിചൂർണ്ണം ച മഞ്ഞളെന്നിവയൊക്കയും
പൂർവ്വവച്ഛൃംഗസംസ്ഥാപ്യം വിഷേഷു പരമൌഷധം. ൪൭
ഏതത്സർവ്വം ച ധൂപേഽപി കയ്യാൽ ക്ഷ്വേളലോപശാന്തയേ.

### ഗുപ്തപ്രയോഗങ്ങൾ.

(൧)

നന്ത്യാർവട്ടമതിൻമൂലം വടക്കോട്ടുഗമിച്ചതു്. ൪൮
ഗ്രഹണാരംഭകാലത്തങ്ങെടുപ്പൂ ശസ്ത്രകം വിനാ
സ്തംഭിച്ചനേരവും പിന്നെയൊഴിയുമ്പോഴുമങ്ങനെ. ൪൯

അരച്ചു ഗുളികീകൃത്യ സംഗ്രഹേൽ ശുദ്ധഭാജനേ
ആദിക്കളു കടിപ്പിച്ചാൽ ദഷ്ടന്നു വിഷമേറയാം. ൫൦

സ്തംഭിപ്പിക്കും തഥാ ക്ഷോളം സ്തംഭനത്തിലെടുത്തതു
തഥാ മോചനകാലത്തേതൊഴിക്കും വിഷമൊക്കയും. ൧൧

ആദിക്കതൊചരിക്കൊല്ലാ പ്രയോഗം ഗുപ്തമാമിതു്.

(൨)

നെന്മേനിവാകപ്പഞ്ചാംഗം കൃഷ്ണപഞ്ചമിനാളുടൻ ൧൨

ഇരുമ്പുതട്ടാതെ കണ്ടങ്ങെടുപ്പൂ തുല്യമാത്രതു്
ഗോമൂത്രേ/വൃജമൂത്രേ വാ മർദ്ദയേദ്ദിവസത്രയം ൧൩

ഗുളികീകൃത്യ നിഴലിലുണക്കിക്കൊണ്ടു സംഗ്രഹേൽ
അനേനാഞ്ജനപാനാദ്യൈർവിഷീ ഭവതി നിർവ്വിഷീ. ൧൪

ഗുപ്തമത്യന്തമേതത്തു ശാസ്ത്രേഷു ച മനീഷിഭിഃ.

(൩)

ജാതവത്സമലം കൊട്ടം രണ്ടും തുല്യം കലർന്നുടൻ ൧൫

പൂർവ്വവദ് ഗുളികീകൃത്യ പ്രയോക്തവ്യം വിഷേ/ഖിലേ.

(൪)

വയമ്പു കായം വെള്ളുള്ളി വ്യോഷവും സമമായിഹ ൧൬

കാഞ്ചികേ ഗുളികാ കാൎയ്യാ പൂർവ്വവദ്വിഷനാശിനീ.

ബില്വാദിഗുളിക.

വില്വസ്യ മൂലം സുരസസ്യ പുഷ്പം
ഫലം കരഞ്ജസ്യ നതം സുരാഹ്വം
ഫലത്രയം വ്യോഷനിശാദ്വയം ച
ബസ്തസ്യ മൂത്രേണ സുസൂക്ഷ്മപിഷ്ടം. ൧൭

ഭുജംഗലൂതോന്ദുരുവൃശ്ചികാദ്യൈ-
ർവ്വിഷൂചികാജീൎണ്ണഗരജ്വരൈശ്ച
ആൎത്താൻ നരാൻ ഭൂതവിധർഷിതാംശ്ച
സ്വസ്ഥീകരോത്യഞ്ജനപാനനസ്യൈഃ. ൧൮

ഹിംഗ്വാദിഗുളിക.

ഹിംഗ്വശ്വഗന്ധാസിന്ധൂത്ഥമെരുമക്കന്നെതന്മലം ൧൯

തിപ്പലീ മുളകും ചുക്കും സമഭാഗമിതൊക്കെയും
പേഷിച്ചു സപ്തദിവസമെരുക്കിൻപാലതിൽ പുനഃ ൯൦
ഉരുട്ടിക്കൊണ്ടുണക്കീട്ടു കേവലം നിഴൽതന്നിലെ,
വിഷാൎത്തന്നിതു സേവിച്ചാലോടിപ്പോം വിഷമൊക്കെയും. ൯൧
മൂൎഛിച്ചു പോയിതെന്നാകിൽ ഗതി നാമജപം നൃണാം.

രസാദിവടകം.

രസജംബാലബീജങ്ങളൊപ്പം പേച്ചുരനീരതിൽ ൯൨
പേഷിച്ചു തീൎത്തവടകമശേഷവിഷനാശനം.

തരുണഭാസ്കരം.

ഗോരോചനയുമിന്തുപ്പും മരമഞ്ഞളും കടുത്രയം ൯൩
പൊൻകാരം നിൎവ്വിഷം കായമശ്വഗന്ധം നതം വചാ
പാരദം ഗരുഡഭാണ്ഡം ചന്ദനം വിഷവേഗവും ൯൪
പത്ഥ്യാ പാശുപതം മൂൎവ്വാ സമഭാഗമിതൊക്കെയും
നാരങ്ങനീർപിഴിഞ്ഞിട്ടു മൎദ്ദിപ്പൂ ദിവസത്രയം ൯൫
കുന്നിക്കുരു പ്രമാണത്തിലുരുട്ടിക്കൊണ്ടുണക്കുക
വിഷാമയേഷു സൎവ്വേഷു സുഖദം വടകം ത്വിദം ൯൬
സഞ്ചിതവ്യം പ്രയത്നേന നാമ്നാ തരുണഭാസ്കരഃ

രസാദിഗുളിക.

രസം ചായില്യവും പിന്നെപ്പാഷാണം രണ്ടുകൂട്ടവും ൯൭
വത്സനാഗം വയമ്പോട്ടു തുരിശ്ശും മനയോലയും
ഗന്ധകം സാഗരൈരണ്ടക്കുരുവും നിൎവ്വിഷം പുനഃ ൯൮
ശ്വേതമായുള്ളപൊൻകാരം തഥാ പൊന്നരിതാരവും
തുല്യാംശം ചെറുനാരങ്ങനീരതിൽ പേഷയേൽ ക്രമാൽ ൯൯
ഗുളികീകൃത്യ മൂൎദ്ധാവിൽ പുരട്ടു മോഹമാശു പോം.
തഥാ പീതാ വ്രണേ ലിപ്താ ജയേൽ കാകോളസഞ്ചയം ൧൦
പവിത്രമേതദ്വടകം സഞ്ചിതവ്യം പ്രയത്നതഃ

നാഭീനിൎവ്വിഷാദി.

നാഭീനിൎവ്വിഷപാഷാണരസഗന്ധകടങ്കണം ൧൧

തുത്ഥം മനശ്ശിലാ *ചാപി ഹിംഗുസൈന്ധവകം വചാ
അശ്വഗന്ധാ വിഷം വ്യോഷം ത്രിഫലാ നീലിമിശ്രിതം ൧൨

ശ്വേതാക്കമൂലം നേവാളം ഗരുഡദ്വയമിശ്രിതം
ഈശ്വരീമൂലമാഹൃത്യ ദശപുഷ്പേണ മിശ്രിതം ൧൩

സവാണി സമഭാഗാനി ജംബീരരസമദ്ദിതം
ദിനത്രയം മദ്ദയിത്വാ തിലമാത്രേണ ലേപയേൽ ൧൪

ജിഹ്വാഗ്രേ, ലേപനാത്തത്ര തൽക്ഷണാദേവ നശ്യതി
തച്ശേഷം വ്രണലേപേന തത്സവ്വവിഷനാശനം. ൧൫

മൃത്യുഞ്ജയഗുളിക.

പൊൻകാരം താമ്രകാരം ച നല്ക്കാരം നവസാരവും
തുത്തും തുരിശ്ശു പാഷാണം രസം ത്രികടു സൈന്ധവം ൧൬

ഗന്ധകം വജ്രനാഗം ച വാജിഗന്ധം പകുന്നയും
കാത്തോട്ടി കരളേകം ച കരുനൊച്ചിയുഴിഞ്ഞയും ൧൭

നീലീ പുഷ്കരമൂലം ച തുത്താ കൃഷ്ണമതായതും
ഉങ്ങിൻതോൽ ഗിരിഗന്ധഞ്ച ബലാഹ്വം കാഞ്ഞിരസ്യവേർ
[൧൮

കടലാവണക്കിൻകുരുവുമേകോനത്രിംശദൌഷധൈഃ
തുക്കിത്തുല്യമതാക്കീട്ടു യോജിപ്പൂ പയസി ക്ഷിപേൽ. ൧൯

(പയസ്ഥിതിബഹുത്വം കിമേതന്മാത്രോക്തമായതും)
അക്കസ്നുഹിഗവാംക്ഷീരം മൂന്നും യോജിച്ചു തുല്യമായ് ൨൦

തസ്മിൻ ക്ഷിപ്ത്വാ ദിസപ്താഹം പശ്ചാദുദ്ധൃത്യ പേഷയേൽ
കഴച്ചു ഗുളികീകൃത്യ ശോഷയേന്നിഴൽ തന്നില് ൨൧

വിഷവേഗാൽ പരം വേഗമസ്യാമസ്തീതി തദ്വിദഃ
നാമ്നാ മൃത്യുഞ്ജയാഖ്യൈഷാ സവോൽകൃഷ്ടാ ശുഭപ്രദാ. ൨൨

മൃത്യുഞ്ജയാഞ്ജനം.

പാൽതുത്തം ഗന്ധകം നല്ല തുരിശ്ശും നീറവുമട്ടയും
ശ്വേതമാംകുന്നിതൻബീജം പുരാണമുളകും പുനഃ ൨൩

ഇലഞ്ഞിക്കുരുബീജം ച എല്ലാമോരോ കഴഞ്ചതാം
ഗോമൂത്രത്തിൽ പചിക്കേണം കരിഞ്ഞീടാതെ കണ്ടതു് ൨൪

* 'ഹിംഗു തുരിശും സൈന്ധവം വചാ' എന്നും പാഠം കാണുന്നു.

പണത്തൂക്കം ചതുഷ്ഷഷ്ടി രസം താംബൂലനീരതിൽ
താലത്തിലാക്കി മർദ്ദിപ്പൂ കുറയാതെ ദിനത്രയം. ൨൰൫

പിന്നെ നന്നായരയ്ക്കേണമതു മൂന്നുദിനം ക്രമാൽ
വേവിച്ചുമുൻപേവച്ചുള്ളോരൗഷധങ്ങളുമിട്ടുടൻ ൨൰൬

പേഷിച്ചുകൊള്ളൂ തൊണ്ണൂറു നാഴികാ പിന്നെയും ക്രമാൽ
ഉരുട്ടിക്കൊണ്ടുണക്കേണം കുന്നിമാത്രമനാതപേ ൨൰൭

ദഷ്ടൻ മോഹിച്ചുവെന്നാകിലതു വെററിലനീരതിൽ
പാതിയൻപോടരച്ചിട്ടങ്ങൊരുകണ്ണിൽ വിലേപയേൽ ൨൰൮

എന്നാലപ്പുറമംഗത്തിൽ ജീവനുണ്ടാം പുനസ്തഥാ
മറേറക്കണ്ണിലുമഞ്ജിച്ചാലൊഴിയും മോഹമൊക്കെയും. ൨൰൯

ഉള്ളിൽ ജീവനതില്ലായ്കിൽ നേത്രമെല്ലാം വെളുത്തുപോം
മൃത്യുഞ്ജയാഞ്ജനം ചൊതൽ പ്രസിദ്ധം ക്ഷ്വേളനാശനം. ൩൰

ഗരുഡാഞ്ജനം.

അഞ്ജനക്കല്ലുമിന്തുപ്പും പാൽത്തുത്തും സ്വർണ്ണകാരവും
വ്യോഷവും പാരദം നീലീബീജവും താമ്രചൂർണ്ണവും ൩൰൧

ശംഖചൂർണ്ണവുമെല്ലാമേ കഴഞ്ചൊന്നര കൊള്ളുക
നാഗദന്തിയുടേബീജം തൂക്കീട്ടൊരുകഴഞ്ചിഹ ൩൰൨

അതിൽപാതി മുരിങ്ങേടെബീജവും പുനരൊക്കയും
ചെറുനാരങ്ങനീർതന്നിൽ മർദ്ദിപ്പൂ ദിവസത്രയം ൩൰൩

എല്ലാം തുല്യമതായിട്ടു കൂട്ടീടാമെന്നു കേചന
എങ്കിൽ പാരദവും നീലീമൂലവും പരിവർജ്ജയേൽ. ൩൰൪

സൂക്ഷിച്ചരച്ചുകൊണ്ടാശു ഗുളികീകൃത്യ പിന്നതു്
സൂർയ്യരശ്മിതൊടാതേകണ്ടുണക്കിക്കൊണ്ടു സംഗ്രഹേൽ. ൩൰൫

തിലപ്രമാണം ക്ഷ്വേളാൎത്തനെഴുതു കണ്ണുരണ്ടിലും
അഷ്ടാദശ വിഷം തീരും തിമിരം പടലങ്ങളും ൩൰൬

കാചവും സന്നിപാതങ്ങളും വിവിധങ്ങളുമാശു പോം
യക്ഷരാക്ഷസഗന്ധർവ്വഭൂതപ്രേതാദികാംസ്തഥാ, ൩൰൭

പിശാച്യാദീൻ ജയിച്ചീടാമിതുകൊണ്ടിഹ സത്വരം
ഏല്ലമത്യന്തമേതത്തു നാമ്നാപി „ഗരുഡാഞ്ജനം". ൩൰൮

### സിന്ധൂത്ഥാദിഗുളിക.

സിന്ധൂത്ഥം ചന്ദനം മാഞ്ചി തിപ്പലീ മുളകും പുനഃ
മധുകം പത്മവും തുല്യം ഗോമൂത്രത്തിലരയ്ക്കുക ൯൯
നാരങ്ങാനീരിലും കൂടെയരച്ചാൽ ഗുണമേറ്റവും
ഗുളികാ പൂർവ്വവൽ കാര്യാ വിഷമോഹേഞ്ജനായ ച. ൧൦൦

### ദശബീജാഞ്ജനം.

അമരീ തുളസീ ദന്തീ ശിഗ്രു നിംബശിരീഷജം
ബീജം മരിചവും തദ്വൽ ബകുളത്തിന്റെ ബീജവും ൧൦൧
ഗുഞ്ജാ കരഞ്ജസംജാതമെല്ലാമോരോകഴഞ്ചുതാം
പാൽത്തുത്തം രണ്ടരത്തൂക്കം കഴഞ്ചാലൊന്നു ടങ്കണം ൧൦൨
അഞ്ജനക്കല്ലുമിന്തുപ്പുമൊന്നേകാലാം കഴഞ്ചിഹ
തൂക്കിക്കൊണ്ടിവയെല്ലാമേ പതിനൊന്നര നിഷ്കവും ൧൦൩
നാരങ്ങാനീരിലും പിന്നെത്തുളസീദളനീരിലും
മർദ്ദിച്ചുകൊള്ളു തൊണ്ണൂറുനാഴികാനേരമിങ്ങനെ ൧൦൪
പിന്നെഗ്ഗുളികയാക്കീട്ടു സൂക്ഷിപ്പു ശുദ്ധഭാജനെ
വിഷമോഹം കലർന്നോർക്കങ്ങെഴുതു നേത്രയോരിദം ൧൦൫
വിഷവും മോഹവും നാനാനേത്രരോഗം ച ബാധയും
സദ്യോ വിനശ്യേന്മർത്ത്യാനാം „ദശബീജാഞ്ജനം" ത്വിദം.
[൧൦൬

### മരിചാദ്യഞ്ജനം.

മുരിങ്ങത്തന്മേലുണ്ടാകും മുളകും ബകുളാസ്ഥിയും
നാരങ്ങനീരിൽ പേഷിച്ചു കണ്ണിൽത്തേപ്പു വിഷാപഹം. ൧൦൭

### ധൂപയോഗങ്ങൾ.

ബർഹിപിഞ്ഛം തിലം മഞ്ഞൾ കാർപ്പാസക്കുരുവെന്നിവ
ഉമിയിൽച്ചേർത്തു ധൂപിപ്പൂ സത്വരം വിഷനാശനം. ൧൦൮
കള്ളിനിംബങ്ങൾതൻപത്രം നരകേശം ച മഞ്ഞളും
ഉമികൂട്ടിക്കലർന്നിട്ടു ദംശേ ധൂപം വിഷാപഹം. ൧൦൯
തിലകല്കം ച സിന്ധൂത്ഥം ചരണായുധപിഞ്ഛവും
കേകീപിഞ്ഛമതും കൂട്ടിപ്പുകച്ചാൽ ഗരളം കെടും. ൧൧൦

മൃഗചർമ്മം തിലം പോത്രിവിഷ്ഠയും ബർഹിപിഞ്ഛവും
വിഷാമയേഷു ധൂപിച്ചാൽ ക്ഷയിക്കും വിഷമൊക്കയും. ൧൧൧

മാർജ്ജാരാസ്ഥി മയിൽപ്പീലി വ്യാഘ്രം നകുലരോമവും
ആട്ടിൻപാലിൽ നനച്ചിട്ടു ധൂപിച്ചാൽ ഗരമാശു പോം. ൧൧൨

ശിഖിപിഞ്ഛം വചാ ഹിംഗു ലശുനം മരിചം പുനഃ
ചൂർണ്ണിച്ചു കിരിതന്നെല്ലും വിഷാർത്തേ ധൂപമാചരേൽ. ൧൧൩

വിശാലം ച ലോദ്ധ്രം മരിചം കൊന്ന മായൂരവല്കവും
പച്ചോലപ്പാമ്പുതന്നെല്ലും ധൂപയേദ്വിഷശാന്തയേ. ൧൧൪

ഇച്ചൊന്നൌഷധവും രണ്ടുമുഖമാമുരഗാസ്ഥിയും
തീയിലിട്ടു പുകച്ചീട്ടു നഷ്ടമാം വിഷമൊക്കയും. ൧൧൫

പാഠാനിർഗ്ഗുണ്ഡികാങ്കോലപർണ്ണ്യശ്വ ലശുനം സമം
മർദ്ദിച്ചുകൊണ്ടു ധൂപിച്ചാൽ ഗരളാമയനാശനം. ൧൧൬

വയമ്പു കൊട്ടം തകരം തേററാമ്പരലതിൻതൊലി
സൈന്ധവം ച കടുക്കായും ശുണ്ഠി ഗുഞ്ജാഫലങ്ങളും ൧൧൭

വിഷവേഗമതിൻവേരും ശിഖിപിഞ്ഛങ്ങളുന്നിവ
തുല്യമായതിനോടൊപ്പം യോജിപ്പൂ മാതുലാതിയും ൧൧൮

അർദ്ധാംശം ലശുനം ചേർപ്പൂ തദർദ്ധം രാമഠം പുനഃ
മേളയിത്വാചരേൽ ധൂപം ഗരമാശു വിനശ്യതി. ൧൧൯

ഇതുകൊണ്ടു ഗൃഹംതന്നിൽ പുകച്ചാൽ പാമ്പുപോം ദ്രുതം
ഗുളികീകൃത്യ സേവിച്ചുകൊണ്ടാലുണരുമപ്പൊഴേ. ൧൨൦

കരിനൊച്ചിയുടേതോലും വേപ്പുങ്കുരുവതും പുനഃ
ചകോരശ്യേനപക്ഷങ്ങൾ പുറ്റുൽപീരസമൂലവും. ൧൨൧

അതിലാറൊന്നിലഞ്ഞിത്തോലരക്കൊട്ടൊന്നു കൂട്ടുക
മുൻപിൽ ചൊന്നൌഷധത്തോടുകൂടി മേളിച്ചുകൊണ്ടിതു. ൧൨൨

പുകച്ചാൽ വിഷമെല്ലാംപോം തഥാ വേറിട്ടുമാമിതു്
അപരാഹ്ണേ പ്രദോഷേ വാ പുകപ്പൂ സന്ധ്യയോർദ്വയോഃ. ൧൨൩

ഇതി ജ്യോത്സ്നികായാം
സർവ്വവിഷപ്രതിഷേധാധികാരം സമാപ്തം.

## അധികാരം ൧൬.

### സർവ്വമഹാവിഷചികിത്സ.

ഉറിതൂക്കിയുടേമൂലം പലം നാല്പതു കൊള്ളുക
വെള്ളമോരോരിടങ്ങാഴി കണ്ടുകൊൾവൂ പലത്തിന്. ൧

കഷായംവച്ചരിച്ചിട്ടു നാലൊന്നായാലതിൽ പുനഃ
നാഴി നല്ലെണ്ണയുംകൂട്ടിക്കൊൾക മൃദുവഹ്നിയിൽ. ൨

കഷായം വച്ചുഃവർത്തന്ന കല്ക്കത്തിന്നും കലക്കുക
പാകം സൂക്ഷിച്ചരിച്ചിട്ടു സംഗ്രഹിപ്പൂ പ്രയത്നതഃ. ൩

താംബൂലത്തിൽ പുരട്ടീട്ടു വിഷാർത്തൻ തിന്നുകൊള്ളുകിൽ
നാനാവിഷങ്ങളും തീരും തൽക്ഷണാദേവ നിർണ്ണയം. ൪

മയൂരശിഖയും ബർഹിബർഹവും തുണിതന്നിലേ
എരിക്കിൻപഞ്ഞിയുംകൂട്ടി തിരിയാക്കിത്തിരിച്ചതു്. ൫

*ഇതിൽ മുക്കിക്കൊളുത്തിട്ടു പുകപ്പൂ രണ്ടുമൂക്കിലും
വായിലുംകൂടെയെന്നാകിൽ ക്ഷയിക്കും വിഷമൊക്കയും. ൬

ദന്തക്ഷതസമീപസ്ഥത്തരോമരാശിപൊടിച്ചുടൻ
ഒട്ടുതേച്ചീടിലും ക്ഷ്വേളം തീൎന്നുപോമപ്രയാസതഃ. ൭

ദാർവ്വീ ഫലത്രയം ഖുമ്പപ്രസൂനം ബകുളാസ്ഥിയും
അരച്ചു തുണിയിൽത്തേച്ചിട്ടതിനാൽ മഷിവെച്ചുടൻ ൮

എഴുതു കണ്ണിലെന്നാലും ഗുണംതന്നെ വിഷാമയേ
എരുതു വസ്ത്രശകലം നസ്യതോയ്സ്മിൻ വിഷാപഹം. ൯

ചൂർണ്ണരാജൻ.

രസമിന്തുപ്പു പൊൻകാരം ലിണ്ഡാമൃഗവിഷാണവും
കായം ശിരീഷനിര്യ്യാസം നിർവ്വിഷം കരളേകവും ൧൦

സമം നാരങ്ങനീർ തന്നിലരപ്പു ദിവസത്രയം
മുരിങ്ങതന്നുടേമൂലം പുറന്തോലുകളഞ്ഞുടൻ ൧൧

അട്ടക്കട്ടക്കൽ കത്തികൊണ്ടതിന്മേൽ തേച്ചുകൊണ്ടിതു്
എരിക്കിൻതലനാൽ ബന്ധിച്ചട്ടുപ്പേരത്തു തൂക്കുക. ൧൨

* മുൻപിൽപറഞ്ഞതൈലത്തിൽ,

ധൂമമേററം പിടിച്ചാലങ്ങെടുത്തിട്ടതു സാദരം
ചൂരണ്ടിക്കൊണ്ടതെല്ലാമെ കിഞ്ചിത്തോലോട്ടുകൂടവേ ൧൩

സൂക്ഷ്മമായിപ്പൊടിച്ചിട്ടു സംഗ്രഹേച്ഛുഭബാജനേ
ദഷ്ടൻ മോഹിച്ചുവെന്നാകിൽ പണത്തൂക്കമെടുത്തതു് ൧൪

രണ്ടുകണ്ണിലുമിട്ടേപ്പൂ തുല്യമായിപ്പകുത്തതു്
രണ്ടുനാഴിക ചെല്ലുമ്പോൾ കന്മഷംപോയുണന്നിടും. ൧൫

ഉഷ്ണിച്ചു വേദനപ്പെട്ടു ജലേ വീഴാനൊരുമ്പെടും
പിടിച്ചുവയ്പൂ യാമാൎദ്ധമെന്നാലുഷ്ണം ശമിച്ചിടും. ൧൬

നസ്യം ചെയ്തീടിലും ശീഘ്രമുണരും വിഷമോഹിതൻ
തഥാ പാനം തഥാ ലേപം കരോതു നിഖിലേ വിഷേ. ൧൭

സദ്യസ്സുപസ്ഥോ ഭവേദ്ദഷ്ട"ശ്ചൂൎണ്ണരാജ"പ്രഭാവതഃ
ഏതച്ചൂൎണ്ണം ഗുരോൎല്ലബ്ധമവാച്യം യസ്യകസ്യചിൽ. ൧൮

ഭുജഗചൂൎണ്ണം.

*ഇരുതലപ്പാമ്പെയടിച്ചുകൊന്നി-
ട്ടുടച്ചുവയ്പൂ മണലിട്ടുമൂടി
തന്മാംസചൎമ്മങ്ങളതൊക്കവേതാൻ
ദ്രവിച്ചുപോംകാലമെടുത്തുകൊൾക. ൧൯

തദസ്ഥിയും മണ്ണുമതാക്കയൊപ്പം
പൊടിച്ചു സൂക്ഷിക്കൊരു വേണുപാത്രേ
വിഷപ്പെട്ടുന്നേരമരച്ചു കിഞ്ചിൽ
തലോട്ടുകെന്നാലുടനേ വിഷം പോം. ൨൦

വേളുപ്രയോഗം.

ചതുരശ്രമതായിട്ടങ്ങരയോളം കുഴിക്കണം
അതിൽ കാഞ്ഞിരവൃക്ഷത്തിൻതോലും പത്രങ്ങളും പുനഃ ൨൧

ഇടിച്ചിട്ടു നിവൃത്തിട്ടു മണ്ണുകൊണ്ടാശു മൂടുക
തൽപകപാങ്ങൾ പിഴിഞ്ഞുള്ള രസം മട്ടിച്ചുകൊണ്ടതു് ൨൨

---

ശിരശ്ഛിത്വാ ഹത്വാ ദ്വിമുഖഭുജഗം കൃത്വാ ചാദ്രമും
വിധായാധസ്സമൃൽമൂദരമ്മഷാ രക്ഷ്യമനിശം
ചിരാതീതേ ധ്വാതാ മൃദമപി ച താമസ്ഥ സഹിതാം
തതഃ പിഷ്ട്വാ ലേപപ്രമുഖവിധിനാ നശ്യതി ഗരം,

മീതേപകന്തു ദിവസമേഴുചെന്നാൽ ശുഭേ ദിനേ
വെളുത്തവേളതൻബീജം നട്ടുകൊണ്ടു നനയ്ക്കുക. ൨൩

നാലുകോണത്തുമോരോരോ കാഞ്ഞിരക്കുററിയിട്ടുടൻ
കോടിനൂൽകൊണ്ടു ചുററീട്ടു ദർഭകൊണ്ടും യഥാക്രമം. ൨൪

ദിനന്തോറുമതച്ചിച്ചു ജപിച്ചു ജലവും തഥാ
ദീപവും വച്ചുകൊള്ളേണം സന്ധ്യയിങ്കൽ ദിനംപ്രതി. ൨൫

പൂവും കായും നിറച്ചായാലതിന്നധികപീയ്യവും
ജീവനംകൂടെയുണ്ടായീ എന്നു ചിന്തിച്ചുകൊള്ളുക. ൨൬

ഏകഭോജനവും ചെയ്തു ശുദ്ധമായി ദിനത്രയം
നാലാംദിവസമുത്ഥായ പുഷ്പം തണ്ഡുലമെന്നിവ ൨൭

അച്ചിച്ചുതു വലംവച്ചു കൂപ്പിനിന്നു ജപിച്ചുടൻ
പറിച്ചെടുത്തീടതിനാൽ പ്രയോഗം പലതുണ്ടിഹ ൨൮

അരച്ചു ഗുളികീകൃത്യ സമൂലം തുളസീജലേ
കുന്നിപ്രമാണം സേവിച്ചു നിശ്ശേഷവിഷനാശനം. ൨൯

രോമകൂപേഷു സവ്വാംഗം ചോരകാൺകിലതിന്നിഹ
എരുമച്ചാണകന്നീരിൽ സമൂലംകണ്ടരച്ചതു് ൩൦

സവ്വാംഗം ലേപനം ചെയ്തു കുടിപ്പിച്ചു സുകേ/പി വാ
രക്തശൂഷ്യങ്ങളെല്ലാംപോം തീരും കാകോളവും ദ്രുതം. ൩൧

കണ്ണുങ്ങളുടെ രക്താങ്ങളുടനേവന്നുവെങ്കിലോ
നാലുനാഴികചെല്ലുമ്പോൾ വിഷമിക്കുമതോക്കണം. ൩൨

ഗോമൂത്രത്തിലരച്ചിട്ടു ദംശിച്ചേടംപുരട്ടുക
പ്രസ്രവത്തിൽ തഥാ നസ്യംചെയ്തുകൊൾകതു നന്നിഹ. ൩൩

തഥാ വെററിലനീർതന്നിലരച്ചഞ്ജനമാചരേൽ
കണ്ണിന്നനക്കമില്ലാഞ്ഞാൽ ശിവനേ ഗതി നിണ്ണയം. ൩൪

മനശ്ശിലയതും വ്യോഷം സമൂലം ശുദ്ധവേളയും
തുല്യംകൂട്ടിയരയ്ക്കേണം കള്ളിതൻപാലതിൽ ചിരം. ൩൫

ചതുരക്കള്ളിതൻപാലിലെരുക്കിൻപാലിലും തഥാ
താംബൂലനീരിലും പിഷ്ട്വാ തുണിയിൽതേച്ചുകൊള്ളുക. ൩൬

ഓരോരരവുചെല്ലുമ്പോളുണക്കിക്കൊണ്ടരയ്ക്കണം
ഉണക്കെന്നുള്ളതോ പാൎത്താൽ വെയിലത്തരുതേതുമേ. ൩൭

തുണിയെത്തിരിയാക്കിക്കൊണ്ടുണക്കീട്ടങ്ങു സംഗ്രഹേൽ
ദഷ്ടന്നു മോഹമുണ്ടാകിൽ തിരി കത്തിച്ചു നെയ്യതിൽ ൩൮

മൂക്കിൽ പുക കരേററീട്ടു ഏഴുവട്ടമതിങ്ങനെ
കുഴൽവച്ചൂതിനന്നായി മൂക്കുരണ്ടും പിടിക്കുക. ൩൯

അപ്പോഠം കണ്ണുമിഴിച്ചീടും മിഴിയായ്കിൽ വരും മൃതി
വിഷവും പുകയും ദംശേ കാണാം ജീവനിരക്കിലോ ൪൦

ദേഹം കൃഷ്ണമതായീടിൽ മൃതിതന്നെ വരും ദ്രുതം
തഥാപസ്മൂം രണ്ടുവിരലിന്നകലം തുമ്പനീരതിൽ ൪൧

തുളസീനീരിലും തഥാൽ പിഴിഞ്ഞിട്ടതിലഞ്ജസാ
ഗോഘൃതം കാച്ചുവട്ടത്തിൽ പകൎന്നിട്ടു കുടിക്കുക ൪൨

ക്ഷേപളജാലമശേഷംപോം, മൃതിയുണ്ടെങ്കിലപ്പൊഴേ
രോമക്രൂപേഷു വന്നീടും സേവിച്ചോരൌഷധം നൂണാം. ൪൩

ഏതത്സമൂലം ചൂൎണ്ണിച്ചു മുന്തിരങ്ങയതും പുനഃ
പുരാണമുളകും *വ്യോമതാൎക്ഷ്യചൂൎണ്ണവുമെന്നിവ. ൪൪

സമാംശം പൊടി വസ്ത്രത്തിലിട്ടരിച്ചിട്ടെട്ടത്തുടൻ
സംഗ്രഹേച്ഛൃംഗപാത്രേഷു വിമലേഷു ഭിഷഗ്വരഃ. ൪൫

വിഷാൎത്തനാഗമിച്ചീടിൽ പിഴിഞ്ഞാശു മുയൽച്ചെവി
പാത്രത്തിലാക്കി ദഷ്ടൻെറ വാമഹസ്തേ കൊട്ടുക്കുക. ൪൬

മററൈക്കകൊണ്ടു ചൂൎണ്ണത്തെ കാച്ചുവട്ടമതിൽ ക്ഷിപേൽ
തജ്ജലം കൃഷ്ണമായീടിൽ മരിച്ചീടും ന സംശയഃ. ൪൭

അല്ലായ്കിലതു സേവിച്ചാൽ ക്ഷയിക്കും ക്ഷേളവും ദ്രുഢം
തച്ചൂൎണ്ണം കുഴൽവച്ചിട്ടു മൂക്കിലൂതിക്കരേററുക. ൪൮

മോഹിച്ചവനുണന്നീട്ടുമിറങ്ങീടും വിഷങ്ങളും
അത്യന്തം ഗോപ്യമേതത്തു ദേയം ശുദ്ധായ കേവലം. ൪൯

ആനപ്പിണ്ടി മയിൽപ്പീലി കൊഴിഞ്ഞിൽ കരളേകവും
ശുഷ്കമാം ഗോമയം വേളയിവയെല്ലാമെടുത്തുടൻ ൫൦

* 'വ്യോഷം' എന്നു പാഠഭേദം.

മൂർദ്ധാവിൽനിന്നു കീഴ്പ്പോട്ടേയ്ക്കൊഴിവൂ നഷ്ടമാം വിഷം.
അതുപിന്നെ വ്രണത്തിന്റെ കിഞ്ചിദ്ദൂരേ വിനിക്ഷിപേൽ ൨൧

ദേവതാപീഡയും ബാലഗ്രഹപീഡ വിഷങ്ങളും
യക്ഷഗന്ധർവ്വഭൂതാദിബാധയും തീൎന്നുപോം ദൃഢം. ൨൨

ശ്രദ്ധാവേളയിടിച്ചിട്ടു സമൂലം പിഴിവൂ ജലം
തീയിൽവെച്ചു കുറുക്കീട്ടു പാതിവററുകിലപ്പൊഴേ ൨൩

വിഷസുപ്തനുണൎന്നീടുമല്ലെങ്കിൽ ജീവനില്ലയാം
എത്രയും ബുദ്ധിമുട്ടീടിൽ ചെയ്യാ,മരുതതെന്നിയേ. ൨൪

ലേഹാജ്യതൈലഗുളികായായതിന്നൊക്കയും ക്രമാൽ
ഏകാംശം വേളയുംകൂടെക്കൂട്ടിക്കൊള്ളൂ സമൂലകം. ൨൫

ഗുപ്തമേതത്തു ശാസ്ത്രേഷു വിഷാണാം പരമൌഷധം
ഗുരൂപദേശതോ ജ്ഞാത്വാ തത്തൽകൎമ്മ സമാചരേൽ. ൨൬

സൎപ്പഗ്രഹണാദിപ്രയോഗങ്ങൾ.

കാഞ്ഞിരത്തിൻപഴത്തിന്റെ പശ മട്ടിച്ചെടുത്തുടൻ
ഏഴുനാൾ വെയിലത്താക്കീട്ടുണക്കേണമതിൽ പുനഃ. ൨൭

വയമ്പും പെരുതാംകായം മെന്തോന്നിക്കന്ദമെന്നിവ
തൂക്കിപ്പാതിയതിൽക്കൂട്ടി മട്ടിപ്പൂ ദിവസത്രയം. ൨൮

തസ്മിൻ പുനസ്സോമനാദികായം നാലൊന്നു ചേൎത്തുടൻ
ചതുരക്കള്ളിതൻപാലിൽ മട്ടിപ്പൂ പൂൎവ്വവൽ ക്രമാൽ. ൨൯

തേങ്ങാത്തൊണ്ടതിലാക്കീട്ടു സൂക്ഷിപ്പൂ യത്നതഃ പുന
കൈയിന്മേൽ തേച്ചുകൊണ്ടീടിലെല്ലാസൎപ്പം പിടിക്കിലാം. ൩൦

ഇതു നസ്യത്തിനും നന്നു മോഹവും വിഷവും കെടും
മർദ്ദിച്ചു കടികൊണ്ടേടം പുരട്ടീടുവതിന്നുമാം. ൩൧

മുരിങ്ങവേർമേൽത്തൊലിയും വയമ്പും കായവും പുനഃ
ത്ര്യൂഷണം ച തഥാ ദൃഗ്ദ്ധി നീലീമൂലവുമെന്നിവ. ൩൨

കാടിതന്നിലരച്ചിട്ടു കൈ ിന്മേൽ തേച്ചുകൊണ്ടതു്
പിടിച്ചുകൊണ്ടാൽ പാമ്പൊന്നും കടിച്ചീടുകയില്ലിഹ: ൩൩

പാനലേപാഞ്ജനാദിക്കും നന്നേററം വിഷസങ്കടേ
ധൂപിച്ചുകൊൾകയതിനാലെന്നാലും തീൎന്നുപോം വിഷം. ൯൪

കാഞ്ഞിരത്തിൻമുരട്ടുണ്ടായതിന്മേലാശ്രയിച്ചെഴും
കരളേകമതിൻമൂലം പേഷിച്ചിട്ടു ഭുജങ്ങളിൽ ൯൫

തേച്ചുകൊണ്ടു ഭുജംഗത്തെപ്പിടിച്ചിട്ടു കളിക്കിലാം
കടിയാ വാപിളൎന്നീടാ തദാ നാഗങ്ങളൊന്നുമേ. ൯൬

സ്സോടികാമൂലവും ദൂൎവ്വാ രണ്ടുംകൂട്ടിച്ചവച്ചുടൻ
ഊതിക്കൊൾക മുഖത്തെന്നാൽ പാമ്പൊന്നും വാ പിളൎന്നിടാ. ൯൭

വ്യോഷവും വിഷവേഗത്തിൻവേരും വായിലിരിക്കിലോ
അവനെപ്പാമ്പു കടിയാ കടിച്ചീടിൽ വിഷം നഹി. ൯൮

അങ്കുരിച്ചുയരപ്പെട്ട കാരസ്കരമതിൻ കരു
ഇലപോക്കിക്കരേ ചേൎത്തുപിടിച്ചാൽ കടിയാ ഫണീ. ൯൯

ഉറുക്കോ വളയോ തീൎത്തിട്ടതിലാക്കിദ്ധരിക്കിലും
വിഷഭീതി വരാ നൂനം പിഷ്ട്വാ തേപ്പൂ വിഷാപഹം. ൧൦൦

വെള്ളംതട്ടാതങ്കുരിച്ചു നില്ക്കുന്ന കരിവള്ളിതൻ-
മൂലം പൊരിച്ചുകാട്ടീടിൽ പാഞ്ഞുപോം സൎപ്പമൊക്കെയും. ൧൦൧

ബിലദ്വാരത്തിലിട്ടേച്ചാലതിൽ പാമ്പു കിടന്നിടാ
അമ്മരുന്നു കൊട്ടത്തീടിൽ സ്തംഭിച്ചീടും ഭുജംഗമം. ൧൦൨

അതു പേഷിച്ചു തേച്ചാലും കടിച്ചീടുകിലും തഥാ
വിഷപീഡകളെല്ലാം പോം ക്ഷിപ്രമൌഷധവൎയ്യതഃ. ൧൦൩

ചതുരക്കള്ളിതൻമൂലം വടക്കോട്ടാശ്രയിച്ചതു്
ധൃത്വാ കൎക്കടമാസത്തിൽ സൂൎയ്യവാരേ/യസാ വിനാ. ൧൦൪

ധരിച്ചുകൊണ്ടാൽ സൎപ്പാദികാകോളങ്ങളകപ്പെടാ
ചിത്രനാൾ പനമേലിത്തി പറിച്ചിട്ടു ധരിക്കിലും ൧൦൫

ഏതന്മൎദ്ദിച്ചു തേച്ചാലും കടിച്ചീടുകിലും പുനഃ
ക്ഷ്വേളമെല്ലാമൊഴിഞ്ഞീടും ദഷ്ടാനാം ക്ഷിപ്രമേവ ച. ൧൦൬

കുന്നമുക്കിയുടെമൂലം ശസ്ത്രംകൂടാതെടുത്തുടൻ
അംഗുലീയത്തിലാക്കീട്ടു വിരൽമേലിട്ടുകൊണ്ടതു ൧൦൭

ചവിട്ടീട്ടകിലും താവൽ കടിച്ചീടാ ഭുജംഗമം
വെള്ളത്തിരിക്കുംക്രമമുള്ളിൻമൂലം കൊണ്ടതന്നുകാട്ടുക. ൧ വൃ

കടത്തീട്ടുകിലും തളപൽ കടിച്ചീടാ ഭുജംഗമം.
പൊരിച്ചിട്ടഞ്ജലീകാരീം പാലിൽ പേഷിച്ചുകൊണ്ടതു ൯ൻ

കൈയിൽ വച്ചതുകാട്ടീടിൽ വരും ചാരത്തു പാമ്പുകൾ
കാടിയിൽതുണിപേഷിച്ച തളിച്ചാൽ പാമ്പു പോം ദ്രുതം.
[വൃ ൦

ഉള്ളിയും കപ്പൽമുളകും കായവും നാരകത്തില
കൂട്ടിപ്പുകച്ചാൽ പാമ്പെല്ലാം മററാരേടത്തു പാഞ്ഞുപോം.
[വൃ ൨

ഇതി ജ്യോത്സ്നികായാം
സർവമഹാവിഷചികിത്സാധികാരം സമാപ്തം.

---

## അധികാരം ൨൧.

### *നാഗോൽപത്തിക്രമം.

പ്രണമ്യ ദന്തിരാജസ്യ വദനം സദനം ശ്രിയാം
വക്ഷ്യേ സർപ്പാനപയോൽപത്തിം ഭാഷയാ കേരളാഖ്യയാ. ൨

---

* നാഗോൽപത്തിക്രമം:—

''ശേഷവാസുകിതക്ഷാഖ്യകാർക്കോടാബ്ജമഹാംബുജാഃ
സശംഖപാലഗുളികാ അഷ്ടൌ നാഗാഃ പുരാഭവൻ.
അല്പാന്തൌ ച തദാല്പാന്തൌ തദാല്പാന്തൌ ച മദ്ധ്യമൌ
വഹ്നീന്ദ്രവായുവരുണപുത്രൌ പിതൃസമപ്രഭൌ.
ദശ ഷ്ടപഞ്ചത്രിഗുണ ശതമൂർദ്ധാന്വിതൌ ക്രമാൽ
വിപ്രൌ നൃപൌ വിശൌ ശൂദ്രൌ ദ്വൌ ദ്വൌ നാഗേഷു കീർത്തി
[തൌ.
നാഗാനാം ജജ്ഞിരേ തേഷാം സുതാ പഞ്ചശതം പൃഥക്
അജരാമരണാ ഘോരാസ്തേ സർവ്വേ കാമരൂപിണഃ.
തന്നോദയോത്ഭവാസ്സർപ്പാ അസംഖ്യേയാസ്തതോഭവൻ''
(സാ — സം).

''ദിവ്യാ ഭൌമവിഭാഗേന ദ്വിവിധാഃ പന്നഗാഃ സ്മൃതാഃ
വാസുകിസ്തക്ഷകോനന്തഃ സഗരഃ സാഗരാലയഃ.
തഥാ നന്ദോപനന്ദാദ്യാഃ സമിദ്ധാഗ്നിസമപ്രഭാഃ
ദിവ്യാ ഗർജ്ജന്തി വർഷന്തി ജ്യോതന്തേ ജ്യോതയന്തി തേ
ധാരയന്തി ജഗൽ കൃത്സ്നം കുദ്ധാഃ ക്രൂദ്ധായ തസ്യ സാൽ
ഉച്ഛ്വാസദൃഷ്ടിഭിഃ ഘ്നന്തി ന തേഷാമസ്തി ചികിത്സിതം.''
(അ — സം).

### അഷ്ടനാഗങ്ങളും അവയുടെ വിഭാഗാദികളും.

അനന്തോ ഗുളികശ്ചൈവ വാസുകീ ശംഖപാലകഃ
തക്ഷകശ്ച മഹാപത്മഃ പത്മഃ കാർക്കോടകസ്തഥാ. ൧

നാലുവംശത്തിലും കൂടെ എട്ടു നാഗങ്ങളിങ്ങനെ
സംഭവിച്ചിതു പോൽ പണ്ടേ ഭീമകാമശരീരികൾ. ൨

വിപ്രസർപ്പങ്ങളാകുന്ന ശേഷനും ഗുളികാഹിയും
വൈശ്വാനരന്റെ പുത്രന്മാർ വർണ്ണവും വഹ്നിപോലെയാം. ൩

സഹസ്രം കുറയാതുണ്ടു ഫണമിച്ചൊന്നവർക്കിഹ
ഫണങ്ങൾക്കൊക്കയും പാർത്താൽ ചക്രംപോലടയാളമാം ൪

ഇന്ദ്രാത്മജന്മാരാകുന്ന വാസുകീശംഖപാലകൌ
വർണ്ണവും പീതമായുള്ള രാജസർപ്പങ്ങളാമവർ. ൫

മസ്തകങ്ങളുമെണ്ണൂറിതുണ്ടു, പോലടയാളവും
ലാംഗലം പോലെയാകുന്ന ഫണങ്ങൾക്കെന്നു കേൾപ്പിതു്. ൬

തക്ഷകശ്ച മഹാപത്മസ്തഥാ വായുസുതാവുഭൌ
വൈശ്യജാതികളാകുന്ന ദേഹവും ശ്യാമവർണ്ണമാം. ൭

അഞ്ഞൂറുഫണവും രേഖാ ഛത്രംപോലടയാളവും
ശൂദ്രജാതികളായീടും പത്മകാർക്കോടകാഹികൾ. ൮

അവർക്കു താതൻ വരുണൻ ദേഹവർണ്ണം വെളുത്തുമാം
തയോഃ ഫണങ്ങൾ മൂന്നൂറിതവററിൽ സ്വസ്തികാങ്കവും. ൯൦

എട്ടുപേർക്കും സുതന്മാരുമഞ്ഞൂറിതുളവായി പോൽ
അജരാമരണാസ്സർവ്വേ താതതുല്യാ ഭുജംഗമാഃ. ൯൧

അവർക്കു മക്കളുണ്ടായീ സംഖ്യകൂടാതെ കണ്ടിഹ
മിക്കതും കൊന്നു ഭക്ഷിച്ചാൻ വൈനതേയൻ മഹാബലൻ.
[൯൨

അനന്തൻ വിഷ്ണുവേച്ചെന്നു സേവിച്ചാൻ ക്ഷീരസാഗരേ,
തഥാ വാസുകിചെന്നിട്ടു ശങ്കരം ശരണം യയൌ. ൯൩

ഇന്ദ്രനെച്ചെന്നു സേവിച്ചാൻ തക്ഷകൻതാനുമങ്ങനെ.
ശേഷിച്ചുവർ ഭയപ്പെട്ടു നാനാദേശാന്തരങ്ങളിൽ ൯൪

പുക്കൊളിച്ചു വസിച്ചീട്ടുന്നുണ്ടു പോലിന്നുമങ്ങനെ.
പാരാവാരോദരേ ശൈലകന്ദരേ ബലിമന്ദിരേ ൧൫
ഇന്ദ്രാലയേ ച ഭൂമൌ ച വസിച്ചീടുന്നു ഭോഗികൾ.

* ഭൂനിവാസിനാഗങ്ങളും വകഭേദങ്ങളും.

മൂക്കൻ മണ്ഡലി രാജീലമിവർ ഭൂമൌ വസിപ്പവർ. ൧൬
വേന്തിരന്മാരുമുണ്ടായീതവററിൽ സങ്കരങ്ങളായ്
മൂക്കന്മാരിരുപത്താറുജാതി, മണ്ഡലി ഷോഡശം. ൧൭
രാജിലം പതിമ്മൂന്നുണ്ടു മൂവേഴുണ്ടു വേന്തിരൻ.

† ഗർഭകാലാദിവർണ്ണനം.

കർക്കടാദിത്രിമാസത്തിലുണ്ടാം സർപ്പിക്കു ഗർഭവും. ൧൮
നാലുമാസം തികഞ്ഞീട്ടുംനേരം മുട്ടയിടും ക്രമാൽ.
ഏഴേഴു മുട്ട മൂന്നേടത്തിരുപത്തൊന്നതിങ്ങനേ. ൧൯

---

* ഭൂനിവാസിനാഗങ്ങൾ:—

"ദർവ്വീകരാ മണ്ഡലിനോ രാജീമന്തശ്ച പന്നഗാഃ
ത്രിധാ സമാസതോ ഭൌമാ ഭിദ്യന്തേ തേ ത്വനേകധാ.
വ്യാസതോ യോനിഭേദേന നോച്യന്തേഽനുപയോഗതഃ."

† ഗർഭകാലാദികൾ:—

"ആഷാഢാദി ത്രിമാസേ സ്യാൽ ഗർഭോ മാസചതുഷ്ടയേ
അതിക്രാന്തേ നവാപ്യണ്ഡാൻ സർപ്പീ സൂതേഽഥ സപ്ത വാ.
പഞ്ചാംഗുലോഽരുണഃ കൃഷ്ണമൂർദ്ധാ സപ്താഽർദ്ധമാസതഃ
അണ്ഡഭേദാദ് ഭവേൽ സാ താൻ സ്ഫുടിതാൻ സ്ഫുടിതാൻ ഗ്രസേൽ.
ശിഷ്ടാസ്ത്രയോ വിവർദ്ധന്തേ തേ സ്ത്രീപുന്നപുംസകാഃ
രക്തപീതേ ച മിശ്രേഽണ്ഡേ ജായന്തേ തേ ത്രയഃ ക്രമാൽ,
യോ ജാതഃ കാർത്തികേ മാസി താമസസ്സനിരുദ്യമഃ
മാർഗ്ഗശീർഷേ ബലോദ്രിക്തഃ പൌഷേ ദീർഘോ വിഷോദ്ബണഃ,
ഉന്മീല്യ നേത്രേ സപ്താഹാൽ കൃഷ്ണോ മാസാദ്ഭവേദഹിഃ."
(സാ——സം).

"പ്രായേണർത്തുമതീ മാസം ജ്യേഷ്ഠം തിഷ്ഠതി പന്നഗീ
ആഷാഢേ സർപ്പസംയോഗാദണ്ഡാനാം മാസി കാർത്തികേ.
ദ്വേ ശതേ വിംശതീ ദ്വേ ച സാ സൂതേ തത്ര ജായതേ
കർക്കടനസ്വർണ്ണേഽണ്ഡേ സമുദ്ഭിന്നേ ഭുജംഗമഃ.
ദീർഘദേഹി തെറജീർദ്ധിത്രേ യോഷിന്നപുംസകം
ശിരീഷപുഷ്പസദൃശേ."

(അ——സം).

ചുവന്നും പീതമായിട്ടും മിശ്രമായിട്ടുമങ്ങതു.
ചുവന്നതെല്ലാം സ്ത്രീലിംഗം പുരുഷൻ പീതമായതു്. ൨൦
മിശ്രമായിട്ടിരിക്കുന്നതെല്ലാം ജാതി നപുംസകം.
അവിടെ കാത്തുനിന്നീടും മുട്ടയിട്ടൊരു പാമ്പുതാൻ ൨൧

പതിനഞ്ചു ദിനം ചെന്നാലണ്ഡം പൊട്ടിശ്ശിശുക്കളാം
നീളമഞ്ചംഗുലം ദേഹം ചുവന്നു തലകൃഷ്ണമാം. ൨൨

താൻതന്നതെല്ലാം തിന്നീടും മൂന്നിനെത്തിങ്കയില്ലപോൽ
എന്നതിൽ സ്ത്രീയതാമൊന്നു പുരുഷൻ പിന്നെ മററതു്. [൨൩

നപുംസകമതായിട്ടും മൂന്നിലൊന്നുവരും ദൃഢം.
ഏഴുരാത്രി കഴിഞ്ഞാലീ മൂന്നും കണ്ണു മിഴിച്ചിടും. ൨൪

പിന്നെപ്പഞ്ചദിനം ചെന്നാൽ സ്വബോധമുളവായ്‌വരും
തദാ സൂര്യനെ നോക്കീട്ടു ഭജിക്കും ദൃഢമായവർ. ൨൫

* ദന്തോൽപത്തിയും ദംഷ്ട്രാഭേദാദികളും.

ഏവം വിംശതിനാൾ ചെന്നാൽ പല്ലു മുപ്പത്തുരണ്ടുളാം
നാലുണ്ടതിൽ വിഷപ്പല്ലു വാമദക്ഷിണപാർശ്വഗാഃ. ൨൬

കരാളീ മകരീ കാളരാത്രീ ച യമദൂതികാ
ഇച്ചൊന്ന നാലു പല്ലിന്നും വിഷവൃദ്ധി യഥാക്രമം ൨൭

---

* ദന്തോൽപത്ത്യാദി:—

"ദ്വാദശാഹാൽ സുബോധസ്സ്യാദ്ദന്താസ്സ്യുഃ സൂക്ഷ്മദർശനാഃ
വിംശോത്തരം ശതദ്വന്ദ്വം തേഷാം ദന്താശ്ച കീർത്തിതാഃ.
നവൈവ സവിഷാസ്തേഷാം ദംഷ്ട്രാസ്താശ്ചേതി കീർത്തിതാഃ
കാളരാത്രി കരാളീ ച യമദൂതീ വിഭീഷിണീ.
ഭദ്രകാളീ ച മകരീ സപ്പളത്യുഗ്രഭീഷിണീ
അത്യുഗ്രഭീഷിണീ ചേതി ദംഷ്ട്രാസ്താ നാമഭിർവൃതാഃ.
വാമദക്ഷിണപാർശ്വസ്ഥാസ്തദന്ത്യാ ചാഗ്രതസ്ഥിതാ
ആസാം കതിപയാഭിസ്തു ദംഷ്ട്രാഭിരുരഗാ ഭൃശം
ദശന്തി തൽക്ഷതം വിദ്യാദന്യേഷ്ടവ്യം ചതുർവ്വിധം
ദ്വാത്രിംശദ്ദിനവിംശത്യാ ചതസ്രസ്തേഷു ദംഷ്ട്രികാഃ.
കരാളീ മകരീ കാളരാത്രീ ച യമദൂതികാ
ഏതാസ്താസ്സവിഷാ ദംഷ്ട്രാ വാമദക്ഷിണപാർശ്വഗാഃ.
മാസേന തു ശനൈശ്ചക്ഷുരുന്മീല്യാലോലതാരകം
ബിംബം പശ്യന്തി സാവിത്രം ഭവന്തി സവിഷാസ്തതഃ."

(സാ—സം).

ഒരുമാസേന സിദ്ധിക്കും, പിന്നെ മാതാവു് പോംവഴി
സഞ്ചരിക്കും സദാകാലം, തള്ളയേ പിരിയും പുനഃ. ൨൮

ആറുമാസം കഴിഞ്ഞീടിൽ തോൽകഴിക്കും ക്രമാൽ പുനഃ
കൈമുളും നീളമുണ്ടാകും വത്സരാദ്ധ്ന പാമ്പുകൾ. ൨൯

വേന്തിരമൂർഖാദികളുടെ പ്രത്യേകലക്ഷണം.

ഇച്ചൊന്ന കാലത്തല്ലാതെ ജനിക്കും വേന്തിരാഹികൾ
മൂർഖാദി മൂന്നു പാമ്പിന്നും വാതപിത്തകഫം ക്രമാൽ ൩൦

ദോഷം മിശ്രമതായിട്ടും വേന്തിരാഹിക്കതൊക്കവേ
ഫണവും വേഗവും പാരമുണ്ടാം ദർവീകരാഹിനാം. ൩൧

നീളം ചുരുങ്ങി മേലെല്ലാം മണ്ഡലാകാരരേഖയും
ശീഘ്രം ഗമിച്ചുകൂടാതെ കാണാം മണ്ഡലിജാതിയെ. ൩൨

നീളത്തിലും വിലങ്ങത്തും ബഹു രേഖകൾപൂണ്ടുടൻ
സ്നേഹം പിരണ്ടപോലാകും രാജിലങ്ങളതൊക്കയും. ൩൩

സാമാന്യലക്ഷണങ്ങൾ.

പാമ്പിന്നുരുപുറംകൂടി പാദമുണ്ടിരുപത്തുനാൽ
അത്യന്തം ചെറുതായുള്ളു കാണുവാൻ പണിയേററവും. ൩൪

നേത്രങ്ങൾകൊണ്ടു ശബ്ദത്തെ ഗ്രഹിക്കും കർണ്ണമില്ലപോൽ
ജിഹ്വാഗ്രം രണ്ടതാം പാമ്പിന്നൊക്കയും കോപവും ബഹു.
[ ൩൫

* ആയുഷ്കാലനിർണ്ണയം.

ഇടിയും മയിലും പൂച്ച പന്നി ചെന്നായു കീരിയും
തഥാ ശ്യേനചകോരാദിയൊന്നും കൊന്നില്ലയെങ്കിലോ നൂറു ൩൬

നൂററെട്ടു വത്സരം പിന്നെയൊരു പന്ത്രണ്ടു വർഷവും
ജീവിച്ചിരിക്കും സർപ്പങ്ങളൊക്കയും ധരണീതലേ. ൩൭

ഇതി ജ്യോത്സ്നികായാം
നാഗോൽപത്തിക്രമാധികാരം സമാപ്തം.

* സർപ്പങ്ങളുടെ ആയുഷ്കാലനിർണ്ണയം:—
"ക്രോഡാ,ശനി,ശിഖി,ശ്യേന,വിഡാള,നകുലീ,വൃകാഃ,
ന ഘ്നന്തി ചേൽ നേത്രകർണ്ണോ ജീവേൽ ഷഷ്ടിസമാദ്വയം,"

## അധികാരം ൧൮.

### സൎപ്പലക്ഷണം.

ശേഷാദ്യഷ്ടഭുജംഗാനാം പ്രവക്ഷ്യേ ദേഹലക്ഷണം
സഞ്ചാരസമയം ചൈഷാം നിവാസസ്ഥലമപ്യഥ. ൧

അനന്തന്നു ശിരസ്സിങ്കൽ കണ്ണിലും ബിന്ദുവുണ്ടിഹ
സ്തബ്ധങ്ങളാകും നേത്രങ്ങളീവണ്ണം ലക്ഷണം വിദുഃ. ൨

വാസുകിക്കുത്തമാംഗത്തിൽ സ്വസ്തികംപോലെ രേഖയും
ഇടത്തേഭാഗമേ കൂടെ വീക്ഷണങ്ങളുമായ്വരും. ൩

തക്ഷകാഹി വലത്തൂടേ കടാക്ഷിക്കും മുഹുർമ്മുഹുഃ
അവന്നു വേഗവും പാരം മൂൎദ്ധാവിൽ പഞ്ചബിന്ദുവും. ൪

ശൂലരേഖ ശിരസ്സിങ്കലുരസ്യൎദ്ധേന്ദുരേഖയും
കണ്ഠരേഖ സദായാനമപി കാൎക്കോടകന്നിഹ. ൫

പുച്ഛമേററമിളക്കീടും പദ്മനാംഫണിനായകൻ
അവന്നു മസ്തകത്തിങ്കൽ പദ്മംപോലുള്ള രേഖയും ൬

നിമേഷവും സദാകാലം കണ്ഠത്തിൽ മൂന്നരേഖയും
ഇന്ദ്രവരാങ്കവും മൂൎദ്ധ്നി മഹാപദ്മന്നു ലക്ഷണം. ൭

ശംഖപാലന്നു മൂൎദ്ധാവിൽ ശംഖംപോലുള്ള രേഖയും.
ഭീഷണാകാരമായുള്ള നോക്കുമുണ്ടാം പുനഃ പുനഃ. ൮

നിശ്വാസോച്ഛ്വാസശബ്ദങ്ങൾ പാരമാം ഗുളികന്നിഹ.
തത്തജ്ജാതിയിലുള്ളോൎക്കുമീവണ്ണംതന്നെ ലക്ഷണം. ൯

* വിപ്രാദിസൎപ്പങ്ങളുടെ സഞ്ചാരവാഭക്ഷണാദിഭേദങ്ങൾ.

പൂൎവ്വാഹ്നേ സഞ്ചരിച്ചീടും വിപ്രസൎപ്പങ്ങളൊക്കെയും
ഭക്ഷിക്കും വായുവെത്തന്നെ ചൊല്ലാം വാഴുന്ന ദേശവും. ൧൦

---

* വിപ്രാദിസൎപ്പങ്ങളുടെ സഞ്ചാരസമയവും ഭക്ഷണദ്രവ്യങ്ങളും:—

"വിപ്രസ്തു പൂൎവ്വാഹ്നചരസ്സമീരഭു-
ങ്മദ്ധ്യാഹ്നചാരീ നൃവരസ്തഥാഖുഭുക്
വൈശ്യസ്തു മണ്ഡൂകഭുഗന്ത്യയാമഗ-
സ്സൎവ്വാശനഃ പാദഭവോ നിശാചരഃ."

(സാ—സം).

നിധിനിക്ഷേപധാന്യാദിസംഗ്രഹിക്കുന്ന ശാലയിൽ
പർവ്വതേഷു വനേഷ്വേവ സന്തതം നിവസന്തി തേ. ൧൧

രാജസർപ്പങ്ങൾ മദ്ധ്യാഹ്നേ സഞ്ചരിക്കും ഭയംവിനാ
അവർക്കു ഭക്ഷണത്തിന്നു മൂഷികന്മാരുമായ്വരും. ൧൨

പ്രാകാരങ്ങളിലും തദ്വൽ പുണ്യവൃക്ഷങ്ങൾ തന്നിലും
വസിക്കും രാജസർപ്പങ്ങൾ പദ്മഷണ്ഡാദിയിങ്കലും. ൧൩

തഥാ സായാഹ്നകാലത്തു ചരിക്കും വൈശ്യജാതികൾ
ഭക്ഷണത്തിന്നു മണ്ഡൂകമാകുമിച്ചൊന്നവർക്കിഹ. ൧൪

തെരുവീഥിയിലും നാനാഭൂരുഹങ്ങളിലും പുനഃ
പുരമുററത്തടുത്തേടം കൂടെ വാഴും സദൈവ തേ. ൧൫

ശൂദ്രജാതിക്കു സഞ്ചാരം രാത്രിയിങ്കലതായ്വരും
ലഭിച്ചതെല്ലാം ഭക്ഷിക്കും വാണീടും ജലസന്നിധൌ. ൧൬

യജ്ഞാലയേ പശുഗൃഹേ ജീർണ്ണകൂപേ ചതുഷ്പഥേ
കണ്ടകാഢ്യദ്രുമേഷ്വേവ ദ്വീപേഷു ച വസന്തി തേ. ൧൭

മണവും മാർദ്ദവം പാരമുള്ള പുഷ്പങ്ങളൊക്കെയും
ഭക്ഷിക്കും ബ്രാഹ്മണന്മാരാം സർപ്പജാതിയതൊക്കെവേ. ൧൮

തഥാ ഭൂപാലനാഗങ്ങൾ ഭുജിക്കുന്നവ ചൊല്ലുവൻ
ക്ഷീരം തുഷാരം തോയാദി സ്വാദുദ്രവ്യങ്ങളാമിഹ. ൧൯

ഊരവ്യോരഗമെല്ലാമേ ഭക്ഷിക്കും ലവണാമിഷം
ഭേകാദിമുൻപേ ചൊന്നുള്ളതവയും കണ്ടുകൊള്ളുക ൨൦

ശൂദ്രജാതികളായീടും പന്നഗന്മാർക്കൊരിക്കലും
ഭക്ഷണദ്രവ്യകൃത്യങ്ങളില്ലപോൽ ചൊല്ലുവാനിഹ. ൨൧

സഭായാം ദേവഗേഹേ ച ക്ഷേത്രേ ശൂന്യഗൃഹേ തഥാ
പലാശാശ്വത്ഥവൃക്ഷേഷു വസന്തി ദ്വിജപന്നഗാഃ. ൨൨

---

വിപ്രാദിസർപ്പങ്ങളുടെ നിവാസസ്ഥലങ്ങൾ:—

"ശൈലോദ്യാനസരോരുഹാശ്രയഗുഹാസന്ന്യാലയേഷു ദ്വിജാഃ
പ്രാകാരാട്ടകചക്രതോരണമഹാഹർമ്മ്യേഷു നാഗാ നൃപാഃ
ശാലാഗോകുലയന്ത്രകേഷു ബഹുശോ വൈശ്യാ രമന്തേ ച യേ
കാന്താരാംബുതടാശ്മകൂടവിഷമസ്ഥാനേഷു ശൂദ്രാ മതാഃ,"

കന്ധ്യാദൌ ച രഥത്തിന്മേലത്തിയാൽ പുളിതന്നിലും
ശിംശപാർജ്ജുനവൃക്ഷേഷു വസന്ത്യേവ ന്ദ്രപോരഗാഃ. ൨൩

മുരുക്കമിലവും മററു കണ്ടകാഢ്യദ്രുമങ്ങളിൽ
ജലകൂപത്തിലും കൂടെ വാണീടും വൈശ്യജാതികൾ. ൨൪

സവ്വത്ര മേവും ശൂദ്രന്മാരായ സപ്പങ്ങളൊക്കയും
വല്മീകത്തിലതെല്ലാരും വാണീടും സപ്പജാതികൾ. ൨൫

പുത്തൻ മഴ വരും നേരം മൃദ്ഗന്ധാനുഭവാശയാ
സഞ്ചരിക്കും സദാകാലം സവേ സവ്വത്ര ഭോഗിനഃ. ൨൬

ഊൎദ്ധ്വലോകത്തു നോക്കീടും വിപ്രസപ്പങ്ങളൊക്കയും
നേരെനോക്കും രാജസപ്പം രണ്ടുഭാഗത്തു വൈശ്യനും. ൨൭

കീഴ്പ്പോട്ടു ഭൂമിയെ നോക്കിയാടീടും ശൂദ്രജാതികൾ.

* പാമ്പുകടിക്കവാനുള്ള കാരണങ്ങൾ.

തങ്ങൾ തങ്ങൾ വസിക്കുന്ന ദേശത്തിങ്കേന്നതൊക്കയും. ൨൮

സഞ്ചരിക്കുന്ന നേരത്തും കടിച്ചീടും ഭുജംഗമം.
കാലദേശങ്ങൾ ചിന്തിച്ചു ജാതിയേ നിശ്ചയിക്കണം. ൨൯

പന്നഗങ്ങൾ കടിച്ചീടാൻ കാരണം പലതുണ്ടിഹ
ഭീതികൊണ്ടും കടിച്ചീടും മദംകൊണ്ടും തഥൈവ ച. ൩൦

വിശപ്പും ദാഹവും പാരം പെരുത്താലും കടിച്ചിടും
പുത്രനാശംവരുത്തീടുമെന്നോത്തും മുട്ടയിട്ടനാൾ ൩൧

കടിക്കും പിന്നതല്ലാതെ സ്പൎശിച്ചാലും കടിച്ചിടും
ഭക്ഷണദ്രവ്യമെന്നോത്തും ദംശിച്ചീടും ഭുജംഗമം. ൩൨

വിഷംവൎദ്ധിച്ചു സഹിയാതിരിക്കുന്നേരവും തഥാ
ജന്മാന്തരങ്ങളിൽ വൈരമുള്ള പാമ്പും കടിച്ചിടും. ൩൩

---

* പാമ്പു കടിക്കവാനുള്ള കാരണം:—

"ഭീതിരുന്മത്തതാ ക്ഷുച്ച പൂൎവ്വവൈരഞ്ച ദൃപ്തതാ
ആക്രാന്തിഃ സ്ഥാനകാമിത്വം കാലചോദനമിത്യപി.
ഭുജംഗാനാം ദംശനേ തു ഹേതവഃ പരികീൎത്തിതാഃ."

* വിഷബലാബലഹേതുവിചാരം.

വൈരമുള്ളതു ദംശിച്ചാൽ വരും മരണമഞ്ജസാ
മദം കൊണ്ടു കടിച്ചാലും തഥാ തെക്കോട്ടു പോം ദൃഢം. ൩൪

കോപിച്ചിട്ടാകിലും തദ്വൽ പിന്നെ ക്ഷുത്തുള്ളതെങ്കിലോ
വിഷമേററമതുണ്ടാകും നിർവ്വിഷം ഭീതസർപ്പജം. ൩൫

മററുള്ള ഹേതുവാലെങ്കിൽ ക്ഷിപ്രം നീക്കീടിലാം വിഷം
വെള്ളത്തിൽവീണ പാമ്പിന്നു വിഷമേററം ക്ഷയിച്ചുപോം.
[൩൬

പേടിച്ചതിന്നും കാകോളം നിതരാം സ്വല്പമാസ്സുരും
ക്രീഡകൊണ്ടു തളന്നുള്ള പാമ്പിന്നും പുനരങ്ങനെ. ൩൭

പാഞ്ഞു പാഞ്ഞന്യദേശത്തു പൊന്നതിന്നും വിഷം കൃശം
കീരിയോടേററു തോററിട്ടു പാഞ്ഞപാമ്പതിന്നും തഥാ. ൩൮

മണ്ഡൂകാദികളെത്തിന്നനേരവും സ്വല്പമാം വിഷം.
വിഷശാന്തിവരുത്തുന്നോരൌഷധത്തിൻെറ കീഴിലേ ൩൯

ചിരകാലം കിടന്നോരു പാമ്പിന്നും സ്വല്പമാം വിഷം
തേഷാം ബലാബലത്തിന്നു തക്കവണ്ണം ചികിത്സകൾ. ൪൦

ചെയ്വൂ മന്ത്രൌഷധാദ്യൈശ്ച ഗുരുവാക്യക്രമാൽ ഭിഷക്.
അനുവത്തിച്ചിറക്കേണം വിപ്രരാജാഹികൾവിഷം. ൪൧

---

* "ആഹാരാത്ഥം ഭയാൽ പാദസ്പർശാദതിവിഷാൽ ക്രുധഃ
പാപവൃത്തതയാ വൈരാദ്ദേവഷിയമചോദനാൽ,
ദശന്തി സപ്പാ,സ്തേഷൂക്തം വിഷാധിക്യം യഥോത്തരം
യത്ര ലാലാപരിക്ലേദമാത്രം ഗാത്രേ പ്രദൃശ്യതേ.
നതു ദംഷ്ട്രാകൃതം ദംശം, തത്തുണ്ഡാഹതമാദിശേൽ
ഏകം ദംഷ്ട്രാപദം ദ്വേവാ, വ്യാചിഖ്യാമശോണിതം
ദംഷ്ട്രാപദേ സരക്തേ ദ്വേ, വ്യാലുപ്തം, ത്രീണി തന്നി തു
മാംസച്ഛേദാദവിച്ഛിന്നരക്തവാഹീനി ദംഷ്ട്രകം
ദംഷ്ട്രാപദാനി ചത്വാരി തദ്വദ്ദഷ്ടനിപീഡിതം
നിർവ്വിഷം ദ്വേയമത്രാദ്യ,മസാദ്ധ്യം പശ്ചിമം വദേൽ."

അന്യസൎപ്പവിഷം വിടാൻ ബലാല്ക്കാരേണ സംഹരേൽ
ഇച്ചൊന്നതെല്ലാം ചിന്തിച്ചു രക്ഷിക്ക വിഷദഷ്ടനെ ൪൨
വൎദ്ധിക്കും കീൎത്തിയായുസ്സും ലഭിക്കും മംഗലങ്ങളും. ൪൨½

ഇതി ജ്യോത്സ്നികായാം
സൎപ്പലക്ഷണാധികാരം സമാപ്തം.

---

## അധികാരം ൨൦.

### മന്ത്രസ്വരൂപാദിക്രമം.

ഇതഃപരം നമസ്കൃത്യ ദക്ഷിണാമൂൎത്തിമീശ്വരം
മന്ത്രരൂപം ച തത്സേവാവിധിം വക്ഷ്യാമ്യഥ ക്രമാൽ. ൧

മന്ത്രഭേദങ്ങളും അവയുടെ ലക്ഷണപ്രയോജനാദികളും.

സ്ത്രീയും പുരുഷനും പിന്നെ നപുംസകമതും തഥാ
ഏവം മൂന്നുപ്രകാരത്തിലുള്ളു മന്ത്രങ്ങളൊക്കെയും. ൨

അഗ്നികാന്താന്തമായുള്ളതെല്ലാം സ്ത്രീമന്ത്രമായ്വരും.
തഥാ നമോന്തമാകുന്ന മന്ത്രമെല്ലാം നപുംസകം. ൩

ശേഷിച്ചതെല്ലാം പുരുഷമന്ത്രമെന്നുദിതം ബുധൈഃ.
വശ്യാദികൎമ്മണ്യത്യൎത്ഥം ഗുണം സ്ത്രീമന്ത്രമൊക്കയും. ൪

ഉച്ചാടനാദികൾക്കെല്ലാം നപുംസകമതും തഥാ
പുല്ലിംഗമാകും മന്ത്രങ്ങൾ നന്നേററം വിഷശാന്തയേ. ൫

എട്ടിലേറിയ വൎണ്ണങ്ങളുള്ള മന്ത്രങ്ങളൊക്കവേ
വൃദ്ധന്മാൎക്കധികം നന്നു സദാ സേവിച്ചുകൊള്ളുവാൻ. ൬

അക്ഷരം പത്തിലങ്ങേററമുള്ളമന്ത്രം യുവാവിനും
തഥാ ശൈശവകാലത്തു മന്ത്രം പഞ്ചാക്ഷരാധികം. ൭

നാശഹേതുകമന്ത്രങ്ങൾ.

യദൃച്ഛയാ കേട്ടുകൊണ്ടു വശമാക്കിയ മന്ത്രവും
ഛന്നനായിപഠിച്ചുള്ള മന്ത്രവും പുനരങ്ങനേ. ൮

അന്യന്നു പറയുന്നേരം കേട്ടമന്ത്രമതും തഥാ
പത്രത്തിലെഴുതിക്കണ്ടു ഗ്രഹിച്ചീടിന മന്ത്രവും. ൯

ജപിച്ചീടുകിലത്യന്തം നാശമുണ്ടാമവന്നിഹ.

### ആചാൎയ്യലക്ഷണം.

തസ്മാദ് ഗുരുമുഖാല്ലഭ്യം മന്ത്രന്തു സുഖമിച്ഛതാ ൧൦
വിദ്യയും ഭക്തിയും ദാക്ഷ്യം ജപധ്യാനാദിയും തഥാ
സ്നാനം സന്ധ്യാജപം നല്ല തപസ്സും കൌശലങ്ങളും ൧൧
കൃപയും സത്യവും പാരം മന്ത്രസാമൎത്ഥ്യവും പുനഃ
നിഗ്രഹാനുഗ്രഹത്തിങ്കൽ ശക്തിയും ബുദ്ധിയെന്നിവ ൧൨
പാരമുള്ള ഗുരുക്കന്മാരോടു മന്ത്രം ഗ്രഹിക്കണം.

### ശിഷ്യഗുണങ്ങൾ.

ശിഷ്യനുവേണ്ടും ഗുണവും ചുരുക്കിപ്പറയാമിഹ. ൧൩
ശാന്തി ദാന്തത്വവും തദ്വൽ പടുത്വം ബ്രഹ്മചൎയ്യവും
മിതശുദ്ധാശനത്വം ച മഹോത്സാഹമതും തഥാ: ൧൪
ശുദ്ധഭാവവുമത്യൎത്ഥം ബുദ്ധിയും ദേവഭക്തിയും
ശുശ്രൂഷാ മനസാ വാചാ കൎമ്മണാ ച ഗുരോസ്സദാ. ൧൫
അത്യൎത്ഥയുക്തിൎദ്ദാക്ഷിണ്യമല്പനിദ്രാവചക്ഷമഃ
മററും പലഗുണത്തോടേ വരേണം ശിഷ്യനാമവൻ. ൧൬

### മന്ത്രവിചാരവും മന്ത്രഗ്രഹണസമ്പ്രദായവും.

മന്ത്രകോഷ്ഠം വിചാരിച്ചു പോഷകത്തിലെമന്ത്രവും
ബന്ധകത്തിലതെന്നാലും ഗ്രഹിപ്പൂ ഗുരുവാക്യതഃ ൧൭
സേവകത്തിലെ മന്ത്രങ്ങളെല്ലാം മദ്ധ്യമപക്ഷമാം
ഘാതകങ്ങൾ വിവൎജ്ജ്യങ്ങൾ ജപിച്ചാൽ നാശമാസ്സുരും. ൧൮
ഘാതകത്തെയൊഴിച്ചുള്ള മന്ത്രം ഗുരുമുഖാദിഹ
കേട്ടുകൊണ്ടു ഗ്രഹിക്കേണം ക്രമാദ്ദീക്ഷാസമന്വിതം. ൧൯
മന്ത്രദേവതയും സാക്ഷാദ് ഗുരുവും സമമെന്നുടൻ
ചിന്തിച്ചുറച്ചു സേവിപ്പൂ മന്ത്രം തദ്വൎണ്ണലക്ഷകം. ൨൦

### മന്ത്രസേവാവിധാനം.

തീൎത്ഥതീരത്തിരുന്നിട്ടും ക്ഷേത്രത്തിങ്കേന്നുമാം ജപം
ആരുമില്ലാത്തദേശത്തുമാരാമത്തിങ്കലും ഗുണം. ൨൧

വിപിനേ ച നദീതീരേ തുളസീസന്നിധൌ തഥാ
ആചാൎയ്യന്റെ ഗൃഹത്തിന്നും ജപകൎമ്മ സമാചരേൽ. ൨൨

കിഴക്കോട്ടും വടക്കോട്ടും തിരിഞ്ഞിട്ടങ്ങിരുന്നുടൻ
ജപിച്ചീടുക മന്ത്രങ്ങൾ ദക്ഷിണേ പരിവൎജ്ജയേൽ. ൨൩

ക്ഷീരം ശാകം ച ഭിക്ഷാന്നം കൊള്ളാം യവയവാഗുവും
ഹവിഷ്യാന്നമതും മുഖ്യം ഭക്ഷിപ്പാൻ മന്ത്രസേവയിൽ. ൨൪

ആദൌ ഗുരുഗണേശാദീനഭിവാദ്യ സമാഹിതഃ
കേശാന്താദിലിപിന്യാസമാചരേൽ ഭക്തിപൂൎവ്വകം. ൨൫

പ്രാണായാമമതും ചെയ്തു ബീജവൎണ്ണേശ്ച തൽക്രമാൽ
മൂലാദിമൂൎദ്ധ്നിപൎയ്യന്തം വേണമാധാരപൂജയും. ൨൬

പ്രാണായാമമതിന്നുള്ള ക്രമവും ബീജവൎണ്ണവും
ആചാൎയ്യനോട്ടു കേൾക്കേണം തഥൈവാധാരപൂജയും. ൨൭

ഹൃദയം ച ശിരസ്സോടു ശിഖയും കവചം പുനഃ
നേത്രമസ്ത്രവുമീവൎണ്ണമാറംഗം മന്ദവിന്നിഹ ൨൮

ചില മന്ത്രത്തിനാറംഗമില്ല പഞ്ചാംഗമാമിഹ.
അംഗകല്പനയിൽ തേഷാം തത്ര നേത്രങ്ങൾ വേണ്ടപോൽ.
[൨൯

അംഗത്തോടേ ജപിക്കേണമെന്നലാശു ഫലംവരും
രുദ്രാക്ഷമാലയാ വാപി തുളസീമാലയാഥവാ. ൩൦

സ്ഫടികാംബുജബീജാദിമാലയാ വാപി സാദരം
ജപിച്ചുകൊൾവു മന്ത്രങ്ങൾ ചൊന്നപോലൊക്കയും ക്രമാൽ.
[൩൧

വിധിപൂൎവ്വമതീവൎണ്ണമൊരു മന്ത്രം ജപിച്ചുടൻ
തദ്വൎണ്ണലക്ഷമെത്തിച്ചാൽ സാധിക്കും കാൎയ്യമൊക്കയും. ൩൨

ബഹുമന്ത്രം ജപച്ചീടിൽ കാ കഥാ ശിവ ഏവ സഃ?
സാധിക്കാത്തൊരു കാൎയ്യങ്ങളില്ലവനു ജഗത്ത്രയേ. ൩൩

ഇതി ജ്യോത്സ്നികായാം
മന്ത്രാധികാരം സമാപ്തം.

## അധികാരം ൨൦.

## മന്ത്രപ്രയോഗം.

### * പൃഥിവ്യാദിമണ്ഡലങ്ങളുടെ വർണ്ണസ്വരൂപാദികൾ.

ഭൂജലാഗ്നിസമീരാകാശങ്ങൾ തന്മണ്ഡലം ക്രമാൽ
പീതശ്വേതാരുണശ്യാവനാനാവർണ്ണങ്ങളായ്വരും. ൧

തത്ര ഭൂമണ്ഡലം പീതവർണ്ണവും നാലുകോണവും
വജ്രംകൊണ്ടടയാളപ്പെട്ടിരിക്കും ദൈവമിന്ദ്രനാം. ൨

ചന്ദ്രാർദ്ധബീജസദൃശം പാണ്ഡരം ജലമണ്ഡലം
നാഥൻ വരുണനാകുന്നു പദ്മംകൊണ്ടടയാളവും. ൩

മുക്കോണായിച്ചുവന്നേററമിരിക്കും വഹ്നിമണ്ഡലം
പാവകൻതാനതിന്നീശനങ്കം സ്വസ്തികവദ് ഭവേൽ. ൪

ആറുകെട്ടകമേക്രൂടെ വൃത്തത്തിൽ കൃഷ്ണവർണ്ണവും
ദൈവം പവനനായീട്ടുമീവണ്ണം വായുമണ്ഡലം. ൫

വൃത്താകാരമതായീട്ടും തദ്ദൈവാകാശമണ്ഡലം
വർണ്ണം ബഹുവിധം തസ്യ നാഥനാകുന്നതും ശിവൻ. ൬

ഇന്ദ്രാത്മജാഹിദ്വന്ദ്വേന വേഷ്ടിതം ധരണീഗൃഹം
തഥാ വരുണപുത്രാഭ്യാം ചുററപ്പെട്ടപ്പുമണ്ഡലം. ൭

വഹ്നിമണ്ഡലവും ചുററിക്കിടക്കും വഹ്നിമക്കളാൽ
വാതാത്മജഫണിദ്വന്ദ്വേനാവൃതം വായുമണ്ഡലം. ൮

### പൃഥിവ്യാദികളുടെ ബീജാക്ഷരങ്ങൾ.

† ദശഗ്രീവപുരത്തിൻെറ പൂർവ്വവർണ്ണമതും തഥാ
‡ സംഭവാദ്യക്ഷരം രണ്ടും കിഴിച്ചാൽ പിന്നെയുള്ളതു്. ൯

---

* പൃഥിവ്യാദിമണ്ഡലങ്ങളെ അതാതുകൾക്കു പ്രത്യേകം കല്പിച്ചിട്ടുള്ള വർണ്ണസ്വരൂപലക്ഷണദൈവങ്ങളോടുകൂടി വിധിപ്രകാരം മനസ്സിൽ സംകല്പിച്ചു ധ്യാനിക്കുന്നതായാൽ സർവ്വവിഷങ്ങളും തീരുന്നതാണ്.

| മണ്ഡലങ്ങൾ. | വർണ്ണം. | സ്വരൂപം. | അടയാളം. | ദേവൻ. |
|---|---|---|---|---|
| ഭൂമി | പീതം | ചതുഷ്കോണം | വജ്രം | ഇന്ദ്രൻ |
| ജലം | വെളുപ്പ് | ചന്ദ്രാർദ്ധബീജം | പദ്മം | വരുണൻ |
| അഗ്നി | ചുവപ്പ് | മുക്കോണം | സ്വസ്തികം | പാവകൻ |
| വായു | കറുപ്പ് | ഷട്കോണം | വൃത്തം | പവനൻ |
| ആകാശം | നാനാവർണ്ണം | അരൂപം | വൃത്തം | ശിവൻ. |

† ദശഗ്രീവപുരം=ലങ്ക, പൂർവ്വവർണ്ണം=ല.

‡ സംഭവാദ്യക്ഷരം രണ്ടും കിഴിച്ചാൽ=വ.

* സാരംഗവാചകത്തിങ്കലന്ത്യാദ്യം നീക്കിയുള്ളതും
† യന്ത്രപ്രവാഹവാക്യത്തിലാദ്യന്തസ്ഥിതവർണ്ണവും. ൧൦

‡ ധാത്ര്യാദിപഞ്ചഭൂതാനാം ബീജവർണ്ണങ്ങളാമിഹ
§ ബീജങ്ങളോടു കൂടീട്ടങ്ങിരിക്കും മണ്ഡലങ്ങളും. ൧൧

ധ്യാനക്രമം.

വിഷത്തെസ്സംഹരിപ്പാനും സ്തംഭിപ്പാനുമതിങ്ങനെ
ഭൂമണ്ഡലത്തിൻ മദ്ധ്യത്തിൽ ചിന്തിപ്പൂ ചഞ്ചലം വിനാ. ൧൨

തഥാ തോയഗൃഹത്തിങ്കൽ ചിന്തിക്കേണമിറക്കുവാൻ
അഗ്നിമണ്ഡലമദ്ധ്യത്തിൽ സ്തോഭകർമ്മ സമാചരേത്. ൧൩

തഥാ വായുഗൃഹേ നിന്നു സംക്രമിപ്പിച്ചുകൊള്ളുക
ആകാശമണ്ഡലത്തിങ്കേന്നെല്ലാകർമ്മവുമാചരേത്. ൧൪

ഗരുഡമന്ത്രപ്രകരണം.

സംഹാരസ്തംഭനങ്ങൾക്കു ഗരുഡൻ പീതവർണ്ണമാം
ശ്വേതവർണ്ണം നിനയ്ക്കേണമിറക്കുമ്പോൾ വിഷത്തിനെ. ൧൫

സ്തോഭനത്തിൽ ചുവന്നീടും സംക്രാമേ കൃഷ്ണവർണ്ണമാം
ആവേശനമതിന്നാകിൽ ഭ്രമരംപോലെയാം നിറം. ൧൬

ഗരുഡൻെറ മഹാമന്ത്രം പഞ്ചാക്ഷരമിഹോച്യതേ
വിഷശാന്തിക്കതീവർണ്ണമില്ല മറെറാന്നു ചൊല്ലുവാൻ. ൧൭

ഗരുഡപഞ്ചാക്ഷരമഹാമന്ത്രവും,
അംഗന്യാസാദിക്രമവും.

ആദൌ ക്ഷിപ ഇതി പ്രോക്തഃ പശ്ചാദോങ്കാരമേവ ച
തതശ്ചന്ദ്രദ്വയം ചൈതന്മഹാമന്ത്രം ഗരുത്മതഃ. ൧൮

"ഋഷി" കാശ്യപനാകുന്നു "ച്ഛന്ദസ്സി"ന്നിഹ "പങ്ക്തി-
[യും"
ഗരുഡാഖ്യമഹാവിഷ്ണു"ർദ്ദേവതാ" വിപതേമ്മനോഃ. ൧൯

* സാരംഗ ... അന്ത്യാദ്യം നീക്കിയുള്ളതു=ര.

† യന്ത്ര ... ......ആദ്യന്തസ്ഥിതവർണ്ണങ്ങൾ=യ, ഹ.

| | | | | | |
|---|---|---|---|---|---|
| ‡ ധാത്ര്യാദികളുടെ | ഭൂമി. | ജലം. | അഗ്നി. | വായു. | ആകാശം. |
| ബീജാക്ഷരങ്ങൾ | ല | വ | ര | യ | ഹ. |

§ പൃഥിവ്യാദിമണ്ഡലങ്ങളിൽ അതാതു ബീജാക്ഷരങ്ങൾ ഉണ്ടായിരിക്കണമെന്നും ബീജാക്ഷരങ്ങളോടുകൂടി മണ്ഡലങ്ങളെ സങ്കല്പിക്കണമെന്നും സാരം.

ഹൃദയേ വൈനതേയായ നമോന്തം കീൎത്തയേദ്ബുധഃ
വിനതാസുതായ ശിരസി തതസ്സ്വാഹാന്തമുച്ചരേത്. ൨൦

ചതുൎത്ഥ്യന്തം ഖഗപതിം വഷട്കാരസമന്വിതം
ശിഖായാം യോജയേത് പശ്ചാത് പക്ഷിരാജായ വൎമ്മണി. [൨൧

ഹുങ്കാരാന്തം പ്രയോക്തവ്യം കാലക്രൂടേതി പൂൎവ്വതഃ
വിഷഭക്ഷായ നേത്രേഷു വൌഷഡന്തം ച യോജയേൽ. [൨൨

അന്തേ ഫട്ക്കാരമായസ്ത്രേ വദേന്നാഗാന്തകായ ച
വിഷ്ണുഭൃതായ ഇത്യേവം ഷഡംഗം യോജയേത് ക്രമാത്. [൨൩

ഗരുഡധ്യാനം

ആജാനതസ്സുവൎണ്ണാഭമാകട്യാസ്തുഹിനപ്രഭം
കുങ്കുമാരുണമാകണ്ഠാദാകേശാന്തം സിതേതരം. ൨൪

ബ്രഹ്മാണ്ഡവ്യാപിനം താൎക്ഷ്യം രക്താക്ഷം നാഗഭൂഷണം
ലീനാഗ്രനാസികാത്മാനം മഹാപക്ഷം സ്മരേദ് ബുധഃ. ൨൫

* ഭാസ്വന്മണ്ഡലമദ്ധ്യഗഃ ശ്രുതിമയ-
സ്താൎക്ഷ്യോഽഖിലൈൎവ്വന്ദിതഃ
† പക്ഷോദ്ഭൂതമരുത്പ്രകമ്പിതഗിരി-
വ്രാതോരുതുണ്ഡോ മഹാൻ

---

* "ഉദ്യൽസൂൎയ്യസഹസ്രകോടിരുചിരൈ-
ൎല്ലിപ്യക്ഷരൈൎമ്മണ്ഡിതഃ
പക്ഷോദ്ഭൂതമരുൽപ്രകമ്പിതഗിരിഃ
പീനോരുതുണ്ഡോ മഹാൻ
ദോൎദ്ദണ്ഡഃ കനകപ്രഭൈൎദ്ദശശതൈഃ
പീയൂഷപൂൎണ്ണാൻ ഘടാ-
നൈൎജ്ജഗജ്ജ്വലദീപികാ അപി വഹൻ
നാഗാന്തകഃ പാതു വഃ."
(പാഠാന്തരം).

† "ആജാനോഃ സ്വൎണ്ണവൎണ്ണം ഹിമഗിരിശിഖര-
പ്രഖ്യമാനാഭിദേശാ-
ദാകണ്ഠാൽ പക്വബിംബീഫലനവവികസദ്
ബന്ധുജീവോപമാനം
ആശീൎഷാൽ ഭിന്നനീലാഞ്ജനചയരുചിരം
ഭൂഷിതം ഭോഗിമുഖ്യൈ-
ൎവ്യാപ്തബ്രഹ്മാണ്ഡമദ്ധ്യം ത്രിഭുവനനമിതം
വൈനതേയം നമാമി."

ദോർദ്ദണ്ഡൈഃ കനകപ്രഭൈർദ്ദശശതൈഃ
പീയൂഷപൂർണ്ണാൻ ഘടാ-
നദ്ധ്യൈരുജ്ജ്വലദീപികാം ദധദസൌ
നാഗാന്തകഃ പാതു വഃ. ൨൬

അമൃതകലശഹസ്തം കാന്തിസമ്പൂർണ്ണദേഹം
സകലവിബുധവന്ദ്യം വേദശാസ്ത്രൈരചിന്ത്യം
വിവൃതകനകപക്ഷൈർദ്ധൂയമാനാണ്ഡഗോളം
സകലവിഷവിനാശം ചിന്തയേ പക്ഷിരാജം. ൨൭

സ്വസ്തികം ദക്ഷിണം പാദം വാമഭാഗാ നികുഞ്ചിതം
പാതാളസ്പൎശപാദാഗ്രം ബ്രഹ്മാണ്ഡഗതമൌലിനം. ൨൮

കപിലാക്ഷം ഗരുഡ്മന്തം സുവർണ്ണസദൃശപ്രഭം *
ദീർഘബാഹും ബൃഹത്സ്കന്ധം നാഗാഭരണഭൂഷിതം. ൨൯

അനന്തം വാമകടകം യജ്ഞസൂത്രം ച വാസുകിം
തക്ഷകം കടിസൂത്രന്തു ഹാരം കാർക്കോടകം തഥാ. ൩൦

പദ്മം ദക്ഷിണകർണ്ണേ തു മഹാപദ്മന്തു വാമതഃ
ശംഖപാലം ശിരഃകൃതപാ ഗുളികന്തു ഭുജാന്തരേ. ൩൧

പൌണ്ഡ്രാഗുളികനാഗാഭ്യാം ചാമരാഭ്യാം വിഭൂഷിതം
ഏലാതപത്രനാഗാദ്യൈസ്സേവ്യമാനം മുദാന്വിതം. ൩൨

പ്രാഞ്ജലീകൃതദോര്യുഗ്മം ഗരുഡം ഹരിവല്ലഭം
ഏവം ധ്യായേത് ത്രിസന്ധ്യായാമാത്മാനം താർക്ഷ്യരൂപിണം.
[൩൩

* * *
* * *
* * *

*"പാദാദിജാനുപര്യന്തം ജാന്വോർനാഭിതടാവധി
നാഭേർഗളാന്തം ച ഗളാല്ലലാടഫലകാന്തകം.
ലലാടാച്ചാപി മൂർദ്ധാന്തം സ്വർണ്ണയുക്താനി വിന്യസേൽ." "സുവർണ്ണസദൃശപ്രഭ"മെന്നുള്ളതിന് ഇപ്രകാരം പ്രമാണാന്തരവും ഉണ്ട്.

ഈ അദ്ധ്യായത്തിൽ മന്ത്രങ്ങൾ പലതും കാണുന്നുണ്ട്. അവ പുസ്തകദ്വാരാ അറിഞ്ഞനുഷ്ഠിക്കേണ്ടവയല്ല. മാത്രാവർണ്ണപ്രധാനങ്ങളായ മന്ത്രങ്ങൾ അധികാരിയായ ശിഷ്യൻ ഗുരുമുഖത്തിൽ നിന്നുതന്നെ ഗ്രഹിക്കണം. ഇതിനെസംബന്ധിച്ച് ഈ ഗ്രന്ഥത്തിൽ പ്രത്യേകം നിഷേധവും കാണുന്നുണ്ട്. "പത്രത്തിലെഴുതിക്കണ്ടു ഗ്രഹിച്ചീടിന മന്ത്രവും ജപിച്ചീടുകിലത്യർത്ഥം നാശമുണ്ടാമവന്നിഹ" ഇത്യാദി.

*　　　*　　　*

*　　　*　　　*

*　　　*　　　*

വിഷം വിനാശയേത് ക്ഷിപ്രം വായുസ്തീവ്രമിവാംബുദം.
മന്ത്രാവസാനേപ്യേതാനി നമോന്താനി ജപേദ് ബുധഃ ന. ൪

പശ്ചാത്സമപ്പ്യയേന്മന്ത്രം ഗുർവ്വാഖ്യാതക്രമേണ ച
ഏവം ചൊന്നപ്രകാരത്തിൽ മന്ത്രം സിദ്ധിവരുത്തിയാൽ ന. ൫

വിഷമില്ലെന്നു ചൊല്ലീടിൽ നീങ്ങിപ്പോം വിഷമൊക്കയും.

ജീവരക്ഷാവിധി.

ചിന്തിപ്പൂ ദഷ്ടകൻ തദ്ധൃദി സിതകമലം
　　കാദിഠാന്താക്ഷരാഢ്യം
ഠം ബീജേ കർണ്ണികായാം സമിതി ചുഴലവും
　　ദഷ്ടനാമാർണ്ണമെല്ലാം
പദ്മം പന്ത്രണ്ടുപത്രം സദൃശമിതിനതും
　　തസ്യ മീതെ കമൃത്തി-
ക്കെട്ടീട്ടു വർണ്ണപാശൈരവനിപുരമതും
　　വെച്ചുറപ്പിച്ചു ഭൂയഃ. ന. ൧

കണ്ഠേ കാന്തം സുധാഢ്യം പുരികയുഗമതി-
　　ന്മദ്ധ്യദേശേ ച ബിന്ദും
ധ്യാത്വാ ബീജങ്ങളെല്ലാം പുനരിഹ മതിമാൻ
　　ദഷ്ടനാമാർണ്ണയുക്തം
തജ്ജീവം ബന്ധബന്ധാന്വിതപദമൊട്ടടൻ
　　നീലകണ്ഠാഭിധം വാ
ചെമ്മേ മന്ത്രം ജപിപ്പൂ വിരവൊടു വിധിവ-
　　ജ്ജീവരക്ഷാർത്ഥമാദൌ. ന. ൨

*　　　*　　　*

*　　　*　　　*

*　　　*　　　*

മുൻപിനാലിപ്രകാരത്തിൽ ദഷ്ടന്റെ ജീവരക്ഷണം
ചെയ്തുകൊണ്ടഥ മറെറല്ലാം ചെയ്‌വൂ മന്ത്രൌഷധാദികൾ. ൩൮

പഞ്ചകർമ്മങ്ങൾ.

പഞ്ചാക്ഷരേണ കർത്തവ്യം പഞ്ചകർമ്മങ്ങളുണ്ടതും ൩൯
കിഞ്ചിത് ചുരുക്കിച്ചൊല്ലീടാം പഞ്ചഭൂതങ്ങൾമണ്ഡലേ
ഭൂമണ്ഡലത്തിൻമദ്ധ്യത്തിൽ ചിന്തിപ്പൂ മേരുസന്നിഭം ൪൦
ഗരുഡം ഗരളാർത്തം ച സ്വാത്മാനം സ്ഥിരമാനസഃ.

* * *

ഏവം ജപിച്ചുകൊണ്ടാശു ഹസ്താംഗുഷ്ഠമിളക്കുക ൪൧
നാനാവിഷം നശിച്ചീടുമീവണ്ണം സ്തംഭനത്തിനും
തോയമണ്ഡലമദ്ധ്യത്തിൽ പദ്മം കൈലാസസന്നിഭം ൪൨
സ്മരിപ്പൂ താർക്ഷ്യനേ തദ്വത് തന്നെയും ദഷ്ടകന്തഥാ

* * *

ഇത്ഥം ജപിച്ചുടൻ പിന്നെ തർജ്ജനീവിരൽ കാട്ടുക ൪൩
എന്നാൽ വിഷമിറങ്ങീടും മന്ത്രവീര്യേണ വിദ്രുതം
സിന്ദൂരപർവ്വതാകാരം ചിന്തയേദഗ്നിമണ്ഡലേ ൪൪
ഖഗേശ്വരം വിഷാർത്തം ച സ്വാത്മാനം ദൃഢമാനസഃ

* * *

മന്ത്രമേവം ജപിച്ചിട്ടു മദ്ധ്യമാചലനാദ്ദ്രുതം ൪൫
വിഷം സ്തോഭിച്ചു വർദ്ധിച്ചു മോഹിക്കും വിഷദഷ്ടകൻ
ധ്യായേദഞ്ജനശൈലാഭം ഗരുഡം വായുമണ്ഡലേ ൪൬
തന്നെയും പ്രകരേണ്ടുന്നോൻതന്നെയും വിഷിതന്നെയും

* * *

ഏവം ജപിച്ചു താർക്ഷ്യന്താൻ വാമപക്ഷേണ തദ്വിഷം ൪൭
ആകൃഷ്യ വായുനാന്ത്യങ്കലാക്കിയെന്നു നിനയ്ക്കുക
ദൃഢമായി നിനച്ചേവമിളക്കേണമനാമികാം ൪൮
തദൈവ സംക്രമിച്ചീടും വിദ്രുതം വിഷമൊക്കെയും
ധ്യായേദ് ഭ്രമരസങ്കാശം ഗരുഡം വ്യോമമണ്ഡലേ ൪൯

സ്വാത്മാനം വിഷദഷ്ടം ച പൂർവവച്ചഞ്ചലേതരം

*　　　*　　　*

ജപ്ത്വൈപ്ലവം ചഞ്ചലിപ്പിക്ക വിഷഹാരി കനിഷ്ഠികാം ൩൦

ആവേശനമതപ്പോഴേ ഭവിച്ചീടുമസംശയം
പക്ഷാന്തരങ്ങൾ പലതുണ്ടവയെല്ലാം ഗുരോർമ്മുഖാത് ൩൧

കേട്ടറിഞ്ഞാചരിക്കേണം ബുദ്ധിമാനായ മാനവൻ.

സങ്കല്പബന്ധനവും സർപ്പമുഖബന്ധനാദിയും.

ദംശിച്ചതിന്റെ മേൽഭാഗത്തൊരു വെൺപട്ടു ചേതസാ
[൩൨

കെട്ടീട്ടതിന്മേൽ കല്പിച്ചു ചൂഴം മന്ത്രാക്ഷരങ്ങളെ

*　　　*　　　*

ധ്യാനിച്ചേവം ജപിച്ചീടിൽ സ്തംഭിക്കും വിഷമൊക്കെയും ൩൩

തഥൈവ സർപ്പമുഖവും ബന്ധിക്കാമിതുകൊണ്ടിഹ
എലിയോടൊരുമിച്ചിട്ടു കിടത്താമൊരു കൂടതിൽ ൩൪

പിടിച്ചുകൊണ്ടാൽ കടിയാ തദാനീം ധ്യാനവൈഭവാൽ
ശംഖപാലന്റെ വംശത്തിലുള്ള സർപ്പം പിടിക്കിലാം ൩൫

ശേഷാന്വയത്തിൽ ജാതന്മാരെങ്കിലും വേണ്ടതില്ലിഹ
പിടിക്കാം പദ്മവംശത്തിൽ മഹാപദ്മാന്വയത്തിലും ൩൬

മററുള്ളതെല്ലാം വർജ്ജിക്ക പിടിച്ചീടരുതെന്നമെ
പാരം നീളം ചുരുങ്ങീട്ടുമേററം നീണ്ടിട്ടിരിക്കിലും ൩൭

വർണ്ണമേറീട്ടു കണ്ടാലും മെലിഞ്ഞേററയിരിക്കിലും
ലക്ഷണങ്ങളതില്ലാതെയിരിക്കും പാമ്പതെങ്കിലും ൩൮

ഇവയഞ്ചും പിടിക്കൊല്ലാ പിടിപ്പാൻ ചൊന്നതെങ്കിലും
ആചാർയ്യഭക്തിയും ധൈര്യ്യം കൂടാതേ സാദ്ധ്യമല്ലിതു്. ൩൯

പാമ്പിനെ കെട്ടുവാൻ മന്ത്രം.

തോയവായ്വഗ്നിഗേഹങ്ങൾ ചിന്തയേദന്തരാന്തരം
അതിന്റെ മദ്ധ്യേ സർപ്പത്തേ ചിന്തയേദ് ദൃഢചേതസാ ൪൦
ഫണിതന്മൂർദ്ധ്നി ചിന്തിച്ചു ഭൂബിംബം മേരുഭൂഷിതം

*   *   *

ഏവം ജപിച്ചു മൂൎദ്ധാവിൽ മണ്ണിട്ടാലിളകാ ഫണി ൯൧

ഇത്ഥം പ്രയോഗമുണ്ടിന്നും, നിഗ്രഹാദിക്കിതൊക്കെയും
ചെയ്യപോമെന്നു ശങ്കിച്ചിട്ടിവിടെപ്പറയാഞ്ഞതും. ൯൨

സുധാഹൃദയപ്രയോഗം.

ഏകാഗ്രചിത്തനായിട്ടു ധ്യാനിപ്പൂ വിനതാസുതം
പശ്ചാത് കരതലേ വാമേ ശ്വേതപദ്മം നിനച്ചതിൽ ൯൩

ചന്ദ്രബിംബം നിരൂപിച്ചിട്ടതിൽ പവനഗേഹവും
തന്മദ്ധ്യേ ജലബീജം ച ധൃത്വാ ദൃഢതരം പുനഃ ൯൪

സുധാഹൃദയമാം മന്ത്രം ജപിച്ചുള്ള ജലങ്ങളെ
വാമഹസ്തേ പകൎന്നിട്ടങ്ങമൃതാകാരമായതു് ൯൫

നിസ്രവിക്കുന്നതോൎത്തിട്ടു തജ്ജലംകൊണ്ടു ദഷ്ടനെ
ആശീൎഷപാദമായിട്ടു പ്രോക്ഷണംചെയ്തുകൊള്ളുക ൯൬

ഏവം ശാന്തി വരുത്തീട്ടൗഷധം പായയേത്തതഃ
ലേപനാദികളും ചെയ്‌വൂ താവത് സ്വസ്ഥോ ഭവേദ്വിഷീ.
[൯൭

ഇപ്രകാരം ജപിച്ചുള്ളോരമൃതാംബുവതിൽ പുനഃ
സ്ഥൂലമായുള്ള വസ്ത്രത്തെ മുക്കിക്കൊണ്ടെങ്ങെടുത്തുടൻ ൯൮

പിഴിയാത്തതിനാൽ മൂടിക്കിടത്തു ദഷ്ടനെ ക്ഷിതൌ
വെള്ളം ജപിച്ചു പിന്നേയും പ്രോക്ഷിപ്പൂ വസനോപരി ൯൯

ഏവം മുഹൂൎത്തം ചെല്ലുമ്പോളുണരും വിഷമോഹിതൻ
അപ്പോൾ കാല്ക്കുന്നു തദ്വസ്ത്രം കീഴ്പ്പോട്ടേക്കു വലിച്ചതു
[൧൦

മൂൎദ്ധാവിങ്കലിരുന്നേടം കാല്ക്കലോളമതാകിയാൽ
മൂന്നുവട്ടം വിളിക്കേണം പേർചൊല്ലീട്ടവനെപ്പുനഃ ൧൧

ജപ്തമായുള്ള ചൂരൽക്കോൽകൊണ്ടു തല്ലീട്ടെടുക്കുക
താവത് കശ്മലമെല്ലാം പോയുണരും സൎപ്പദഷ്ടകൻ ൧൨

ഭൂയഃ പൂൎവ്വോക്തമാൎഗ്ഗേണ കുൎയ്യാത് പാനാദികാഃ ക്രിയാഃ
നിശ്ശേഷഗരരോഗഘ്നമിദം കൎമ്മസു നിൎമ്മലം ൧൩

മുന്നേക്കണക്കേ ചിത്തത്തിൽ ചിന്തിച്ചു വാനതാസൃതം
വെള്ളം ജപിച്ചിട്ടതിനാൽ മൂന്നുകമ്പുള്ള ചൂരലെ ൧൪

കഴകിക്കൊണ്ടതിൻകമ്പിൽ മൂന്നിലും മന്ത്രമുച്ചരേത്
ധ്യാനിച്ചു ഭൂയോ/പ്യതിനാൽ താഡയേന്മോഹനാശനം. ൧൫

പുനഃ ശുക്ലാദിചർമ്മാന്തമാക്ഷേപിച്ചു വിഷത്തിനെ [൧൬
ക്രമാത് കീഴ്പോട്ടു കീഴ്പോട്ടേക്കിറക്കു ദേശികോക്തവത്

പശ്ചാത് പാനവിലേപാദികർമ്മവും ചെയ്തുകൊള്ളുക
ഇതസ്സമസ്തകാകോളവിനാശസ്സ്യാദസംശയം. ൧൭

ധ്യാത്വാ ചേതസി പക്ഷീന്ദ്രം പൂർവ്വവദ്ദൃഢമാനസഃ
പശ്ചാത് കരതലേ വാമേ ശ്വേതപദ്മം വിചിന്തയേത് ൧൮

പ്രദക്ഷിണമതായിട്ടു പതിനാറുദളത്തിലും
സ്വരങ്ങളെല്ലാം ചിന്തിച്ചു ബിന്ദുവോടും ക്രമാത് പുനഃ ൧൯

തത്കർണ്ണികേടെ മദ്ധ്യത്തിൽ സ്മരേത് ഝ്രീംകാരവും പുനഃ
ജപ്ത്വാ ഘടജലം സാക്ഷാദമൃതാകാരമോർത്തു ൨൦

പദ്മം ചിന്തിച്ചു കൈതന്നിൽ പകർന്നച്ഛിന്നമായത്
സ്രവിക്കുന്നെന്നു കല്പിച്ചു ശുദ്ധപീയൂഷവത് പുനഃ ൨൧

അതിനാലഭിഷേകം ചെയ്താശു തദ്ബാഹുനൈവ ച
തത്തോ ധാരയാ ചൈവ പാനനസ്യാദിനാ പുനഃ ൨൨

പ്രക്ഷേപണാച്ച സർവ്വാംഗേഷ്വാശു നഷ്ടം ഭവേദ്വിഷം
ഗ്രഹഭൂതാദിപീഡാശ്ച ക്ഷുദ്രം രിപുകൃതം തഥാ ൨൩

അകാലമൃത്യും നിശ്ശേഷരോഗരാശിം വിനാശയേൽ
അംഭോജകർണ്ണികാമദ്ധ്യേ ചിന്തിപ്പാൻ ചൊന്നബീജവും ൨൪

ഝങ്കാരവുമതാം മന്ത്രം ജപിപ്പാനത്ര ശംബരം
പന്തിരണ്ടാമതുള്ളോരു വർണ്ണം പീയൂഷബീജമാം ൨൫

പന്തിരണ്ടായ് ച്ചരിക്കുന്നോരാത്മപൂജ മനുക്കളിൽ
അന്ത്യാക്ഷരമതായിട്ടും ജീവൻെറബീജവും തഥാ ൨൬

ഝങ്കാരമമൃതും തോയം രണ്ടും കൂടിയബീജമാം
മന്ത്രേഷു യത്ര വക്തവ്യാ പ്രിയാ സാക്ഷാദ്ധ്വവിർഭുജഃ ൨൭

തത്ര ചന്ദ്രദ്വയം ലേഖ്യമിദം ശാസ്ത്രേഷു കീർത്തിതം

* * *

ഏതത് പീയൂഷഹൃദയം മന്ത്രമെന്നുദിതം ബുധൈഃ. ൮൮

അസ്യ സങ്കല്പജപതോ വിഷമപ്യമൃതായതെ
ഭക്ഷകന്റെ ശിരസ്സിങ്കൽ ഗളേ വക്ഷസ്സിലും തഥാ ൮൯

ചിന്തിച്ചുകൊൾവൂ ബീജങ്ങളിവ മൂന്നും ക്രമാത് പുനഃ
അമൃതാകേശപാദാന്തം സ്രവിക്കുന്നെന്നു കല്പയേത് ൯൦

പുനഃ സ്വയം ഗരുഡ്മന്താം വിചിന്ത്യാനന്യചേതസാ
അനേന ജപ്തസലിലൈരഭിഷിഞ്ചേദ്വിഷാതുരം ൯൧

അനന്താദിമഹാസർപ്പൈർദ്ദഷ്ടോപ്യാശു സുഖീ ഭവേത്
ക്ഷീരാംബുപൂരസംപൂർണ്ണം ചിന്തിപ്പൂ വരുണാലയം ൯൨

തന്മദ്ധ്യദേശേ സഞ്ജാതലസത് പാണ്ഡരപങ്കജേ
കർണ്ണികാമദ്ധ്യദേശത്തു ചിന്തിക്കേണം വിഷാർത്തനെ ൯൩

തസ്യ മൂർദ്ധാവബലമ്പോടുസ്മരിപ്പൂ ചന്ദ്രമണ്ഡലം
ചന്ദ്രമണ്ഡലമദ്ധ്യത്തിൽ ജലബീജമതും പുനഃ ൯൪

ഠങ്കാരവും സ്മരിക്കേണം ചേതസാ ചഞ്ചലം വിനാ
അതിൽ നിന്നൊഴുകീടുന്ന സാന്ദ്രപീയൂഷധാരയും ൯൫

ദഷ്ടകൻ നനയുംവണ്ണം ചിന്തിപ്പൂ ചേതസാ പുനഃ
സ്വയം താർക്ഷ്യവദാകാരമവലംബ്യ ജലം ജപേത് ൯൬

തത്തോയധാരയാ ചൈവ പാനപ്രക്ഷേപണാദിഭിഃ
തക്ഷകാദിമഹാനാഗസഞ്ജാതവിഷമെങ്കിലും ൯൭

തീൎന്നുപോയിടുമന്നേരം തന്നെ വിഷാർത്തൻ സ്വസ്ഥനായ്വരും
ജലം ജപിപ്പാൻ പൂർവോക്തപീയൂഷഹൃദയം ശുഭം ൯൮

ആക്ഷേപയേതി വാക്യാദ്യൈഃ കർത്തവ്യം ദേശികോക്തവത്.

ഗരുഡമന്ത്രപ്രയോഗാന്തരം.

സംഹാരസ്തംഭനാക്ഷേപം വാമഹസ്തേന ചെയ്യണം ൯൯

സ്തോഭനാവേശനങ്ങൾക്കങ്ങപസവ്യമതാം കരം
അംഗുഷ്ഠാദിയതായുള്ള വിരലിന്മദ്ധ്യരേഖയിൽ ൧൦൦

ചിന്തിച്ചുകൊൾകവൂ ദോഷജ്ഞൻ മണ്ഡലങ്ങൾ യഥാക്രമം
മണ്ഡലങ്ങളതിന്മദ്ധ്യേ സുധാബീജമതും തഥാ ൧൦൧

തന്മദ്ധ്യേ പക്ഷിരാണ്മന്ത്രവർണ്ണവും ചിന്തയേത് ക്രമാത്
തത്തന്മണ്ഡലമദ്ധ്യത്തിൽ ധ്യായേന്മന്ത്രാക്ഷരങ്ങളും ൧൦൨

ആദ്യന്തരേഖയിൽ ധാത്രീബീജം കൂടെ സ്മരിക്കണം
പിന്നെപ്പക്ഷീന്ദ്രനേ നന്നായ ചിന്തിച്ചിട്ടിഹ ചേതസാ
[൧൦൩

സംഹാരോക്തപ്രകാരേണ ജപിച്ചിട്ടസ്യ മന്ത്രവും
തത്കരംകൊണ്ടു താഡിപ്പൂ വിഷപ്പെട്ടവനെ ദ്രുതം ൧൦൪

താവത് പ്രണശ്യതി ക്ഷ്വേളമൊക്കെയും സർപ്പദഷ്ടന്
പാർശ്വത്തിലമൃതിൻബീജം ജലബീജസമന്വിതം ൧൦൫

സ്മൃത്വാ വ്യാക്ഷേപമന്ത്രേണ താഡയേന്മതിമാൻ ഭിഷക്
തദ്ബാഹുതാഡനംകൊണ്ടും ധ്യാനയോഗജവൈഭവസ്തഥാ
[൧൦൬

ഇറങ്ങും തൽക്ഷണാൽ കീഴ്പോട്ടെല്ലാക്കാകോളവും ദൃഢം
രണ്ടുകയ്യിലുമീവണ്ണം സങ്കല്പിച്ചു വിഷാതുരം ൧൦൭

മൂർദ്ധാവിങ്കേന്നു കീഴ്പോട്ടു തടവൂ നഷ്ടമാം വിഷം
ഏവം സ്മരിച്ചു ഭസ്മാദി ജപിച്ചിട്ടു കൊടുക്കിലും ൧൦൮

ഗരളങ്ങളശേഷം പോം ക്ഷിപ്രം സങ്കല്പവൈഭവാത്
ഗുരുവും പിന്നെ മന്ത്രത്തിന്നരുവും ചൊന്നപോലിഹ ൧൦൯

ഔഷധങ്ങൾക്കു നന്നായിട്ടരവും സിദ്ധമെങ്കിലോ
ചൊന്നപോലെ ഫലിച്ചീടും ബുദ്ധിമാൻ ചൊന്നതൊക്കെയും
[൧൧൦

തസ്മാദുക്തപ്രകാരേണ ചെയ്തുകൊള്ളേണമൊക്കെയും

* * *

ഇച്ചൊന്നമന്ത്രം ചൊല്ലീട്ടു നസ്യം ചെയ്ക വിഷാത്തന് ൧൧൧
തദൈവ വിഷമോഹംപോയുണരും ദംശകൻ ദൃഢം

* * *

* * *

ജപ്ത്വൈതന്മന്ത്രമസകൃത് സുധാമയജലാപ്പ്ണാത് ൧൧൨
ക്ഷീയതേ ജംഗമം ക്ഷ്വേളം സ്ഥാവരം കൃത്രിമം തഥാ

* * *

രക്തം നില്ക്കുന്നനേരത്തു നരേന്ദ്രഃ പ്രജപേദിദം ൧൧൩
താവദ്രക്തക്ഷയംകൊണ്ടു വന്ന പീഡയൊഴിഞ്ഞുപോം.

## നീലകണ്ഠത്ര്യക്ഷരി.

വക്ഷ്യേഹം നീലകണ്ഠസ്യ ത്ര്യക്ഷരീമന്ത്രമുത്തമം ൧൧൪
യസ്യ സ്മരണമാത്രേണ ക്ഷീയതേ ഗരളാമയഃ
ഋഷിസ്ത്വരുണ ഏവാസ്യാച്ഛന്ദോഽനുഷ്ടുപ് പ്രകീർത്തിതം [൧൧൫
ശ്രീനീലകണ്ഠരുദ്രോഽഥ ദേവതാസ്യ മനോഃ പുനഃ

* * *

ഇച്ചൊന്നമന്ത്രം ജപ്തവ്യം ക്ഷേത്രാല്ലക്ഷത്രയം ക്രമാത് ൧൧൬
മന്ത്രദേവതതാനപ്പോൾ പ്രസാദിക്കുമിമം പ്രതി

* * *

* * *

ഹൃദയാദ്യസ്ത്രപര്യന്തമംഗേഷ്വേതാനി യോജയേത് ൧൧൭
ആചാര്യമതഭേദം ച ജ്ഞാതവ്യം ജപകർമ്മണി

## ധ്യാനം.

ബാലാർക്കായുതതേജസം ധൃതജടാ-
ജൂടേന്ദുഖണ്ഡോജ്ജ്വലം
നാഗേന്ദ്രൈഃ കൃതഭൂഷണം ജപവടം
ശൂലം കപാലം കരൈഃ
ഖട്വാംഗം ദധതം ത്രിണേത്രവിലസത്
പഞ്ചാനനം സുന്ദരം
വ്യാഘ്രത്വക്പരിധാനമബ്ജനിലയം
ശ്രീനീലകണ്ഠം ഭജേ. ൧൧൮

### ത്ര്യക്ഷരീമന്ത്രപ്രയോഗക്രമവും ഫലവും.

ഏവം ധ്യാനിച്ചു തത്ക്ഷേത്രേ നൈരൃത്യാം ചെന്നിരുന്നു [ടൻ ൧൧൯

മൂന്നലക്ഷം ജപിക്കേണം പൂൎവ്വോക്തവിധിനാ ഭിഷക്.
ഏഷ സ്തംഭനനാശാദി മുൻപേ ചൊന്നവയൊക്കയും ൧൨൦

സാധിക്കാമിതിനെക്കൊണ്ടും ജപധ്യാനാദികൎമ്മഭിഃ
ലലാടേ ഹൃദയേ നാഭൌ ധ്യായേന്മന്ത്രാക്ഷരത്രയം ൧൨൧

തജ്ജപ്താംഭോഽഭിഷേകേണ സുഖീ ഭൂയാദപസ്മാതുരഃ
നെററിമേൽ നെഞ്ചിലും പിന്നേ പിൻകഴുത്തിങ്കലും ക്രമാത്
[൧൨൨

മന്ത്രാക്ഷരം ന്യസിച്ചിട്ടു ജപിച്ചാൽ തുള്ളുവൻ ദ്രുതം
മദ്ധ്യാക്ഷരത്തെ നെററിക്കും നെഞ്ചിലന്ത്യാക്ഷരത്തെയും ൧൨൩

നാഭിക്കാദ്യാക്ഷരം ന്യസ്യ ജപിപ്പൂ പ്രതിലോമതഃ
എന്നാൽ വിഷം കരേറീടും മോഹിക്കും വിഷദഷ്ടകൻ ൧൨൪

കൎത്തവ്യമല്ലതെന്നോൎത്തു സന്ത്യജിക്കേണമേവരും
അന്ത്യാക്ഷരം ലലാടത്തിലുരസ്സിൽ പ്രഥമാക്ഷരം ൧൨൫

നാഭൌ മദ്ധ്യാക്ഷരം ന്യസ്താ ജപേത്തദവിഷനാശനം
അന്ത്യാക്ഷരം പിൻകഴുത്തിലുരസ്സിൽ പൂൎവ്വവൎണ്ണവും ൧൨൬

നെററിമേൽ നടുവേയുള്ള മന്ത്രവും ചിന്തചെയ്തുടൻ
അത് ക്രമേണ ജപിച്ചീടിൽ ഗരളസ്തംഭനം ഭവേത് ൧൨൭

മദ്ധ്യമാക്ഷരമാദിക്കും പ്രഥമം മദ്ധ്യമത്തിലും
ചേൎത്തുകൊണ്ടു ജപിച്ചീടിൽ സംക്രമിക്കും വിഷം ക്ഷണാത്
[൧൨൮

മാരോകൎമ്മത്തിനെല്ലാമേ നിറവും മണ്ഡലങ്ങളും
പഞ്ചാക്ഷരപ്രയോഗത്തിൽ ചൊന്നപോലോൎത്തുകൊള്ളണം
[൧൨൯

സാദ്ധ്യമാഭ്യാന്തു മന്ത്രാഭ്യാം ധീമതാം പഞ്ചകൎമ്മവും
വിഷസംഹരണേ മന്ത്രൈഃ പ്രോക്താ യാ വൈ ക്രിയാ മയാ
[൧൩൦

സാഹസേന സമം ചൈതത് ക്ഷിപ്രസിദ്ധ്യൈ ഭവിഷ്യതി.
[൧൩൧

ഇതി ജ്യോത്സ്നികായാം
മന്ത്രപ്രയോഗാധികാരം സമാപ്തം.

## അധികാരം ൨൧.

### വൈദ്യപാരമ്പൎയ്യം.

പുരാ പ്രജാനാം രക്ഷാൎത്ഥം കമലോത്ഭവനഞ്ജസാ
വൈദ്യശാസ്ത്രങ്ങൾ നിൎമ്മിച്ചിട്ടവയെല്ലാം സലക്ഷണം ൧

ദക്ഷപ്രജാപതിക്കായിക്കൊടുത്താനവനും പുനഃ
അശ്വിനീദേവകൾക്കൊക്കെ പഠിപ്പിച്ചതു സാദരം ൨

പുരുഹൂതനുമവ്വണ്ണമവരോടു ഗ്രഹിച്ചിതു്
അവനാൽ ദത്തമായ്വന്നിതത്രിപുത്രാദികൾക്കിഹ ൩

അത്രിമാമുനിപുത്രന്മാരാദിയായ മഹത്തുകൾ
മററുള്ള മുനിമാൎക്കെല്ലാം ദ്വിജന്മാൎക്കും കൊടുത്തിതു ൪

അവരോടു ഗ്രഹിച്ചിട്ടും പലരുണ്ടായി ഭൂതലേ
തത്ര കാശ്യപഗോത്രത്തിൽ സംഭവിച്ചു ഗുരുൎമ്മമ. ൫

ശ്രീപുരീശഗിരീശസ്വ പൂജായാം തല്പരസ്സ വൈ
യസ്യ വാഗമൃതേനൈവ വിഷാവിഷ്ടസ്സുഖീ ഭവേത് ൬

താദൃശസ്യ ഗുരോരാസീദാത്മജശ്ചാത്മസന്നിഭഃ
താവുഭൌ വാസുദേവാഖ്യൌ വാസുദേവശിവപ്രിയൌ ൭

സ്വകൎമ്മണാ ച തപസാ ദ്യോതമാനൌ ദ്വിജോത്തമൌ
കാശ്യപാന്വയവീൎയ്യാച്ച സംപ്രദായബലേന ച ൮

വിഷസംഹരണേ ദക്ഷാവേതൌ ഭൂസുരസത്തമൌ
താഭ്യാം ഗുരുഭ്യാമാജ്ഞപ്തഃ കൃപയാ വൈദ്യകൎമ്മണി. ൯

വിശേഷാന്മാതുലേനാഹം നിയുക്തോ ഹംസയോഗിനാ
തേഷാം കൃപാബലാവാപ്ത വൈദ്യലേശേന നിൎമ്മിതാ, ൧൦

നാരായണേന ഭാഷേയം ചികിത്സാ ജ്യോത്സ്നികാഭിധാ
ആചാൎയ്യകരുണാപൂൎണ്ണസുധാഭാനുവതെപ്പൊഴും ൧൧

ആധാരമായ് ഭവിക്കേണം മദ്രുകതജ്യോത്സ്നികയ്ക്കിഹ
സാധുക്കളിതിലേതാനും പിഴയുണ്ടെങ്കിലൊക്കെയും ൧൨

പാലിൽ കീലാലബിന്ദുക്കളെന്നപോലോൎത്തുകൊള്ളുവിൻ
കല്യാണമായവാക്യത്തിലകല്യം തെല്ലിരിക്കിലും ൧൩

അത്തും കല്യാണമായിട്ടും വാല്മീകേരന്നഭ്രതിവത്
തസ്മാദ് ഗുരൂണാം ദേവാനാം സതാം ച വിദുഷാമപി ൧൪

അസ്തു സംമൃക് സദാ മോദസ്തേഭ്യഃ പ്രതിദിനം നമഃ
ഇയം ലോകോപകാരാൎത്ഥം ചികിത്സാ ജ്യോത്സ്നികാനിശം
ഗുരോരദഭ്രകാരുണ്യാദചിലസത്ചവനീതലേ. ൧൫

ഇതി ജ്യോത്സ്നികായാം

വൈദ്യപാരമ്പൎയ്യാധികാരം

സമാപ്തം.

---

ശുഭം ഭൂയാത്.

## അനുബന്ധം.

### വിഷാൎത്തന്മാൎക്കുണ്ടാകാവുന്ന ഉപദ്രവഭേദങ്ങൾ.

ജ്വരകാസവമിശ്വാസ-
ഹിധ്മാതൃണ്മാതിമൂൎച്ഛനം
വിശോഭേദോ/തികാറിന്യ-
മാനാഹോ വസ്തിമൂൎദ്ധ്രുക്. ൧

ശ്വയഥുഃ പൂതിദംശത്വം
രക്തസ്രാവോ വിഷാനിലഃ
ഇതി ഷോഡശ നിൎദ്ദിഷ്ടാ
വിഷാൎത്താനാമുപദ്രവാഃ. ൨

ഗച്ഛന്ത്യപേക്ഷിതാ നാശം
യൈൎജ്ജുഷ്ടാ വിഷരോഗിണഃ.

സാരം:—ജ്വരം, കാസം, ഛൎദ്ദി, ശ്വാസരോഗം, ഇക്കിൾ, തണ്ണീൎദാഹം, മോഹാലസ്യം, വിഡ്ഭേദം, വിഡ്ബന്ധം, വയറടപ്പു്; ആനാഹലക്ഷണം താഴെ ചേൎക്കുന്നു:—

„ആമം ശകൃദ്വാ നിചിതം ക്രമേണ
ഭൂയോ വിബദ്ധം വിഗുണാനിലേന
പ്രവൎത്തമാനം ന യഥാസ്വമേനം
വികാരമാനാഹമുദാഹരന്തി.”

വസ്തിനോവ്, തലനോവ്വ്, ശോഫം, ദംശത്തിനു ദുൎഗ്ഗന്ധമുണ്ടായിരിക്കുക, രക്തസ്രാവം, വിഷംനിമിത്തമുണ്ടാകുന്ന വാതകോപം (വിഷബാധനിമിത്തം ദുഷ്ടമായ വായു ഉന്മാദാപസ്മാരാദിരോഗങ്ങളെ ഉണ്ടാക്കുന്നു എന്നു സാരം) ഇപ്രകാരം വിഷാൎത്തന്മാൎക്കു ജ്വരാദി പതിനാറു് ഉപദ്രവരോഗങ്ങൾ ഉണ്ടാകുന്നുണ്ടു്. അവയെ പെട്ടെന്നു ചികിത്സിച്ചു ഭേദപ്പെടുത്തണം. അല്ലെങ്കിൽ അവ വിഷാതുരന്മാരെ നശിപ്പിക്കുന്നതാണു്.

(൧) വിഷജ്വരചികിത്സ.

രാജവൃക്ഷഫലോശീര-
കാശ്മൎയ്യഘനപദ്മകാൻ. ൩

കചാഥഃ സശക്കരാക്ഷൌദ്രോ
വിഷജ്വരഹരഃ പരം.

കൊന്നക്കായ്, രാമച്ചം, കുമ്പിൾ, മുത്തങ്ങ, പതിമുകം ഇവ കഷായംവച്ച് തേനും, പഞ്ചസാരയും ചേൎത്തു കുടിച്ചാൽ വിഷജ്വരത്തിന് ഏററവും നല്ലതാണ്.

പീതാ തണ്ഡുലതോയേന
കടുകാ സസിതോപലാ. ൪

വിഷജ്വരഹരാജാജീ-
ജീവകഷഭകോല്പലം
കോലമജ്ജസിതാധാന്യ-
ഭാൎങ്ഗീയഷ്ട്യാഹ്വകേസരം. ൫

വിഷജ്വരവമിശ്വാസ-
കാസതൃണ്ണാനിബഹ്ണം.

കടുകരോഹണി അരിക്കാടിയിൽ അരച്ചുകലക്കി തെളിച്ചെടുത്തു കല്ക്കണ്ടംപൊടിച്ചുചേൎത്തു കുടിച്ചാൽ വിഷംനിമിത്തമുണ്ടായ ജ്വരം നശിക്കുന്നു.

ജീരകം, ജീവകം, ഇടവകം, ചെങ്ങഴിനീക്കിഴങ്ങു, ലന്തക്കുരു കൊത്തമ്പാലരി, ചെറുതേക്ക്, ഇരട്ടിമധുരം, നാകപ്പൂവ് ഈ മരുന്നുകൾകൊണ്ടുണ്ടാക്കിയ കഷായം പഞ്ചസാരചേൎത്തു കുടിച്ചാൽ വിഷജ്വരം, ഛൎദ്ദി, ശ്വാസം, കാസം, തണ്ണീൎദാഹം ഇവയെ ശമിപ്പിക്കുന്നതാണ്.

ത്രിഫലാരഗ്വധവ്യാഘ്രീ-
കചാഥോ ജ്വരവിബന്ധജിൽ. ൬

ബാലവില്വവചാമുസ്താ-
കഷായഃ സപുനൎന്നവഃ
ജ്വരാഗ്നിസാദശ്വയഥൂൻ
നിഹന്തി വിഷസംഭവാൻ. ൭

ത്രിഫലത്തോട്ടു, കൊന്നവേർ, ചെറുവഴുതിനവേർ ഈ കഷായം വിഷസംബന്ധമായ ജ്വരം, മലബന്ധം, സ്രോതോബന്ധം ഇവയെ നശിപ്പിക്കുന്നു.

ഇളയക്രുവളക്കായ, വയമ്പു്, മുത്തങ്ങ, തമിഴാമവേർ ഇവ കൊണ്ടുണ്ടാക്കിയ കഷായം വിഷംനിമിത്തമുണ്ടാകുന്ന ജ്വരം, അഗ്നിമാന്ദ്യം, ശോഫം ഇതുകളെ നശിപ്പിക്കുന്നു.

വൈദേഹികാ രാമഠകം
കപിത്ഥരസസൈന്ധവം
സസിതാമാക്ഷികം ലീഢം
ശ്വാസകാസജ്വരാപഹം. വൃ

ചെറുതിപ്പലി, കായം, വിളാങ്കായ് പഴുത്തതിന്റെചാറു്, ഇന്തുപ്പു് ഇവ പഞ്ചസാരയും, തേനും ചേൎത്തു കുഴച്ചു നക്കിയാൽ വിഷാത്തനുണ്ടാകുന്ന ജ്വരം, കാസം, ശ്വാസം ഇവയെല്ലാം നശിക്കുന്നതാണു്.

(൨) വിഷകാസചികിത്സ.

സദ്രാക്ഷാനാഗരാം കൃഷ്ണാ-
മഥവാ സവരാഫലാം
ലീഢ്വാജ്യമധുനാ കാസാ-
ന്മുച്യതേ വിഷസംഭവാൽ. ൻ

തിപ്പലിചൂൎണ്ണത്തെ, മുന്തിരിങ്ങയും ചുക്കും ചേൎത്തു തേനും നെയ്യും കൂട്ടി കുഴച്ചോ, അല്ലെങ്കിൽ ത്രിഫലയും മുത്തങ്ങയുംചേൎത്തു തേനും, നെയ്യുംകൂട്ടി കുഴച്ചോ നക്കിയാൽ വിഷകാസം ശമിക്കുന്നതാണു്.

സപാഠാഞ്ജനമഞ്ജിഷ്ഠാം
ദ്വിനിശാമധുകാം തഥാ
യഷ്ട്യാഹ്വാമംഭസാ പീത്വാ

പാടക്കിഴങ്ങു, അഞ്ജനക്കല്ലു, മഞ്ചട്ടി ഇവയൊ, മഞ്ഞൾ, മരമഞ്ഞൾ, ഇരട്ടിമധുരം ഇവയൊ, ചേൎത്തു തിപ്പലിചൂൎണ്ണത്തെ മുൻപെ പറഞ്ഞതുപോലെ തേനും, നെയ്യുംകൂട്ടി കുഴച്ചു നക്കുന്നതും വിഷകാസത്തിനു നല്ലതാണു്. ഇരട്ടിമധുരം പൊടിച്ചു പച്ച വെള്ളത്തിൽ കലക്കികുടിക്കുന്നതുകൊണ്ടും വിഷകാസം തീരുന്നതാണു്.

### (൩) വിഷഛൎദ്ദിചികിത്സ.

മരിചൈരവചൂൎണ്ണിതം. ൧൦

വിഷവമ്യാം പിബേൽ കഷായം
ബിലമൂലാദ്രജോ/ഥവാ
ധാത്രീപത്രുഷകദ്രാക്ഷാ-
മധുകം പയസാ ശൃതം ൧൧

കൂവളത്തിൻവേർ കഷായംവെച്ച് അതിൽ കുരുമുളകുപൊടിചേൎത്തു കുടിച്ചാൽ വിഷഛൎദ്ദി മാറുന്നതാണ്.

കൂവളത്തിൻവേർ ഉണക്കിപ്പൊടിച്ചപൊടിയോ നെല്ലിക്ക, ചിററീന്തൽ, മുന്തിരിങ്ങ, ഇരട്ടിമധുരം ഇവററിൻപൊടിയോ പാലിൽകലക്കി കുടിച്ചാലും വിഷഛൎദ്ദി മാറുന്നതാണ്.

സേലുലാജഫലനോശീര-
യഷ്ട്യേലാകണകേസരം
ലിഹ്യാന്മരിചകുംഭം വാ
ഘൃതപുഷ്പരസപ്ലുതം. ൧൨

നറുവരി, മലര്, മുത്തങ്ങ, രാമച്ചം, ഇരട്ടിമധുരം, ഏലത്തരി, തിപ്പലി, നാകപ്പൂവ് ഇവയെ പൊടിച്ചു നെയ്യും, തേനും കൂട്ടി കുഴച്ചു നക്കുകയൊ, കുരുമുളകും ത്രികോല്പക്കൊന്നയും പൊടിച്ചു മേൽപ്രകാരം നെയ്യും, തേനും ചേൎത്തു നക്കുകയൊ ചെയ്താൽ വിഷഛൎദ്ദി വേഗം ശമിക്കുന്നു.

ക്ഷീരിവൃക്ഷാംകുരക്ഷൌദ്ര-
സിതാസ്തൃഡ്വമഥുച്ഛിദഃ.

നാല്പാമരമൊട്ട്, തേനും, പഞ്ചസാരയും ചേൎത്തുപയോഗിച്ചാൽ വിഷജന്യമായ തൃഷ്ണയും ഛൎദ്ദിയും തീരും.

ജീൎണ്ണശാല്യോദനം ക്ഷൌദ്രം
ക്ഷീരം ചന്ദനസാധിതം. ൧൩

ശീതാം/ഭോ/നുപിബേദ്ഭുക്ത്വാ
വമിഷച്ഛൎദ്ദിമപോഹതി.

പഴയചെന്നെല്ലരിച്ചോറ, തേൻ, ചന്ദനമിട്ടു കാച്ചിയ പാല് ഇവ കഴിക്കുകയും അനന്തരം തണുത്ത ജലം കുടിക്കുകയും ചെയ്താൽ വിഷഛൎദ്ദി മാറുന്നതാണ്.

(൪) വിഷശ്വാസചികിത്സ.

തൈലഗോവിഡ്രസക്ഷൌദ്രൈ-
ല്ലിഢ്വാൽ കൃഷ്ണാപ്രിയംഗുകേ. ൧൪

ശ്വാസീ ക്ഷൌദ്രേണ വാ ദ്രാക്ഷാ-
ശൃംഗി മാഗധികാ സിതാ
ഗുഡനാഗരവൈദേഹീ-
വിജയാമലകാനി വാ. ൧൫

തിപ്പലി, ഞൊഴൽപ്പൂവ് ഇവയുടെ ചൂൎണ്ണം തൈലം, പശുവിൻചാണകനീരു, തേൻ ഇവയിൽ കുഴച്ചു നക്കുകയൊ, മുന്തിരിങ്ങ, കക്കടശൃംഗീ, തിപ്പലി ഇവയെ തേനും പഞ്ചസാരയും ചേൎത്തു നക്കുകയൊ, ചുക്കു, തിപ്പലി, കടുക്ക, നെല്ലിക്ക ഇവയെ തേനും ശക്കരയും ചേൎത്തു സേവിക്കുകയൊ ചെയ്യുന്നതു കൊണ്ടു വിഷശ്വാസം ശമിക്കുന്നതാണ്.

(൫) വിഷഹിധ്മാചികിത്സ.

ഹിധ്മായാം ശംഖകനക-
കടുകാസ്വൎണ്ണഗൈരികം
വേല്ലശുണ്ഠീകണോശീര-
രജനീദ്വിതയാനി വാ. ൧൬

ലിഢ്വാദ്വാ വ്യോഷമൃദ്വീകാം
ബീജപൂരരസേന വാ
സക്ഷൌദ്രം വാളകരജഃ
ക്വാഥം വാ സഗുഡം പിബേൽ. ൧൭

വിശ്വഭേഷജഗായത്രീ-
ഹരിദ്രാമരദാരുജം
ദന്തീന്ദ്രവാരുണീദ്വീപീ-
കല്കം സൌവീരകേണ വാ. ൧൮

വിഷാൽതന്നു് ഇക്കിൾ ഉപദ്രവരോഗമായിക്കാണുമ്പോൾ ശംഖം, സ്വൎണ്ണം, കടുരോഹണി, പൊൻകാവി ഈ മരുന്നുകളേയൊ, അല്ലെങ്കിൽ വിഴാലരി, ചുക്കു, തിപ്പലി, രാമച്ചം, മഞ്ഞൾ, മരമഞ്ഞത്തൊലി ഇതുകളേയൊ പൊടിച്ചു തേനിൽ കുഴച്ചു

നക്കുവാൻ കൊടുക്കണം. ചുക്കു, മുളകു, തിപ്പലി, മുന്തിരിങ്ങാപ്പഴം ഇവയെ മാതളംപഴച്ചാററിലൊ, തേനിലൊ കൊടുക്കുകയും ആവാം. ഇരുവേലി പൊടിച്ചു തേനിൽകുഴച്ചു നക്കുന്നതും, ചുക്കു, കരിങ്ങാലി, മഞ്ഞൾ, മരമഞ്ഞൾ, ദേവതാരം ഇവ കഷായം വച്ചു ശക്കരചേൎത്തു കൊടുക്കുന്നതും, അല്ലെങ്കിൽ നാഗദന്തിവേർ, ചെറിയകാട്ടുവെള്ളരിവേർ കണ്ടകാരിച്ചുണ്ടവേർ (പുലിച്ചുവടി എന്നും) ഇവ അരച്ചു കാടിയിൽ കലക്കി കൊടുക്കുന്നതും നല്ലതാണ്.

### (൬) വിഷതൃഷ്ണാചികിത്സ.

വിഷവേഗസമുത്ഥായാം
തൃഷ്ണായാം ലാജതൎപ്പണം
ശക്കരാഢാഢിമക്ഷൌദ്ര-
സലിലാപ്ലാവിതം പിബേൽ. ൯

വടവേതസജംബ്വാമ്ര-
സേവ്യതോയം ച ശീതളം.

വിഷവേഗംനിമിത്തം തൃഷ്ണ ഉണ്ടായാൽ ശുദ്ധജലത്തിൽ മലരപ്പൊടി കലക്കി പഞ്ചസാരയും, മാതളംപഴച്ചാറും, തേനും ചേൎത്തു കുടിക്കുവാൻ കൊടുക്കണം.

പേരാല്, ആററുവഞ്ചി, ഞാവൽ, മാവ് ഇതുകളുടെ തളിര്, രാമച്ചം ഇവ യഥായോഗ്യം കഷായംവച്ചു തണുപ്പിച്ചെടുത്ത ജലം കൊടുക്കുന്നതും നല്ലതാണ്.

ലാജതൎപ്പണം :—

"ദാഹവമ്യൎദ്ദിതം ക്ഷാമം
നിരന്നം തൃഷ്ണയാന്വിതം
ശക്കരാമധുസംയുക്തം
പായയേല്ലാജതൎപ്പണം."

### (൭) വിഷമൂൎച്ഛാചികിത്സ.

തൃണ്മൂൎച്ഛയോരാശിരസോ
ലേപസേകാ ഹിമാ ഹിതാഃ. ൧൦

അംഭോജനാളകുസുമ-
ചന്ദനോശീരമൌക്തികൈഃ
വൈഹായസസിതാതോയ-
ക്ഷീരാജ്യേക്ഷുരസാപ്ലുതൈഃ. ൨൧

തൃൺമൂർഛാവികാരങ്ങളോടുകൂടിയ വിഷാതുരന്മാൎക്കു— താമരവളയം, താമരപ്പൂവ്, ചന്ദനം, രാമച്ചം, മുത്ത് ഇവയെ അരച്ച് അന്തരിക്ഷജലം, പഞ്ചസാരകലക്കിയവെള്ളം, പാല്, നെയ്യ്, കരിമ്പിൻചാറ് ഇതുകളിൽ കുഴച്ച് അതുകൊണ്ടു സൎവ്വാംഗലേപവും മേൽപറഞ്ഞ ദ്രവ്യങ്ങളെക്കൊണ്ടുതന്നെ ശീതമായ സൎവ്വാംഗധാരയും നല്ലതാണ്.

കമലോല്പലകിഞ്ജല്ക-
പടലാവൃതവാരിഷു
വിഷതൃഡ്ദാഹമൂർഛാഘ്നം
സരസീഷ്വവഗാഹനം. ൨൨

താമര, കരിംകൂവളം (നീലത്താമര എന്നും ആമ്പൽ എന്നും) ഇവയുടെ പുഷ്പങ്ങളെക്കൊണ്ടും കേസരങ്ങളെക്കൊണ്ടും വെള്ളം തീരെ കാണ്മാൻ പാടില്ലാതേയുള്ള കുളത്തിലെ വെള്ളത്തിൽ മുങ്ങുന്നതും വിഷവേഗംകൊണ്ടുണ്ടായ തൃഡ്ദാഹമൂർഛകളെ ശമിപ്പിക്കുന്നതിനു നല്ലതാണ്.

(൮) വിഷജ്വരാതിസാരചികിത്സ.

ഭൂനിംബമുസ്തകടുകാ-
ത്രായന്തീന്ദ്രയവാൻ സമാൻ
ദൈവ ഭാഗൈവ ചിത്രകാദഷ്ടൌ
കുടജാദ്വാരിണാ പിബേൽ. ൨൩

വിഷാതിസാരോദാവൎത്ത-
കാസശ്വാസജ്വരാപഹം.

പുത്തരിച്ചുണ്ട (നിലവേപ്പ് എന്നും), മുത്തങ്ങ, കടുകുരോഹണി, ത്രായന്തി, കുടകപ്പാലയരി ഇവ ഓരോന്നും തുല്യമായും, കൊടുവേലി ഇരട്ടിയും (ഭൂനിംബാദി ഏതെങ്കിലും ഒന്നിന്റെ ഇരട്ടി) കുടകപ്പാലവേരിൻതൊലി, ഭൂനിംബത്തിന്റെ എട്ടിരട്ടി ഇവയെല്ലാം

ഉണക്കിപ്പൊടിച്ച ശുദ്ധജലത്തിൽ കലക്കിക്കുടിച്ചാൽ വിഷം നിമിത്തമുണ്ടായ അതിസാരം, ഉദാവൎത്തം, കാസം, ശ്വാസം, ജ്വരം ഇവയെല്ലാം ശമിക്കുന്നതാണ്.

ലോധ്രമോചരസാംബഷ്ഠാ
ധാതകീസ്തണ്ഡുലാംബുനാ. വ ൪

സമാക്ഷികാഃ പിബേത്തദ്വ-
ന്നാഗരാതിവിഷാഭയാഃ
സധാതകീഃ സകുടജാഃ
സാഞ്ജനാഃ ശ്ലക്ഷ്ണചൂൎണ്ണിതാഃ. വ ൫

പാഠാനാഗരചൂൎണ്ണം വാ
ദധ്നാ യുക്തം സമാക്ഷികം.

പാച്ചോററി, ഇലവൎങ്ങപ്പശ, പാടക്കിഴങ്ങ് (അമ്പഴത്തിൻതൊലി), താതിരിപ്പൂവ് ഇവയേയും ചുക്ക്, അതിവിടയം, കടുക്കാത്തോട്, താതിരിപ്പൂവ്, കുടകപ്പാലരി, അഞ്ജനക്കല്ല് ഈ മരുന്നുകളേയും പ്രത്യേകം ഉണക്കിപ്പൊടിച്ച കാടിവെള്ളത്തിൽ കലക്കി തേൻകൂട്ടി കുടിച്ചാലും,

പാടക്കിഴങ്ങ, ചുക്ക് ഇവ പൊടിച്ച തേനും, തൈരും ചേൎത്തുപയോഗിച്ചാലും വിഷംനിമിത്തമുണ്ടായ അതിസാരം ശമിക്കുന്നതാണ്.

വിഷംനിമിത്തമുണ്ടായ
(൬) ഉദാവൎത്തം (൬൦) ആനാഹം (൬൬) വസ്തിശൂലം
ഇവയുടെ ചികിത്സ.

വസ്തിരുഗ്വൎത്തനാഹേഷു
ഫലവൎത്തിം പ്രയോജയേൽ. വ ൬

സാരഗ്വധാം സത്രിവൃതാം
സോപകുല്യാം ഹരീതകീം
പിബേദ് ഘൃതേന സക്ഷൌദ്രാം
വസ്തിശൂലാദിനാശിനീം. വ ൭

വിഷബാധനിമിത്തം വസ്തിനോവ്, ഉദാവൎത്തം, ആനാഹം ഈ ഉപദ്രവങ്ങൾ ഉണ്ടായാൽ അവിടെ ഫലവൎത്തി ഉപയോഗപ്പെടുത്തണം.

ഫലവത്തി:—

,,ഘൃതാഭ്യക്താ ഗുദേ ക്ഷിപ്താ
ശ്ലക്ഷ്ണാ സ്വാംഗുഷ്ഠസന്നിഭാ
മലപ്രവത്തിനീ വത്തിഃ
ഫലവത്തിശ്ച സാ സ്മൃതാ.''

ഉദാവത്തം:—

,,വാതമൂത്രപുരീഷാണാം
സംഗോദ്ധ്മാനം ക്ലമോ രുജാ
ജഠരേ വാതജാശ്ചാന്യേ
രോഗാഃ സ്യുർവ്വാതനിഗ്രഹാൽ.''

ഇത്യാദി.

കണിക്കൊന്ന, ത്രികോല്പക്കൊന്ന, നാഗദന്തി ഇവയിൽ ഏതെങ്കിലും ഒന്നിനോടുകൂടി കടുക്ക (പൊടിയാക്കിയൊ, കഷായംവച്ചിട്ടൊ) തേനും, നെയ്യും ചേൎത്തുപയോഗിച്ചാൽ വസ്തിനോവുമുതലായവ ശമിക്കുന്നതാണ്.

ഗൃഹധൂമനതശ്യാമാ-
നീലിനീതണ്ഡുലീയകൈഃ
സിദ്ധം വാജ്യം തഥാസിദ്ധം
വരാക്വാഥത്രിവൃദ്യുതം. വ. വൃ

പുകയറ (ഇല്ലനക്കരി), തകരം, നാൽകോല്പക്കൊന്ന, അമരി, ചെറുചീര ഇവയെക്കൊണ്ടു നെയ്യുകാച്ചി ഉപയോഗിക്കുകയൊ, ത്രിഫലക്കഷായത്തിൽ ത്രികോല്പക്കൊന്നപ്പൊടിയും നെയ്യും (വെറുംനെയ്യ്) ചേൎത്തുപയോഗിക്കയൊ ചെയ്താൽ മുൻപറഞ്ഞ വസ്തിനോവുമുതലായ ഉപദ്രവങ്ങൾ എല്ലാം മാറുന്നതാണ്.

(൧൨) വിഷബാധനിമിത്തമുണ്ടായ തലവേദനയ്ക്കു ചികിത്സ.

കാകോളീക്ഷീരിവൃക്ഷത്വഗ്-
ദ്രാക്ഷായഷ്ട്യാഹ്വശർക്കരാഃ
നസ്യം വിഷശിരോരുഗ്ഘ്നം
സംയോജ്യം ശീതവാരിണാ. ൨൯

കാകോളി, നാല്പാമരത്തൊലി, മുന്തിരിങ്ങ, ഇരട്ടിമധുരം ഇവകൾ പൊടിച്ചു ശുദ്ധശീതജലത്തിൽ കലക്കി പഞ്ചസാരയും ചേൎത്ത് അതുകൊണ്ടു നസ്യംചെയ്താൽ വിഷംനിമിത്തമുണ്ടായ തലവേദനമാറുന്നതാണ്.

(൧൩) വിഷശോഫചികിത്സ.

ശോഫേ ശുദ്ധകോഷ്ഠസ്യ
പയഃ പാനേ ഹിതം ശൃതം
വിശ്വഭേഷജവൈദേഹീ-
കടുകാദേവദാരുഭിഃ. ൩൦

സുരസാമൂലകല്കേ വാ
ഛാഗം വാ പിപ്പലീശൃതം.

വിഷശോഫത്തിൽ വമനവിരേചനങ്ങളെക്കൊണ്ടു ശുദ്ധി വരുത്തീട്ടു ചുക്കു, തിപ്പലി, കടുകരോഹിണി, ദേവതാരം ഈ മരുന്നുകൾ ഇട്ടു കാച്ചിയ പാലൊ, തുളസി(ചിററരത്ത)വേർകൊണ്ടു കാച്ചിയ പാലൊ, തിപ്പലി ഇട്ടുകാച്ചിയ ആട്ടിൻപാലൊ കുടിക്കുന്നതു നല്ലതാണ്.

ത്രിഫലായാഃ കഷായേണ
ത്രിവൃതാ ഭാവിതാ ത്ര്യഹം. ൩൧

ആലോഡ്യ സൎപ്പിഷാ പീതാ
വിഷശോഫനാശിനീ.

ത്രിഫലക്കഷായത്തിൽ ത്രിവൃതാചൂൎണ്ണം മൂന്നുദിവസം ഭാവനചെയ്തെടുത്തു നെയ്യിൽ കുഴച്ചു സേവിച്ചാൽ വിഷശോഫം ശമിക്കും.

മധുവേല്ലവരാവ്യോഷ-
സുരാഹ്വാശീരപദ്മകൈഃ. ൨൨

വിഷശ്വയഥുജില്ലേപ-
സ്തഥാ സ്വാദുകഷായകൈഃ.

തേൻ, വിഴാലരി, ത്രിഫല, ത്രികട്ടു, ദേവതാരം, രാമച്ചം, പതിമുകം ഈ ഔഷധങ്ങളെക്കൊണ്ടും, മധുരകഷായരസപ്രധാനങ്ങളായ മററു ദ്രവ്യങ്ങളെക്കൊണ്ടും ലേപനംചെയ്യുന്നതു വിഷശോഫത്തിനു നല്ലതാണ്.

ശിരീഷപുഷ്പാഹിശിരോ-
നതകുഷ്ഠൈർഘൃതാന്വിതഃ. ൨൩

ധൂപോഽഗദഃ ശ്വയഥുജിൽ
സമസ്തവിഷനാശനഃ.

വാകപ്പൂവ്, സപ്പശിരസ്സ്, തകരം, കൊട്ടം ഈ ഔഷധങ്ങൾ ഘൃതംചേൎത്തു ധൂപനംചെയ്യുന്നതുകൊണ്ടു വിഷശോഫവും, എല്ലാ വിഷങ്ങളും തീരുന്നതാണ്.

(൧൪) പൂതിദംശചികിത്സ.

അല്പേനാപ്യപചാരേണ
ദംശഃ പൂതിതാമശ്നുതേ. ൨൪

പ്രായോ ന സഹതേ തീക്ഷ്ണ-
മുഷ്ണം വാ ഭേഷജം വിഷം.
മധുരസ്നിഗ്ദ്ധശീതാനി
യുഞ്ജ്യാത്തസ്മാദ്വിഷവ്രണേ. ൨൫

സേകാലേപാംശ്ച സക്ഷീരൈഃ
കഷായൈഃ ക്ഷീരിവൃക്ഷജൈഃ.

അല്പമായ അപഥ്യാചരണംകൊണ്ടുപോലും ദംശവ്രണത്തിനു ദുൎഗ്ഗന്ധം ഉണ്ടാകുന്നു. വിഷവ്രണങ്ങൾക്കു തീക്ഷ്ണോഷ്ണാദിഗുണയുക്തങ്ങളായ ഔഷധങ്ങൾ ഹിതമല്ല. അവിടെ മധുരസ്നിഗ്ദ്ധശീതങ്ങളായ ഔഷധങ്ങളെ ഉപയോഗപ്പെടുത്തണം.

വിഷവ്രണങ്ങളിൽ നാല്പാമരക്കഷായം പാലുചേൎത്തു ധാര ചെയ്കയും, നാല്പാമരത്തൊലി പാലിൽ അരച്ചു തേക്കുകയും ചെയ്യുന്നതു നല്ലതാണ്.

ന്യഗ്രോധശൃംഗമധുക-
തിലസർഷപസൈന്ധവം. ൩൬

സാഭയാ നിംബ*പത്രാജ്യം
ദംശപൂതിത്വനാശനം
കർണ്ണികാപാതനം ശ്രേഷ്ഠം
വിഷവ്രണവിനാശനം. ൩൭

പേരാൽമൊട്ട്, ഇരട്ടിമധുരം, എള്ള, ചെറുകടുക്, ഇന്തുപ്പ, കടുക്കാത്തോട്, വേപ്പില, നെയ്യ് ഈ ഔഷധപ്രയോഗം കൊണ്ടു വിഷവ്രണങ്ങളിലുള്ള ദുർഗ്ഗന്ധം ഇല്ലാതാവുകയും, കർണ്ണികകൾ വീണുപോകയും, വിഷവ്രണം ഉണങ്ങുകയും ചെയ്യും.

(൧൫) രക്തസ്രാവചികിത്സ.

രക്തേ സ്രവത്യതിഭൃശം
ഘൃതം സമരിചം പിബേൽ
തണ്ഡുലീയകമൂലേന
സിതയാ വാ സമന്വിതം. ൩൮

ദംശവ്രണത്തിൽ നിന്നു രക്തം കൂടുതലായി സ്രവിക്കുമ്പോൾ കുരുമുളകുപൊടി നെയ്യിൽ കലക്കിയൊ, ചെറുചീരവേര അരച്ചു നെയ്യിൽ കലക്കിയൊ, നെയ്യിൽ പഞ്ചസാര കലക്കിയൊ സേവിക്കുന്നതു നല്ലതാണ്.

ദംശം പ്രലേപയേച്ചാസ്യ
ദാർവ്യാ സുശ്ലക്ഷ്ണപിഷ്ടയാ
സിതോപലാക്ഷൌദ്രഘൃത-
ച്ഛാഗദുഗ്ദ്ധാദി നാവനം. ൩൯

ശമീകല്കം പിബേച്ഛ്ലക്ഷ്ണ-
മംഗം ലിമ്പേദപിശാലയാ
നാവയേദ്ധോമ ശുക്ലാഞ്ച
തതഃ ശാമ്യതി ശോണിതം. ൪൦

മരമഞ്ഞൾത്തൊലി നല്ലപോലെ അരച്ച് അതുകൊണ്ടു വിഷാത്തന്റെ, രക്തംസ്രവിച്ചുകൊണ്ടിരിക്കുന്ന ദംശത്തെ ലേപനം ചെയ്യണം.

* "മധ്വാ" എന്നു പാഠാന്തരം.

പഞ്ചസാര, തേൻ, നെയ്യ്, ആട്ടിൻപാൽ ഇതുകൾകൊണ്ടു നസ്യം ചെയ്കയും, വന്നിച്ചമത നല്ലപോലെ അരച്ചുകലക്കി കുടിക്കുകയും കാട്ടുവെള്ളരി അരച്ചു ലേപനം ചെയ്കയും, സ്വൎണ്ണം, പാൽമുതക്ക (കാകോളി എന്നും) ഇതുകൾകൊണ്ടു നസ്യംചെയ്യുകയും ചെയ്താൽ വിഷവ്രണത്തിലെ രക്തസ്രാവം ശമിക്കുന്നതാണ്.

(൧൩) വിഷാനിലചികിത്സ.

കൃശസ്യാതിസ്രുതേ രക്തേ
　രൂക്ഷൈരത്യൎത്ഥസേവിതൈഃ
വിഷസ്യ ച പ്രഭാവേന
　മാതരിശ്വാ പ്രകുപ്യതി. ൪൧

ഉന്മാദാക്ഷേപകമനോ-
　ഭ്രംശാപസ്മൃതയസ്തതഃ
തത്രേഷ്ടം സ്നേഹനം വസ്തി-
　നസ്യപ്രധമനാഞ്ജനം. ൪൨

രക്തത്തിന്റെ അതിസ്രുതികൊണ്ടും, രൂക്ഷാഹാരവിഹാരങ്ങളുടെ അതിസേവകൊണ്ടും, വിഷത്തിന്റെ പ്രഭാവംകൊണ്ടും, കൃശനായിരിക്കുന്ന വിഷാൎത്തനു വാതകോപം ഉണ്ടാവുകയും അതുനിമിത്തം പിന്നീട് ഉന്മാദം, ആക്ഷേപകം (വാതവ്യാധിവിശേഷം), മനോഭ്രംശം, സ്മൃതിഭ്രംശം ഈവക ഉപദ്രവങ്ങൾ സംഭവിക്കുകയും ചെയ്യുന്നതാണ്. അവിടെ സ്നേഹനങ്ങളായ വസ്ത്യാദിപ്രയോഗങ്ങൾ ഹിതമാണ്.

പ്രധമനം (നസ്യവിശേഷം):—

"ഷഡംഗുലാ ദ്വിവക്ത്രാ സാ
　നാഡീ ചൂൎണ്ണം തയാ ധമേൽ
തീക്ഷ്ണം കോലമിതം വക്ത്ര-
　വാതൈഃ പ്രധമനം ഹിതം."

നാഗദന്ത്യഭയാകുഷ്ഠ-
　പിപ്പലീവൃഷകട്ഫലം
ഭല്ലാതകാസ്ഥികടുകാ-
　വിലപ്രതിവിഷാഗ്നികാഃ. ൪൩

സക്ഷീരം തൈർഘൃതം സിദ്ധം
വിഷവാതവികാരജിൽ.

നാഗദന്തി, കടുക്ക, കൊട്ടം, തിപ്പലി, ആടലോടകം, കമ്പിളം, ചെക്ക്ളരു, കടുകരോഹണി, ക്രുവളം, അതിവിടയം, കൊടുവേലി ഇവ കല്ക്കമായി പാലും ചേൎത്തു നെയ്യരിച്ചു സേവിച്ചാൽ വിഷവാതസംബന്ധമായ എല്ലാ ഉപദ്രവങ്ങളും തീരുന്നതാണ്.

പിബേദേരണ്ഡതൈലം വാ
ഛാഗമാംസരസാന്വിതം. ൪൪

വൈകദ്ധ്യം ഘൃതതൈലം വാ
മേദ്ധ്യമാംസരസാശനഃ.

ആട്ടിൻമാംസരസത്തോടുകൂടി ആവണക്കെണ്ണ കുടിക്കുകയൊ, മേദ്ധ്യങ്ങളായ മാംസങ്ങളുടെ രസത്തോടുകൂടി ഭക്ഷിക്കുന്നവനായിട്ടു ഘൃതതൈലങ്ങളെ കൂട്ടിച്ചേൎത്തു സേവിക്കുകയൊ ചെയ്യേണ്ടതാണ്.

കാൎപ്പാസമൂലം മരിചം
ഹരിദ്രേ നലദം നളം ൪൫

പിപ്പലീം സ്വൎജ്ജികാം കുഷ്ഠം
ജലേനാലോഡ്യ പായയേൽ
ഉന്മത്തം വിഷവാതേന
തഥാപസ്മാരിണം നരം. ൪൬

കുരുപ്പരുത്തിവേർ, കുരുമുളക, മഞ്ഞൾ, മരമഞ്ഞൾ, രാമച്ചം, നളംപുല്ലു, തിപ്പലി, തുവൎച്ചിലക്കാരം, കൊട്ടം ഇവ പച്ചവെള്ളത്തിൽ അരച്ചുകലക്കി കുടിച്ചാൽ വിഷവാതംകൊണ്ടുണ്ടായ ഉന്മാദാപസ്മാരങ്ങൾ മാറുന്നതാണ്.

വചാ ഹംസപദീ വ്യോഷ-
ദധിത്ഥം ഹസ്തിപിപ്പലീം
ദേവദാരുബലാബില്വ-
കൃമിജിൽ കുഷ്ഠ*പുണ്ഡകം. ൪൭

* "ടുംഡുകം" എന്നു പാഠാന്തരം.

ലോധ്രാഖുകൎണ്യതിവിഷാഃ
ക്ഷീരം സൎപ്പിശ്ച പായയേൽ
നിഘ്നന്തി പാനാഭ്യംഗാഭ്യാം
ഘൃതം സൎവ്വവിഷാണി തൽ. ൪൮

വയമ്പു, ചെറുപ്പുള്ളടി, ത്രികട്ടു, കപിത്ഥം, ആനത്തിപ്പലി, ദേവതാരം, കുറുന്തോട്ടി, കൂവളത്തിൻവേർ, വിഴാലരി, കൊട്ടം, പുണ്ഡരീകക്കരിമ്പു (ട്ടംഡുകം പലകപ്പയ്യാനി), പാച്ചോററി, എലിച്ചെവി, അതിവിടയം ഈ മരുന്നുകൾ ഇട്ടു കാച്ചിയ പാലും നെയ്യും കുടിക്കുന്നതുകൊണ്ടു് എല്ലാ വിഷങ്ങളും തീരുന്നതാണു്. വിശേഷിച്ചു മേൽപറയപ്പെട്ട വചാദിദ്രവ്യങ്ങളെക്കൊണ്ടു സംസ്കരിച്ച ഘൃതത്തെ പാനാഭ്യംഗങ്ങൾക്കുപയോഗപ്പെടുത്തുന്നതും എല്ലാ വിഷവികാരങ്ങൾക്കും നല്ലതാണു്.

പ്രതികുൎയ്യാദ്യഥാസ്വം ച
രോഗേഷ്വേവം പരേഷു ച
ദോഷാനുബന്ധമാലോച്യ
വിഷതന്ത്രാവിരോധതഃ. ൪൯

വിഷബാധനിമിത്തമുണ്ടാകുന്ന മററു രോഗങ്ങളെ (ഇവിടെ പറയാത്തവ) അതാതുകൾക്കു വിധിച്ചിട്ടുള്ള ചികിത്സചെയ്തു മാററികൊള്ളേണ്ടതാണു്. അങ്ങനെ ചികിത്സിക്കുമ്പോൾ വാതാദിദോഷങ്ങളുടെ അനുബന്ധത്തെ നല്ലവണ്ണം ആലോചിക്കുകയും വിഷതന്ത്രവിരോധം ഉണ്ടാകാതിരിക്കത്തക്കവണ്ണം കരുതിക്കൊള്ളുകയും വേണ്ടതാണു്.

ദൃശ്യശബ്ദാഗദൈരന്യ
വിഷശേഷം നിവൎത്തയേൽ
അല്പമപ്യവശിഷ്ടം ഹി
വ്യാധയേ മരണായ വാ. ൫൦

വിഷാൎത്തന്റെ ശരീരത്തിൽ അല്പംപോലും വിഷാംശം ശേഷിക്കുവാൻ ഇടയാകരുതു്. വിഷം ശേഷിച്ചിരിക്കുന്നതായി കണ്ടാൽ ദൃശ്യശബ്ദാഗദങ്ങളെക്കൊണ്ടു വിഷശേഷത്തെ നശിപ്പിക്കണം. അവശിഷ്ടമായ വിഷം വളരെ കുറച്ചായിരുന്നാൽ പോലും അതു പലമാതിരി വ്യാധികളേയോ, മരണത്തെയോ ഉണ്ടാക്കുന്നതിനു സമൎത്ഥമായി തീരുന്നതാണു്.

ദൃശ്യാഗദം:—യാതൊരു് അഗദത്തെ കണ്ടമാത്രയിൽ എല്ലാ വിഷവികാരങ്ങളും തീരുന്നുവൊ അതു ദൃശ്യാഗദം.

ശബ്ദാഗദം:—യാതൊരു് അഗദദ്രവ്യത്തിന്റെ ശബ്ദം കേൾക്കുന്നതുകൊണ്ടു വിഷവികാരങ്ങൾ നശിക്കുന്നുവൊ അതു ശബ്ദാഗദം.

ക്ഷാരാഗദം.

ധവാശ്വകർണ്ണതിനിശ-
കരഹാടകപീതനാൻ
പലാശാമ്രാതകകുഭ-
പാരിഭദ്രകതിലകാൻ. ൧൧

കപിത്ഥകുടജാങ്കോല-
പ്രഗ്രഹാമല*കീഭുജാൻ
ശമീശ്ലേഷ്മാതകാശ്മന്ത-
ഗോജീ†യമലകണ്ടകാൻ. ൧൨

ചിരിബില്വാക്കകടഭംഗ-
‡സമംഗാമധുശിഗ്രുകാൻ
ഗോപഘോണ്ടാഹിമാരൌ ച
ഭസ്മീകൃത്യാംഭസാ ഗവാം. ൧൩

ക്ഷാരകല്പേന വിസ്രാവ്യ
പചേൽ ക്ഷിപ്ത്വാ§വചൂർണ്ണിതാൻ
പിപ്പലീദ്വയദ്ദകോശാമ്ര-
സപ്തപർണ്ണേലവാലുകാൻ. ൧൪

വരാംഗചോചമഞ്ജിഷ്ഠാ-
കുഷ്ഠവഞ്ജുളടുണ്ഡുകാൻ
വിളംഗാതിവിഷാനന്താ-
സപ്തപാതണ്ഡുലീയകാൻ. ൧൫

---

* "കോംബുകം" എന്നും, † "മലയു" എന്നും, ‡ "സശാക" എന്നും, § "കുംഭാ" എന്നും പാഠാന്തരം.

സുരാഹ്വസരളപ്ലക്ഷ-
  ഗൃഹധൂമകരഞ്ജകാൻ
നാഗദന്തീ സുതശ്രേണീ
  നിചുളം വരുണം വചാം. ൧൬

വൎദ്ധമാനമയോബിലപം
  ക്ഷാരവൽ പാകമാഗതം
തല്ലോഹകുംഭേ നിഹിതം
  കാൎയ്യം സന്നിഹിതം സദാ. ൧൭

തേന ദുന്ദുഭിമാലിമ്പേൽ
  പതാകാസ്തരണാനി ച
ദൎശനശ്രവണസ്പൎശൈ-
  ൎന്നിൎവ്വിഷം താനി കുൎവ്വതേ. ൧൮

പാനാൽ ക്ഷാരാഗദശ്ചൈഷ-
  വിഷം സ്ഥാവരജംഗമം
ശൂലഗുന്മോദരാജീൎണ്ണ-
  ശ്വാസകാസാശ്മശൎക്കരാഃ. ൧൯

ശോഫാൎശോഗ്രഹണിദോഷാ-
  നരുചിം ച നിയച്ഛതി
അപി തക്ഷകതുല്യാനാം
  സൎപ്പാണാം ദൎപ്പനാശനഃ. ൨൰

ഞമ, മരുതു, തോട്ടുകാര, മലംകാര, നെന്മേനിവാക (കല്ലാല്), പ്ലാശ്ശ്, അമ്പഴം, നീർമരുതു, വേപ്പ, പാച്ചോററി (കമ്മട്ടി), വിളാർമരത്തിൻവേർ, കുടകപ്പാല, അഴിഞ്ഞിൽ, ചെറു കൊന്ന, നെല്ലി, ഭ്രൂജ്മരം, വന്നി, നറുവരി, മുളംപ്ലാശ്ശ, കൊഴപ്പ, മലയകത്തി (ഇലവ്), ഉങ്ങ് (ആവൽ), എരുക്ക്, പയ്യാനി, മുക്കുററി (പടർച്ചുണ്ട), വെൺമുരിങ്ങ, കാട്ടിലന്ത, കരിവേലം ഈ മരുന്നുകളെ എല്ലാം അഗ്നിയാൽ ദഹിപ്പിച്ച് ഭസ്മമെടുത്ത് ആ ഭസ്മത്തിനെ (അഷ്ടാംഗഹൃദയം സൂത്രസ്ഥാനത്തിൽ പറഞ്ഞിട്ടുള്ള ക്ഷാരകല്പനപ്രകാരം) ഗോമൂത്രത്തിൽ കലക്കിത്തെളിച്ചെടുത്തു പചിക്കണം. പചിച്ച് നല്ല തെളിയാകുമ്പോൾ തിപ്പലി, ആന-ത്തിപ്പലി, കോശാമ്രം, ഏഴിലമ്പാല, ഏലാവാലുകം, (വരാംഗം) ഏലവൎഗ്ഗം, (ചോചം) ഏലവൎഗ്ഗഭേദം, മഞ്ചട്ടി, കൊട്ടം, വഞ്ചി,

പലകപയ്യാനി, വിഴാലരി, അതിവിടയം, കൊടിത്തുവ, കട്ടുക, ചെറുചീര, ദേവതാരം, ചരളം, ഇത്തി, പുകയറ, ഉങ്ങ്, നാഗദന്തി, വലിയനാഗദന്തി, ആററുവഞ്ചി, നീർമാതളം, വയമ്പു്, വെള്ളത്താവണക്ക്, ക്രുവളം ഈമരുന്നുകൾ എല്ലാം നല്ലപോലെ പൊടിച്ചു മൻപറഞ്ഞ ക്ഷാരജലത്തിൽ ഇട്ടിളക്കി പാകമാകുമ്പോൾ വാങ്ങി ഒരു് ഇരുമ്പുപാത്രത്തിൽ ആക്കി സൂക്ഷിച്ചുവയ്ക്കുക.

ഈ ക്ഷാരാഗദം കൊണ്ടു് ആലേപനം ചെയ്യപ്പെട്ടുന്ന ദുന്ദുഭിയുടെ ശബ്ദം കേൾക്കുന്നതുകൊണ്ടും, ആലിപ്തങ്ങളായ പതാകാസ്തരണങ്ങളുടെ ദർശനസ്പർശനങ്ങൾകൊണ്ടും, വിഷവികാരങ്ങൾ നശിച്ചുപോകുന്നു. പാനം ചെയ്യുന്നതായാൽ സ്ഥാവരജംഗമങ്ങളായ സകലവിഷങ്ങളും തീരുന്നതുകൂടാതെ, ശൂലഗുന്മോദരാദികളായ ഉപദ്രവങ്ങളും ഇല്ലാതാകുന്നതാണു്.

ഈ ക്ഷാരാഗദം തക്ഷകതുല്യന്മാരായ സർപ്പങ്ങളുടെ ദർപ്പത്തെപ്പോലും അടക്കുന്നതാണു്.

## സുഗന്ധാഖ്യാഗദം.

ശ്രീവേഷ്ടകമനോഹ്വാലം
സസർജ്ജരസവാളകം
കഷ്ാംശം നാഗപുഷ്പസ്യ
പ്രകുഞ്ചം ത്രുടിവിംശകം. ൩൧

ഹരേണവശ്ചതുഃഷഷ്ടിഃ
കുടന്നടചതുഷ്ടയം
ശതാഹ്വാം ഷോഡശൈതാനി
പുഷ്യേ സംഭൃത്യ പേഷയേൽ. ൩൨

ആശ്ലേഷാസു ഗവാം മദ്ധ്യേ
ശസ്ത്രമന്ത്രാഭിരക്ഷിതം
കുമാര്യ്യാ സ്നാതയാ തത്ര
മന്ത്രോഽയം വിഷ്ണുനിർമ്മിതഃ. ൩൩

„മാതാ മേ വിജയാ നാമ
ജയോ നാമ പിതാ മമ
*അജയ്യസ്യ ച പുത്രോഽസൌ
†ജയേ ച വിജയാമി ച." ൩൪

---

* "അഹം ജയസ്സ്വം." † "വിജയേ ച ജയാമി വഃ" ഇങ്ങനെ പാഠാന്തരങ്ങളുണ്ടു്.

സുഗന്ധാഖ്യോഽയമഗദോ
നിത്യം ദേഹവിലേപനാൽ
അഭംഗകരണോ യുദ്ധേ
വിവാദേ ച ജയാവഹഃ. ൯൪

അമുനാ ലേപിതാശ് ഛത്ര-
ദുന്ദുഭിധ്വജതോരണാഃ
ദൃഷ്ടസ്സ്പൃഷ്ടശ്രുതാ ഘ്നന്തി
വിഷം സ്ഥാവരജംഗമം. ൯൫

ഭൂതബാലഗ്രഹോന്മാദാൻ
ഗേഹസ്ഥോഽപി നിവാരയേൽ.

തിരുവട്ടപ്പശ, മനയോല, അരിതാലം, ചെഞ്ചല്യം, ഇരുവേലി ഇവ മൂന്നുകഴഞ്ചുവീതം, നാഗപ്പൂവ് ഒരുപലം, ചിറേറലം ഇരുപതുപലം, അരേണുകം അറുപത്തിനാലുപലം, പലകപ്പയ്യാനി നാലുപലം, ശതകുപ്പ പതിനാറുപലം ഇവ എല്ലാം പൂയം നക്ഷത്രത്തുംനാളിൽ സംഭരിച്ചു കന്നുകാലികൾ കിടക്കുന്നസ്ഥലത്തു ശസ്ത്രമന്ത്രാഭിരക്ഷിതമാക്കീട്ട് ആയില്യംനാളിൽ (എടുത്ത്) ഒരു കന്യക കുളിച്ചുവന്നു „മാതാ മേ...'' ഇത്യാദിമന്ത്രം ചൊല്ലി ആ കന്യകതന്നേ അരയ്ക്കണം. സുഗന്ധം എന്നു പേരോടുകൂടിയ ഈ അഗദത്തെ പതിവായി ദേഹത്തു തേക്കുന്നവൻ യുദ്ധത്തിൽ ഏല്പെട്ട് അസ്ത്രാദികൾ ഏററ ദേഹം മുറിഞ്ഞു് അതുനിമിത്തം അവിടെ നിന്നും പിൻമാറുകയൊ, ഏതെങ്കിലും വാദത്തിൽ ഏല്പെട്ട് തോല്ക്കുകയൊ ചെയ്യുന്നതല്ല.

ഈ അഗദം പുരട്ടിയ ഛത്രാദികളെ കാണുകയൊ, തൊടുകയൊ, കേൾക്കുകയൊ ചെയ്യുന്നതുകൊണ്ടു സ്ഥാവരജംഗമാത്മകങ്ങളായ എല്ലാ വിഷങ്ങളും നശിക്കുന്നു. ഈ അഗദം ഇരിക്കുന്ന വീട്ടിൽപോലും ഭൂതബാലഗ്രഹാദികളുടെ ഉപദ്രവം ഉണ്ടാവുകയില്ല.

മഹാസുഗന്ധാഗദം.

പ്രപൌണ്ഡരീകസരള-
ദേവദാരുകടന്നടം. ൯൬

ജടാശതാഹ്വാതിവിഷാ
തിലപര്ണ്ണീ സുഗന്ധികാ
നീലീ യവഫലാ ഭാർങ്ഗീ
മധുയഷ്ടിപ്ലവാല്യകം. ൯൮

തോയതോയദകാളീയ-
തകരധ്യാമകത്വചഃ
നഖപത്മകപുന്നാഗ-
പത്രകാളാനുസാരികാഃ. ൯൯

താലീസപത്രം മരിചം
ജോംഗകം ചന്ദനദ്വയം
ദേവ്യൈലാദ്വിസേവ്യദ്വിശോപ്താ
ദ്വിനിശാനളദദ്വയം. ൧൦൦

ലാക്ഷാശീതശിവവ്യോഷ-
ഫലിനീധാന്യഗൈരികം
ശൈലേയകശിലാപുഷ്പ-
ഗ്രന്ഥിലാചോരകാഭയാഃ. ൧൦൧

അക്ഷൌഢൌണേയപൃത്ഥ്വീകാഃ
കടുകാചന്ദ്രരാജയഃ
കലിംഗകഃ സജ്ജരസഃ
കുഷ്ഠം ലവണപഞ്ചകം. ൧൦൨

ശ്രീപര്ണ്ണീകാശ്മരീശേലു-
ശിംശപാസിന്ദുവാരജാഃ
ചമ്പകാശോകസുരസ-
സുമനസ്തിലകോദ്ഭവാഃ. ൧൦൩

പാടല്യാസ്തൂണാശ്ശുല്യാശ്ച
പ്രസവാഃ കുമുദോല്പലം
തിനിശാർജ്ജുനരമ്യാകം
ധവപുഷ്പം സപങ്കജം. ൧൦൪

പഞ്ചാശീതേരിദം ചൂൎണ്ണം
സമൂത്രാഘൃതമാക്ഷികം
നിധാപയേദ് ഗവാംശൃംഗേ
മനുഷ്യം തേന ജവയേൽ. ൧൭

ഭഗ്നസ്കന്ധം വിവൃത്താക്ഷം
മൃത്യോൎദംഷ്ട്രാന്തരം ഗതം
മഹാസുഗന്ധോ നാമ്നായ-
മതിവീൎയ്യോ/തിതേജസാ. ൧൮

വാരയത്യതിദുൎവ്വാരം
വിഷാഗ്നിം വാസുകേരപി
നൃപോ തേനാനുലിപ്താംഗോ
ഭവേൽ സൎവ്വജനപ്രിയഃ. ൧൯

തേജസ്വിതാം ച ലഭതേ
രാജകസാപി മദ്ധ്യഗഃ. ൨൰

വീരപുണ്ഡരീ (വരൽതാമര), ചരളം, ദേവതാരം, കഴിമുത്തങ്ങ (പലകപ്പയ്യാനി), ജടാമാഞ്ചി, ശതകുപ്പ, അതിവിടയം, ചെറുചീര (രക്തചന്ദനം), അരത്ത (ഗന്ധനാകുലീ), അമരി, മുളയരി (കുടകപ്പാലയരി), ചെറുതേക്ക്, ഇരട്ടിമധുരം, ഏലാവാലുകം, ഇരുവേലി, മുത്തങ്ങ, കാരകിൽ, തകരം, നാന്മുകപ്പുല്ല്, ഇലവൎങ്ങത്തൊലി, നാഗ്ഗണം, പതിമുകം, ചെറുപ്പുന്നയരി, പച്ചില, കറുത്തനറുനീണ്ടി(കാരകിൽ),താലീസപത്രി, കുരുമുളക്, അകിൽ, ചന്ദനം, രക്തചന്ദനം, ചിറ്റേലം, പേരേലം, രാമച്ചം (വീരണമൂലം), മഞ്ഞനിറമുള്ള രാമച്ചം (ലാമജ്ജകം), വയമ്പു, വെളുവയമ്പു, മഞ്ഞൾ, മരമഞ്ഞൾ, മാംസി, ഗന്ധമാംസീ, കോലരക്ക്, കാട്ടുശതകുപ്പ (ഇന്തുപ്പ്), ചുക്ക, മുളക, തിപ്പലി, ഞാഴൽപ്പൂവ്, കൊത്തമ്പാലരി, കാവിമണ്ണ്, കന്മദം, ചേലേയം, കറുക (പെരുമുത്തങ്ങ), കച്ചോലം, കടുക്ക, എരുക്ക്, തുണീയാംകം, അരേണുകം, കടുകുരോഹണി, കാൎക്കോകിൽ, കുടകപ്പാല, ചെഞ്ചല്യം, കൊട്ടം, ഉപ്പുകൾ അഞ്ച്(അവയുടെ വിവരം താഴെ ചേക്കുന്നു),

„സൈന്ധവം രുചകഞ്ചൈവ
ബിഡമൌദ്ഭിദമേവ ച
സാമുദ്രേണ സമായുക്തം
ജ്ഞേയം ലവണപഞ്ചകം."

ഇവയും മുഞ്ഞ, ചെറുകമിഴ, നറുവരി, ഇരുവേലി, കരുനൊച്ചി, ചമ്പകം, അശോകം, തുളസി, കാട്ടുതുളസി(വേപ്പ്), പാച്ചോററി, പാതിരി, വള്ളിമുല്ല, ആമ്പൽ, കരിംകുവളം, തൊട്ടകാര, നീർമരുതു, കൊന്ന, ഞമ, ഇവയുടെ പുഷ്പങ്ങൾ, താമരപ്പൂവ്. ഈ എൺപത്തിഅഞ്ചുകൂട്ടം മരുന്നുകളും നല്ലപോലെപൊടിച്ചു ഗോമൂത്രം, നെയ്യ്, തേൻ ഇവചേൎത്തു കുഴച്ചു „ഗോശൃംഗ" ത്തിൽ (മരുന്നുകൾവച്ചു സൂക്ഷിക്കത്തക്കവണ്ണം തയ്യാറാക്കി എടു ത്തിട്ടുള്ള കാളക്കൊമ്പ് പാത്രം) ആക്കി സൂക്ഷിച്ചുവയ്ക്കണം.

വിഷബാധനിമിത്തം ബോധം തളൎന്നുപോയവനും, ഇന്ദ്രിയ ശക്തി നശിച്ചവനും, മൃതകല്പനുമായ മനുഷ്യനെ അതുകൊണ്ടു ജീവിപ്പിക്കണം. ഏററവും ശക്തിയുള്ള ഈ അഗദത്തിന്റെ പേരു മഹാസുഗന്ധമെന്നാണ്. ഒന്നുകൊണ്ടും തടുക്കാൻപാടി ല്ലാത്തതായ വാസുകിയുടെ വിഷാഗ്നിയേപ്പോലും ഈ ഔഷധ ത്തിന്റെ ശക്തികൊണ്ടു തടുക്കാവുന്നതാണ്.

ഈ മരുന്നുകൊണ്ട് അനുലിപ്താംഗനായ രാജാവു രാജ സമൂഹത്തിൽ ചെന്നാൽ മററുള്ള രാജാക്കന്മാരെ അപേക്ഷിച്ച് അതിതേജസ്വിയായും, സൎവ്വജനപ്രിയനായും തീരുന്നതാണ്.

UNIVERSITY LIBRARY 1928

# അകാരാദി.

## അ.

അകല്യം = അസമത്ഥം (അശുഭം).

അകുണ്ഠിതൻ = വിഷാദമില്ലാത്തവൻ

അക്ഷം = താന്നിമരം; താന്നിക്കാ.

അഗ്നികാന്താന്തം = സ്വാഹാന്തം.

അഘോരി = വൃക്ഷാകൃതിയിൽ പടൎന്നുപിടിച്ചുനില്ക്കുന്ന ഒരു മുൾച്ചെടി.

അംഗസാദം = അംഗങ്ങളുടെസാദം; സാദം=തളച്ച.

അച്ഛിന്നം = ധാരമുറിയാതെ.

അഞ്ജനം = സൌവീരാദി (അഞ്ജനം ക്രിയതേയേന തദ്ദ്രവ്യം ചാഞ്ജനം സ്മൃതം).

അഞ്ജയേൽ = അഞ്ജിക്കണം (കണ്ണിൽ എഴുതണം).

അഞ്ജലീകാരി = തൊഴുകണ്ണി.

അതിവിഷാ = അതിവിടയം.

അദഭ്രകാരുണ്യം = ബഹുലമായകരുണ.

അദ്ധ്വാനം = ശ്രമം (അദ്ധ്വാവിനെ എന്നും).

അനന്യഗാമി = അന്യത്രഗമിക്കാത്തതു് (പ്രകൃതകാൎയ്യത്തെവിട്ടു വേറെ കാൎയ്യത്തിൽ പ്രവേശിക്കാത്തതു്).

അനുവത്തിക്കുക = അനുകൂലമായിപ്രവത്തിക്കുക.

അപമൃത്യു = അകാലമരണം; യാദൃച്ഛികസംഭവങ്ങൾനിമിത്തമുണ്ടാവുന്ന മരണം.

അപരാഹ്നം = „പ്രാഹ്ണപൂൎവ്വാഹ്നമദ്ധ്യാഹ്നാ-
ന്യപരാഹ്നം തതഃ പരം
സായാഹ്നമിതി പഞ്ചാംശാഃ
ബുധൈരഹ്നഃ പ്രകീത്തിതാഃ"
എന്നതുകൊണ്ടു പന്ത്രണ്ടു നാഴിക പകലുള്ളപ്പോൾ തുടങ്ങി ആറു നാഴികപ്പകലോളമുള്ള കാലം.

| | | |
|---|---|---|
| അപസ്മാരം | = | അപസ്മൃതി (മാനസികരോഗം). |
| അഭയാ | = | കടുക്ക. |
| അഭിഷിഞ്ചേൽ | = | അഭിഷേകംചെയ്യണം. |
| അമരതരു | = | ദേവതാരം. |
| അമൃതോപമം | = | അമൃതിനുതുല്യം. |
| അരക്ക് | = | കോലരക്ക് (ലാക്ഷാ). |
| അരണ്യസഷ്പം | = | കാട്ടുകടുക്. |
| അൎക്കപത്രം | = | എരുക്കില. |
| അൎക്കപുത്രൻ | = | ശനി. |
| അൎജ്ജുനം | = | നീർമരുത്. |
| അല്പനിദ്രാവചക്ഷമഃ | = | സംഭാഷണം, നിദ്ര ഇവയെ ആവശ്യത്തിനുവേണ്ടി വളരെ കുറച്ചുമാത്രം ചെയ്യുന്നതിനു സാമൎത്ഥ്യമുള്ളവൻ. |
| അവിധേയൻ | = | ആജ്ഞയെ അനുസരിക്കാത്തവൻ. |
| അശ്വഗന്ധം | = | അമുക്കുരം. |
| അശ്വത്ഥം | = | അരയാല്. |
| അശ്വിനീദേവന്മാർ | = | ദേവഭിഷക്കുകൾ. |
| അഷ്ടമൎക്ഷം | = | എട്ടാമത്തെരാശി. |
| അസകൃൽ | = | അനേകംപ്രാവശ്യം. |
| അസ്ഥി | = | എല്ല് (മേദോജമായ അഞ്ചാമത്തെ ധാതു). സ്വരൂപം— |

"മേദോ യൽ സ്വാഗ്നിനാ പക്വം<br>
വായുനാ ചാതിശോധിതം<br>
തദസ്ഥിസഞ്ജ്ഞാം ലഭതേ<br>
സഃ സാരഃ സൎവ്വവിഗ്രഹേ."

## ആ.

| | | |
|---|---|---|
| ആകാശതാൎക്ഷ്യൻ | = | ഗരുഡക്കൊടി. |
| ആഖു | = | എലി. |
| ആചാൎയ്യകരുണാപൂൎണ്ണസുധാഭാനു | = | ആചാൎയ്യകരുണയാകുന്ന പൂൎണ്ണസുധാഭാനു; പൂൎണ്ണസുധാഭാനു=പൂൎണ്ണചന്ദ്രൻ. |

ആചാൎയ്യനിയോഗം = ഗുരുവിൻെറകല്പന.
ആജ്യം = ഘൃതം.
ആജ്ഞപ്തൻ = ആജ്ഞാപിക്കപ്പെട്ടവൻ.
ആതങ്കം = രോഗം.
ആതപേച്ഛ = വെയിൽകൊള്ളുവാനുള്ള ആഗ്രഹം.
ആത്മജൻ = പുത്രൻ.
ആത്മജലം = നരമൂത്രം.
ആധാരപൂജ = പീഠപൂജ (മൂലാധാരാദ്യാധാരപൂജ).
ആരൻ = ചൊവ്വ.
ആരാമം = ഉപവനം.
ആൎദ്രാ = തിരുവാതിര.
ആൎയ്യസമ്മതം = ശ്രേഷ്ഠന്മാരാൽ സമ്മതിക്കപ്പെട്ടതു്.
ആവേശനം = പ്രവേശനം.
ആശീൎഷപാദം = തലമുതൽ പാദംവരെ.
ആശ്ലേഷാ = ആയില്യം.
ആസ്യാംബു = തുപ്പൽ (ഉമിനീർ).
ആഹൃത്യ = ആഹരിച്ചിട്ടു് (എടുത്തിട്ടു്).

## ഇ.

ഇക്ഷു = കരിമ്പു്.
ഇക്ഷ്വാകു = പേച്ചുര.
ഇന്ദീവരം = കരിംകൂവളം.
ഇന്ദുവല്ലി = ഉഴിഞ്ഞ.

## ഈ.

ഈശ്വരമൂലി = ഈശ്വരമുല്ല.

## ഉ.

ഉഗ്രാ = വയമ്പു്.
ഉച്ചാടനംചെയ്ക = ഓടിക്കുക.
ഉജ്ജ്വലദീപികാ = പ്രകാശമുള്ള ദീപം.
ഉത്തിഷ്ഠതേ = ഉണരുന്നു (എഴുനേല്ക്കുന്നു).

ഉത്ഥായ = ഉണൎന്നിട്ടു് (എഴുന്നേററിട്ടു്).
ഉദുംബരം = അത്തിമരം.
ഉദ്ധരിക്കുക = എടുക്കുക.
ഉന്മത്തപത്രം = ഉമ്മത്തില.
ഉന്മുകം = തീക്കൊള്ളി.
ഉപരാഗം = ഗ്രഹണം.
ഉപശ്രുതി = കൂടേ കേൾക്കപ്പെടുന്നതു് (പ്രകരം ചൊല്ലു്) ദൂതവചനാദിദ്വാരാ വൈദ്യൻ വിഷാൎത്തനെക്കുറിച്ചു ചിന്തിച്ചുംകൊണ്ടിരിക്കുമ്പോൾത്തന്നെ യാദൃച്ഛികമായി വൈദ്യന്റെ ഗൃഹത്തിലൊ പരിസരത്തിലൊ ശ്രവണാദികളാൽ അപ്പോൾ വൈദ്യനു് അറിയാൻ ഇടയാകുന്ന ശുഭാശുഭസംഭവങ്ങളെ ഉപശ്രുതിയെന്നു പറയാം.
ഉരുതുണ്ഡം = വലിയമുഖം (കൊക്കു്).
ഉറിതൂക്കി = കറളേകം.
ഉശീരം = രാമച്ചം.
ഉഷസ്സ് = രാത്രിയുടെ അവസാനം (പുലരുവാൻ കാലം).

## ഊ.

ഊരവ്യോരഗം = വൈശ്യജാതിസൎപ്പം.
ഊരുദ്ദേശം = തുട.
ഊൎജ്ജാവന്തഃ = ഉത്സാഹമുള്ളവർ.

## ഏ.

ഏകനായകം = പൊൻകുരണ്ടി.
ഏകാംശം = ഒരുഭാഗം.
ഏരണ്ഡം = ആവണക്കു്.

## ഔ.

| | | |
|---|---|---|
| ഔഷധദേവത | = | സുപ്രഭ |

## ക.

| | | |
|---|---|---|
| കച്ചൂരം | = | കച്ചോലം. |
| കണ്ടകാഢ്യദ്രുമം | = | മുള്ളിലവു. |
| കണ്ടകാരി | = | കണ്ടംകത്തിരി (കണ്ടകാരിച്ചുണ്ട). |
| കദംബത്വക് | = | കടമ്പിൻതോലി. |
| കദളീകന്ദതോയം | = | കദളിവാഴക്കിഴങ്ങിൻനീരു. |
| കപാലം | = | ഓട്ട്. |
| കപിലം | = | പിംഗലവണ്ണം. |
| കരഞ്ജം | = | ഉങ്ങ്. |
| കരളേകം | = | ഗരളവേഗം. |
| കറുത്തകദളി | = | കരുംകദളി. |
| കർണ്ണിക | = | ബീജകോശം. |
| കലിംഗം | = | കുടകപ്പാല. |
| കാകോളജാലം | = | വിഷസമൂഹം. |
| കാഞ്ചികം | = | കാടി. |
| കാമല | = | ഒരുരോഗം— |

"പാണ്ഡുരോഗീ ച യോƒത്യർത്ഥം
പിത്തളാനി നിഷേവതേ
തസ്യ പിത്തമസൃങ്മാംസം
ദഗ്ദ്ധ്വാരോഗായ കല്പതേ."-ഇത്യാദി.

| | | |
|---|---|---|
| കാരസ്കരം | = | കാഞ്ഞിരം. |
| കാർപ്പാസം | = | പരുത്തി. |
| കിംശുകം | = | മുരിക്ക്. |
| കീടം | = | പുഴവ്. |
| കീലാലം | = | ജലം. |
| കുടജമൂലം | = | കുടകപ്പാലവേർ. |
| കുഡ്യം | = | ചുമര്. |
| കുന്നമുക്കി | = | മലയമുക്കി. |
| കുലസ്ഥം | = | മുതിര. |

കൃശ്മാണ്ഡം = കുമ്പളം.

കൃകലാസം = ഓന്ത്.

കൃത്തിക = കാൎത്തിക.

കൃത്രിമവിഷം = കൂട്ടുവിഷം.

കൃഷ്ണം = കറുപ്പ്.

കേകീ = മയിൽ.

കേതകീദളം = താഴമ്പൂവ് (കൈതപ്പൂവ്, കൈയ്യോല).

കൊമ്പ് = ശൃംഗം (രക്തമെടുക്കാനുള്ള യന്ത്രം)

"ത്ര്യംഗുലാസ്യംഭവേച്ഛൃംഗം
ചൂഷണേഷ്ടാദശാംഗുലം
അഗ്രേ സിദ്ധാൎത്ഥകഛിദ്രം
സുനദ്ധം ചൂചുകാകൃതി."

കൊഴിച്ചിൽ = കൊഴിഞ്ഞിൽ.

കോദ്രവം = വരക്.

കോശാതകീ = പുട്ടൽപീരം.

കോഷ്ണാംബു = ചെറുചൂടുള്ളവെള്ളം.

കൌസുംഭപുഷ്പവൎണ്ണം = കുയിമ്പിൻപൂനിറം.

ക്ഷീരവൃക്ഷം = നാല്പാമരം (അത്തി, ഇത്തി, അരയാല്, പേരാല്).

ക്ഷ്വേളപ്രതിക്രിയ = വിഷനാശനകൎമ്മങ്ങൾ.

ക്ഷ്വേളവേഗം = ഈശ്വരമൂല്ല (എരുക്ക് — വത്സനാഭം).

## ഗ.

ഗന്ധം = ചന്ദനം.

ഗന്ധസാരം = ചന്ദനം.

ഗരം = കൂട്ടുവിഷം—

"നാനാപ്രാണ്യംഗശമല-
വിരുദ്ധൌഷധിഭസ്മനാം
വിഷാണാഞ്ചാല്പവീൎയ്യാണാം
യോഗോ ഗര ഇതി സ്മൃതഃ".

ഗരുഡദ്വന്ദ്വം = ഗരുഡപ്പച്ചകൾ രണ്ടും.

ഗരുത്മാൻ = ഗരുഡൻ.

ഗഹനം = കാട്.

ഗളഭംഗം = ഗളനാശം, കഴുത്തുകുഴയുക.

ഗിരിദശഡം = കന്മദം.
ഗിരിവ്രാതം = പർവ്വതക്കൂട്ടം.
ഗുഞ്ജാബീജം = കുന്നിക്കുരു.
ഗുപ്തം = മറയ്ക്കപ്പെട്ടത്.
ഗുർവ്വാഖ്യാതക്രമം = ഗുരുനാഥൻ കല്പിച്ചപോലെ.
ഗുല്ഫം = കാൽമടമ്പ്.
ഗുല്മം = കുററിച്ചെടി.
ഗുളം = ശക്കര.
ഗുളൂചി = ചിററമൃത്.
ഗൃഹധൂമം = പുകയറ; ഇല്ലനക്കരി.
ഗോധാ = ഉടുമ്പ്.
ഗോപീ = നറുനീണ്ടി.
ഗോപികാ = നറുനീണ്ടി.
ഗോമയജലം = ചാണകനീര്.
ഗോമായു = കുറുക്കൻ.
ഗോശൃംഗേ സംഗ്രഹേൽ = കന്നുകാലിക്കൊമ്പുകൊണ്ടുണ്ടാക്കിയ പാത്രത്തിൽ സൂക്ഷിക്കുക.
ഗോഷ്പദാംകിതാ = പശുക്കളുടെ കുളമ്പടയാളത്തോടുകൂടിയത്.

## ഘ.

ഘണ്ടാമൃഗവിഷാണം = കണ്ടാമൃഗത്തിൻ കൊമ്പ്.
ഘാതകം = നാല്, എട്ട്, പന്ത്രണ്ട് ഈ ഭാവങ്ങളിലെ അക്ഷരങ്ങൾ ഒരുമിച്ചുകൂടിയതു ഘാതകം
ഘോണസം = പാമ്പിന്റെ വകഭേദം (മണ്ഡലി).

## ച.

ചകോരം = ഉപ്പൻ (ചെമ്പോത്ത്).
ചഞ്ചലേതരം = ഉറപ്പായിട്ട്.
ചതുർത്ഥ്യന്തം = ചതുർത്ഥീവിഭക്ത്യന്തം.

| | | |
|---|---|---|
| ചതുഃപ്രസ്ഥജലം | = | നാലിടങ്ങഴിവെള്ളം. |
| ചതുഷ്പഥം | = | നാൽക്കൊപ്പെരുവഴി. |
| ചതുഃഷഷ്ടി | = | അറുപത്തിനാല്. |
| ചന്ദ്രദ്വയം | = | ചന്ദ്രാകൃതിയിലുള്ള രണ്ടു ലിപികൾ. |
| ചന്ദ്രശേഖരമൂലി | = | ഈശ്വരമൂലി. |
| ചന്ദ്രാദ്ധബീജം | = | അദ്ധചന്ദ്രാകൃതിയിലുള്ള ബീജാക്ഷരം. |
| ചരണായുധപിഞ്ഛരം | = | കോഴിത്തൂവൽ. |
| ചമ്മ | = | തൊലി (ത്വഗിന്ദ്രിയം). ചമ്മാംഭഃ, ചമ്മസാരം ഇത്യാദി രസ പയ്യായമായി പറയപ്പെടുന്നു. |
| ചമ്മപത്രം | = | ഇലവർങ്ങം. |
| ചമ്മാദിമൂന്നുധാതുക്കൾ | = | രസം, രക്തം, മാംസം. |
| ചാരണാ | = | തമിഴാമഭേദം. |
| ചേർമരം | = | ചാരു് (ഭല്ലാതകവൃക്ഷം). |
| ചൈത്യതലം | = | പള്ളി (ബുദ്ധാലയഭൂമി). |

## ഛ.

| | | |
|---|---|---|
| ഛത്രം | = | കുട. |
| ഛദം | = | ഇല. |
| ഛന്ദസ്സ് | = | ഗായത്ര്യാദി. |
| ഛന്നദേശം | = | മറയ്ക്കപ്പെട്ടസ്ഥലം. |

## ജ.

| | | |
|---|---|---|
| ജടാ | = | ജടാമാഞ്ചി. |
| ജടിലൻ | = | ജടയോടുകൂടിയവൻ. |
| ജഠരം | = | വയറു്. |
| ജംബാളബീജം | = | നീർവ്വാളക്കുരു. |
| ജംബീരം | = | ചെറുനാരങ്ങ. |
| ജംബൂമൂലം | = | ഞാവലിൻെറവേരു. |
| ജരാ | = | വാദ്ധക്യചിഹ്നം (തൊലിക്കു ചുളുക്കു പറരുക). |
| ജലം | = | ഇരുവേലി. |
| ജലദം | = | മുത്തങ്ങ. |

| | | |
|---|---|---|
| ജലബീജം | = | അപ്പ് എന്ന ഭൂതത്തിൻെറ ബീജാക്ഷരം (വം). |
| ജല്ലകം | = | അട്ട. |
| ജാതവത്സമലം | = | അപ്പോൾ പ്രസവിച്ച പശുക്കിടാവിൻെറ മലം. |
| ജീവന്തീ | = | അടപതിയൻ. |
| ജൂർത്തി | = | ജ്വരം. |

## ഝ.

| | | |
|---|---|---|
| ഝഷം | = | മത്സ്യം. |

## ട.

| | | |
|---|---|---|
| ടംകണം | = | പൊൻകാരം. |

## ത.

| | | |
|---|---|---|
| തകരം | = | തകരം (നതം). |
| താമ്രചൂർണ്ണം | = | ചെമ്പുപൊടി. |
| താരം | = | വെള്ളി. |
| താർക്ഷ്യചൂർണ്ണം | = | പുകയറ; ഇല്ലനക്കരി. |
| താർക്ഷ്യൻ | = | ഗരുഡൻ. |
| തിന്ത്രിണിത്തൊലി | = | പുളിമരത്തിൻതൊലി. |
| തുഹിനം | = | മഞ്ഞ്. |
| തൂക്കുധാര | = | ധാരപ്പാത്രംകെട്ടിത്തൂക്കിഅതിൽനിന്നും വീഴിക്കുക. |
| തുത്ഥാ | = | തുളസിഭേദം (കാട്ടുതുളസി). |
| തെക്കോട്ടുപോം | = | മുതിപ്പെട്ടം. |
| തൊട്ടാരട്ടി | = | ചെവിപ്പാമ്പ്. |
| തോദം | = | കുത്തിനോവ്. |
| തോയഗൃഹം | = | ജലമണ്ഡലം. |
| തോര | = | ശിംബിധാന്യവിശേഷം (ആഢകം) |
| ത്രായന്തി | = | ബ്രഹ്മി. |

ത്രികടു = ചുക്കു, മുളകു്, തിപ്പലി ഇവയ്ക്കു മൂന്നി
നംകൂടിയുള്ള പേരു്.
ത്രികോണം = "ലഗ്നാൽ സുതം ച നവമഞ്ച വിദുസ്ത്രി
കോണം."
ത്രിജാതം = ഏലം, ഇലവർങ്ഗം, പച്ചില ഇവകൾ
ള്ള ഒന്നായപേരു.
ത്ര്യൂഷണം = ത്രികടു.

## ദ.

ദക്ഷൻ = സമൎത്ഥൻ.
ദക്ഷിണാമൂൎത്തി = സതീദേഹത്യാഗാനന്തരം ദക്ഷിണാഭി
മുഖനായി തപസ്സു ചെയ്യുന്നശിവൻ
ദശധഃയോഗം = തിഥിവാരയോഗവിശേഷം.
ദന്തക്ഷതങ്ങൾ = പല്ലുപെട്ട വ്രണങ്ങൾ.
ദ്രോണതോയം = തുമ്പച്ചാറു.
ദ്വിജാതി = ബ്രാഹ്മണൻ.

## ധ.

ധരണീഗ്രഹം = പൃഥിവീമണ്ഡലം.
ധാതുക്കൾ = രസാദിസപ്തധാതുക്കൾ (ശരീരധാര
ണാൽ ധാതവഃ).
ധാതുയോഗ്യം = ധാതുക്കൾക്കു യോഗ്യമായിട്ടുള്ളതു്.
ധാത്രീഫലം = നെല്ലിക്ക.
ധാന്യം = കൊത്തമ്പാലരി.

## ന.

നകുലം = കീരി.
നട്ടു = സ്തംഭിച്ചു (അനങ്ങാതെ).
നന്ദ്യാർവൎത്തം = നന്ത്യാർവട്ടം.
നരവാരി = മനുഷ്യമൂത്രം.
നരേന്ദ്രൻ = വിഷവൈദ്യൻ.
നവരത്തണ്ഡുലം = നവരയരി.

നഷ്ടവിഷൻ = വിഷം തീന്നവൻ.
നിംബം = വേപ്പ്.
നിര്യാസം = പശ; കറ.
നിശായുഗ്മം = മഞ്ഞളും, മരമഞ്ഞളും.
നിഷ്കം = മാഷചതുഷ്ടയം —

,,ചതുർഭിർമ്മാഷകൈഃ ശാണഃ
സ നിഷ്കോ/ഷ്ടക ഏവ ച.''
(സ്വർണ്ണത്തിനും പറയാം).

നീലീമൂലം = അമരിവേർ.
നൈരൃത്യാം = തെക്കുപടിഞ്ഞാറേ കോണിൽ.

## പ.

പകുന്ന = ത്രികോല്പക്കൊന്ന.
പങ്ക്തി = ദശാക്ഷരഛന്ദസ്സ്.
പങ്ക്തിപ്രസൂനം = ദശപുഷ്പം (പൂവ്വാങ്കുരുന്തില, മുക്കുറ്റി, ചെവി, വിഷ്ണുക്രാന്തി, ദൂർവാ, കയ്യോന്നി, ഉഴിഞ്ഞ, തിരുതാളി, നിലപ്പന, മുക്കുററി, ചെറുവുള).
പഞ്ചഗവ്യം = ,,ഗോമൂത്രം ഗോമയം ക്ഷീരം

ദധി സർപ്പിസ്തഥൈവ ച,
സമം യോജിതമേകത്ര
പഞ്ചഗവ്യമിതി സ്മൃതം.''
മതാന്തരം — ,,ഗോമയാദ്ദ്വിഗുണം മൂത്രം
മൂത്രാദഷ്ടഗുണം പയഃ
ദധി പഞ്ചഗുണം പ്രോക്തം
സർപ്പിശ്ചാപി ചതുർഗ്ഗുണം.''

പത്ഥ്യാ = കടുക്ക.
പരിധാനം = വസ്ത്രം.
പരിവേഷം = ചന്ദ്രസൂര്യമണ്ഡലങ്ങളുടെ ചുററും വൃത്തമായി കാണുന്ന ഒരുമാതിരി വർണ്ണഭേദം.
പലിതം = നര.
പാടലീമൂലം = പാതിരിവേർ.

പാഠാ = പാടക്കിഴങ്ങ്.
പാണ്ഡരപംകജം = വെള്ളത്താമര.
പാണ്ഡു = ഒരു രോഗം.
പാരദം = രസം.
പാരന്തിമൂലം = തെററിവേർ; ചെത്തിവേർ.
പാശുപതം = ഈശപരമല്ല (കൊക്കുമന്താരം-ശിവമല്ലീ).
പിചുമന്ദം = വേപ്പ്.
പിഞ്ഛം = പീലി.
പിണരായ്ക്ക = തിണക്കായ്ക്ക.
പുനൎന്നവാ = തമിഴാമ.
പുന്നാടകം = തകര.
പുരാണമരിചം = പഴയ കുരുമുളക്.
പുല്ലണ്ണി = ഇത്തിൾക്കണ്ണി.
പുളകം = പൊള്ളൽ.
പൂഗം = പാക്ക്, അടയ്ക്ക.
പൂരത്രയം = മുപ്പൂരം (പൂരം, പൂരാടം, പൂരുരുട്ടാതി).
പൂർവ്വപക്ഷം = ശുക്ലപക്ഷം.
പൃഥുകപ്പൊരി = അവൽപ്പൊരി (അവൽപ്പൊരി).
പൃഥുരോമം = മത്സ്യം.
പേഷിക്കുക = അരയ്ക്കുക.
പോത്രീവിഷ്ഠ = പന്നിക്കാഷ്ഠം.
പോഷകം = മൂന്ന്, ഏഴ്, പതിനൊന്ന് ഈ ഭാഗങ്ങളിലെ അക്ഷങ്ങൾ ഒരുമിച്ചുകൂടിയതു പോഷകം.
പ്രഗേ = പ്രഭാതത്തിൽ.
പ്രപാ = പാനീയശാല; തണ്ണീർപന്തൽ.
പ്രസ്രവം = മൂത്രം.
പ്രാകാരം = കോട്ട.
പ്രാണവായു = പ്രാണനെ വഹിക്കുന്നവായു.

"വായുര്യോ വക്ത്രസഞ്ചാരീ
സ പ്രാണോനാമ ദേഹധൃക്
സോഽന്നം പ്രവേശയത്യന്തഃ
പ്രാണാംശ്ചാപ്യവലംബതേ".

പ്രാണായാമപരാ
യണൻ = പ്രാണവായുവിനെ നിയന്ത്രണംചെയ്യു ശീലമുള്ളവൻ.

പ്രോക്ഷിക്കുക = തളിക്കുക.

## ഫ.

ഫലത്രയം = ത്രിഫല (കടുക്ക, നെല്ലിക്ക, താന്നിക്ക).

## ബ.

ബകുളം = ഇലഞ്ഞി.

ബന്ധുകം = ലഗ്നം, അഞ്ച്, ഒൻപതു് ഈ ഭാവങ്ങളിലെ അക്ഷങ്ങളെ ഒരുമിച്ചുകൂട്ടിയതു്.

ബർഹി = മയിൽ.

ബലാഹകം = കുറുന്തോട്ടി.

ബസ്തമൂത്രം = ആട്ടിൻമൂത്രം.

ബാലഗ്രഹം = സ്കന്ദവിശാഖമേഷാദികൾ.

ബാലബിലകം = ഇളയക്രുവളക്കായു്.

ബാഹ്യാദികഞ്ച
കർത്തവ്യം = ശൌചസ്നാനാദിബാഹ്യശുദ്ധികർമ്മങ്ങൾ ചെയ്യണം.

ബീജവർണ്ണങ്ങൾ = ബീജാക്ഷരങ്ങൾ.

ബൃഹതീദ്വയം = ചെറുവഴുതിനയും, വെൾവഴുതിനയും.

## ഭ.

ഭക്തരോധം = ആഹാരത്തടവു്.

ഭൂതവിധഷ്ഠിതന്മാർ = ഭൂതാവിഷ്ടന്മാർ.

ഭൂമിതാലം = നിലപ്പന.

ഭൂരുഹകോടരം = മരപ്പോട്ടു്.

ഭൃംഗം = കൈതോന്നി, കയ്യുണ്യം.

ഭ്രമരസംകാശം = വണ്ടിൻനിറത്തിനുതുല്യം.

## മ.

മജ്ജാ = അസ്ഥിസാരമായ ആറാമത്തെ ധാതു സ്വരൂപം—

„അസ്ഥി യൽ സ്വാഗ്നിനാപകം
തസ്യ സാരോ ഭവേദ്ഘനഃ
യഃ സ്വേദവൽ പൃഥഗ്ഭൂതഃ
സ മജ്ജേത്യഭിധീയതേ".

മഞ്ജിഷ്ഠാ = മഞ്ചട്ടി.

മണ്ഡലം = വൃത്തം.

മതിഘല്ലീമൂലം = ഉമ്മത്തിൻവേർ.

മധുകം = ഇരട്ടിമധുരം

മധുരത്രയം = ത്രിമധുരം.

മനശ്ശില = മനയോല.

മനീഷികൾ = വിദ്വാന്മാർ.

മന്ദ = മന്ത്രം.

മന്ത്രദേവത = മന്ത്രങ്ങളുടെ ദേവത.

മന്ദാരവാരം = ശനിയാഴ്ചയും, ചൊവ്വാഴ്ചയും.

മയൂരശിഖ = മയിലോശിക.

മരിചം = കുരുമുളക്.

മർമ്മം = ജീവസ്ഥാനം—

„ജീവസ്ഥാനന്തു മർമ്മ സ്യാ-
ജ്ജീവാഗാരം തദുച്യതേ
മർമ്മസ്ഥാനന്തു ചോക്തം സ്യാദ
ഭ്രൂമദ്ധ്യാദിഷ്വനേകധാ".

മലയോദ്ഭവം = ചന്ദനം.

മാതുഘലാതീ = ഉമ്മത്ത്.

മായൂരം = വലിയകടലാടി.

മാർജ്ജാരവന്ദിനി = കപ്പമേനി.

മാർത്താണ്ഡപത്രം = എരുക്കില.

മാലതീപത്രം = പിച്ചിയില.

മാലൂരവല്ക്കലം = കൂവളത്തിൻവേരിന്മേത്തൊലി.

| | | |
|---|---|---|
| മാംസം | = | മാംസധാതു; പിശിതം, പലലം, പലം, ക്രവ്യം, ആമിഷം ഇത്യാദിനാമാന്തരങ്ങാം. സ്വരൂപം— "ശോണിതം സ്വാഗ്നിനാ പക്വം വായുനാ ച ഘനീകൃതം തദേവ മാംസം ജാനീയാൽ". |
| മീനാങ്ങാണി | = | മത്സ്യാക്ഷി. |
| മുക്കടി | = | ദ്രവ്യങ്ങാം അരച്ചു ജലത്തിലൊ കാടിയിലൊമറെറാ കലക്കി കാച്ചിക്കുറുക്കി എടുക്കുന്നത്. |
| മുനിവൃക്ഷം | = | അകത്തി (അഗസ്തി). |
| മുന്നാളു | = | മൂന്നാംനാള്. |
| മുസ്ത | = | മുത്തങ്ങ. |
| മൂന്നുകമ്പുള്ള | = | മൂന്നുമുട്ടുള്ള. |
| മൂഷികവംശങ്ങാം | = | കുലചന്ദ്രാദിപതിനാറുമൂഷികഭേദങ്ങാം. |
| മൃത്യുയോഗം | = | വാരർക്ഷയോഗവിശേഷം. |
| മേഘരവം | = | ചെറുചീര. |
| മേദഃ | = | മേദസ്സ്. മാംസസാരഭൃതമായ നാലാമത്തെ ധാതു. നാമാന്തരങ്ങാം— വപാ, വസാ, മാംസസ്നേഹഃ. സ്വരൂപം— "യന്മാംസം സ്വാഗ്നിനാ പക്വം തന്മേദ ഇതി കത്ഥ്യതേ". |
| മോതിരവള്ളി | = | ചുണ്ണാമ്പുവള്ളി. |
| മോഹം | = | അജ്ഞാനം. |

## യ.

| | | |
|---|---|---|
| യജ്ഞാലയം | = | യാഗശാല. |
| യവയവാഗു | = | യവധാന്യംകൊണ്ടുണ്ടാക്കിയ കഞ്ഞി. |
| യവാഷകം | = | കൊടിത്തൂവ. |
| യഷ്ടി | = | വടി. |
| യഷ്ടീ | = | ഇരട്ടിമധുരം. |

ര.

രക്തം = രണ്ടാമത്തെ ധാതു—

"രസസ്സു ഹൃദയം യാതി
സമാനമരുതേരിതഃ
രഞ്ജിതഃ പാചിതസ്തത്ര
പിത്തേനായാതി രക്തതാം.
രക്തം സർവ്വശരീരസ്ഥം
ജീവസ്യാധാരമുത്തമം
സ്നിഗ്ദ്ധം ഗുരു ചലം സ്വാദു
വിദഗ്ദ്ധം പിത്തവദ്ഭവേത്".

രക്തം വിമുച്യ = രക്തം കളഞ്ഞിട്ട്.

രജനീ = മഞ്ഞൾ (രാത്രിയെന്നും).

രണ്ടുമുഖമാമുരഗം = ഇരുതലപ്പാമ്പ്.

രവം = ശബ്ദം.

രസം = പാരദം.

രസഃ = രസധാതു (സപ്തധാതുക്കളിൽ ഒന്നാമത്തേതു). പര്യായങ്ങൾ — രസികാ, ലസികാ, സ്വേദമാതാ, വപുഃ—സ്രവഃ, ചർമ്മാംഭഃ, ചർമ്മസാരഃ, രക്തസാരഃ, അശ്രുമാതൃകാ, ആഹാരസംഭവഃ ഇത്യാദി. സ്വരൂപം—

"സമ്യൿ പക്വസ്യ ഭുക്തസ്യ
സാരോ നിഗദിതോ രസഃ".

രസായനം = രസായനൌഷധം (ജരാവ്യാധിയെ നശിപ്പിക്കുന്നതു്).

"ദീർഘമായുഃ സ്മൃതിം മേധാ-
മാരോഗ്യം തരുണം വയഃ
ദേഹേന്ദ്രിയബലം കാന്തിം
നരോ വിന്ദേദ്രസായനാൽ."

രാജിലം = സർപ്പജാതിവിശേഷം.

തദ്ഭേദാ—

"പുണ്ഡരീകരാജിചിത്രാംഗുലരാജി
ബിന്ദുരാജികർദ്ദമകതൃണശോഷക
സംസർപ്പകശ്വേതഹനുദർഭപുഷ്പചക്രക
ഗോധൂമകകിക്കിസാദയഃ".

രാമഠം = കായം.
രാസ്നാ = അരത്ത.
രൂക്ഷം = പരുപരുപ്പ് (മെഴുക്കമയമില്ലാത്തതു്).
രൂപ്യം = വെള്ളി.
രോമഹഷം = രോമാഞ്ചം.
രോഹിണി = കടുകുരോഹിണി.

## ല.

ലശുനം = വെളുത്തുള്ളി.
ലാംഗലം = കലപ്പ.
ലാംഗലീ = മേന്തോന്നി,
ലാലാസ്രുതി = ലാല ഒഴുക്ക്.
ലിപ്ത്വാ = ലേപനംചെയ്തിട്ട്.
ലീനാഗ്രനാസികാത്മാ = മനസ്സിനെ നാസാഗ്രഭാഗത്തായി ലയി
പ്പിച്ചിരിക്കുന്നവൻ.
ലൂതാ = ചിലന്തി.
ലോധ്രം = പാച്ചോററി.
ലോഹാദികം = ഇരുമ്പുമുതലായവ.

## വ.

വചാ = വയമ്പ്.
വജ്രനാഗം = വത്സനാഭി; ചവുരക്കള്ളി.
വടം = വടവൃക്ഷം (പേരാൽ).
വടകം = വടി (വടികാ).
വത്സനാഭി = വിഷം—

"സിന്ദുവാരസദൃക് പത്രോ
വത്സനാഭാകൃതിസ്തഥാ
യൽപാശ്വേ ന തരോർവൃദ്ധി-
ർവ്വത്സനാഭഃസ്സ ഭാഷിതഃ".

വയസ്തംഭം = വാൎദ്ധക്യാഭാവം.
വരീ = ശതാവരി.
വൎണ്ണലക്ഷം = അക്ഷരലക്ഷം.

വല്മീകം = പുററു്.
വഹ്നിശിഖാ = മേന്തോന്നി.
വാകമൂലം = നെന്മേനിവാകവേർ.
വാജിഗന്ധാ = അമുക്കുരം.
വികാരഭേദങ്ങൾ = വികൃതിഭേദങ്ങൾ (ഉപദ്രവം).
വിനതാസുതൻ = ഗരുഡൻ.
വിപതി = പക്ഷിശ്രേഷ്ഠൻ.
വിശ്വകദ്രു = സാരമേയം (പട്ടി).
വിഷവേഗം = ഈശ്വരമുല്ല.
വിഷസങ്കടം = വിഷംകൊണ്ടുള്ള സങ്കടം.
"വിഷപ്രകൃതികാലാന്ന-
ദോഷദൂഷ്യാദിസംഗമേ
വിഷസങ്കടമുദ്ദിഷ്ടം
ശതസ്യൈകോ ന ജീവതി".
വിഷസുപ്തകൻ = വിഷമേററുമയങ്ങിയവൻ.
വിഷ്ടി = കരണവിശേഷം.
വിളംഗം = വിഴാലരി.
വൃശ്ചികം = തേളു്.
വേണുപാത്രം = മുളംകുഴൽ.
വൈകുണ്ഠതോയം = തുമ്പച്ചാറു്.
വൈരിമൂലം = പൊൻകുരണ്ടിവേർ.
വ്യഗ്രചേതസ്സ് = വ്യാകുലഹൃദയൻ.
വ്യാപാദം = ദ്രോഹവിചാരം.
വ്യോമ = അഭ്രം (ആകാശം).
വ്യോഷം = ത്രികടു.
വ്രീഹി = വ്രീഹിധാന്യം.

## ശ.

ശകുനം = ഭാവിസൂചകനിമിത്തം.
ശക്രവല്ലി = ഉഴിഞ്ഞ.
ശംഖാഭിഷേകം = ശംഖധാരാ ഉള്ള അഭിഷേകം.
ശതക്രതുലതാ = ഉഴിഞ്ഞ.

| | | |
|---|---|---|
| ശതധൌതഘൃതം | = | നാല്പാമരക്കഷായത്തിൽ അനേകംതവണ സംസ്കരിച്ചെടുത്തഘൃതം (ശതധൌതസപ്പിസ്സ്). |
| ശതമൂലീ | = | ശതാവരീ. |
| ശംബരം | = | ജലം. |
| ശംഖമൂലി | = | ഈശ്വരമുല്ല (റ്എരുക്ക്). |
| ശരപുംഖം | = | കൊഴിഞ്ഞിൽ. |
| ശല്യമാംസം | = | മുള്ളൻമാംസം. |
| ശസ്ത്രം | = | മണ്ഡലാഗ്രകരപത്രാദികൾ. |
| ശാകം | = | കീര, ചീര. |
| ശാരിബാ | = | നറുനീണ്ടി. |
| ശാർങ്ഗേഷ്ടാ | = | കുറിച്ചുലി. |
| ശിഗ്രുപത്രരസം | = | മുരിങ്ങയിലച്ചാറ്. |
| ശിംശപം | = | ഇരുപൂൾമരം; ഇരുമുള്ളുമരം. |
| ശിരീഷം | = | നെന്മേനിവാക. |
| ശിരീഷപഞ്ചാംഗം | = | വാകമരത്തിൻെറ തൊലി, ഇല, പൂവ്, വേരു്, കായ്യ് ഇവകൾ. |
| ശിവമല്ലി | = | ഈശ്വരമല്ലി. |
| ശീതം | = | ചന്ദനം. |
| ശുക്ലം | = | മജ്ജാസാരഭൂതമായ അന്ത്യധാതു. പൎയ്യായങ്ങൾ --പുംസ്ത്വം, രേതഃ, രേതനം, ബീജം, വീൎയ്യം, പുരുഷത്വം, പൌരുഷം, ഇന്ദ്രിയം, അന്നവികാരഃ, മജ്ജാരസഃ, രോഹണം, ബലം, കിട്ടവൎജ്ജിതം, ആനന്ദപ്രഭവം, ധാതുരാജകം. സ്വരൂപം — ,,പാചിതാ പിത്തതാപേന രസാദ്യാഃ ധാതവഃ ക്രമാൽ ശുക്ലത്വം യാന്തി മാസേന'' — ഇത്യാദി. |
| ശുണ്ഠീ | = | ചുക്ക്. |
| ശുനാം | = | ശ്വാക്കളുടെ. |
| ശുഭഗ്രഹങ്ങൾ | = | ഗുരു, ബുധ, ശുക്ര, ചന്ദ്രന്മാർ. |
| ശൂലീ | = | ഈശ്വരമുല്ല. |

ശൃംഗപാത്രം = കൊമ്പുകൊണ്ടുള്ള പാത്രം.
ശ്യാമാ = നാൽക്കൊപ്പകൊന്ന.
ശ്യാമം = കരിവാള്ളിപ്പ്.
ശ്യേനം = പരുന്ത്.
ശ്രുതിമയൻ = വേദസ്വരൂപൻ.
ശ്വാസവിഭാഗം = ശരംനോക്കുക.
ശ്വേതാക്കം = വെള്ളെരുക്ക്.
ശ്വേതമരിചം = മുരിങ്ങക്കുരു.

## സ.

സംക്രമം = ആദിത്യൻെറ ഒരു രാശിയിൽനിന്നു അടുത്ത രാശിയിലേക്കുള്ള പ്രവേശം.
സന്ധി = അസ്ഥികളുടെ സംയോഗസ്ഥാനം. (ചേഷ്ടാവത്തുകളെന്നും, സ്ഥിരങ്ങളെന്നും സന്ധികൾ രണ്ടുവിധം. ശാഖാഹനുകടിപ്രദേശങ്ങളിൽ ചേഷ്ടാവത്തുകൾ: മററുള്ളവ സ്ഥിരങ്ങൾ).
സന്ധ്യകൾ = നാലുസന്ധ്യകൾ; പ്രാതഃസന്ധ്യ, മദ്ധ്യാഹ്നസന്ധ്യ, സായംസന്ധ്യ, അദ്ധ്രാത്രസന്ധ്യ.
സരളം = ചരളം.
സഷ്പം = കടുക്.
സവ്യം = ഇടത്ത്.
സാഗരൈരണ്ഡം = കടലാവണക്ക്.
സാദം = തളച്ച്.
സാരിബാ = നറുനീണ്ടി.
സിതകമലം = വെള്ളത്താമര.
സിതാ = പഞ്ചസാര.
സിന്ധുസ്സായി = കടലാടി.
സിന്ധൂത്ഥം = ഇന്തുപ്പ്.
സിരാവേധം = ഞരമ്പുകൊത്തുക.

സുധാകല = അമൃതകല.
സുരദാരു = ദേവതാരം.
സുരഭൂരുഹം = ദേവതാരം.
സുരസം = തുളസി.
സുരാഹ്വാ = ദേവതാരം.
സൂൎയ്യവാരം = ഞായറാഴ്ച.
സേവകം = രണ്ട്, ആറ്, പത്ത് ഈ ഭാവങ്ങളിലെ അക്ഷരങ്ങൾ ഒരുമിച്ചു കൂടിയതു സേവകം.
സൈന്ധവം = ഇന്തുപ്പ്.
സോമനാഡികായം = നാഡീഹിംഗു (കായത്തിൻെറ ഒരുവക ഭേദം).
സ്തോഭകൎമ്മ = ക്ഷോഭിപ്പിക്കുന്നപ്രവൃത്തി.
സ്ഥാവരം = ഇളകാത്തത്.
സ്നുഹി = കള്ളി.
സ്ഫോടം = പൊള്ളൽ.
സ്ഫോടികാ = പുടയാർവള്ളി.
സ്വകൎമ്മാഭിരതൻ = സ്വവൃത്തി (വിഷചികിത്സ) യിൽവേണ്ടുന്ന താത്പൎയ്യമുള്ളവൻ.
സ്വരങ്ങൾ = അച്ചുകൾ.
സ്വരത്തോടുകൂടിയ വൎണ്ണങ്ങൾ = അ മുതലായ അച്ചുകളോടുകൂടിയ ക് ഖ് മുതലായ ഹല്ലുകൾ (ക-ഖ ഇത്യാദി).
സ്വൎണ്ണകാരം = പൊൻകാരം.
സ്വസ്തികം = സ്വസ്തികം എന്ന അടയാളം.
സ്വാത്മഭൂതായം = മൂത്രം (നരമൂത്രം).
സ്വാഹാന്തം = സ്വാഹാശബ്ദാന്തമായിട്ട്.

## ഹ.

ഹരിദ്രായുഗ്മം = മഞ്ഞളും, മരമഞ്ഞളും.
ഹൃദ്യം = ഹൃദയത്തിനു ഹിതമായിട്ടുള്ളത്.

## അച്ചടിച്ചുവരുന്ന പുസ്തകങ്ങൾ.

### ശ്രീമൂലംമലയാളഭാഷാഗ്രന്ഥാവലി.

1. ഭാഷാരാമായണചംപു (സുന്ദരകാണ്ഡം, യുദ്ധകാണ്ഡം, ഉത്തരകാണ്ഡം).
2. വിഷ്ണുഗീത (കിളിപ്പാട്ട്).
3. ബ്രഹ്മാനന്ദവിവേകസമുദ്രം (ഗദ്യം).
4. തത്വമസി (ഗദ്യം).

---

### ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലി.

1. തന്ത്രയുക്തിവിചാരഃ (വൈദ്യം).
2. ബാലശങ്കരം—രണ്ടാംഭാഗം (മുഹൂർത്തശാസ്ത്രം).
3. ബാലശങ്കരം—മൂന്നാംഭാഗം (മുഹൂർത്തശാസ്ത്രം).
4. അഷ്ടാംഗഹൃദയം—ഹൃദയബോധികാ വ്യാഖ്യാനസഹിതം.
5. പ്രശ്നരീതി (ജ്യോതിഷം).
6. ആര്യഭടീയം (ഗണിതപാദം).
7. ആര്യഭടീയം (കാലക്രിയാപാദം).
8. ആര്യഭടീയം (ഗോളപാദം).
9. അഷ്ടാംഗസാരം (ചികിത്സ).

---

## അച്ചടിക്കുവാൻ തയ്യാറാക്കീട്ടുള്ള പുസ്തകങ്ങൾ.

### ശ്രീമൂലംമലയാളഭാഷാഗ്രന്ഥാവലി.

1. ദേവീമാഹാത്മ്യം—വ്യാഖ്യാനസഹിതം.
2. ഭർത്തൃഹരി (ശതകത്രയം)—വ്യാഖ്യാനസഹിതം.
3. സൌന്ദര്യലഹരി—വ്യാഖ്യാനസഹിതം.
4. തന്ത്രസമുച്ചയം—വ്യാഖ്യാനസഹിതം.
5. പ്രപഞ്ചസാരം—വ്യാഖ്യാനസഹിതം.

67



6. കണ്ണശ്ശരാമായണം.
7. കണ്ണശ്ശഭാരതം.
8. കണ്ണശ്ശഭാഗവതം.
9. കേരളോത്പത്തി (ഗദ്യം).
10 നാരായണീയം—വ്യാഖ്യാനസഹിതം.
11. ഭഗവദ്ഗീതാ—വ്യാഖ്യോപേതാ.
12. പ്രഹ്ളാദചരിതം (കിളിപ്പാട്ട്).
13. ആശൌചദീപികാ.
14. രാജസൂയം പ്രബന്ധം—വ്യാഖ്യാനസഹിതം.
15. ആത്മബോധം—വ്യാഖ്യാനസഹിതം.

---

## ശ്രീവഞ്ചിസേതുലക്ഷ്മീഗ്രന്ഥാവലി.

1. അഷ്ടാംഗഹൃദയം–മന്ദബുദ്ധിപ്രബോധിനീവ്യാഖ്യാന സഹിതം.
2. ഭേളസംഹിത മൂലം.
3. ലക്ഷണാമൃതം—വ്യാഖ്യാനസഹിതം.
4. മുഹൂർത്തദർശനം—വ്യാഖ്യാനസഹിതം.
5. ഭദ്രദീപം— ജ്യൌതിഷം.
6. ക്രിയാസംഗ്രഹം— ,,
7. മുഹൂർത്തഭാഷാ— ,,
8. കാലദീപം— ,,
9. യുക്തിഭാഷാ— ,,
10. സംഗ്രഹം ഭാഷാ— ,,
11. ജാതകലേഖനക്രമം-,,
12. ലീലാവതി—സവ്യാഖ്യാനം.
13. തന്ത്രാക്കംഭാഷാ.
14. കരണപദ്ധതി—സവ്യാഖ്യാനം.

B 356

21 MAY 1936
21 MAY 1936